അധികാരം ജനങ്ങളിലേക്ക്



## ചൂണ്ടൽ ഗ്രാമപഞ്ചായത്ത്

# ജനകീയാസൂത്രണം

## വികസന റിപ്പോർട്ട് '96.

82-2

3

# ചൂണ്ടൽ ഗ്രാമ പഞ്ചായത്ത്

# സമഗ്ര വികസന റിപ്പോർട്ട്

## ഉപദേശക സമിതി

- പി. കെ. രാജൻ മാസ്റ്റർ
- ജോസ്പോൾ ടി.
- N.P. മേരി ടീച്ചർ
- വി. പി. പോൾ

### എഡിറ്റർ

- എ. വി. വല്ലഭൻ

### സബ്ബ് എഡിറ്റർ

- എം. കെ. കുഞ്ഞുമോൻ
- സുമ മോഹൻ ദാസ്
- തോമസ് മാങ്ങൻ
- ജോഷി കുമാർ

### ജന : കൺവീനർ

- കെ. രാമകൃഷ്ണൻ

## ഉള്ളടക്കം


1. പഞ്ചായത്ത് പൊതു വിവരണം
2. ആമുഖം
3. സാമൂഹ്യ സാംസ്ക്കാരിക ചരിത്രം
4. ഭൂപ്രകൃതി, ജന പ്രകൃതി , ജല പ്രകൃതി
5. വികസന മേഖലകൾ
   1. കൃഷി - ജലസേചനം
   2. മൃഗ സംരക്ഷണം - മത്സ്യബന്ധനം
   3. വിദ്യാഭ്യാസം
   4. ആരോഗ്യം - കുടിവെള്ളം
   5. വ്യവസായം
   6. ഗതാഗതം - ഊർജ്ജം
   7. ഭവന നിർമ്മാണം - ക്ഷേമ (പ്രവർത്തനങ്ങൾ
   8. സംസ്കാരം
   9. വനിത
   10. സഹകരണം
   11. പട്ടികജാതി - പട്ടികവർഗ്ഗക്ഷേമ
   12. വിഭവ സമാഹരണം



നമ്മുടെ സംസ്ഥാനത്ത് ആസൂത്രണപ്രക്രിയയിൽ ഒരു പുതുയുഗം തുറക്കാൻ പോകുകയാണ്. താഴെത്തട്ടിൽ നിന്നും ജനപങ്കാളിത്ത ത്തോടുകൂടിയ ആസൂത്രണം.

സ്വാതന്ത്ര്യലബ്ധി മുതൽ ആസൂത്രിതമായി സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനാണ് നമ്മൾ ശ്രമിച്ചുകൊണ്ടിരുന്നത്. ഇതിന്റെ ഫലമായി പല നേട്ടങ്ങളും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ നാം തുടർന്നു വന്ന ആസൂത്രണ സമ്പ്രദായത്തിന് ചില അടിസ്ഥാന വൈകല്യങ്ങൾ ഉണ്ടായിരുന്നുവെന്ന് അനുഭവങ്ങൾ തെളിയിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് കേരള സർക്കാർ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം നൽകിയത്.

പ്രത്യേക ഗ്രാമസഭാ യോഗങ്ങളിലൂടെ ഉരുത്തിരിഞ്ഞു വന്നിട്ടുള്ള വികസന റിപ്പോർട്ടുകളും, ഓരോ പ്രദേശത്തെ ഭൂപ്രകൃതിയേയും, വിഭവങ്ങളേയും സംബന്ധിച്ച വിവരങ്ങളും ദ്വിതീയ വിവരശേഖരണത്തിലൂടെ ലഭിച്ച കാര്യങ്ങളും പഞ്ചായത്തിന്റെ സാമ്പത്തിക ലഭ്യതയും മറ്റും അടിസ്ഥാനമാക്കിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

രണ്ടാംഘട്ട ജില്ലാതല പരിശീലനവും പഞ്ചായത്തുതല പരിശീലനവും കഴിഞ്ഞശേഷം ഒക്ടോബർ 30 നാണ് റിപ്പോർട്ട് തയ്യാറാക്കുവാൻ ആരംഭിച്ചത്. ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ ഇത്തരത്തിലുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കുവാൻ കഴിഞ്ഞത് പഞ്ചായത്ത്തല കോർഗ്രൂപ്പുകളുടെ കഠിനശ്രമം കൊണ്ടുമാത്രമാണ്.

വിവരശേഖരണത്തിന്റെ പ്രാധാന്യം റിപ്പോർട്ട് തയ്യാറാക്കുന്ന വേളയിലാണ് മനസ്സിലായത്. എല്ലാ വിവരങ്ങളും ശേഖരിക്കാവുന്ന ഒരു സമഗ്ര സർവ്വേയും വിഭവഭൂപടവും ഉണ്ടെങ്കിലേ റിപ്പോർട്ടിന് പൂർണ്ണത കൈവരിക്കാനാവൂ.

ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എല്ലാതലത്തിലുമുള്ള ജനപ്രതിനിധികളും, ഗ്രാമസഭാ പ്രതിനിധികളും വിദഗ്ദ പരിശീലനം ലഭിച്ചവരും, വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന തദ്ദേശവാസികളായ പ്രഗത്ഭ വ്യക്തികളും പങ്കെടുത്തുകൊണ്ടുള്ള സജ്ജീവചർച്ചകളിലൂടെ പദ്ധതിക്കുള്ള രൂപരേഖ തയ്യാറാക്കുകയാണ് നാം ഇന്ന് ചെയ്യുന്നത്.

വികസന സെമിനാറിൽവെച്ച് ഓരോ വികസനമേഖലയ്ക്കും കർമ്മസമിതികൾ (ടാസ്ക് ഫോഴ്സ്) രൂപീകരിക്കുന്നതും, റിപ്പോർട്ട് നിർദ്ദേശങ്ങളുടേയും, വിഭവലഭ്യതയുടേയും അടിസ്ഥാനത്തിൽ ഈ സമിതികൾ നടപ്പിലാക്കേണ്ട പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യും. ഇങ്ങനെ തയ്യാറാക്കുന്ന പദ്ധതികൾ പഞ്ചായത്തു ഭരണസമിതികൾ പരിശോധിച്ച് മുൻഗണനാക്രമം നിശ്ചയിക്കുന്നതോടൊപ്പമാണ് നമ്മുടെ ഒമ്പതാം പദ്ധതി ജന്മമെടുക്കുന്നത്.

ഗ്രാമം നശിച്ചാൽ ഇന്ത്യ നശിക്കുമെന്നും, ഗ്രാമങ്ങളെ നിലനിർത്താൻ അവയെ സ്വയം പര്യാപ്തമാക്കണമെന്നും നമ്മെ ഉപദേശിച്ച മഹാത്മജിയുടെ 125-ാം ജന്മവാർഷികം ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്തിന് എല്ലാ മേഖലകളിലും സ്വയം പര്യാപ്തമാക്കുന്നതിന് വേണ്ടി നമുക്ക് പുനരാർപ്പണം ചെയ്യാം.

**എ. വി. വല്ലഭൻ,**
എഡിറ്റർ.

Printed at : GRACE GRAPHICS, KECHERY.

# ചൂണ്ടൽ പഞ്ചായത്ത് ഭൂപടം



# ചൂണ്ടൽ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി

എൻ. പി. മേരി ടീച്ചർ (പ്രസിഡന്റ്)

എം. കെ. കുഞ്ഞുമോൻ (വൈസ് പ്രസിഡന്റ്)

വി. പി. പോൾ (സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ)

കെ. രാജലക്ഷ്മി (മെമ്പർ)

സുമ മോഹൻദാസ് ,,

എ. വി. വല്ലഭൻ ,,

സുഭദ്ര സുബ്രഹ്മണ്യൻ ,,

ജോഷി കുമാർ ,,

തോമാസ് മാങ്ങൻ ,,

എൻ. കെ. മുഹമ്മദുകുട്ടി ,,

ബീന വിജയൻ ,,



എൻ. പി. മേരി ടീച്ചർ



എം. കെ. കുഞ്ഞുമോൻ



വി. പി. പോൾ



കെ. രാജലക്ഷ്മി
2-ാം വാർഡ് മെമ്പർ



സുമ മോഹൻദാസ്
3-ാം വാർഡ് മെമ്പർ



എ. വി. വല്ലഭൻ
4-ാം വാർഡ് മെമ്പർ



സുഭദ്ര സുഹബ്രഹ്മണ്യൻ
5-ാം വാർഡ് മെമ്പർ



ജോഷി കുമാർ
6-ാം വാർഡ് മെമ്പർ



മാങ്ങൻ തോമാസ്
8-ാം വാർഡ് മെമ്പർ

# ജനകീയാസൂത്രണ പ്രസ്ഥാനം





ജനകീയാസൂത്രണ പ്രസ്ഥാനത്തിന് മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ രക്ഷാധികാരിയും ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് അദ്ധ്യക്ഷനായും ഒരു ഉന്നത തല മാർഗ്ഗനിർദ്ദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ മുൻ മുഖ്യ മന്ത്രിമാരായ ശ്രീ. കെ. കരുണാകരൻ ശ്രീ. പി. കെ. വാസുദേവൻ നായർ, പ്രതിപക്ഷ നേതാവ് ശ്രീ. എ. കെ. ആന്റണി വി. എസ്. അച്ചുദാനന്ദൻ, സുകുമാർ അഴിക്കോട്, വി. ആർ. കൃഷ്ണയ്യർ, Dr. കെ. എൻ. രാജ് എന്നിവർ സമിതിയുടെ ഉപാദ്ധ്യക്ഷന്മാരാണ്. രാഷ്ട്രീയ നേതാക്കൾക്കുപുറമെ സാംസ്കാരിക നേതാക്കന്മാരേയും വിദ്യാഭ്യാസ വിചക്ഷണന്മാരേയും ശാസ്ത്ര സാങ്കേതിക വിദഗ്ധന്മാരേയും ഒക്കെ ഉൾപ്പെടുത്തികൊണ്ടുള്ള വിശാലമായ ഒരു സമിതിയാണ് രൂപീകരിച്ചിരിക്കുന്നത്. ഈ ഉന്നത മാർഗ്ഗ നിർദ്ദേശക സമിതിയുടെ കീഴിൽ രൂപം കൊള്ളുന്ന വമ്പിച്ച ജനകീയാസൂത്രണ പ്രസ്ഥാനം ഭാവി കേരളത്തിന്റെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിക്കും എന്ന് പ്രതീക്ഷിക്കാം.

വിശേഷാൽ ഗ്രാമ സഭകൾ ചേരുന്നതുവരെയുള്ള പ്രവർത്തനങ്ങളെ ഒന്നാംഘട്ടമായും അതിനുശേഷമുള്ള പ്രവർത്തനങ്ങളെ രണ്ടാം ഘട്ടമായും വേർതിരിച്ച് ഈ രണ്ടു ഘട്ടങ്ങളിലുമായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും ആവശ്യമായ പരിശീലനങ്ങൾ നൽകുകയുണ്ടായി.

ജില്ല ആസൂത്രണ സമിതിക്കാണ് ജില്ലയിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല. ഓരോ ജില്ലയിലേയും മുഖ്യ പരിശീലകർ ഒരു കൺവീനറുടെ നേതൃത്വത്തിൽ ജില്ലാ പ്ലാനിങ്ങ് ഓഫീസ്സുമായി ബന്ധപ്പെട്ട് ഒരു ടീമായി പ്രവർത്തിക്കുന്നു. ഇത്തരത്തിൽ തന്നെയാണ് ബ്ളോക്ക് - ഗ്രാമ പഞ്ചായത്ത് തല പ്രവർത്തനങ്ങളും നടക്കുന്നത്.

9- ാം പദ്ധതി 97 ഏപ്രിൽ 1- ാം നു തന്നെ ആരംഭിക്കാനിരിക്കുന്നതുകൊണ്ടാണ് പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രക്രിയ അല്പം ധൃതിപിടിച്ച് ആയിപ്പോയത്. ഈ അവസരം നഷ്ടപ്പെടുത്തിയാൽ ഇനിയൊരു പദ്ധതി രൂപീകരിക്കുവാൻ നമ്മൾ അഞ്ചുവർഷം കൂടി കാത്തിരിക്കേണ്ടിവരും.

തൃശ്ശൂർ ജില്ലാ ആസൂത്രണ സമിതിയുടെ കൺവീനർ പ്രൊഫ : രവീന്ദ്രനും ചൊവ്വന്നൂർ ബ്ളോക്ക് സമിതിയുടെ കൺവീനർ ശ്രീ. എം. എസ്. വിനോദുമാണ്. ശ്രീ. പി. കെ. രാജൻ മാസ്റ്ററാണ് നമ്മുടെ പഞ്ചായത്തിൽ നിന്നുള്ള സംസ്ഥാന റിസോഴ്സ് പേഴ്സൺ.

90 ൽ നടന്ന സമ്പൂർണ്ണ സാക്ഷരതായജ്ഞ പരിപാടികൾ വമ്പിച്ച വിജയമാക്കാനും അതുവഴി ബഹുജനഐക്യം കെട്ടിപ്പടുക്കാനും നമ്മുക്ക് സാധിച്ചിട്ടുണ്ട്. അതുപോലെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ വിജയത്തിനും ബഹുജനഐക്യം കൂടിയേ തീരൂ. എല്ലാ തലങ്ങളിലും പ്രവർത്തിക്കുന്ന മുഴുവൻ ആളുകളുടേയും സഹകരണം ഇക്കാര്യത്തിലും പ്രതീക്ഷിക്കുന്നു.

വിശ്വാസപൂർവ്വം

കെ. രാമകൃഷ്ണൻ
ജനറൽ കൺവീനർ
ജനകീയാസൂത്രണ പ്രസ്ഥാനം
ചൂണ്ടൽ ഗ്രാമപഞ്ചായത്ത്



## ശ്രീ. കെ. പി. അരവിന്ദാക്ഷൻ

രാഷ്ട്രീയ സാമൂഹ്യസാംസ്കാരിക രംഗങ്ങളിലെ പ്രവർത്തനങ്ങൾ കൊണ്ട് കേരളത്തിന്റെ നേതൃനിരയിലേക്ക് ഉയർന്ന ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ അപൂർവ്വം വ്യക്തികളിൽ ഒരാളാണ് ശ്രീ. കെ. പി. അരവിന്ദാക്ഷൻ.

അഗഴിമനക്കൽ മാധവൻ നമ്പൂതിരിയുടെയും കപ്രശ്ശേരി പെരുമണ്ണ് നൂലികുട്ടി നേശ്യാരുടേയും പുത്രനായി 1933 ൽ ജനിച്ചു. കമ്മ്യൂണിസ്റ്റ്കാരനാകുന്നത് ഒരു രാജ്യ ദ്രോഹകുറ്റമായി കണ്ടിരുന്ന കാലഘട്ടത്തിലാണ്. കേച്ചേരിയിലെ പ്രശ്സ്തമായ ജന്മി കുടുംബത്തിൽ ജനിച്ച കെ. പി. കമ്മ്യൂണിസ്റ്റ്കാരനാകുന്നത്. വിവിധ സമരങ്ങളിൽ പങ്കെടുത്ത് പോലീസ് മർദ്ദനവും ഒളിവു ജീവിതവും ജയിൽ ശിക്ഷയും അനുഭവിക്കേണ്ടി വന്നു.

1962 ലെ പഞ്ചായത്ത് തെരെഞ്ഞെടുപ്പിൽ വിജയിച്ച് ചൂണ്ടൽ പഞ്ചായത്ത് പ്രസിഡന്റായി പതിനാറുവർഷക്കാലത്തോളം ഈ സ്ഥാനത്ത് തുടർന്നു. 1967 ൽ രാജ്യസഭാംഗമായി തെരെഞ്ഞെടുക്കപ്പെട്ടു. 1980 ൽ കേരള നാളികേര വികസന കോർപ്പറേഷൻ ചെയർമാനായി.

1982 ലെ തെരെഞ്ഞെടുപ്പിൽ കുന്നംകുളം നിയോജക മണ്ഡലത്തിൽ നിന്നും കേരള സഭയിലേക്ക് തെരെഞ്ഞെടുക്കപ്പെട്ടു.

1987 ൽ വീണ്ടും M.L.A. യും കേരള ഗവ: ചീഫ് വിപ്പുമായി

ചൂണ്ടൽ കൊള്ളശ്ശേരി കുടുംബത്തിലെ
ശ്രീമതി വിലാസിനിയാണ് സഹധർമ്മിണി.

# പഞ്ചായത്ത് പൊതുവിവരണം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | ചൂണ്ടൽ ഗ്രാമപഞ്ചായത്ത് |
| ഓഫീസ് ആസ്ഥാനം | കേച്ചേരി |
| ഉൾപ്പെടുന്ന വില്ലേജുകൾ | ചൂണ്ടൽ, എരനെല്ലൂർ, ചിറനെല്ലൂർ |
| ബ്ലോക്ക് പഞ്ചായത്ത് | ചൊവ്വന്നൂർ |
| ജില്ലാ പഞ്ചായത്ത് | തൃശ്ശൂർ |
| താലൂക്ക് | തലപ്പിള്ളി |
| നിയമസഭാനിയോജകമണ്ഡലം | കുന്നംകുളം |
| ലോകസഭാനിയോജകമണ്ഡലം | ഒറ്റപ്പാലം |
| വിസ്തീർണ്ണം | 19 -98- ച:കി.മീ |
| അതിരുകൾ | വടക്ക്:- കടങ്ങോട് വേലൂർ പഞ്ചായത്തുകൾ |
| | കിഴക്ക്:-വേലൂർ, കൈപ്പറമ്പ് പഞ്ചായത്തുകൾ |
| | തെക്ക് :-കണ്ടാണശ്ശേരി പഞ്ചായത്ത് |
| | പടിഞ്ഞാറ് :-കണ്ടാണശ്ശേരി, ചൊവ്വന്നൂർ പഞ്ചായത്തുകൾ |
| ജനസംഖ്യ | 26771 |
| പുരുഷൻ | 12542 |
| സ്ത്രീകൾ | 14229 |
| ജനസാന്ദ്രത | 1386 |
| വാർഡുകൾ | 11 |
| സാക്ഷരത | |
| പ്രസിഡന്റിന്റെ പേര് | N.P. മേരി ടീച്ചർ |
| വൈസ് പ്രസിഡന്റിന്റെ പേര് | എം.കെ. കുഞ്ഞുമോൻ |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | വി. പി. പോൾ |



എൻ. കെ. മുഹമ്മദ്കുട്ടി
9-ാം വാർഡ് മെമ്പർ



ബീന വിജയൻ
11-ാം വാർഡ് മെമ്പർ



ജോസ് പോൾ. ടി.
ബ്ളോക്ക് പഞ്ചായത്ത് മെമ്പർ



തങ്കമ്മ തോമാസ്
ബ്ളോക്ക് പഞ്ചായത്ത് മെമ്പർ



കൊച്ചു ദേവസ്സി
പഞ്ചായത്ത് സെക്രട്ടറി

# ആമുഖം

13

രാഷ്ട്രപിതാവായ മഹാത്മജിയുടെ ഏറ്റവും വലിയ സ്വപ്നമായിരുന്നു ഗ്രാമസ്വരാജ്. ഭാരതത്തിന്റെ ജീവൻ തുടിക്കുന്നത് കോടിക്കണക്കിനുള്ള ഗ്രാമീണ ജനതയിലൂടെയാണ്. അവരുടെ ശാശ്വതമായ ദുരിതമോചനത്തിലൂടെ മാത്രമേ ഐശ്വര്യ പൂർണ്ണവും സമ്പൽ സമൃദ്ധവുമായ ഭാരതം കെട്ടിപ്പടുക്കാനാവൂ എന്ന് അദ്ദേഹം മനസ്സിലാക്കി. എന്നാൽ ദുഃഖകരമെന്ന് പറയട്ടെ അധികാരവികേന്ദ്രികരണത്തിന്നുപകരം അധികാരകേന്ദ്രീകരണത്തിലേക്കാണ് സ്വാതന്ത്രഭാരതം കൂടുതൽ ചുവടുവെച്ചത്.

73-74 ഭരമഘടനാ ഭേദഗതികളിലൂടെ പഞ്ചായത്ത് രാജ് നിയമം നടപ്പിൽ വരികയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ കൈവരിക്കുകയും ചെയ്തു. വാർഡുതോറും വിളിച്ചുചേർക്കുന്ന ഗ്രാമ സഭകളിൽ നിന്നും ഉയർന്നു വരുന്ന നിർദ്ദേശങ്ങളുടേയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിലാകണം വികസന പ്രവർത്തനങ്ങൾ നടത്തേണ്ടത് എന്ന നില വന്നു. ഇവിടെയാണ് ജനകീയ ആസൂത്രമത്തിന്റെ പ്രസക്തി. നമ്മുക്ക് ചുറ്റും നടക്കേണ്ടുന്ന വികസന പ്രവർത്തനങ്ങൾ നമ്മുടെ തന്നെ പങ്കാളിത്തത്തോടെയാകണമെന്നും ആസൂത്രണം അടിത്തട്ടിൽ നിന്നും ആരംഭിക്കണമെന്നുള്ള കെരള സർക്കാറിന്റെ ദൃഢ നിശ്ചയമാണ് 9 ാം പദ്ധതി ജനകീയ പദ്ധതിയാക്കി മാറ്റാനുള്ള ശ്രമങ്ങൾക്ക് തുടക്കമിട്ടത്. അപ്പോൾ മാത്രമേ അധധികാരം ജനങ്ങൾക്ക് എന്ന സമവാക്യം സാർത്ഥകമാകൂ.

കേരളമിന്ന് അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലാണ്. കാർഷികമേഖല പ്രതീക്ഷകൾക്കൊപ്പം വളരുന്നില്ല. വ്യവസായ മേഖല മുരടിച്ച് നിൽക്കുന്നു. തൻമൂലം തൊഴിലില്ലായ്മ പെരുകുന്നു. സേവന മേഖലകളുടെ നിലവാര തകർച്ച ജന ജീവിതത്തെ ബാധിച്ചിരിക്കുന്നു. വൈദ്യുതി ക്ഷാമം, നിലവിലുള്ള വ്യവസായങ്ങളുടെ പോലും നടത്തിപ്പ് അവതാളത്തിലാക്കിയിരിക്കാണ്. ഇത് പരിഹരിക്കേണ്ടത് ഒരു അടിയന്തിര കടമയാണ്. അതോടൊപ്പം കേരളത്തിലെ കാർഷിക ചെറുകിട വ്യവസായ മേഖലകളുടെ ഉൽപാദനവും, ഉൽപാദനക്ഷമതയും ഉയർത്തുകയും സേവന തുറകളുടെ ഗുണ നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യണം.

രണ്ടാമത് പറഞ്ഞ പ്രശ്നത്തിനുള്ള പരിഹാരമാർഗ്ഗം ആസൂത്രണം സമഗ്രവും ജന പങ്കാളിത്തപരവും വികേന്ദ്രീകൃവും ആക്കലാണ്. അതായത് ഇതുവരെ തുടർന്ന് വന്ന ആസൂത്രണ പ്രക്രിയയുടെ വൈകല്യങ്ങൾ ഇല്ലാതാക്കലാണ്. അത് ഗ്രാമ പഞ്ചായത്ത് തലത്തിൽ നിന്നും ആരംഭിക്കണം. എല്ലാ കാര്യങ്ങളും ഗ്രാമ പഞ്ചായത്തിൽ വെച്ച് തീരുമാനിക്കാനാവില്ല. എന്നാൽ എന്തെല്ലാം കാര്യങ്ങൾ അവിടെ തീരുമാനങ്ങളെടുത്ത് നടപ്പിലാക്കാൻ കഴിയുമോ അവയെല്ലാം ആസൂത്രണം ചെയ്ത് നടപ്പിലാക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നല്കിയേ പറ്റൂ. ബാക്കിവരുന്നതാണ് മുകൾ തട്ടിൽ ബ്ളോക്ക് ജില്ലാസംസ്ഥാനതല ങ്ങളിൽ ചെയ്യേണ്ടത്. ഇപ്രകാരം പല തട്ടുകളിൽ ഒരേസമയം ആസൂത്രണം നടത്തുകയും അവയെ ഉദ്ഗ്രഥിച്ച് സംസ്ഥാന പദ്ധതിക്ക് രൂപ് നല്കുകയും വേണം.

9- ാം പദ്ധതിയുടെ 35-40% ഇപ്രകാരം താഴെ തട്ടുകളിൽ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും വേണമെന്നാണ് പ്ലാനിങ്ങ് ബോർഡിന്റെ കാഴ്ചപ്പാട്. ചെറുതല്ല ഈ തുക. കൃത്യമായി ഇപ്പോൾ പറയുകവയ്യെങ്കിലും നാലായിരത്തിനും അയ്യായിരത്തിനുമിടക്ക് കോടി രൂപ വരും. വളരെ വലിയ ഉത്തരവാദിത്വമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പോകുന്നത്. ചെയ്ത് ശീലമില്ലാത്ത

കാര്യങ്ങളാണ് നമ്മൾ ചെയ്യാൻ പോകുന്നത്. അതിവിപുലമായ തോതിൽ ജനങ്ങളെ അണിനിരത്തികൊണ്ട് വേണം ഈ കടമ നിർവ്വഹിക്കുവാൻ.

ജനകീയ ആസൂത്രണം പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് 96 സെപ്തംബർ മാസത്തിൽ തന്നെ ചൂണ്ടൽ പഞ്ചായത്തിലും തുടക്കമിട്ടു. കേച്ചേരി ഗവൺമെന്റ് L.P സ്ക്കൂളിൽ 12-9-96 ന് ഒന്നാം ഘട്ട പരിശീലനം പൂർത്തിയാക്കി. ഒക്ടോബർ 2 മുതൽ 13 കൂടിയുള്ള ദിവസങ്ങളിൽ പഞ്ചായത്തിലെ 11 വാർഡുകളിലേയും വിശേഷാൽ ഗ്രാമസഭകൾ ചേർന്നു. ഗ്രാമസഭകളുടെ ജനകീയ പങ്കാളിത്തം സാമാന്യം മെച്ചപ്പെട്ടരീതിയിൽതന്നെയായിരുന്നു. ഓരോ ഗ്രാമസഭയിലും ഗ്രൂപ്പ് തിരിച്ചുള്ള ചർച്ചകൾ നടത്തുകയും ചർച്ചകളുടെ അടിസ്ഥാനത്തിൽ നിർദ്ദേശങ്ങൾ ക്രോഡീകരിക്കുകയും ചെയ്തു.

കേച്ചേരി ഗവൺമെന്റ് L.P. സ്ക്കൂളിൽ വെച്ച് തന്നെ 29-11-96 ന് രണ്ടാംഘട്ട പരിശീലനം നടത്തപ്പെട്ടു. വിവിധ വാർഡുകളിൽ നിന്നായി 160 പേരോളം പരിശീലന ക്ലാസ്സിൽ പങ്കെടുത്തു. 12 ഗ്രൂപ്പുകളാക്കി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള കോർഗ്രൂപ്പ് രൂപീകരിച്ചു. 30-10-96 മുതൽ 3-11-96 വരെയുള്ള ദിവസങ്ങളിൽ കോർഗ്രൂപ്പുകൾ നിരന്തരം യോഗം ചേർന്ന് ചർച്ച ചെയ്താണ് ഗ്രൂപ്പ് റിപ്പോർട്ടുകൾക്ക് രൂപംനല്കിയത്.

ഏകദേശം 20 ച.തു.കി.മീ വിസ്തൃതിയുള്ള ഈ പഞ്ചായത്തിൽ 11 വാർഡുകളിലിയി 26771 പേർ അധിവസിക്കുന്നു. ചൊവ്വന്നൂർ ബ്ളോക്കടിസ്ഥാനത്തിൽ കണക്കാക്കിയാൽ രണ്ടാസ്ഥാനത്താണ് നമ്മൾ. കാർഷികമേഖലയായ പഞ്ചായത്തിൽ നെല്ല്, കവുങ്ങ്, തെങ്ങ്, വാഴ, മരിച്ചീനി, കശുമാവ്, പച്ചക്കറികൾ തുടങ്ങിയവയാണ് പ്രധാന കൃഷിയിടങ്ങൾ.

സാമൂഹിക സാംസ്ക്കാരിക വിദ്യഭ്യാസ രംഗങ്ങളിൽ കുറേയൊക്കെ പുരോഗതി കൈവരിക്കാൻ കഴിഞ്ഞകാല പ്രവർത്തനങ്ങൾ കൊണ്ട് നമ്മുക്ക് സാദ്ധ്യമായിട്ടുണ്ടെങ്കിലും അടിസ്ഥാന പ്രശ്നങ്ങളിൽ പലതും ഇനിയും പരിഹാരം കാണാതെ കിടക്കുകയാണ്.

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ ചർച്ചകൾ നടത്തി ക്രോഡീകരിച്ചതാണ് ഈ റിപ്പോർട്ട്. സാമാന്യ ജനങ്ങൾക്ക് പരമാവധി പ്രയോജനം ലഭ്യമാക്കുന്ന പ്രവർത്തന പരിപാടികൾക്ക് രൂപം നല്കാൻ ശ്രമിച്ചിട്ടുണ്ട്. വികസന സെമിനാറിൽ വിശദമായ ചർച്ചകൾ നടത്തുകയും ഈ രേഖയെ കൂടുതൽ സമ്പുഷ്ടമാക്കാനുള്ള നിർദ്ദേശങ്ങൾ ഉണ്ടാക്കുകയും വേണമെന്ന് അഭ്യർത്ഥിക്കുന്നു.

# സാമൂഹ്യ സാംസ്കാരിക ചരിത്രം

ഇന്നത്തെ തലപ്പിള്ളി താലൂക്കും പൊന്നാനി മുതൽ ചേറ്റുവ വരെയുള്ള തീരപ്രദേശങ്ങളും ഉൾപ്പെട്ടതായിരുന്നു പണ്ടത്തെ "തലപ്പിള്ളി നാടുകൾ". കൊച്ചീരാജ്യത്തിന്റെ ഭാഗമായിരുന്ന തലപ്പിള്ളി നാടുകളുടെ ഭരണം നടത്തിയിരുന്നത് തലപ്പിള്ളി രാജവംശം ആയിരുന്നു. വടക്കാഞ്ചേരി മുതൽ പടിഞ്ഞാറ് കടലോരം വരെയുള്ള പ്രദേശങ്ങൾ " അയനിക്കൂർ" , അഥവാ ചിറളയം, മണക്കുളം, പുന്നത്തൂർ, കക്കാട് എന്നീ സ്വരൂപങ്ങളുടെ ഭരണത്തിൽ കീഴിലായിരുന്നു. ഓരോ പ്രദേശങ്ങളെ ചേരികളായിട്ടായിരുന്നു അറിയപ്പെട്ടിരുന്നത്. ദിക്കുകൾ അടിസ്ഥാനപ്പെടുത്തിയാണ് ചേരികൾ തിരിച്ചിരുന്നത്. വടക്ക് വടക്കുംചേരി (ഇന്നത്തെ വടക്കാഞ്ചേരി) കിഴക്ക് കീഴ്ചേരി (ഇന്നത്തെ കേച്ചേരി) എന്നിങ്ങനെ ഇങ്ങനെയുള്ള പതിനാറ് പ്രദേശങ്ങൾ (വില്ലേജുകൾ) ഉൾപ്പെട്ടതായിരുന്നു ചൂണ്ടൽ 'പ്രവൃത്തി' ചൂണ്ടൽ ഒഴികെയുള്ള ഭാഗങ്ങളൊക്കെ അന്ന് ദരിദ്രമായിരുന്നതുകൊണ്ടാണ് ഈ പ്രവൃത്തിയെ ചൂണ്ടൽ എന്ന പേരിൽ അറിയാൻ തുടങ്ങിയത്. സ്വാതന്ത്ര്യത്തിന് വളരെ കാലംമുമ്പ് തന്നെ ചൂണ്ടൽ ആസ്ഥാനമാക്കി ചൂണ്ടൽ മാതൃകാപഞ്ചായത്ത് രൂപ്കൊണ്ടു.. ഇന്നത്തെ കണ്ടാണശ്ശേരി പഞ്ചായത്ത് പ്രദേശം കൂടി ഉൾപ്പെടുന്നതായിരുന്നു അന്നത്തെ ചൂണ്ടൽ പഞ്ചായത്ത്. കേട്ടെഴുത്തും കണ്ടെഴുത്തും നടത്തിയായിരുന്നു ഭൂമിയുടെ കൈവശാവകാശം തിട്ടപ്പെടുത്തിയിരുന്നത്. റവന്യൂ നികുതി അടക്കുന്നവർക്കായിരുന്നു പഞ്ചായത്ത് തെരെഞ്ഞെടുപ്പിൽ വോട്ടവകാശം. കൂടിയിരുന്ന് കൈപൊക്കി തെരെഞ്ഞെടുക്കുന്ന സമ്പ്രദായമായിരുന്നു. തെരെഞ്ഞെടുക്കുന്നവർക്ക് പുറമെ നോമിനേറ്റ് ചെയ്യപ്പെടുന്ന പാറോത്തിക്കാരൻ ( ഇന്നത്തെ വില്ലേജ് ഓഫീസർ) കൂടിയുൾപ്പെട്ടതായിരിക്കും പഞ്ചായത്ത് ഭരണ സമിതി.

കാഞ്ഞങ്ങാട്ട് ശങ്കരൻ നായർ, ചൂണ്ടൽ ചരുവക്കാട്ട് അപ്പുണ്ണി മേനോൻ, മറ്റം ചെമ്പ്ര ഐപ്പുണ്ണി എന്നിവരൊക്കെ ആദ്യകാല പഞ്ചായത്ത് പ്രസിഡന്റുമാരായിരുന്നതായി രേഖകളിൽ കാണുന്നു. അതിനുശേഷം നോമിനേഷൻ സമ്പ്രദായം നിലവിൽ വന്നു. സി. സി. തോമസ് മാസ്റ്റർ, കേശവ കൈമൾ എന്നിവരൊക്കെ നോമിനേഷൻ വഴി പഞ്ചായത്ത് പ്രസിഡന്റുമാർ ആയിരുന്നവരാണ്. ചൂണ്ടൽ എടവന ഗണേശൻ എമ്പ്രാന്തിരി സൗജന്യമായി നല്കിയ ( ഇന്നത്തെ വില്ലേജ് ഓഫീസ് കോംപ്ലക്സ് നിൽക്കുന്ന സ്ഥലം) സ്ഥലത്ത് പണിക്കഴിപ്പിച്ച സ്വന്തം കെട്ടിടത്തിലായിരുന്നു പഞ്ചായത്താഫീസും വില്ലേജാഫീസും പ്രവർത്തിച്ചുവന്നിരുന്നത്.

ചിറനെല്ലൂർ കൂമ്പഴ പാലത്തിനടുത്തായി പഞ്ചായത്തിന്റെ കൈവശത്തിലിരിക്കുന്ന സ്ഥലത്ത് ഒരു കോട്ടയുടെ അവശിഷ്ടങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു. ചിറനെല്ലൂർ കോട്ട എന്നറിയപ്പെടുന്ന ഈ കോട്ട ടിപ്പുവിന്റെ പടയോട്ടക്കാലത്ത് നിർമ്മിച്ചതായിരിക്കുമെന്നാണ് വിശ്വസിക്കുന്നത്.

കൊച്ചി ആസ്ഥാനമാക്കി കൊച്ചി പ്രജാമണ്ഡലം രൂപംകൊള്ളുകയും സ്വാതന്ത്ര്യസമരത്തിൽ പങ്കാളികളാവുകയും ചെയ്തതോടെ ചൂണ്ടൽ പഞ്ചായത്ത് പ്രദേശത്തും അതിന്റെ അലയടികൾ മുഴങ്ങി. പ്രജാമണ്ഡലത്തിന്റെ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിച്ച ഒട്ടുവളരെപേർ ഇന്നും ജീവിച്ചിരിക്കുന്നവരിൽപ്പെടും.

ഭാരതം സ്വതന്ത്രമാകുകയും പുതിയ സംവിധാനം വന്നുചേരുകയും ചെയ്തതോടെ പഞ്ചായത്തുകളുടെ പുനർ വിഭജനം നടത്തുകയും പ്രായപൂർത്തി വോട്ടവകാശം ലഭ്യമാകുകയും ചെയ്തു. അങ്ങിനെ 1952-53 കാലഘട്ടത്തിലാണ് ചൂണ്ടൽ - എരനെല്ലൂർ - ചിറനെല്ലൂർ വില്ലേജുകളടങ്ങുന്ന ഇന്നത്തെ ചൂണ്ടൽ പഞ്ചായത്ത് രൂപംകൊണ്ടത്. 1953 ൽ നടന്ന തിരഞ്ഞെടുപ്പിലൂടെ ടി. ജോസഫ് ജോർജ്ജ് പ്രസിഡന്റായി ആദ്യത്തെ ജനകീയ സമിതി അധികാരത്തിൽ വന്നു. 1976 അവസാനം പഞ്ചായത്തിന്റെ ആസ്ഥാനം കേച്ചേരിയിലേക്ക് മാറ്റുകയും ഒരു വാടക കെട്ടിടത്തിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. 11-8-1984 മുതല്ക്കാണ് ഇന്നുള്ള സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കാൻ തുടങ്ങിയത്.

# പഞ്ചായത്ത് ഭരണസമിതികൾ
## 1953-1995

**1. 1953-1962**

1. ടി. ജോസഫ് ജോർജ്ജ്
2. പി.പി. കൃഷ്ണൻക്കുട്ടി
3. പി. സി. ജോസ്
4. എൻ. രാമൻ മേനോൻ
5. കെ. വി. ജോസഫ്
6. സി,സി, ഈയ്യപ്പൻ
7. പി. കെ. കുട്ടപ്പൻ

ടി. ജോസഫ് ജോർജ്ജ്
(പ്രസിഡന്റ്)

**2. 1964-79**

1. കെപി. അരവിന്ദാക്ഷൻ
2. സി. .യൂ. രാമൻ
3. പി. പി. കൃഷ്ണൻകുട്ടി
4. പി.ഐ. ചേറുക്കുട്ടി
5. ടി. കെ. ചാക്കു
6. ടി.ഐ. കൊച്ചുവർക്കി
7. വി. പി. പോൾ
8. പി. ഐ. കുഞ്ഞുമോൻ
9. പി. കെ. ശാരദ

കെ. പി. അരവിന്ദാക്ഷൻ
(പ്രസിഡണ്ട്)

**3. 1979-88**

1. എ.എം. ഷൺമുഖൻ
2. ടി. എം. പോൾ
3. ഐ,വി. ഈയ്യക്കുട്ടി
4. സി. എം. ഗോപാലൻ
5. എം.കെ, വാസുദേവൻ
6. പി. സി. ജോസ്
7. പി. മാധവൻ
8. ടി. ചന്ദ്രൻ
9. ടി. എൻ. ത്രേസ്യ
10. കെ.എം. ഐമുണ്ണി

എ. എം. ഷൺമുഖൻ
(പ്രസിഡണ്ട്)

**4. 1988-95**

1. വി.പി. പോൾ
2. പി. എ. ഉമ്മർ
3. എൻ. പി. മേരി
4. പി. കെ. പങ്കുണ്ണി
5. സി.എം. ഗോവിന്ദൻ
6. ഉഷ ജോസ്
7. എം. എ. സുബ്രഹ്മണ്യൻ
8. ആഷിക് മുഹമ്മദ്
9. സി. കെ. ജോസ്
10. പി. മാധവൻ
11. ടി. ആർ സുബ്രഹ്മണ്യൻ

വി. പി. പോൾ (പ്രസിഡണ്ട്)
പി. മാധവൻ (പ്രസിഡണ്ട്)
എം. എ. സുബ്രഹ്മണ്യൻ (പ്രസിഡണ്ട്)

# ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

## ഭൂപ്രകൃതി

സമുദ്ര നിരപ്പിൽ നിന്നും ഏകദേശം ആറായിരം അടി ഉയരത്തിൽ നിലകൊള്ളുന്ന മച്ചാട് മലയിൽ നിന്നാരംഭിച്ച് വിവിധ ദേശങ്ങളിൽ കൂടി ഒഴുകിയെത്തുന്ന കേച്ചേരി പുഴയുടെ ഇരുഭാഗങ്ങളിലുമായി കിടക്കുന്ന ചൂണ്ടൽ എരനെല്ലൂർ ചിറനെല്ലൂർ വില്ലേജുകൾ ഉൾപ്പെടുന്ന പ്രദേശമാണ് ചൂണ്ടൽ ഗ്രാമപഞ്ചായത്ത്. പെരുമല കുന്ന്, ചൂണ്ടൽ കുന്ന്, ചൂണ്ടൽ പാറ, കേച്ചേരി പുഴ, എന്നിവ ഈ പഞ്ചായത്തിന് പ്രകൃതി മനോഹരമാക്കുന്നു. 19.98 ച.തു.കി.മി. ആണ് പഞ്ചായത്തിന്റെ വിസ്തൃതി. ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിന് അഞ്ചായി തരംതിരിക്കാം

1.ഉയർന്ന സമതലം
2. ചെറുചെരുവുകൾ
3. ഇടത്തരം ചെരുവുകൾ
4. സമതലം
5. താഴ്ന്ന പ്രദേശങ്ങൾ

നിമ്നോന്നതിയെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്തിനെ ഇരുപത് മീറ്ററിൽ താഴെ 20നും 40നും ഇടയ്ക്ക് 40 മീറ്ററിനു മുകളിൽ എന്നിങ്ങനെ മൂന്നായി തിരിക്കാം.
കുന്നിൻ പ്രദേശങ്ങൾ, പെരുമലകുന്ന് , പന്നിശ്ശേരി കുന്ന് എന്നിവയാണ്. സമുദ്രനിരപ്പിൽ നിന്ന് എറ്റവും ഉയർന്ന് നിൽക്കുന്നത് പെരുമലകുന്നാണ്. ഏറ്റവും താഴ്ന്ന പ്രദേശം പറപ്പൂർ കായലാണ്. 45 % ശതമാനം പ്രദേശത്ത് എക്കൽ മണ്ണും 25% ശതമാനം ചരൽമണ്ണും 25% ചെങ്കൽ പ്രദേശവും 5% ശതമാനം പ്രദേശത്ത് പാറയുമാണ്. കാർഷികമേഖലക്കാണ് മുൻതൂക്കം. പ്രധാന കൃഷിയിടങ്ങൾ നെല്ല്, കവുങ്ങ്, തെങ്ങ്, വാഴ, കശുമാവ്, മരിച്ചീനി, പച്ചക്കറികൾ എന്നിവയാണ്.

## ജനപ്രകൃതി

ഏകദേശം 20 ച.തു.കി.മി. വിസൃതിയുള്ള പഞ്ചായത്ത് പ്രദേശം 11 വാർഡുകളായി തിരിച്ചിരിക്കുന്നു. 91 ലെ സെൻസസ് അനുസരിച്ച് 26771 ആണ്. 14229 സ്ത്രീകളും 12542 പുരുഷൻമാരും ജനസാന്ദ്രത 1386 ആണ്. വിദ്യഭ്യാസത്തിന്റെ കാര്യത്തിൽ മുന്നോക്കം നിൽക്കുന്ന പ്രദേശമാണ്. സാക്ഷരതാ സർവ്വേയുടെ അടിസ്ഥാനത്തിലുള്ള സാക്ഷരതാ നിരക്ക് 91. 6 % ആയിരുന്നുവെങ്കിലും 90 ൽ നടത്തിയ സാക്ഷരതായജ്ഞത്തിൽ ധാരാളം പേർ പങ്കാളികളാകുകയും ഇതിന്റെ അടിസ്ഥാനത്തിൽ സാക്ഷരതാ 95% ത്തിന് മുകളിലാക്കുകയും ചെയ്തു. പൊതുവേ മുസ്ലീം സ്ത്രീകളാണ് വിദ്യഭ്യാസത്തിന്റെ കാര്യത്തിൽ പിന്നോക്കം നിൽക്കുന്നത്. രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ പ്രശസ്തരായ ഒട്ടനവധി വ്യക്തികളെ സംഭാവന ചെയ്യാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. രാജ്യസഭാംഗവും കേരള ഗവൻമെന്റ് ചീഫ് വിപ്പുമായിരുന്ന ശ്രീ. കെ. പി. അരവിന്ദാക്ഷൻ, യൂസഫലി കേച്ചേരി, ഡോക്ടർ രാധാകൃഷ്ണ കൈമൾ, ഇ. പി,. ഭരതപിഷാരടി, പി. ടി. ലാസർ, ഡോക്ടർ കെ. കെ. രാജൻ, സി. എൻ. പൊറിഞ്ചുകുട്ടി എന്നിവർ ഇവരിൽ ചിലർമാത്രമാണ്. എല്ലാ മതസ്ഥരും ഇടകലർന്ന് വസിക്കുന്ന പ്രദേശമാണെങ്കിലും

ജാതിയുടേയോ മതത്തിന്റേയോ പേരിൽ യാതൊരു കലാപങ്ങളും നാളിതുവരെ ഈ പഞ്ചായത്തിലുണ്ടായിട്ടില്ല എന്നത് അഭിമാനകരമാണ്.

## ജലപ്രകൃതി

കേച്ചേരി പുഴ പഞ്ചായത്തിന്റെ കുറുകെ ഒഴുകുന്നുവെങ്കിലും ജല ലഭ്യതയുടെ കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന അവസ്ഥ വിശേഷമാണ്. കേച്ചേരി പുഴയ്ക്ക്പുറമേ ചെറുതും വലുതും മായ നിരവധി പൊതുകുളങ്ങളും തോടുകളും പഞ്ചായത്ത് പ്രദേശത്തുണ്ട്. തുലാവർഷത്തിന്റെ ഗതിയനുസരിച്ചാണ് കുടിവെള്ള ലഭ്യത നിലനിൽക്കുന്നത്. തെക്കു പടിഞ്ഞാറൻ മൺസൂൺ കാലത്ത് 1988 മില്ലിമീറ്ററും വടക്കു കിഴക്കൻ മൺസൂൾ കാലത്ത് 736 മി. മീറ്ററും അടക്കം ഈ പ്രദേശത്തെ ശരാശരി മഴ ലഭ്യത 2930 മി. മീറ്ററായി കണ്ക്കാക്കപ്പെട്ടിരിക്കുന്നു. പട്ടിക്കര കായലും, പറപ്പൂർ കായയലുമാണ് ഈ പഞ്ചായത്തിലെ രണ്ട് കായലുകൾ. ഫെബ്രുവരി മുതൽ ജൂൺ വരെ പൊതുവേ വരൾച്ച അനുഭവപ്പെടുന്ന കാലമാണ്. വെള്ളപ്പൊക്ക ഭീഷണി അടുത്തക്കാലത്തൊന്നും ഉണ്ടായിട്ടില്ല.

---

# 1. കൃഷി - ജലസേചനം

റബ്ബർ അടക്കം ഒരുവിധം എല്ലാ കൃഷികളും ഉള്ള ഒരു നല്ല കാർഷിക മേഖലയാണ് ചൂണ്ടൽ ഗ്രാമപഞ്ചായത്ത്. പെരുമല ചവുട്ടിക്കുന്ന് എന്നീ രണ്ടു മലകളും, കേച്ചേരിപ്പുഴയും, കുട്ടൻതോട്, എരനെല്ലൂർ തോട്, ചൂണ്ടൽതോട് എന്നിവയും ഈ പഞ്ചായത്തിന്റെ പ്രകൃതിദത്തമായ അനുഗ്രഹങ്ങളാണ്. നെല്ല്, കവുങ്ങ്, തെങ്ങ്, കുരുമുളക്, വാഴ, കപ്പ, കശുവണ്ടി എന്നിവ പ്രധാന കാർഷികവിളകളാണ്. നെൽകൃഷിയിൽ വിരിപ്പും, പുഞ്ചയും കുറഞ്ഞുവരുന്നു. കൂലിയിലുള്ള വർദ്ധനവും, മറ്റു ചെലവുകളുടെ കുതിച്ചുകയറ്റവും വിരിപ്പു കൃഷിയെ തളർത്തി. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത പുഞ്ചകൃഷിയും ഇല്ലാതാക്കുകയാണ്. മഴവെള്ളം തടഞ്ഞുനിർത്തി കുത്തിയൊലിപ്പുതടയാനുള്ള ചിറകളുടെ അഭാവമാണ് ഇതിന് പ്രധാന കാരണം. 15 കുളങ്ങളും 13 അണകെട്ടുകളും മറ്റു ചില തോടുകളും വെള്ളച്ചാലുകളുമാണ് ഈ പഞ്ചായത്തിന് പൊതുവായിട്ടുള്ളത്. കാലാവസ്ഥയിൽ വന്ന വ്യതിയാനം കാർഷിക മേഖല പൊതുവെ താളം തെറ്റാൻ കാരണമാക്കി. സാധാരണ കിണറുകളിലെ ഉറവുവെള്ളം കൊണ്ട് നനക്കാൻ കഴിഞ്ഞിരുന്ന പറമ്പു കൃഷിക്ക് നേരത്തെവറ്റി വരളാൻ തുടങ്ങുന്ന കിണറുകൾ ഭീഷണിയായിത്തീർന്നിരിക്കുന്നു. ശാസ്ത്രത്തിന്റെ മുന്നേറ്റവും സാങ്കേതിക വിദ്യകളിൽ വന്ന മികവുംകൊണ്ട് ഈ മേഖല സമ്പുഷ്ടമാകേണ്ടതാണെങ്കിലും കാർഷിക വൃത്തിയോടുള്ള ആഭിമുഖ്യം പൊതുവെ കുറഞ്ഞു വരുന്നതായിട്ടാണ് കാണുന്നത്.

കാർഷിക - ജലസേചന രംഗത്ത് കഴിഞ്ഞ കാലഘട്ടങ്ങളിൽ സർക്കാർ നേരിട്ടും പല ഏജൻസികൾ വഴിയും ഭീമമായ തുക ഈ പഞ്ചായത്തിൽതന്നെ ചെലവിട്ടു കഴിഞ്ഞതായി കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. പക്ഷെ അതിന്റെ മുഴുവൻ പ്രയോജനവും കർഷകർക്ക് ലഭ്യമായിട്ടുണ്ടോ എന്ന് വിശദമായി പരിശോധിക്കേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിലെ കാർഷികമേഖലയുടെ ഒരു ഏകദേശ വിവരങ്ങളും ഇതിനകം നടപ്പാക്കികഴിഞ്ഞ പദ്ധതികളുടെ ഒരു രേഖാചിത്രവും നമുക്ക് പരിശോധിക്കാം,

പട്ടിക 1.

**വിള വിസ്തീർണ്ണവും ഉല്പാദനവും**

| വിള | വിസ്തീർണ്ണം (ഹെക്ടർ) | ഉല്പാദനം M.T. |
|---|---|---|
| നെല്ല് - ഒന്നാംവിള | 650 | 1300 |
| നെല്ല് രണ്ടാംവിള | 809 | 1500 |
| നെല്ല് - മൂന്നാംവിള | 50 | 120 |
| പയർ | 2 | 1 |
| പച്ചക്കറികൾ | 15 | 3 |
| തെങ്ങ് | 200 | 600 |
| വാഴ | 150 | 2250 |
| മരച്ചീനി | 5 | 180 |
| കുരുമുളക് | 100 | 375 |
| കശുമാവ് | 20 | 20 |
| റബ്ബർ | 5 | ഉല്പാദനം ആയിട്ടില്ല |
| കവുങ്ങ് | 400 | 400 |

(Ref: അടിസ്ഥാനത്തിൽ രജിസ്റ്റർ)

പട്ടിക 2

## നടീൽ വസ്തു വിതരണം

| ഇനം | 93 - 94 | 94 - 95 | 95 - 96 |
|---|---|---|---|
| തെങ്ങ് | 500 | 250 | 479 |
| കുരുമുളക് | 3000 | 5000 | 8000 |
| (Ref: കൃഷിഭവൻ കണക്കുകൾ) | | | |

പട്ടിക 3

## കാർഷികോപകരണങ്ങൾ

| വാർഡ് | ഉഴവുപകരണങ്ങൾ | | മരുന്നുതളി ഉപകരണങ്ങൾ | | മെതിയന്ത്രം | തെങ്ങുകയറ്റ യന്ത്രം |
|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | റോക്ക് സ്പ്രേയർ | നാപ്സ്റ്റാക്ക് സ്പ്രേയർ | | |
| 1 | | | 2 | | | 1 |
| 2 | | | | | 1 | |
| 3. | 2 | 5 | 5 | 15 | | 1 |
| 4. | | | | | | 1 |
| 5. | | | | | | 2 |
| 6. | | 15 | 2 | | | |
| 7 | | | 1 | | | |
| 8 | 1 | | | | | |
| 9 | 1 | 1 | 1 | | 1 | 3 |
| 10 | | | 1 | | | |
| 11 | | | 1 | | | |
| ആകെ | 4 | 21 | 13 | 15 | 2 | 8 |
| (Ref: കൃഷിഭവൻ) | | | | | | |

പട്ടിക 4

## കൈവശഭൂമി വിസ്തീർണ്ണം

| നാമമാത്ര കർഷകർ | ചെറുകിട കർഷകർ | വൻകിടകർഷകർ |
|---|---|---|
| 5800 | 358 | 58 |
| (അടിസ്ഥാനം കൃഷിഭവൻ) | | |

പട്ടിക 5

## രാസവള - കീടനാശിനി വിപണനം

| 1994 - 95 | | |
|---|---|---|
| സ്ഥാപനത്തിന്റെ പേര് | രാസവളം (Kg.) | കീടനാശിനി (ദ്രവം - ഖരം) |
| സഹകരണം | 85630 | 420 Lt. 620 Kg. |
| സ്വകാര്യം | 75110 | 138Lt. 1948 Kg. |

പട്ടിക 6

## ജലസേചന സംവിധാനങ്ങൾ

| വാർഡ് | കുളം | ആയകെട്ട് (ഹെ) | വാർഡ് | കുളം | ആയകെട്ട്(ഹെ) |
|---|---|---|---|---|---|
| 1 | 2 | 2 | 7 | 2 | 1 |
| 2 | 3 | 2 | 8 | 1 | |
| 3 | 1 | 2 | 9 | 1 | |
| 4 | 1 | 2 | 10 | 2 | |
| 5 | 1 | 2 | 11 | | |
| 6 | 1 | 3 | | | |

പട്ടിക 7

## ദുരിതാശ്വാസ വിതരണം

| വർഷം | വെള്ളപ്പൊക്കം | കാറ്റ് | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|
| 1993 - 94 | നെല്ല് - 518 ഏക്കർ<br>തെങ്ങ് - 28<br>കവുങ്ങ് - 27<br>വാഴ - 194 | | 166 | Rs. 23236/- |
| 1994 - 95 | നെല്ല് 219.8 ഏക്കർ<br>തെങ്ങ് - 56<br>കവുങ്ങ് - 477<br>വാഴ - 273 | | 351 | Rs. 53696/- |
| 1995 - 96 | | തെങ്ങ് 33<br>കവുങ്ങ് 96 | 17 | Rs. 12656/- |
| ആകെ | | | 534 | Rs. 89588 |

അവലംബം - കൃഷിഭവൻ

പട്ടിക 8

## പൂർത്തിയായ ജലസേചന പദ്ധതികളുടെ വിവരങ്ങൾ

| പ്രവൃത്തിയുടെ പേര് | പൂർത്തിയായ വർഷം | ചിലവ് | ആയക്കെട്ട് (ഹെ) |
|---|---|---|---|
| 1 പുതുക്കുളം അറ്റകുറ്റപണികൾ | 1994 | Rs. 368457/- | 20 - 93 |
| 2 പട്ടിക്കര കായൽ സ്യൂയിസിന്റെ അടിയന്തിര അറ്റകുറ്റപ്പണികൾ | 1994 | Rs. 200000/- | |
| 3. ജലധാര കുഞ്ഞിത്തോട്ടിൽ ബണ്ടും കൽപർട്ടും പണികഴിച്ചു | 1994 | Rs. 73000/- | 24 |

അവലംബം - മൈനർ ഇറിഗേഷൻ സെക്ഷൻ, കുന്നംകുളം

പട്ടിക 9

**CADA പദ്ധതിപ്രകാരം ചൂണ്ടൽ പഞ്ചായത്തിൽ തുടങ്ങിയ പണികളുടെ വിവരം**

| പ്രവൃത്തി | നീളം (മീറ്റർ) | ആയക്കെട്ട് (ഹെ.) | ചിലവ് |
|---|---|---|---|
| 1. Sp : 10 പാറന്നൂർ ചിറ | 458 . 50 | 35 . 45 | 196868 . 00 |
| 2. Sp : 11 " " | 512 . 80 | 39 . 65 | 202115 . 00 |
| 3. Sp : 12 " | 252 . 00 | 20. 70 | 132200 . 00 |
| 4. Sp : 13 | 504 . 60 | 40 | 279156 . 00 |
| 5. Sp : 14 | 520 . 00 | 40 | 287177 . 00 |
| 6. Sp : 15 | 413 . 00 | 33 . 22 | 218108 . 00 |
| 7. തായങ്കാവ് ചിറപ്പറമ്പ് ഫാം റോഡ് | 693 | | 982570 . 00 |
| ആകെ ചിലവ് | | | Rs. 2298194 . 00 |

കഴിഞ്ഞ ഒന്നുരണ്ടു വർഷത്തിനുള്ളിൽ വിവിധ ഇനങ്ങളിൽ കാർഷിക മേഖലക്കു വേണ്ടി ചൂണ്ടൽ പഞ്ചായത്തിൽ ചിലവിട്ട രൂപയുടെ കണക്കുകൾ കാണുമ്പോൾ നമുക്കു തന്നെ വിസ്മയം തോന്നും. എന്നാൽ ഇതുകൊണ്ടൊന്നും സ്ഥിതി അത്രകണ്ട് മെച്ചപ്പെടുത്താനായില്ല എന്നതാണ് വസ്തുത.

## പ്രശ്നങ്ങൾ

1. പഞ്ചായത്തു പ്രദേശം കാർഷികമേഖലയായിരുന്നിട്ടുകൂടി കൃഷിചെയ്യാനുള്ള താല്പര്യം പൊതുവെ കുറഞ്ഞുവരുന്നതായി കാണുന്നു. കൃഷിച്ചിലവ് കൂടിയതും, വരുമാനം താരതമ്യേന കുറഞ്ഞതായും അനുഭവപ്പെടുന്നതുകൊണ്ട് കൃഷിഭൂമി തന്നെ മറ്റ് കാര്യങ്ങൾക്കായി ഉപയോഗപ്പെടുത്താൻ താല്പര്യം കാണിക്കുന്നു.
2. പലപ്പോഴും കാലാവസ്ഥയെ മാത്രം ആശ്രയിച്ചുള്ള ജലസേചനം കണക്കുകൂട്ടലുകൾ തെറ്റിക്കുന്നു. വിളനാശം സംഭവിക്കുന്നതോടെ കർഷകർ പലരും കടക്കെണിയിൽ കുടുങ്ങുകയാണ്.
3. പ്രധാന ജലസേചന സാഹചര്യം ഒരുക്കുന്ന പാറന്നൂർ ചിറ കാലാകാലങ്ങളിലുള്ള അറ്റകുറ്റ പണികളുടെ കുറവുനിമിത്തം നാശത്തിന്റെ വക്കത്തെത്തിയിരിക്കുന്നു. ശാസ്ത്രീയവും കാര്യക്ഷമവുമായ സംവിധാനം ഇന്നും ഇവിടെ നിലവിലില്ല എന്നു പറയേണ്ടിയിരിക്കുന്നു.
4. പഞ്ചായത്തിലെ മറ്റു ജലസ്രോതസ്സുകൾ കാര്യമായി തന്നെ ജലസേചനസൗകര്യങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നില്ല.
5. വളം, കീടനാശിനികൾ എന്നിവയ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭീമമായ വിലകയറ്റം കൃഷി നടത്താനുള്ള താല്പര്യം ഇല്ലാതാക്കുന്നു.
6. ധാരാളമായുള്ളത് ചെറുകിടകർഷകരാണ് - ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഒന്നിച്ച് കൃഷിയിറക്കാനും, കൃഷിസംരക്ഷണത്തിനും മെച്ചപ്പെട്ട രീതിയിലുള്ള സംവിധാനങ്ങൾ ലഭ്യമല്ല.
7. നെൽപാടങ്ങളിൽ ധാരാളമായി ഇഷ്ടികക്കളങ്ങൾ രൂപം കൊള്ളുകയാണ്. ഇതുമൂലം കൃഷിയിറക്കുന്നതിന് കർഷകർക്ക് അസൗകര്യമുണ്ടാവുകയും ജലസേചനസംവിധാനത്തെ അപകടത്തിലാക്കുകയും ചെയ്യുന്നു.
8. നെൽപ്പാടങ്ങൾ മണ്ണിട്ടുനിരത്തി വ്യാപാരാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന പ്രവണത സാർവത്രികമായിരിക്കുന്നു. തൃശൂർ കുറ്റിപ്പുറം ഹൈവേ കടന്നുപോകുന്നത് ചൂണ്ടൽ പഞ്ചായത്തിന്റെ പ്രധാന പാടശേഖരങ്ങളിൽ ഒന്നായ ചൂണ്ടൽ പാടത്തുകൂടിയാണ്. റോഡുസൗകര്യം ലഭ്യമായതുകൊണ്ട് ഇരുവശവും മണ്ണിട്ട്നികത്തി കെട്ടിടങ്ങൾ പണിയുകയാണ്. ഇത് കാർഷികരംഗത്തെ അപകടപ്പെടുത്തുന്ന പ്രവണതയാണ്.

## സാദ്ധ്യതകൾ നിർദ്ദേശങ്ങൾ

1. ഒന്നാംവാർഡിൽ സ്ഥിതിച്ചെയ്യുന്ന പ്രധാന കുളങ്ങളാണ് പെലക്കുളം, ചെമ്പ്രകുളം എന്നിവ ഇവ വിസ്തൃതി വരുത്തുകയും ചുറ്റും മതിൽക്കെട്ടി സംരക്ഷിക്കുകയും വെള്ളം പമ്പു ചെയ്യുന്നതിനും, വേണ്ടി മോട്ടോർ സ്ഥാപിക്കുകയും ചെയ്താൽ നെൽകൃഷി ഒരു പൂ വർദ്ധിപ്പിക്കാനും പച്ചക്കറി കൃഷി വ്യാപിപ്പിക്കാനും കഴിയും.

2. യൂണിറ്റി ആശുപത്രിയുടെ ഭാഗത്തു നിന്നും ആരംഭിച്ച് പയ്യൂർപാടം വഴി കണ്ടികുളം പാടത്ത് എത്തിനില്ക്കുന്നതായ തോട് വീതിക്കൂട്ടി താഴ്ത്തി ചീപ്പുകൾ പുതുക്കി പണിത് ഇരുഭാഗത്തും കൃഷി വർദ്ധിപ്പിക്കാൻ ഏർപ്പാടുണ്ടാക്കുക. ഏകദേശം മൂന്ന് കിലോമീറ്റർ നീളമുള്ള തോട് ഇത്തരത്തിൽ സംരക്ഷിച്ചാൽ നെൽകൃഷി മെച്ചപ്പെടുമെന്നതിനു പുറമെ കിണറുകളിൽ വെള്ളം വറ്റാതിരിക്കുകയും തെങ്ങ്, കവുങ്ങ്, വാഴ എന്നിവ ഉണക്കത്തിൽനിന്ന് രക്ഷപ്പെടുകയും ചെയ്യും. പോർക്കളങ്ങാട്, പയ്യൂർ അപ്രോച്ച് റോഡിൽ രണ്ട് പാലങ്ങൾ നിർമ്മിച്ച് വെള്ളം ഒഴിഞ്ഞുപോകുന്നതിന് സൗകര്യമേർപ്പെടുത്തുക. പയ്യൂർ മുസ്ലീം പള്ളി വഴി വിരുത്തിയിൽ പാറകൂടി പാടത്തേക്കുള്ള വഴി ഫാംറോഡാക്കി കൃഷിക്കാർക്ക് സൗകര്യപ്രദമാക്കുക.

4. കുറ്റിയിൽ ചിറ മംഗലംകുന്ന് എന്നീ ജലസംഘടന പദ്ധതികളാണ് രണ്ടാം വാർഡിൽ പ്രധാനമായും കൃഷിയെ പരിരക്ഷിക്കുന്നത്. ഇവ വീതിക്കൂട്ടി താഴ്ത്തി ഇരുവശവും കെട്ടി ഉയർത്തിയാൽ ഈ ഭാഗത്തെ കൃഷി കുറെഭാഗം മൂപ്പൂവാക്കി മാറ്റാൻ കഴിയും. ഈ ചിറകളിൽ വെള്ളം സംഭരിച്ചുനിർത്താൻ കഴിഞ്ഞാൽ സമീപപ്രദേശത്തുള്ള കിണറുകളിൽ നീരുറവ വർദ്ധിക്കുകയും തൻമൂലം കവുങ്ങ്, തെങ്ങ്, കുരുമുളക്, വാഴ തുടങ്ങിയ തോട്ട വിളകളെ ഉണക്കത്തിൽ നിന്ന് രക്ഷപ്പെടുത്താനും ഒരു പരിധിവരെ കുടിവെള്ളക്ഷാമത്തിനെ തടയുവാനും കഴിയും. പുഞ്ചകൃഷിക്ക് അനുയോജ്യമല്ലാത്ത സ്ഥലങ്ങളിൽ വ്യാപാരടിസ്ഥാനത്തിൽ തന്നെ പച്ചക്കറി കൃഷി നടത്താം. ഒരു ക്ഷീരോല്പാദന വിപണന സംഘം ഇതിന്റെ പരിധിയിൽ വരുന്നതുകൊണ്ട് ക്ഷീരകർഷകരെ സഹായിക്കുന്ന പദ്ധതികളും ആവിഷ്കരിക്കണം.

5. പെലക്കാട്ടുപയ്യൂർ സൂര്യഗ്രാമം എന്ന പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും നാണ്യവിള കൃഷി സംരക്ഷിക്കുന്നതിനും പയ്യൂർക്കാവ് പഞ്ചായത്ത്കുളം വിസ്തൃതി വരുത്തുകയും കുറെക്കൂടി താഴ്ത്തചുകയും ചുറ്റും കെട്ടി സംരക്ഷിക്കുകയും വേണം. വെള്ളം പമ്പുചെയ്ത് കാർഷികാവശ്യത്തിന് ഉപയോഗപ്രദമാക്കുന്നതിനുള്ള മോട്ടോർ സംവിധാനവും ഏർപ്പെടുത്തണം. സുബ്രമുഹ്ണ്യകോവിൽ റോഡിൽ നിന്നും പടിഞ്ഞാട്ടുപോകുന്ന വെള്ളച്ചാല് വീതികൂട്ടി ട്രാക്ടറും മറ്റും കൊണ്ട് പോകാൻ വിധത്തിൽ സൗകര്യപ്പെടുത്തണം.

6. ചൂണ്ടൽ രണ്ടാം വാർഡിൽ അകംപാടം എന്നറിയപ്പെടുന്ന പാടശേഖരത്തിന്റെ ഒരറ്റത്തു സ്ഥിചെയ്യുന്ന ഒന്നാണ് ...കുളം. പണ്ടുകാലത്ത് നീരുറവ ധാരാളമായി ഉണ്ടായിരുന്നതും കുളിക്കാൻ വ്യാപകമായി ഉപയോഗിച്ചിരുന്നതുമായ ഇടക്കുളം മണ്ണിടിഞ്ഞു അറ്റകുറ്റപണികൾ കാലാകാലങ്ങളിൽ നടപ്പാക്കാത്തതുകൊണ്ടും നാശത്തിനു വക്കോളമെത്തിയിരിക്കുന്നു. ഈ കുളം കുറച്ചുകൂടി വീതികൂട്ടി മേജർ അറ്റകുറ്റപണികൾ നടത്തി പടവുകൾ കെട്ടി സംരക്ഷിക്കേണ്ടതാണ്. ധാരാളം പേർക്ക് കുളിക്കാൻ ഈ കുളം ഉപയോഗപ്രദമാകും മാത്രമല്ല നെൽകൃഷിക്കും തോട്ടവിളകൾക്കും വലിയതോതിൽ സഹായകമാകുകയും ചെയ്യും. വേനൽകാലത്ത് വർദ്ധിച്ചതോതിൽ പരിസരപ്രദേശങ്ങളിൽ പച്ചക്കറികൾ കൃഷിചെയ്യാൻ ഈ കുളത്തിലെ ജലം ഉപയോഗിക്കാം.

7. മൂന്നാം വാർഡിൽ സ്ഥിതിച്ചെയ്യുന്ന മണ്ണിയിൽചിറ, ചിറപ്പറമ്പ്ചിറ എന്നിവ സമഗ്രമായ വികസനം കാംക്ഷിക്കുന്നവയാണ്. രണ്ടു തോടുകളുടെ സംഗമസ്ഥാനത്താണ് മണ്ണിയിൽചിറ നിലകൊള്ളുന്നതെന്ന് ഇതിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. ഇവിടെ കുറച്ചു സ്ഥലം കൂടി മണ്ണുമാറ്റി ജലസംഭരണിയുടെ ശേഷി വർദ്ധിപ്പിക്കുകയും ഇവിടേക്ക് വരുന്ന തോടുകൾ പിന്നിലേക്ക് കുറേദൂരം വീതിക്കൂട്ടി ചുറ്റും കെട്ടുകയും ഉയർത്തുകയും സംഭരണിക്ക് ഷട്ടർ സംവിധാനം ഏർപ്പെടുത്തുകയും വേണം. ചിറപ്പറമ്പ് ചിറയും ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തി കുറ്റമറ്റതാക്കണം.

8. പാറന്നൂർ ബസ്സ്റ്റോപ്പിനടുത്ത് സ്ഥിതിച്ചെയ്യുന്ന കുളം വിസ്തൃതി കൂട്ടി കെട്ടിസംരക്ഷിക്കണം. കുറേകൂടി ഭാഗം മണ്ണിവീണു നികന്നുകഴിഞ്ഞിട്ടുള്ളതിനാൽ മണ്ണുമാറ്റാൻ ഏർപ്പാടുണ്ടാക്കണം. ഏകദേശം ഇരുന്നൂറ് ഏക്കർ നെൽകൃഷിക്ക് ഉപകരിക്കുന്നതാണ് ഈ കുളം.

9. കണിപാലവും തൊട്ടടുത്ത് കിടക്കുന്ന പുഞ്ചാക്കുപാലവും പൊളിച്ച് പണിത് ചീപ്പുകൾ നവീകരിക്കണം - കണിപാലം വീതികൂട്ടുകയും ഇവിടെനിന്നും പാറന്നൂരിലേക്കും തൂവാനൂരിലേക്കും ബന്ധിപ്പിക്കാവുന്ന വിധത്തിൽ ഫാംറോഡ് നിർമ്മിക്കുകയും വേണം.

10. വെട്ടുകാട് ചോട്ടിലപ്പാറ റോഡിന്റെ തെക്കുഭാഗത്തായി ഇന്ന് നിലനില്ക്കുന്ന ചിറ സമ്പുഷ്ടമല്ല. അതിനാൽ റോഡിന്റെ പടിഞ്ഞാറ് ഭാഗത്തായി ഒരു പുതിയ താങ്ചിറ (Supporting) ഉണ്ടാക്കണം. ഇതുമൂലം ഒരു ഭാഗത്ത് നേരത്തെ നടന്നുവന്നിരുന്ന മുപ്പുകൃഷി പുനരാരംഭിക്കാൻ കഴിയും. കൂടാതെ വെള്ളം തങ്ങിനിൽക്കുന്നത് മറ്റു കൃഷികൾക്കും കുടിവെള്ളക്ഷാമം കുറക്കുന്നതിനും സഹായകമാകും.

11. ചൂണ്ടൽ ആസ്പത്രിയുടെ പിൻവശത്തായി ചൂണ്ടൽമഠം ചിറ എന്നറിയപ്പെടുന്ന ഏകദേശം രണ്ട് ഏക്കർ സ്ഥലത്ത് വ്യാപിച്ചു കിടക്കുന്ന ജലാശയം അറ്റകുറ്റപ്പണികൾ നടത്തി നവീകരിച്ചാൽ ഈ പ്രദേശത്തിന്റെ ജലക്ഷാമത്തിന് അറുതി വരുത്താൻ കഴിയും.

12. പാറന്നൂർ ചിറ മുതൽ ചിറപ്പറമ്പു വടക്കു ഭാഗത്തുവരെ വന്നുനില്ക്കുന്ന കൈതോട് വീതി കൂട്ടുകയും ചിറപ്പറമ്പ് പടിഞ്ഞാറ് ഭാഗത്തുള്ള തോടുമായി ബന്ധപ്പെടുത്തുകയും വേണം. ട്രാക്ടർ ഇറക്കുന്നതിനും കറ്റ കൊണ്ടുപോകുന്നതിനും സൗകര്യപ്രദമായ വിധത്തിൽ സംവിധാനം ചെയ്യണം.

13. ചൂണ്ടൽ പഞ്ചായത്തിലെ പ്രധാന ജലസംഭരണിയാണ് പാറന്നൂർ ചിറ. ചൂണ്ടൽ പഞ്ചായത്തിൽ മാത്രമല്ല, തൊട്ടടുത്ത പഞ്ചായത്തുകളായ കടങ്ങോട്, ചൊവ്വന്നൂർ, വേലൂർ എന്നിവർക്കും കൂടി ഇതിന്റെ പ്രയോജനം ലഭിക്കും. എന്നാൽ കാലപ്പഴക്കംമൂലം ചിറയുടെ സംഭരണശേഷി അപകടത്തിലായിട്ടുണ്ട്. അതിനാൽ അത്യാധുനിക സൗകര്യങ്ങളോടെ വളരെയേറേ സാങ്കേതിക മികവോടെ, ഇതിന്റെ പുനർനിർമ്മാണം നടത്തണം. ഈ പഞ്ചായത്തിലെ മൊത്തം കാർഷികാവശ്യങ്ങൾക്കും ഉപയോഗപ്പെടുത്താൻ ഈ ചിറയുടെ വിപുലീകരണം വഴി സാധിക്കും. ഈ ചിറയുടെ നീളം ആദൂര് ചിറവരെ വ്യാപിച്ച് കിടക്കുകയാണ്. മണ്ണെടുത്ത് ഇഷ്ടിക നിർമ്മാണം നടത്തുകവഴി ജലസംഭരണി പ്രദേശങ്ങളായ ഭാഗങ്ങളിൽ വിള്ളൽ സംഭവിച്ചിരിക്കുന്നു. ഏതു സമയത്തും അപകടം സംഭവിക്കാവുന്നതാണ്. ഇതിന് ശാശ്വതമായ പരിഹാരമാർഗ്ഗങ്ങൾ അടിയന്തിരമായി ചെയ്യേണ്ടതാണ്. പാറന്നൂർ ചിറയുടെ വടക്കുള്ള വലിയതോടിന്റെ പടിഞ്ഞാറു ഭാഗത്തേക്ക് പോകുന്നതിനുള്ള പാലം വീതിയില്ലാത്തതിനാൽ അത് വീതികൂട്ടി വാഹന ഗതാഗത സൗകര്യങ്ങൾക്കുകൂടി ഫലപ്രദമായ രീതിയിൽ വികസിപ്പിച്ചെടുത്താലെ വിശാലമായി കിടക്കുന്ന പാടത്ത് കൃഷിയിറക്കാനും കറ്റ മുതലായവ കൊണ്ടുപോകാനും കഴിയുകയുള്ളൂ.

ചിറയുടെ ഷട്ടർ സംവിധാനങ്ങൾ തീരെ പര്യാപ്തമല്ല. ഒരു ഭാഗത്ത് ഷട്ടറും ഒരു ഭാഗത്ത് പലകകളുമാണ്. ഇതിനു പകരം രണ്ടും ഹൈഡ്രോളിക് സംവിധാനമുപയോഗിച്ച് നിയന്ത്രിക്കാവുന്ന ഷട്ടർ ഏർപ്പെടുത്തണം. വലിയ ചിറയുടെ താഴെ സൗകര്യപ്രദമായ സ്ഥലത്ത് ഒരു ചെക്ക്ഡാം നിർമ്മിച്ച് വെള്ളം തടഞ്ഞു നിർത്താനുള്ള സംവിധാനം ഏർപ്പെടുത്തണം. ജലസംഭരണിയിലെ ചോർച്ച തടയാൻകൂടി ഇത് സഹായകമാകും. ഈ വർഷംതന്നെ മണൽ ചാക്കുകളിട്ട് ചെക്ക്ഡാം നിർമ്മിക്കുന്ന പക്ഷം ഒഴുകിപ്പോകുന്ന ജലത്തെ തടയാനും കഴിയും. ഈ കാര്യത്തിൽ പഞ്ചായത്ത് സമിതി മുൻകൈയ്യെടുത്ത് സാങ്കേതിക ഉദ്യോഗസ്ഥന്മാരുമായി സ്ഥലം സന്ദർശിച്ച് നടപടികൾ കൈകൊള്ളണം. ചിറയുടെ സബ്ബ് കനാലുകൾ കൂടുതൽ നന്നാക്കി ജലസേചനശേഷി വർദ്ധിപ്പിക്കണം ആവശ്യമായ സ്ഥലങ്ങളിൽ വാട്ടർലെവൽ സംവിധാനം ഏർപ്പെടുത്താം.

14. കേച്ചേരി ആറാം വാർഡിൽ സ്ഥിതിചെയ്യുന്ന ഒന്നാണ് പെരുംചിറ. കേച്ചേരിപ്പുഴയുടെ ഒരുഭാഗം തന്നെയാണ് ഷട്ടറുകൾ കേടുവന്ന് ജലസംഭരണശേഷി നഷ്ടപ്പെട്ട നിലയിലാണ്. ചിറ കൂടുതൽ സുരക്ഷിതമാക്കുകയും ഹൈഡ്രോളിക് സംവിധാനത്തോടുകൂടി ഷട്ടറുകൾ പുതുക്കിപ്പണിയുകയും ചെയ്യുക. പെരുംചിറ മുതൽ കേച്ചേരിപ്പാലം വരെ പുഴയുടെ ഇരുഭാഗത്തും വീതികൂട്ടി കെട്ടി

സംരക്ഷിക്കേണ്ടതുമാണ്. ഈ മേഖലകളിൽ ധാരാളമായി പുഞ്ചകൃഷി നടത്തിവന്നിരുന്നതാണ്. ജലക്ഷാമം കൊണ്ടാണ് അത് ഇല്ലാതായത്. ചിറയുടെ നവീകരണം നടന്നാൽ നിന്നുപോയ പുഞ്ചകൃഷി വീണ്ടും ആരംഭിക്കാൻ കഴിയും. മണ്ണെടുത്ത് ഇഷ്ടികനിർമ്മാണം നടത്തുന്നുത്. ചിറകൾക്ക് വലിയ ഭീഷണിയാണ് അത് തടയാൻ ഏർപ്പാട് ചെയ്യണം.

15. പറപ്പൂർകായൽ കൃഷി സംരക്ഷണത്തിന് പറപ്പൂർ റോഡ് മണ്ണിട്ടുനികത്തി കായലിൽനിന്നും പുഴലിലേക്കുപോകുന്ന ചാലിൽ റോഡരുകിലായി സ്ഥിതിച്ചെയ്യുന്ന ചീപ്പ് പുതുക്കിപ്പണി.യുക. ഈ കായൽ നെൽകൃഷിയേക്കാൾ ആദായകമായി മത്സ്യബന്ധനം നടത്തുന്നതിന് ഉപയോഗപ്രദമാകുമോ എന്നുകൂടി പരീക്ഷിക്കാവുന്നതാണ്.

16. ഇപ്പോൾ ഉപയോഗശൂന്യമായിക്കിടക്കുന്ന ചേന്നംകുളം കാർഷികാവശ്യങ്ങൾക്ക് ഉപയുക്തമായ രീതിയിൽ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗപ്രദമാക്കുക.

17. ഏഴാം വാർഡിൽ അവസാനിക്കുന്ന കുട്ടൻതോടും, എരനെല്ലൂർ തോടും നീട്ടി പുഴയിലേക്ക് ചാടിച്ചാൽ ഒരുപ്പൂവായി കിടക്കുന്ന ഏകദേശം അഞ്ഞൂറ് ഏക്ര നെകൃഷി ഇരുപ്പൂവാക്കാൻ കഴിയും. കുണ്ടുപാടം എന്നറിയപ്പെ പാടശേഖത്തിനാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. പെരുമലയിൽ നിന്നും കുത്തിയൊലിച്ച് വരുന്ന ചാലുകൾ ചേർന്ന് കിഴക്കുഭാഗത്തുകൂടി കുട്ടൻതോട് എന്ന പേരിലും പടിഞ്ഞാറുഭാഗത്തുകൂടി എരനെല്ലൂർ തോട് എന്ന പേരിലും ഈ കുണ്ടുപാടത്ത് വന്നു ചേരുന്നു. എരനെല്ലൂർ തോട്ടിൽ ഇപ്പോൾ വെള്ളം വരാതെയായി. മലയിൽ കുടിയേറിപ്പാർത്തവർ തുണ്ടുഭൂമികളാക്കി നിരപ്പാക്കിയതാണ് കാരണം. അതുകൊണ്ട് ഈ തോടിന്റെ ഇരുഭാഗത്തുമുള്ള കൃഷിയിടങ്ങലിലേക്ക് ആവശ്യത്തിന് വെള്ളം ഒലിച്ച് വരുന്നുണ്ട്. ആ വെള്ളം കുണ്ടുപ്പാടത്ത് വന്ന് ആവശ്യമില്ലാതെ പാഴായിപ്പോകുകയും ആവശ്യത്തിൽ കൂടുതൽ വെള്ളം പലപ്പോഴും കൃഷി നശിപ്പിക്കുകയും ചെയ്യുന്നു. ഈ തോട് ഏകദേശം 150 മീറ്റർ ദീർഘിപ്പിച്ച് എരനെല്ലൂർ തോടുമായി കൂട്ടിയിണക്കിയാൽ മൊത്തം പ്രശ്നങ്ങൾക്ക് പരിഹാരമാകും. ഈ രണ്ടു തോടുകളും വളരെയേറെ വീതിയുള്ളവയാണ്. അതിന്റെ ഒരു കേരഫാം റോഡാക്കി ഉപയോഗപ്പെടുത്തുവാൻ കഴിയും. മറുഭാഗം കെട്ടി ഉയർത്തി ഇടക്കിടെ ചീപ്പ് നിർമ്മിക്കണം. ഇതിനു പുറമെ കുട്ടൻതോടിലേക്ക് വാഴ കടത്തിവിടാനുള്ള സൗകര്യങ്ങൾ കൂടി ഏർപ്പെടുത്തിയാൽ ആ പ്രദേശത്തെ കാർഷികാവശ്യങ്ങൾക്ക് വളരെയേറെ സഹായകമാകും.

18. മുരിയംകുളം, തച്ചാട്ടുകുളം എന്നീ വലിയ കുളങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി ജലസംഭരണശേഷി കൂടി പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ pumb set വഴി ഇതിലെ വെള്ളവും കൃഷിക്ക് ഉപയുക്തമാക്കാം.

19. 8 -ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ശങ്കരംകുളത്തിന്ന് ഒരു ഏക്രയിൽ കൂടുതൽ വിസ്തീർണ്ണമുണ്ട്. കാലാകാലങ്ങളായുള്ള അശ്രദ്ധ മൂലം ഇതും ഏതാണ്ട് ഉപയോഗശൂന്യമായ അവസ്ഥയിലാണ്. ഇത് അററകുററപ്പണികൾ നടത്തുകയും കുറെ കൂടി താഴ്ത്തി ജലസംഭരണിയായി മാററാവുന്നതുമാണ്. വാഴാനി ഇറിഗേഷൻ കനാലിൽ നിന്നും ഈ കുളത്തിലേക്ക് വെള്ളം കയററാൻ സൈകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്. അങ്ങിനെ ചെയ്താൽ സമീപപ്രദേശങ്ങളിലെ കൃഷിക്ക് ഉപയുക്തമാക്കാൻ കഴിയും. വെള്ളം വമ്പ് ചെയ്യാനുള്ള സൈകര്യങ്ങൾ കൂടി ഏർപ്പെടുത്തണം. ഏനാട്ടുകുളവും കുളത്തിൽ നിന്നും വെള്ളം കൊണ്ടുപോകുന്ന തോടും താഴ്ത്തി വീതി കൂട്ടി കൂടുതൽ സൈകര്യപ്രദമാക്കണം. ട്രാക്ടർ ഇറക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തണം.

20. ശങ്കരൻകുളത്തിൽ നിന്നും തെക്കുഭാഗത്തേക്ക് വെള്ളം കൊണ്ടുപോകുന്നതിന് ലിഫ്ററ് ഇറിഗേഷൻ സൈകര്യം ഏർപ്പെടുത്തണം. വലിയകുളം വിസ്തൃതിവരുത്തി താഴ്ത്തി കൃഷിക്ക് അനുകൂലമായ രീതിയിൽ വികസിപ്പിക്കണം. മെയിൻ റോഡിൽനിന്നും 200 മീറ്റർ നീളത്തിൽ കുളത്തിലേക്ക് ഫാം റോഡ് വേണം.

21. തങ്കാശ്ശേരി കുളത്തിൽ നിന്നും ഉദ്ദേശം 500 മീററർ നീളത്തിലും 4 മീററർ വീതിയിലുമുള്ള അണ്ടാർ തോട് വീതി കൂട്ടി താഴ്ത്തി ചീപ്പിടുക. കണ്ണേപ്പാടം ചിറത്തോടും മാടത്തോടും വീതികൂട്ടുകയും താഴ്ത്തുകയും ചൂപ്പ് സൈകര്യം ഉണ്ടാക്കുകയും ചെയ്യുക.

22. തങ്ങലിശ്ശേരി കുളം, പോത്തുകുളം, കാട്ടുകുളം എന്നിവ വിസ്തൃതി വരുത്തി താഴ്ത്തി മത്സ്യബന്ധനത്തിന്നും കാർഷികാവശ്യങ്ങൾക്കും ഉപയോഗിക്കാം.

23. പട്ടിക്കരക്കായലിൽ നിലവിലുളള ഷട്ടറുകൾ മാററി പുതുക്കിപ്പണിയുക. കായലിലെ തോടുകൾ കല്ലുകൊണ്ട് കെട്ടി ബലപ്പെടുത്തുക. പട്ടക്കരക്കായൽ 3 പടവുകളായി തിരിച്ച് ഓരോന്നിലും ഓരോ കുഴൽ കിണറുകൾ വീതം കുഴിച്ച് പമ്പിങ്ങ് ഏർപ്പെടുത്തി കൃഷിസംരക്ഷിക്കുക. മണലിഭാഗത്തുള്ള കരപ്രദേശങ്ങളിൽ നിന്നും വരുന്ന ഉറവ വെള്ളം നിയന്ത്രിക്കുന്നതിന് സ്ഥിരമായ ചാൽ നിർമ്മിക്കുക. നിലവിലുളള തോട്ടിൽ നിന്ന് വെള്ളം കൊണ്ടുപോകാൻ ചാൽ നിർമ്മിക്കുക. പണികഴിപ്പിച്ചിട്ടുളള Pumbing Station ശരിയാക്കി കൃഷിക്ക് ആവശ്യം കഴിച്ചുളള വെള്ളം പുഴയിലേക്ക് അടിച്ച് കളയുക. ഗ്രൂപ്പ് ഫാം സംവിധാനം ഏർപ്പെടുത്തുക.

24. ചിറനെല്ലൂർ പമ്പിങ്ങ് സ്റ്റേഷനിൽ നിന്നും ഏകദേശം 200 മീററർ നീളം തെക്കുഭാഗത്തുള്ള ഉയർന്ന പ്രദേശത്തെ ലക്ഷ്യമാക്കി കോൺക്രീററ് ചാൽ നിർമ്മിക്കുക. പുഴയുടെ തീരപ്രദേശത്തുകൂടിയുളള നിലവിലുളള വെളളച്ചാൽ ഉയർത്തി വലുതാക്കുക. പുഴയിൽ നിന്നും വെള്ളം പമ്പ് ചെയ്യുന്ന സ്ഥലത്ത് മണ്ണിടിഞ്ഞുവീഴുന്നത് തടയാൻ ചുരുങ്ങിയത് പുഴയുടെ അടിത്തട്ടിൽ നിന്നും 15 അടിയോളം ആഴത്തിൽ വെള്ളം സുലഭമായിക്കിട്ടുന്ന വിധം റിങ്ങ് ഇട്ട് ബലപ്പെടുത്തുക. പുലച്ചിപ്പാടത്തിന്നും പടിഞ്ഞാറുഭാഗം പുഴയിൽ ഒരു ചെക്ക് ഡാം പണികഴിപ്പിക്കുക.

25. പുലച്ചിക്കാട്ടുപാടത്തേക്ക് ആയമുക്ക് പളളിയുടെ ഭാഗത്തുകൂടി പോകുന്ന റോഡ് പാടത്തുളള പമ്പിങ്ങ് സ്റ്റേഷൻ വരെ നീട്ടി അഴിടെ കന്നുകാലികളെ കഴുകാൻ സൗകര്യപ്രദമാക്കണം.

26. പച്ചക്കറി സഹകരണ സംഘം രൂപീകരിച്ച് പച്ചകറികൃഷി വിപുലമാക്കുമാവാനും, വിപണനം നടത്തുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തുക.

27. പട്ടിക്കര കായലിൽ ചിറനെല്ലൂർ മണലി റോഡിൽനിന്നും തെക്കോട്ടു പോകുന്ന തോടിന്റെ ഇരുവശവും കരിങ്കൽ ഭിത്തി കെട്ടുകയും വളവിൽ ചീപ്പുനിർമ്മാണം നടത്തുകയും വേണം.

28. പാറന്നൂർ ചിറക്കു മുകളിൽ രണ്ടു ചെക്കുഡാം നിർമ്മിക്കുക. ചിറയുടെ മുകളിൽ കൂടി പോകുന്ന റോഡ് നന്നാക്കി ടാർ ചെയ്യുക.

29. പട്ടിക്കര കായൽതോടും പുഴയും ബന്ധിക്കുന്ന സ്ഥലത്ത് ഒരു മോട്ടോർ സ്ഥാപിക്കുകയും, ചീപ്പ് ബലപ്പെടുത്തി മണൽചാക്കുകൾ ഉപയോഗിച്ച് കെട്ടിവെള്ളം സംഭരിച്ച് കൃഷിക്ക് ഉപയുക്തമാക്കുക.

30. കക്കടയിൽ തെക്കോട്ട് ഒരു പാലം നിർമ്മിച്ചാൽ കൃഷിയിറക്കുന്നതിന് കൂടുതൽ പ്രയോജനപ്രദമാകും.

31. ഇയ്യാൽ ചിറയുടെ ഷട്ടറുകൾ നന്നാക്കി ഉപയോഗപ്രദമാക്കണം. പുളിയൻ പുഴതോട്ടിൽ വാട്ടർ ലെവൽ കെട്ടുക.

32. പട്ടിക്കര കായലിന്റെ വടക്കേ അററത്തുള്ള പുതുക്കുളം താഴ്ത്തി ഒരു ഉൾക്കുളം നിർമ്മിക്കുകയും, മോട്ടോർ സ്ഥാപിച്ച് വെള്ളം പമ്പുചെയ്യാൻ സംവിധാനം ഏർപ്പെടുത്തുകയും വേണം. അതുപോലെ പോത്തുക്കുളം വിസ്തൃതി വരുത്തി താഴ്ത്തി ചുററും മതിൽ കെട്ടി ജലസേചനസൗകര്യം വർദ്ധിപ്പിക്കണം. പമ്പിങ്ങ് സംവിധാനം ഏർപ്പെടുത്തുകയും വേണം.

33. പെരുമൺ ചിറയുടെ പ്രധാന കൈവഴിയായ പെരുങ്ങണിതോടിന്റെ പടിഞ്ഞാറെ കൈവഴിയിൽ അടിയന്തിരമായി ചീപ്പ് നിർമ്മിക്കണം.

34. അഞ്ച്, ആറ് വാർഡുകളിലെ ചേലക്കുളം, പാലപ്പെട്ടികുളം എന്നിവ ആഴം വർദ്ധിപ്പിച്ച് കെട്ടി ജലസംഭരണശേഷി വർദ്ധിപ്പിക്കണം.

35. ചൂണ്ടൽ പാടത്തിന്റെ കിഴക്കുഭാഗത്തുകൂടി പാറന്നൂർ ചിറയിൽ നിന്നും വരുന്ന കൈതോട് ചോട്ടിലപ്പാറ വലിയ തോടുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഇത് വീതി കൂട്ടണം. തുവ്വാന്നൂർ പാടത്തു നിന്നും കാട്ടുപാടത്തേക്ക് ട്രാക്ടർ കൊണ്ടുപോകുന്നതിന് തുവ്വാനൂർ പാടത്ത് ചെറുതോടിൽ പാലം പണിയണം

ചൂണ്ടൽ പഞ്ചായത്തിനെ ബാധിക്കുന്ന പ്രശ്നങ്ങളും അവയ്ക്കുള്ള ഏതാനും പരിഹാരമാർഗ്ഗങ്ങളുമാണ് മുകളിൽ നിർദ്ദേശിക്കപ്പെട്ടത്. ഇതിനുപുറമെ കാർഷികമേഖലയെ പൊതുവെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഏതാനും നിർദ്ദേശങ്ങൾകൂടി സമർപ്പിക്കുകയാണ്.

1. എല്ലാ നെൽകൃഷി മേഖലകളും പാടശേഖരകമ്മറ്റികളുടെ പരിധിയിൽ കൊണ്ടുവന്ന് ഏകീകൃത കൃഷിസമ്പ്രദായം നടപ്പാക്കണം.
2. എല്ലാ പാടശേഖര കമ്മറ്റികൾക്കും കാർഷികാവശ്യത്തിനുള്ള പവർട്രില്ലർ, ട്രാക്ടർ,. നടീൽയന്ത്രം, കൊയ്ത്തുയന്ത്രം, മെതിയന്ത്രം, സ്പ്രെയർ, റോക്കർ തുടങ്ങിയ ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുക.
3. വളം കീടനാശിനികൾ എന്നിവയ്ക്ക് ഭാരിച്ച വിലവർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. കൃഷിയിറക്കാൻ വേണ്ടിവരുന്ന ഭാരിച്ച ചിലവ് ഈ രംഗത്തുനിന്നും പിന്തിരിയാൻ പ്രേരിപ്പിക്കുന്നു. കുറഞ്ഞ വിലയ്ക്ക് ഇവ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ കൈകൊള്ളണം.
4. എല്ലാതരം കാർഷികാവശ്യങ്ങൾക്കുമുള്ള വൈദ്യുതി സൗജന്യമാക്കുക. അനർട്ടിന്റെ പ്രവർത്തനം ഈ പഞ്ചായത്തിലേക്കുകൂടി വ്യാപിപ്പിക്കുക.
5. എല്ലാ കാർഷിക വിളകൾക്കും ഗ്രൂപ്പ് ഇൻഷുറൻസ് ഏർപ്പെടുത്തുക.
6. കാർഷിക വായ്പകളുടെ പലിശയ്ക്ക് സബ്സിഡി അനുവദിക്കുകയും ഈ ഇളവ് വായ്പ തിരിച്ചടക്കുന്നതിനോടൊപ്പം തന്നെ ലഭ്യമാകാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുകയും വേണം.
7. ജൈവവളങ്ങളുടെ വിലയും സമാതീതമായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ അതിനും സബ്സിഡി ഏർപ്പെടുത്തണം.
8. പ്രായമായ തെങ്ങുകൾ മുറിച്ച് വീണ്ടും പുതിയവ വെച്ചു പിടിപ്പിക്കാൻ ഗ്രാന്റ് അനുവദിക്കുക.
9. കേരവികസന സമിതികളുടെ പ്രവത്തനങ്ങൾക്ക് സഹായം ലഭ്യമാക്കുക. കൊപ്ര സംഭരണ ഏജൻസികളായി ഈ സമിതികളെ തിരഞ്ഞെടുക്കുകയും സാമ്പത്തിക സഹായം ലഭ്യമാക്കുകയും വേണം.
10. സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ അടയ്ക്കാ വിപണനകേന്ദ്രങ്ങൾ ആരംഭിക്കണം.
11. മേൽത്തരം കന്നുകാലികളെ കർഷകർക്ക് ലഭിക്കുന്നതിനും അതിനുള്ള വായ്പകൾ ഉദാരവത്ക്കരിക്കുന്നതിനും നടപടികൾ കൈകൊള്ളുക.
12. കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും, ഉള്ളവ പുതുക്കി പണിയുന്നതിനും സബ്സിഡി അടിസ്ഥാനത്തിൽ വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
13. കൂൺപോലെ പൊന്തിവരുന്ന ഇഷ്ടികകളങ്ങൾ നെൽകൃഷിക്ക് വലിയ ഭീഷണിയാണ് ഉയർത്തുന്നത്. സംതുലിതാവസ്ഥ നഷ്ടപ്പെടുത്തുകയും, പരിസരമലിനീകരണത്തിനും ജലസേചനസൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും ഇത് വൻഭീഷണിയാണ്. നെൽകൃഷി ചെയ്യുന്ന പ്രദേശങ്ങൾ ഇഷ്ടിക നിർമ്മാണത്തിനും മറ്റു വ്യാപാരാവശ്യങ്ങൾക്കും ഉപയോഗിക്കുന്നത് കർശനമായി തടയുക തന്നെ വേണം.
14. കാർഷികാവശ്യത്തിന് മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ കൂടുതൽ ഉദാരമാക്കുകയും അളവ് കൂട്ടികൊടുക്കുകയും വേണം.
15. ജൈവവള ലഭ്യത വർദ്ധിപ്പിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.
16. തലക്കോട്ടുക്കര പഴഞ്ഞിപാടം പ്രദേശത്ത് ഏകദേശം പത്തേക്കർ നെൽകൃഷി ചെയ്യുന്നവർക്ക് യാതൊരു വക ജലസേചനസൗകര്യങ്ങളും ഇല്ല. ഇതുമൂലം ഇവിടെ കൃഷിയിറക്കാൻ പറ്റാത്ത അവസ്ഥയാണ്. ഈ പ്രദേശത്ത് ഒരു കുളം നിർമ്മിച്ചാൽ ഈ സ്ഥിതി കുറെയൊക്കെ പരിഹരിക്കാൻ കഴിയും. ഇതിനുവേണ്ട സ്ഥലം സൗജന്യമായി നൽകാൻ തദ്ദേശവാസികൾ തയ്യാറാകണം. അതുകൊണ്ട് ഒരു പുതിയ കുളം നിർമ്മിക്കുന്നതിനുള്ള സത്വരനടപടികൾ കൈകൊള്ളണം.

●●●

# 2- മൃഗസംരക്ഷണം മത്സ്യബന്ധനം

## • മൃഗ സംരക്ഷണം

കാർഷിക മേഖലക്ക് മുൻതൂക്കമുള്ള ഒരു പ്രദേശമായതിനാൽ മൃഗ സംരക്ഷണത്തിനും കൂടുതൽ പ്രാധാന്യം നല്കേണ്ടിയിരിക്കുന്നു. മൃഗ സംരക്ഷണ സാദ്ധ്യതകൾ വളരെ കൂടുതലായുള്ള പ്രദേശമാണ് ചൂണ്ടൽ പഞ്ചായത്ത്. ഭാരതത്തിന്റെ ആഭ്യന്തര ഉല്പാദനത്തിന്റെ ഏതാണ്ട് 10% വും സംഭാവന ചെയ്യുന്നതും മൃഗസംരക്ഷണ മേഖലയാണെന്നിരിക്കെ ചുരുങ്ങിയ കാലംകൊണ്ട് കൂടുതൽ ആദായം ഉണ്ടാകുന്ന തരത്തിലുള്ള പരിപാടികൾക്ക് മുൻതൂക്കം നല്കേണ്ടതായിട്ടിണ്ട്. കന്നുകാലി സമ്പത്തിന്റെ മഹാഭൂരിഭാഗവും ഗ്രാമീണ മേഖലകളിലാണ്. കൂടുതൽ തൊഴിലവസരങ്ങൾ, പോഷക പ്രധാനങ്ങളായ പാൽ, മുട്ട, മാംസം, എന്നിവയുടെ ഉല്പാദനം, ഔഷധ നിർമ്മാണം, ജൈവവളങ്ങൾ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ എന്നിവയൊക്കെ ഈ മേഖലയുടെ സംഭാവനകളാണ്. വളർത്തുമൃഗങ്ങളുടെയും വളർത്തുപക്ഷികളുടേയും സംരക്ഷണം കർഷകരേയും കർഷ തൊഴിലാളികളേയു് കൂടുതലായി ആശ്രയിച്ചാണ് നിലനിൽക്കുന്നത്.

പാരമ്പര്യ വൈദ്യ ചികത്സയാണ് ഈ രംഗത്ത് പണ്ടുകാലത്ത് നിലനിന്നിരുന്നത്. ആയുർവ്വേദ ഔഷധങ്ങൾക്കും പച്ച മരുന്നുകൾക്കും പ്രാധാന്യം കൊടുത്തു കൊണ്ടുള്ള ചികത്സാ സമ്പ്രദായങ്ങൾ നില നിന്നിരുന്നു. ശാസ്ത്രത്തിന്റെ വളർച്ചക്കനുസരിച്ചുള്ള മാറ്റങ്ങൾ പിന്നീട് ഈ രംഗത്തും വമ്പിച്ച പരിവർത്തനങ്ങൾ വരുത്തി. അത്യുല്പാദന ശേഷിയുള്ള സങ്കര വർഗ്ഗങ്ങളുടെ ആവീർഭാവവും നവീന രീതിയിലുള്ള ചികിത്സാരീതികളും ഈ മേഖലയെ കൂടുതൽ സമ്പുഷ്ടമാക്കാൻ ഉപകരിക്കുന്നവയായിരുന്നു.

ആധുനിക ചികിത്സാരീതികളും ഔഷധങ്ങളുമൊക്കെ സാർവത്രികമായ്ങ്കിലും ചൂണ്ടൽ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സ്ഥിതി ഗതികൾ അത്രക്കൊന്നും ആശ്വാസകരമല്ല എന്നത്. ഖേദകരമാണ്. മൃഗസംരക്ഷണത്തിനുള്ള മുഖ്യ ഉപാധിയായി പ്രവർത്തിക്കാൻ ഈ പഞ്ചായത്തിൽ കേച്ചേരി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു മൃഗ ആശുപത്രിമാത്രമാണുള്ളത്. വിസ്തൃതിയിലും ജനസ്ഖ്യയിലും പ്രത്യേകിച്ചും വലുതായ ചൂണ്ടൽ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇന്നത്തെ സംവിധാനം ഒട്ടും പര്യാപ്തമല്ല. മൃഗ സംരക്ഷണവുമായി ബന്ധപ്പെട്ട് വിദഗ്ധ ചികിത്സ ലഭ്യമാക്കാതെ വളർത്തു മൃഗങ്ങളും പക്ഷികളും ചത്തുപോകുന്ന അവസ്ഥ നിത്യസംഭവങ്ങളായി മാറിയിരിക്കുന്നു. ജന സമ്പർക്ക പാരിപാടികളുടെ അഭാവവും ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ കുറവും ഈ രംഗത്ത് ശോഷിപ്പിക്കുകയാണ്. നിലവിലുള്ള ആശുപത്രിയുടെ പ്രവർത്തനങ്ങളാണെങ്കിൽ വളരെയൊന്നും ആശ്വാസകരമല്ല എന്ന് പറയേണ്ടിയിരിക്കുന്നു. ഭൗതീക സാഹചര്യങ്ങൾ ഒരുക്കുന്നതിലുള്ള അപര്യാപ്തതാ തന്നെയാണ് ഇതിന് ഒരു പരിധി വരെ കാരണം.

### പട്ടിക 1 വളർത്തു മൃഗ സംഖ്യ

| വാർഡ് | കാള | പശു | | എരുമ | | പോത്ത് | ആട് | ആന |
|---|---|---|---|---|---|---|---|---|
| | | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | |
| 1 | 6 | 250 | 125 | 1 | 2 | 12 | 175 | 7 |
| 2 | 4 | 230 | 140 | 1 | - | 6 | 150 | 1 |
| 3 | 6 | 210 | 200 | 1 | 1 | 2 | 180 | - |
| 4 | 10 | 240 | 280 | - | 1 | 9 | 150 | - |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | 2 | 170 | 150 | 1 | 1 | 2 | 150 | - |
| 6 | 2 | 230 | 130 | 2 | 1 | 4 | 200 | - |
| 7 | 30 | 240 | 175 | - | - | 2 | 175 | - |
| 8 | 20 | 150 | 90 | 1 | 1 | 2 | 150 | - |
| 9 | 16 | 175 | 125 | 1 | 1 | 2 | 200 | - |
| 10 | 10 | 180 | 230 | 4 | 4 | 4 | 175 | - |
| 11 | 6 | 145 | 90 | 1 | 1 | 2 | 150 | - |

## പട്ടിക 2 വളർത്ത് പക്ഷി സംഖ്യ

| വാർഡ് | പൂവ്വൻ കോഴി | പിട കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ടയിടുന്നത് | മുട്ടയിടാത്തത് | ആൺ | പെൺ | |
| 1 | 185 | 312 | 114 | 5 | 16 | 7 |
| 2 | 190 | 368 | 160 | 7 | 20 | 4 |
| 3 | 500 | 1500 | 1000 | - | - | 15 |
| 4 | 250 | 600 | 350 | - | 4 | 18 |
| 5 | 350 | 760 | 340 | - | 5 | 14 |
| 6 | 300 | 790 | 285 | - | - | - |
| 7 | 424 | 850 | 460 | 5 | 7 | 15 |
| 8 | 366 | 1365 | 395 | 10 | 15 | 22 |
| 9 | 375 | 865 | 328 | 5 | 9 | - |
| 10 | 268 | 745 | 350 | 5 | 10 | - |
| 11 | 345 | 1375 | 460 | 7 | 12 | 8 |

## പട്ടിക 3 രോഗവിവരങ്ങൾ

### വാർഷിക കണക്ക്

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | ആന |
|---|---|---|---|---|---|---|---|
| 1 | ദഹന സംബന്ധം | 600 | 5 | 110 | 5 | 4 | 1 |
| 2 | ശ്വാസകോശം | 20 | 1 | 200 | - | - | - |
| 3. | ഉപാപചയസംബന്ധം | 400 | 2 | 300 | - | - | - |
| 4. | ത്വക്രോഗം | 125 | 1 | 180 | - | - | - |
| 5. | ധാതു ലവണങ്ങളുടെ അഭാവം | 300 | 5 | 200 | 6 | - | - |
| 6. | പരാദരോഗങ്ങൾ | 75 | - | 100 | - | - | - |
| 7. | പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ട | 180 | 5 | 15 | - | - | - |
| 8. | വന്ധ്യത | 75 | 10 | 10 | - | - | - |
| 9. | അകിടുവീക്കം | 60 | 1 | 46 | - | - | - |
| 10. | മുടന്തൻ പനി | 80 | - | - | - | - | - |

## പട്ടിക 4

## ക്രിത്രിമ ബീജ സങ്കലന വിവരങ്ങൾ

| വളർത്തുമൃഗയിനം | ക്രിത്രിമ ബീജ സങ്കലനം നടത്തിയ ഇനം | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജ സങ്കലനം വേണ്ടി വന്നത് |
|---|---|---|
| പശു | 1750 | 600 |
| കിടാരി | 250 | 50 |
| എരുമ | 30 | 10 |

## പട്ടിക 5 പേവിഷ ബാധ - പ്രതിരോധം

| വിവരം | പട്ടി |
|---|---|
| പ്രതിരോധകുത്തിവെയ്പുകൾ നല്കിയവയുടെ എണ്ണം | 95 |

## പട്ടിക 6 മാംസം, മുട്ട, പാൽ എന്നിവയുടെ ഉപഭോഗം പഞ്ചായത്തടിസ്ഥാനത്തിൽ

| നമ്പർ | ഇനം | പ്രതിദിന ശരാശരി ഉപയോഗം | വില Rs. | വാർഷിക ഉപയോഗം | വില Rs. |
|---|---|---|---|---|---|
| 1 | കോഴിമുട്ട | 5000 | 5500 | 1825000 | 2007500 |
| 2. | കോഴിയിറച്ചി | 300 Kg. | 12000 | 109500 | 4380000 |
| 3. | ആട്ടിറിച്ചി | 100Kg. | 10000 | 36500 | 3650000 |
| 4. | മാട്ടിറച്ചി | 300Kg. | 10500 | 1095000 Kg. | 3832500 |
| 5. | പാൽ | 3000 Ltr. | 30000 | 1095000 Ltr. | 10950000 |
| 6. | മത്സ്യം | 2000Kg. | 8000 | 730000Kg. | 29200000 |

നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ പ്രതിദിന ഉപഭോഗം കണക്കുകളിൽ നിന്ന് കാണുമ്പോൾ നാം തന്നെ അത്ഭുതപ്പെടും എന്നാൽ എന്താണവസ്ഥ? നമ്മൾ ഉപയോഗിക്കുന്നതിന്റെ ഏതാണ്ട് 10% താഴെയാണ് ഇവിടെ ഉൽപ്പാദനം നടക്കുന്നത്. ബാക്കി മറ്റു പ്രദേശങ്ങളിൽ നിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കമതി ചെയ്യപ്പെടുന്നു. ഒത്തൊരുമിച്ച പ്രവർത്തനങ്ങൾ ഈ സ്ഥിതിക്ക് കുറേയേറെ മാറ്റങ്ങൾ വരുത്താൻ സഹായകമാകും കാർഷിക വൃത്തിയോടുള്ള അഭിനിവേശത്തിൽ വന്ന താല്പര്യകുറവ്, കാലിത്തീറ്റ തുടങ്ങിയവക്കുള്ള അമിതമായ വിലക്കയറ്റം കൃഷിഭൂമികളുടെ കാർഷികേതര ഉപയോഗം, കൃഷിഭൂമി തുണ്ടുതുണ്ടായുള്ള വിതരണം മുതലായവയൊക്കെ പ്രതികൂല ഘടകങ്ങളായതുകൊണ്ടാണ് ഉൽപ്പാദന പ്രക്രിയയിൽ വലിയ ഇടിവ് സംഭവിക്കാൻ കാരണം. പാൽ, മുട്ട, ഇറച്ചി എന്നിവയ്ക്ക് മൃഗങ്ങളെ ആശ്രയിച്ചേ പറ്റൂ. സങ്കരയിനം പശുക്കളുടെ ആവിർഭാവത്തോടുകൂടി പശു വളർത്തലിൽ ജനങ്ങൾക്ക് കൂടുതൽ താല്പര്യം ഉണ്ടാകുകയും പാലുല്പാദനം ഗണ്യമായി വർദ്ധിക്കുകയും ചെയ്.തു. ധാതു ലവണങ്ങൾ കൂടുതലായുള്ള തീറ്റകൾ ആവശ്യമായി വന്നു. എന്നാൽ അമിതമായ വിലയും ദൗർലഭ്യവും വീണ്ടും ഈ രംഗത്തെ തളർത്തി. നമ്മുടെ പഞ്ചായത്തിൽ ഒരു വില്ലേജിൽ ഒന്ന് എന്ന തോതിൽ ക്ഷീരോത്പാദക വിപണന സഹകരണ സംഘങ്ങൾ നിലവിലുണ്ട്. ചൂണ്ടൽ വില്ലേജിൽ വെട്ടുകാടിലും, എരനെല്ലൂർ വില്ലേജിൽ കേച്ചേരിയിലും, ചിറനെല്ലൂർ വില്ലേജിൽ മണലിയിലും ഇവ പ്രവർത്തിച്ചുവരുന്നു. ഇതിൽ

വെട്ടുകാട്ടിൽ പ്രവർത്തിക്കുന്ന സംഘം ഒഴിച്ച് മറ്റ് രണ്ടും മിൽമയുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത്. ഈ സംഘങ്ങൾ വാങ്ങുന്ന പാൽ ഏതാണ്ട് മുഴുവനായി തന്നെ മിൽമ മുഖാന്തിരം വിറ്റഴിക്കുന്നു. ഇതു മൂലം ക്ഷീര കർഷകർക്ക് അവരുടെ പാലിന്റെ വില ശരിയായ തോതിൽ ലഭിക്കുന്നില്ലായെന്ന പരാതി നിലനിൽക്കുന്നു. സഹകരണ സംഘങ്ങൾ ഏതാണ്ട് ലിറ്ററിന് 8 രൂപ തോതിൽ വാങ്ങുന്ന പാൽ 2,3 തട്ടുകളിൽ കൂടി കടന്നു പോയി മിൽമ ഏകദേശം ലിറ്ററിന് 12 രൂപ നിരക്കിൽ വിറ്റഴിക്കുന്നു. എന്നാൽ വെട്ടുകാട്ടിൽ പ്രവർത്തിക്കുന്ന സംഘം അതിന്റെ ശേഷി അനുസരിച്ച് പാൽ വാങ്ങുകയും നേരിട്ട് വിറ്റഴിക്കുകയും ചെയ്യുന്നു. പക്ഷെ മുഴുവൻ ആവശ്യം നിറവേറ്റുവാനോ ചില സമയങ്ങളിൽ മുഴുവൻ വിറ്റഴിക്കാൻ പോലുമോ കഴിയാതെ വരുന്നു.

മിക്ക വീടുകളിലും ആദ്യമൊക്കെ കോഴിവളർത്തൽ സാധാരണമായിരുന്നു,. എന്നാൽ ഇന്ന് ഇറച്ചിക്കാവശ്യമായ കോഴികളേയും കോഴിമുട്ടയും കിട്ടുന്നതിന് കാര്യമായും തമിഴനാടിനെ ആശ്രയിക്കുകയാണ്. തീറ്റ കൊടുക്കുവാനുള്ള പ്രയാസങ്ങളും, കോഴിവസന്ത മുതലായ രോഗങ്ങളുടെ നിരന്തരമായ ആക്രമണങ്ങളും കോഴി വളർത്തലിൽ നിന്നും പിന്നോക്കം പോകാൻ ജനങ്ങളെ പ്രേരിപ്പിച്ചു.

## പ്രധാന പ്രശ്നങ്ങൾ

1. മേച്ചിൻ സ്ഥലങ്ങളുടെ അഭാവം, ചികിത്സാസൗകര്യങ്ങളുടെ അപര്യാരപ്തതാ കാലിത്തീറ്റകൾക്ക് വന്ന വമ്പിച്ച വിലക്കയറ്റം എന്നിവ മൃഗങ്ങളെ വളർത്തുന്നതിൽ നിന്നും പരിപാലിക്കുന്നതിൽ നിന്നും പിന്നോട്ട് പോകാൻ ജനങ്ങളെ പ്രേരിപ്പിച്ചു.

2. പഞ്ചായത്തിൽ ആധുനിക ചികിത്സാ ലഭ്യമാകാൻ ആകെയുള്ളത് കേച്ചേരിയിൽ ഒരു മൃഗാശുപത്രിയാണ് എന്നാൽ മുഴുവൻ ജനങ്ങൾക്കും പ്രയോജനകരമാകാൻ ഈ സംവിധാനം പര്യാപ്തമല്ല.

3. ജന സമ്പർക്ക ബോധവത്കരണ പ്രവർത്തനങ്ങൾ തൃപ്തികരമായി നടക്കുന്നില്ല.

4. അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളുടെ എണ്ണം ദിവസംതോറും പെരുകി വരുന്നു. ഇവയെ ഉൽമൂലനം ചെയ്യാൻ പ്രത്യേക സംവിധാനങ്ങളില്ലാത്തതിനാൽ വിഷ നായ്ക്കളുടെ ശല്യം കൂടിവരികയും ജനങ്ങളുടെ ഇടയിൽ ഭീതി പരത്തുകയും ചെയ്യുന്നു.

5. കാലികളെ വാങ്ങുന്നതിനും സംരക്ഷിക്കുന്നതിനും കർഷകതൊഴിലാളികൾക്കും താഴ്ന്ന വരുമാനക്കാർക്കും ചെറിയ തോതിലുള്ള സഹായധനം ലഭിക്കുന്നുണ്ടെങ്കിലും അവ ഫലപ്രദമായി വിനിയോഗിക്കുന്നതിൽ പരാജയ പ്പെടുന്നു.

6. കോഴിവസന്ത മുതലായ രോഗങ്ങൾ വരാതിരിക്കാനുള്ള പ്രതിരോധ നടപടികളോ വന്നാൽ ഉടനെ വിദഗ്ധ ചികിത്സാ ലഭിക്കാനുള്ള സംവിധാനങ്ങളോ ഇല്ല.

7. ക്ഷീരോത്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ പ്രയോജനപ്പെടുത്താൻ ആസൂത്രിത നീക്കങ്ങൾ ഒന്നു തന്നെയില്ല.

## സാദ്ധ്യതകൾ നിർദ്ദേശങ്ങൾ

1. മൃഗ ചികിത്സാ സൗകര്യങ്ങൾ പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ ജനങ്ങൾക്കും ലഭ്യമാകുന്ന തരത്തിൽ പുനസംവിധാനം ചെയ്യുക. നിലവിലുള്ള മൃഗാശുപത്രിയുടെ സമഗ്ര വികസം നടത്തുകയും

ചൂണ്ടൽ ആസ്പദമാക്കി മറ്റൊന്നുകൂടി സ്ഥാപിക്കുകയും വേണം.

2. ഒരു വില്ലേജിൽ ഒരു സംഘം എന്ന നിലയിൽ ക്ഷീരോത്പാദക വിപണന സഹകരണ സംഘങ്ങൾ ഇപ്പോൾ നിലവിലുണ്ട്. ഇവയുടെ പ്രവർത്തങ്ങൾ ഏകോപിപ്പിക്കുയും വിവിധ കേന്ദ്രങ്ങളിൽ പാൽ സംഭരണ കേന്ദ്രങ്ങൾ 'ഏർപ്പെടുത്തുകയും ചെയ്യുക. പാൽ വിതരണം നേരിട്ടുനടത്തുകയും അതിന് കുറ്റമറ്റ സംവിധാനം ഉണ്ടാക്കുകയും വേണം.

3. പഞ്ചായത്തിൽ ആദ്യം ആട് വളർത്തൽ കേന്ദ്രങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് അതസ്തമിച്ചുകഴിഞ്ഞു. തീറ്റ പറമ്പിന്റെ അഭാവം ഇതിന് ഒരു പ്രധാന കാരണമാണ്. ആട്ടിൻ പാൽ ഔഷധഗുണമേറിയ ഒന്നാണ്. ആട്ടിൻ കാട്ടം പ്രധാന ജൈവവളവുമാണ്. അതിനാൽ ആട്‌വളർത്തൽ പ്രോത്സാഹിപ്പിക്കുകയും കുറഞ്ഞ വിലയ്ക്ക് ആട്ടിൻ കുട്ടികളെ വിതരണം ചെയ്യാൻ സംവിധാനം ഉണ്ടാക്കുകയും ചെയ്യുക. കൂട്ടമായി വളർത്തുന്നവർക്ക് സാമ്പത്തിക സഹായം നല്കുക.

4. കോഴിവളർത്തൽ നമ്മുടെ പ്രദേശത്തെ ഒരു ഉപതൊഴിലാക്കി മാറ്റാവുന്നതാണ്. കോഴിമുട്ടയുടേയും ഇറച്ചികോഴികളുടേയും ഉപയോഗം വമ്പിച്ച തോതിലുണ്ടെന്ന് കണക്കുകൾ കാണിക്കുന്നു. ചോളവും മത്സ്യത്തിന്റെ ഉപയോഗശൂന്യമായ ഭാഗങ്ങളുമാണ് പ്രധാനമായും തീറ്റക്ക് വേണ്ടി പ്രയോജനപ്പെടുത്തുന്നത്. തമിഴ്നാട്ടിൽ ചോളം സുലഭമാണെങ്കിലും മത്സ്യം ഇവിടെനിന്നും പോകുന്നതാണ്. അതുകൊണ്ട് കുറച്ചൊക്കെ ശ്രദ്ധചെലുത്തിയാൽ തീറ്റ ഉത്പ്പാദിപ്പിക്കാവുന്ന സംവിധാനം ഉണ്ടാക്കാൻ നമുക്കും കഴിയും. സഹകരണാടിസ്ഥാപനത്തിൽ കോഴിവളർത്തൽ കേന്ദ്രങ്ങളും തീറ്റ ഉത്പാദന കേന്ദ്രങ്ങളും ആരംഭിക്കാവുന്നതാണ്.

5. നല്ലയിനം കോഴികുഞ്ഞുങ്ങളെ കിട്ടാൻ ഇവിടെ തന്നെ സംവിധാനം ഉണ്ടാക്കണം. പഞ്ചായത്തടിസ്ഥാനത്തിലോ ബ്ളോക്കടിസ്ഥാനത്തിലോ മുട്ടവിരിയിക്കൽ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും നല്ലയിനം കോഴികുഞ്ഞുങ്ങളെ വിതരണം നടത്തുകയും വേണം.

6. പന്നി വളർത്തലും മുയലുവളർത്തലും ഒറ്റപ്പെട്ടനിലയിൽ മാത്രമേ ഇന്ന് നിലവിലുള്ളൂ. വാണിജ്യടിസ്ഥാനത്തിൽ ഇവയെ വളർത്തി മാംസ്യ ഉപയോഗത്തിന് ഉപയോഗിക്കാം.

7. സങ്കരയിനം പശുക്കുട്ടികളുടെ വിതരണം വ്യാപകമാക്കുകയും ഭൂരിഭാഗം വീടുകളിലും വളർത്താൻ പ്രേരിപ്പിക്കുകയും ചെയ്യുക. താഴ്ന്ന വരുമാനക്കാർക്ക് കന്നുകാലികളെ വളർത്താൽ തൊഴുത്ത് ഉണ്ടാക്കുന്നതിന് ധന സഹായം നല്കുക.

8. വീട്ടിൽ വളർത്തുന്ന പട്ടികൾക്ക് ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തുകയും പ്രതിരോധ കുത്തിവെയ്പ്പുകൾ കാലാകാലങ്ങളിൽ നടത്തുകയും വേണം. അലഞ്ഞുതുരിഞ്ഞ് നടക്കുന്നവയെ വക വരുത്താൻ ഏർപ്പാട് ഉണ്ടാക്കണം.

❋❋❋❋

33

# 3. വിദ്യാഭ്യാസം

## ചരിത്രപശ്ചാത്തലം

### വിദ്യാഭ്യാസരംഗം - " ഇന്നലെ, ഇന്ന്"

കുറവുകൾ ഏറെയുണ്ടെങ്കിലും ചൂണ്ടൽ പഞ്ചായത്ത് പ്രദേശത്തിന് വർഷങ്ങൾക്കുമുമ്പു തന്നെ തനതായ ഒരു വിദ്യാഭ്യാസ സംസ്കാരമുണ്ടായിരുന്നു. പുരാതനമായി ഇവിടത്തെ ഗ്രാമവാസികൾ തികച്ചും കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരുന്നവരായിരുന്നു. എങ്കിലും 19-ാം നൂറ്റാണ്ടിന്റെ അവസാനം ദശകം മുതൽക്കുതന്നെ വിദ്യഭ്യാസരംഗത്ത് കാര്യമായി ശ്രദ്ധ പതിപ്പിച്ചിരുന്നു എന്നതിന് ഇന്നും ജീവിക്കുന്ന ഒട്ടേറെ തെളിവുകൾ ഉണ്ട്. 19-ാം നൂറ്റാണ്ടിലും 20-ാം നൂറ്റാണ്ടിന്റെ ആരംഭ ദശകങ്ങളിലും നിലനിന്നിരുന്ന ഗുരുകുലവിദ്യാഭ്യാസവും കുടിപള്ളിക്കൂടങ്ങളും, ഇവിടേയും ഉണ്ടായിരുന്നതിന്റെ തെളിവുകളുണ്ട്. നിർദ്ദേശിക്കപ്പെട്ട പുസ്തകങ്ങളോ പാഠ്യപദ്ധതിയോ ഇല്ലാതെ സംഖ്യാജ്ഞാനവും അക്ഷരജ്ഞാനവും ചുണ്ടുകളിൽ നിന്നും ചുണ്ടുകളിലേക്ക് കൈമാററം ചെയ്യപ്പെടുന്ന ഈ സമ്പ്രദായത്തിലെ അദ്ധ്യാപകരെ എഴുത്താശാൻ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഇതിന്റെ തുടർച്ചയായി മദിരാശി സർവ്വകലാശാലയിലെ ബിരുദവും നിയമ ബിരുദവും മറ്റും ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തന്നെ സമ്പാദിച്ച ഏതാനും വ്യക്തികൾ ഇവിടെയുണ്ട്. നമ്മുടെ ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് തിലകകുറികളായി ഈ വ്യക്തിത്വങ്ങളിൽ ചിലരെങ്കിലും ഇന്നും നമ്മോടൊപ്പമുണ്ട്.

ദേശീയ പ്രസ്ഥാനവും അതിന്റെ ഭാഗമായ സാമൂഹിക പരിഷ്കരണപ്രവർത്തനങ്ങളും ഈ പ്രദേശത്തെ വിദ്യാഭ്യാസ പുരോഗതിയുടെ വേഗത വർദ്ധിപ്പിക്കുകയുണ്ടായി. ജൻമിത്ത്വവ്യവസ്ഥ നിലനിന്നിരുന്ന ഈ കാലഘട്ടത്തിൽ ഉദാരമതികളായ ചില വ്യക്തികൾ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിന് ഭൂമിയും, ധനവും, മറ്റു വിഭവങ്ങളും സംഭാവന ചെയ്തിട്ടുണ്ട്. ബ്രിട്ടീഷ് സർക്കാരിന്റേതായ ചില പ്രോത്സാഹനങ്ങളും ഉണ്ടായിരുന്നു. ബ്രിട്ടീഷ് ആധിപത്യത്തിൻ കീഴിലായിരുന്നല്ലോ ഇന്ത്യൻ ആധുനിക വിദ്യാഭ്യാസം ചിട്ടയോടെ വികസിക്കാൻ തുടങ്ങിയത്. ഗുരുകുല വിദ്യാഭ്യാസകാലത്ത് സംസ്കൃതത്തിന് ഉണ്ടായിരുന്ന പ്രാമുഖ്യം ബ്രിട്ടീഷ് ആധിപത്യകാലത്ത് ഇംഗ്ലീഷിനായി മാറിയെന്നു മാത്രം. ഇക്കാലത്ത് എല്ലാ കുട്ടികളും ഫീസ് കൊടുക്കേണ്ടതുണ്ടായിരുന്നു. എന്നാൽ പിന്നോക്കവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ബ്രിട്ടീഷ് സർക്കാർ പുസ്തകം, സ്ലേറ്റ്, പെൻസിൽ, രണ്ടു തോർത്തുമുണ്ട് ഇവ നൽകിയിരുന്നു. കൂടാതെ ഇവർക്ക് ഫീസ് ഇളവ് നൽകിയിരുന്നു. ഇങ്ങിനെയൊക്ക് ആണെങ്കിലും ഭൂരിഭാഗം കുട്ടികളും സ്ക്കൂൾ വിദ്യാഭ്യാസം നേടിയിരുന്നില്ല. പ്രത്യേകിച്ച് പിന്നോക്കവിഭാഗങ്ങളിലെ കുട്ടികൾ. ഇപ്പോഴത്തെ അഞ്ചാം ക്ളാസിനു മുമ്പായി പ്രിപ്രാക്ടറി അഥവാ 41/2 ക്ളാസ് എന്ന രീതിയിലുള്ള ഒരു പ്രത്യേകത അക്കാലത്ത് ഉണ്ടായിരുന്നു. അക്കാലത്തെ സാമൂഹ്യവ്യവസ്ഥയിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥ ഈ പ്രദേശത്തെ സ്ക്കൂളുകളിൽ അക്കാര്യമായി നിഴലിച്ചിരുന്നില്ല എന്ന് പറയപ്പെടുന്നു. അദ്ധ്യാപകർക്കുള്ള വേതനം ബ്രിട്ടീഷ് സർക്കാർ മാനേജർമാരെ ഏൽപ്പിക്കുകയായിരുന്നു. മാനേജർമാർ ഇത് വെട്ടികുറച്ച് തുച്ഛമായ വേതനമാണ് അദ്ധ്യാപകർക്ക് നൽകിയിരുന്നത്. ഇന്നത്തേതിൽ നിന്ന് വിത്യസ്തമായി ലഘുവും, ലളിതവുമായി പാഠ്യപദ്ധതിയായിരുന്നു. കൊച്ചി രാജ്യത്തിലായിരുന്ന നമ്മുടെ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് മദിരാശി സർവ്വകലാശാല ബിരുദമാണ് ലഭിച്ചിരുന്നത്.

ചൂണ്ടലിൽ 1893 ൽ സ്ഥാപിച്ച സർക്കാർ ലോവർപ്രൈമറി സ്ക്കൂളാണ് പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. ഇത് കൊച്ചി രാജ്യത്തെ തന്നെ ആദ്യത്തെ ചുരുക്കം ചില വിദ്യാലയങ്ങളിൽ ഒന്നാണ്. ഈ വിദ്യാലയം 1893 നു മുമ്പുതന്നെ സ്ഥാപിതമായിട്ടുണ്ടെന്നാണ് പറയപ്പെടുന്നത്. ഇന്നു നിലവിലുള്ള വിദ്യാലയങ്ങളിൽ ചൂണ്ടൽ ഗവ. യു. പി. സ്ക്കൂൾ, കേച്ചേരി ഗവ. എൽ. പി. സ്കൂൾ, പാറന്നൂർ സെന്റ്. തോമാസ് യു. പി. സ്കൂൾ, കേച്ചേരി ജ്ഞാനപ്രകാശിനി യു. പി. സ്കൂൾ, ചിറനെല്ലൂർ സെന്റ്. ജോസഫ്സ്

സ്കൂൾ ഇവ സ്വാതന്ത്യ സമ്പാദനത്തിന് വർഷങ്ങൾക്കുമുമ്പുതന്നെ സ്ഥാപിതമായിട്ടുള്ളവയാണ്. ചുരുക്കത്തിൽ സ്വാതന്ത്ര്യലബ്ധിക്കു മുമ്പുതന്നെ പൊതു വിദ്യാഭ്യാസരംഗത്ത് ചൂണ്ടൽ ഏറെ മുമ്പിലായിരുന്നു. ചൂണ്ടലിൽ 1953-ൽ ഫാ. ജി. എഫ്. ചൂണ്ടലിന്റെ സഹായത്തോടെ കർമ്മലീത്താ സന്യാസി സമൂഹം പ്രൈവറ്റ് യു. പി. സ്കൂൾ ആരംഭിക്കുകയും, 1965-ൽ ഹൈസ്ക്കൂളാക്കി ഉയർത്തുകയും ചെയ്തതോടെ പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്ക്കൂൾ യാഥാർത്ഥ്യമായി. 1979-ൽ ഈ വിദ്യാലയം എയ്ഡഡ് സ്ക്കൂളായി ഉയർത്തുമ്പോൾ പതിനാറു ഡിവിഷനുകളും, 857 വിദ്യാർത്ഥികളുമാണ് ഉണ്ടായിരുന്നത്. ഇന്ന് ഇരുപത് ഡിവിഷനുകലും 1251 വിദ്യാർത്ഥികളുമായി ഈ സ്ഥാപനം വളർന്നിരിക്കുന്നു. ഈ വിദ്യാലയത്തിന്റെ പ്രധാന അദ്ധ്യാപിക സി. മേരി പോൾ ആയിരുന്നു. ഈ നാട്ടുകാരനും പുരോഹിതനും ആയ ജി. എഫ്. ചൂണ്ടലിന്റെ ഈ രംഗത്തെ സേവനം സ്തുത്യർഹമാണ്. പ്രസ്തുത വിദ്യാലയം ആരംഭിക്കുന്നതിനു മുമ്പ് ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾ കുന്നംകുളം, മറ്റം, വേലൂർ സ്ക്കൂളുകളിലേക്ക് കാൽനടയായി പോയിട്ടാണ് ഹൈസ്ക്കൂൾ വിദ്യാഭ്യാസം നേടിയിരുന്നത്.

എന്നാൽ ഇന്ന് പഴയ സ്ഥിതിയിൽ നിന്നും വളരെയധികം പോയിരിക്കുന്നു. ചൊവ്വന്നുർ ബ്ലോക്കിൽ ജനസംഖ്യയിൽ രണ്ടാം സ്ഥാനത്തു നിൽക്കുന്ന നമ്മുടെ പഞ്ചായത്തിലെ ആകെ ജനസംഖ്യ 28000 നടുത്തു വരുന്നു. എന്നിട്ടും പഞ്ചായത്തിലെ 5 വയസ്സായ വിദ്യാർത്ഥികൾ ഏതാണ്ട് 100% വിദ്യാലയങ്ങളിൽ എത്തുന്നു. വിദ്യഭ്യാസരംഗത്ത് പഞ്ചായത്ത് ശരാശരിയിൽ കൂടുതലെത്തിയിരിക്കുന്നു. സമീപപ്രദേശത്തുള്ള പഞ്ചായത്തുകളെ താരതമ്യം ചെയ്യുമ്പോൾ ഏറ്റവും കൂടുതൽ വിദ്യാലയങ്ങൾ നമ്മുടെ ഗ്രാമപഞ്ചായത്തിലാണ്. സാക്ഷരത ശതമാനം 96 ആയിരിക്കുന്നു. 554 പുരുഷന്മാരും 816 സ്ത്രീകളുമടക്കം 1470 പേർ മാത്രമാണ് നിരക്ഷരർ.എന്നിരുന്നാലും സ്കൂൾ വിദ്യഭ്യാസത്തിനായി പഞ്ചായത്തിന്റെവിവിധ പ്രദേശങ്ങളിൽ നിന്നും നിരവധി കുട്ടികൾ മററു പഞ്ചായത്തുകളിലെ വിദ്യാലയങ്ങളിലേക്കും മററു പഞ്ചായത്തുകളിൽ നിന്ന് ഇവിടേക്കും വരുന്നുണ്ടെന്ന അശാസ്ത്രീയത നിലനിൽക്കുന്നു. പത്താംതരം പാസ്സാകുന്ന കുട്ടികളിൽ നല്ലൊരു ശതമാനം സർവ്വകലാശാല വിദ്യാഭ്യാസത്തിനായി പോകുന്നു. ചെറിയൊരു ശതമാനം മാത്രമാണ് സാങ്കേതിക വിദ്യാഭ്യാസരംഗത്തേക്ക് പോകുന്നത്. പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നവരും, പഠനം കഴിഞ്ഞ് പ്രാക്ടീസ് നടത്തുന്നവരുമായ ചെറിയൊരു ശതമാനം ഉണ്ട്. കൈതൊഴിൽ, സ്വയം തൊഴിൽ മേഖലകളിലേക്ക് പോകുന്ന കുറച്ചുപേരുണ്ട്.

ഒന്നാം ക്ലാസിൽ പഠനം ആരംഭിക്കുന്ന നല്ലൊരു ശതമാനം പത്താം തരത്തിൽ എത്തുന്നില്ല എന്നതും എസ്. എസ്. എൽ. സി. പരീക്ഷ എഴുതുന്നതിൽ പകുതിയിലധികവും പരാജയപ്പെടുന്നതും ആശാവഹമായ ഒന്നല്ല. പഞ്ചായത്തിൽ ആകെ മൂന്ന് ഹൈസ്ക്കൂളുകളും, ആറ് യു. പി. സ്ക്കൂളുകളും, നാല് എൽ. പി. സ്ക്കൂളുകളുമാണ്. ഇതിൽ രണ്ട് ഹൈസ്ക്കൂളുകളിൽ യു. പി. വിഭാഗമുണ്ട്. അതുപോലെ നാല് യു. പി. സ്ക്കൂളുകളിൽ എൽ. പി. വിഭാഗം കൂടിയുണ്ട്. മൊത്തം പതിമൂന്ന് വിഭാഗങ്ങളിൽ മൂന്നെണ്ണം ഒഴിച്ച് ബാക്കിയെല്ലാം എയ്ഡഡ് സ്ക്കൂളുകളാണ്. അതിൽ രണ്ടെണ്ണം ഒഴിച്ച് ബാക്കിയെല്ലാം സ്വകാര്യമേഖലകളിലുമാണ്. പ്രൈവറ്റ് മേഖലകളിലെ അംഗീകാരമില്ലാത്ത ഓരോ എൽ. പി. സ്കൂളുകൾ, 3, 4, 7, വാർഡുകളിൽ പ്രവർത്തിക്കുന്നു. ബുദ്ധിവൈകല്യമുള്ള കുട്ടികൾക്കായി ഒരു സ്കൂൾ സ്വകാര്യമേഖലയിൽ ഏഴാം വാർഡിലെ എരനെല്ലൂരിൽ പ്രവർത്തിക്കുന്നു. എഴുപതുകൾക്ക് മുൻപ് ഒരു വിദ്യാലയം ആരംഭിക്കുക എന്നാൽ ഒരു വലിയ സേവനം ആയിരുന്നു എങ്കിൽ ഇന്ന് ആ മഹത്തായ ലക്ഷ്യത്തോടൊപ്പം കച്ചവട താല്പര്യം കടന്നുകൂടിയിരിക്കുന്നു. കഴിഞ്ഞ പതിനാല് വർഷത്തിനുള്ളിലാണ് ഇപ്പോഴുള്ള വിദ്യാലയങ്ങളിൽ പകുതിയിലധികവും ആരംഭിച്ചത്. 37 വർഷം പഴക്കമുള്ള രണ്ടാം വാർഡിലെ ചൂണ്ടൽ ജെ. ജി. യു. പി. സ്കൂൾ അടച്ചു പൂട്ടിയതും ഇതിന്റെ മറ്റൊരു വികൃതമുഖത്തെ വെളിപ്പെടുത്തുന്നു. ഇതിനേക്കാൾ കുറവ് വിദ്യാർത്ഥികളുള്ള ഒന്നിലധികം വിദ്യാലയങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. എന്നിട്ടും പ്രസ്തുത വിദ്യാലയം "ലാഭകരമല്ല" എന്ന ഓമനപേരിട്ട് അനധികൃതമായി അടച്ചുപൂട്ടിയിരിക്കുന്നു. ഇപ്പോൾ ഈ പ്രദേശത്തെ സാധാരണക്കാരന്റെ കുട്ടികൾ രണ്ടു കിലോമീറ്ററിലധികം ദുരമുള്ള കൂനംമൂച്ചിയിലും ഒന്നര കി. മീറ്റർ അധികം ദൂരമുള്ള തായങ്കാവ് യു. പി. സ്ക്കൂളിലും, നാലു കി. മീറ്ററിൽ അധികമുള്ള കുന്നംകുളം, കേച്ചേരി സ്ക്കൂളുകലിലേക്കുമൊക്കെയാണ് പോകുന്നത്.

അതുപോലെ ഏഴാം വാർഡിലെ പെരുമല കോളനി, പതിനൊന്നാം വാർഡിലെ ചിറനെല്ലൂർ, മണലി പ്രദേശങ്ങളിൽനിന്നും വരുന്ന കുട്ടികൾ പ്രാഥമിക വിദ്യാഭ്യാസത്തിനായി ഒന്നര കിലോമീറ്ററിൽ അധികം യാത്ര ചെയ്യേണ്ടി വരുന്നു. 35

ഔപചാരികമായി സാങ്കേതിക വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള യാതൊരു സൗകര്യങ്ങളും പഞ്ചായത്തിൽ ലഭ്യമല്ല. തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്ന വിദ്യാലയങ്ങളും ഈ പ്രദേശത്തില്ല. ചൂണ്ടൽ സെന്റ്. ജോസഫ് ആശുപത്രിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന നേഴ്സിംഗ് സ്ക്കൂൾ ഇതിനൊരപവാദമാണ്.

ഇങ്ങനെ ഇല്ലായ്മകളും പോരായ്മകളും ചൂണ്ടി കാണിക്കുമ്പോൾ ഇപ്പോൾ നിലനില്ക്കുന്ന വിദ്യാലയങ്ങളുടെ നിജസ്ഥിതിയും പരിശോധിക്കേണ്ടതുണ്ടല്ലോ. പരിമിതമായ ഭൗതിക പഠന സൗകര്യങ്ങളുമായി ഭൂരിഭാഗം എയ്ഡഡ് വിദ്യാലയങ്ങളുടേയും പ്രവർത്തനം പുറകോട്ടാണ്. 20% അധികം വിദ്യാർത്ഥികൾ പഠനനിലവാരത്തിൽ പ്രതീക്ഷിത മിനിമം നിലവാരത്തിലും താഴെയാണ്. വർഷംതോറും ഈ വിദ്യാലയങ്ങളിൽ പ്രവേശനത്തിന് വരുന്ന കുട്ടികളുടെ എണ്ണം കുറയുന്നു. പഞ്ചായത്തിലെ ഏറെ പഴക്കമുള്ള പാറന്നൂർ യു. പി. സ്ക്കൂൾ രണ്ടു വർഷമായിട്ട് അൺ എക്കണോമിക് പരിധിയിൽ പെട്ടിരിക്കുന്നു.

പ്രീ പ്രൈമറി വിദ്യാഭ്യാസം ആശാവഹമായ രീതിയിലല്ല ഇപ്പോൾ പുരോഗമിക്കുന്നത് നേഴ്സറി വിദ്യാഭ്യാസത്തിന്റെ ഉദ്ദേശശുദ്ധിയെ തന്നെ ചോദ്യം ചെയ്യത്തക്കവിധത്തിലുള്ള പാഠ്യപദ്ധതിയാണ് ഭൂരിഭാഗം സ്ഥാപനങ്ങളിലും പിൻതുടരുന്നത്. ഭൗതിക സാഹചര്യങ്ങൾ വളരെ പരിമിതവും ആണ്, ഇതുതന്നെ എല്ലാ വാർഡുകളിലും ഓരോന്നുപോലും ഇല്ലാത്ത അവസ്ഥയാണ്. ആകെ ഏഴു അംഗൻവാടികളാണ് ഉള്ളത്.

ഔപചാരികമായ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു പുറമെ അഞ്ചു ടൈപ്പ്റൈറ്റിംങ്ങ് ഇൻസ്റ്റിറ്റ്യൂട്ട്, രണ്ട് ടൈലറിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഏതാനും ട്യൂഷൻ സെന്ററുകൾ, കംപ്യൂട്ടർ സെന്റർ, പാരലൽ കോളേജ്, നൃത്ത സംഗീത വിദ്യാലയം, വാദ്യോപകരണ പരിശീലന കേന്ദ്രം ഇവ ഓരോന്നു വീതവും വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്നു

പഞ്ചായത്ത് പ്രദേശത്ത് ആറു ഗ്രാമീണ വായനശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഏറ്റവും ആദ്യം സ്ഥാപിതമായത് കേച്ചേരിയിലേതാണ്. ഇവയിലൊന്നും തന്നെ മാതൃകാപരമായ പ്രവർത്തനം നടക്കുന്നുണ്ടെന്ന് പറയാനാവില്ല. വിദ്യാലയങ്ങളോടനുബന്ധിച്ചുള്ള ഗ്രന്ഥശാലാപ്രവർത്തനവും നാമമാത്രമാണ്.

1991 ലെ സാക്ഷരതാ യജ്ഞം വിജയകരമായി പൂർത്തിയാക്കാനായെങ്കിലും തുടർ സാക്ഷരതാ പരിപാടി തീരെ അവഗണിക്കപ്പെട്ടിരിക്കയാണ്.

അംഗീകൃത സ്ക്കൂളുകളടക്കമുള്ള വിദ്യാലയങ്ങളിലെ ആകെ അദ്ധ്യാപകർ 209 ആണ്. ഇതിൽ 35% ശതമാനത്തോളം ഈ പഞ്ചായത്ത് നിവാസികളാണ്. ഏകദേശം ഇത്രതന്നെ അദ്ധ്യാപകർ മറ്റു പഞ്ചായത്തുകളിൽ സേവനം അനുഷ്ഠിക്കുന്നവരുമായിട്ടുണ്ട്. ഇവരെല്ലാം നമ്മുടെ മുതൽകൂട്ടാണ്.

91-ലെ സാക്ഷരതാ യജ്ഞനം വിജയകരമായി പൂർത്തിയാക്കാനായെങ്കിലും തുടർസാക്ഷരതാ പരിപാടി തീരെ അവഗണിക്കപ്പെട്ടിരിക്കുകയാണ്.

ഇങ്ങിനെയൊക്കെയാണെങ്കിലും പ്രശസ്തരായ ഒട്ടേറെ പേർ നമുക്ക് അഭിമാനിക്കാനുണ്ട്. പ്രശസ്ത കവി യൂസഫലി കേച്ചേരി, വിദ്യാഭ്യാസ ഓഫീസറായിരുന്ന കുഞ്ഞിറ്റി മാസ്റ്റർ, ഫാ. ജി. എഫ്. ചൂണ്ടൽ, മുസ്ലീം സമുദായത്തിലെ തലപ്പിള്ളി താലൂക്കിലെ തന്നെ നിയമപണ്ഡിതൻ എ. വി. മുഹമ്മദ്, മുൻ എം. എൽ. എ. കെ. പി. അരവിന്ദാക്ഷൻ, സാഹിത്യകാരനായ പി. ടി. ലാസർ, ഭാരതപിഷാരടി സി. എൻ. പറിഞ്ചുകുട്ടി, ഡോ> രാധാകൃഷ്ണകൈമൾ ഇങ്ങനെ അറിഞ്ഞതും അറിയാത്തതുമായി എത്രയോപേർ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക രംഗത്തിന്റെ നേട്ടങ്ങളായി തിളങ്ങി നിൽക്കുന്നു.

സ്കൂളുകളെ കുറിച്ചുള്ള മറ്റ് വിശദാംശങ്ങൾ താഴെ പട്ടികകളിൽ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | അദ്ധ്യാപക യോഗ്യത | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | 89-90 | 92-93 | 96-97 | M | F | T | B.Ed. | T.T.C. | P.G. |
| 1. | ഗവ. യു. പി., സ്കൂൾ, ചൂണ്ടൽ. | സർക്കാർ. | | | 375 | 1 | 15 | 16 | 4 | 12 | |
| 2. | സെന്റ്. തോമസ് യു. പി. സ്കൂൾ, പാറന്നൂർ. | എയ്ഡഡ് | 189 | 136 | 148 | | 12 | 12 | 3 | 9 | 1 |
| 3. | ജി. യു. പി. എസ്, കേച്ചേരി | എയ്ഡഡ് | 2687 | 670 | 656 | 5 | 16 | 21 | 3 | 17 | |
| 4. | ജി. എൽ. പി. എസ്. കേച്ചേരി. | സർക്കാർ | 621 | 595 | 566 | 5 | 14 | 19 | | 19 | |
| 5. | എൽ. ഐ. ജി. എച്ച്. എസ്., ചൂണ്ടൽ. | എയ്ഡഡ് | | 1251 | | 33 | 33 | 17 | 15 | | |
| 6. | സെന്റ്. ജോസഫ്സ് എൽ.പി.സ്കൂൾ, ചിറനെല്ലൂർ. | " | 194 | 126 | 139 | 1 | 4 | 5 | 4 | | |
| 7. | എം. എം. എൽ. പി. എസ്. പട്ടികര. | " | | | 120 | | 6 | 6 | | 5 | |
| 8. | എൻ. എൻ. വി. എസ്., മണലി | " | 241 | 245 | 245 | 2 | 7 | 9 | 3 | 6 | |
| 9. | അൽ. അമീൻ എച്ച്. എസ്. കേച്ചേരി. | " | | 522 | 542 | 6 | 20 | 26 | 15 | | |
| 10. | ജെ. ജി. യു. പി. സ്കൂൾ, ചൂണ്ടൽ. | " | 31 - 3 - 94 ന് അനധികൃതമായി അടച്ചു. | | | | | | | | |
| 11. | ഡി. പോൾ ഇ. എച്ച്. എസ്. ചൂണ്ടൽ | അൺ എയ്ഡഡ് | | | | 900 | 8 | 16 | 24 | 23 | |
| 12. | അസീസി ഇ. യു. പി. എസ്. തലക്കോട്ടുകര. | " | 450 | 489 | 559 | | 12 | 12 | 10 | | |
| 13. | മമ്പ ഉൽ ഹുദാ ഇ. യു. പി. എസ്. കേച്ചേരി. | " | | | 189 | | | 10 | | | |

## വിദ്യാഭ്യാസരംഗം

### ഭൗതിക സാഹചര്യങ്ങളിലെ പ്രശ്നങ്ങൾ ന്യൂനതകൾ

1. അംഗീകൃത വിദ്യാലയങ്ങളടക്കം നിലവിലുള്ള പന്ത്രണ്ട് വിദ്യാലയങ്ങൾ എട്ടെണ്ണത്തിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടണം. അത്യാവശ്യം വേണ്ടതായ മൂത്രപുര, കക്കൂസ് സൗകര്യങ്ങൾ, ശുദ്ധജലം, കളിസ്ഥലം, ഫർണീച്ചർ, ക്ളാസ് മുറി എന്നിവ ഭൂരിഭാഗം സ്കൂളുകളിലും പര്യാപ്തമല്ല. പൈപ്പ് സൗകര്യം ഏന്നു മാത്രമല്ല അദ്ധ്യായന വർഷാരംഭം മുതൽ അവസാനം വരെ ശുദ്ധജലം ലഭ്യമാക്കുന്നതിൽപോലും വേണ്ടത്ര ശുഷ്കാന്തി കാണിച്ചിരുന്നില്ല.

2. വിദ്യാലയത്തിനും ചുറ്റും മതിൽ കെട്ടുക, വർഷാ വർഷങ്ങളിൽ ആവശ്യമായ അറ്റകുറ്റ പണികൾ നടത്തുക. കുട്ടികളുടെ കൂടി പങ്കാളിത്തത്തോടെ ആകർഷകമായ പൂന്തോട്ടം ഉണ്ടാക്കുക. ഇങ്ങിനെ ഒറ്റ നോട്ടത്തിൽ തന്നെ സ്കൂളിന്റെ സജീവതയിലും ആകർഷണീതയതക്കും, നിലനിർത്താൻ ശ്രദ്ധിക്കുന്നില്ല. വിദ്യാലയത്തിന്റെ പേര് ചടങ്ങിനെങ്കിലും എഴുതിവെച്ചിട്ടില്ലാത്ത സ്കൂളുകളാണ് പലതും.

3. ഓഫീസ് മുറി, അദ്ധ്യാപക മുറി, വായനമുറി, പരീക്ഷണ മുറി, പുസ്തക മുറി ഇവ ഭൂരഭാഗം സ്കൂളുകളിലും ശുഷ്കവും, നിർജ്ജീവവുമാണ്.

4. ഉച്ചഭക്ഷണ പരിപാടിക്കായുള്ള അരി, ചെറുപയർ, ഭക്ഷ്യഎണ്ണ ഇവ ആവശ്യത്തിന് പലപ്പോഴും കിട്ടാറില്ല, പലപ്പോഴും ഗുണനിലവാരം കുറഞ്ഞവയാണ് ലഭിക്കാറുള്ളത്. കുട്ടി ഒന്നിന് അറുപത് ഗ്രാം

## വിദ്യാലയ സൗകര്യങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിസ്തീർണ്ണം | ചുറ്റുമതിൽ | ഓഫീസ് മുറി | അദ്ധ്യാപക മുറി | ലബോറട്ടറി | ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ | പൈപ്പ് സൗകര്യം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. | ഗവ. യു. പി. സ്കൂൾ ചൂണ്ടൽ. | 1/2 ഏക്കർ | ഭാഗികം | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 2. | സെന്റ്. തോമസ് യു. പി. സ്കൂൾ, പാറന്നൂർ | 90 സെന്റ് | ഭാഗികം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3. | ജി. യു. പി. എസ്. കേച്ചേരി. | 60 സെന്റ് | ഭാഗികം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4. | ജി. എൽ. പി. എസ്, കേച്ചേരി. | 971/4 സെന്റ് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 5. | എൽ. ഐ. ജി. എച്ച്. എസ്., ചൂണ്ടൽ. | 1693 - 49Sq.M | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 6. | സെന്റ്. ജോസഫ് എൽ. പി. സ്കൂൾ, ചിറനെല്ലൂർ. | 32 സെന്റ് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഭാഗികം | പര്യാപ്തമല്ല | ഉണ്ട് | ഇല്ല |
| 7. | എം. എം. എൽ. പി. എസ്. പട്ടിക്കര. | 1 ഏക്കർ | ഭാഗികം | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഭാഗികം | ഉണ്ട് | ഉണ്ട് | ഇല്ല |
| 8. | എൻ. എൽ. പി. എസ്. മണലി | 21/2 ഏക്കർ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 9. | അൽ. അമീൻ എച്ച്. എസ്. കേച്ചേരി | 3 ഏ. 15 സെ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 10. | ജെ. ജി. യു. പി. സ്കൂൾ ചൂണ്ടൽ | | | | | | | | | | | | | |
| 11. | ഡി. പോൾ. ഇ. എച്ച്. എസ്. ചൂണ്ടൽ | 3.10 ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 12. | അസീസി ഇ. യു. പി. എസ്. തലക്കോട്ടുകര | 21/2 ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 13. | മമ്പ ഉൽ ഹുദാ ഇ. യു. പി. എസ്. ചേരി. | 31/2 ഏക്കർ | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

അരി, മുപ്പത് ഗ്രാം പയർ ഇത് പര്യാപ്തമായ ഒരളവല്ല. കുട്ടി എന്നിന് പത്തു പൈസ എന്ന നിരക്കിലുള്ള സർക്കാർ സഹായം പരിമിതമാണ്.

## ബോധന - പഠനപ്രക്രിയയിലെ പ്രശ്നങ്ങൾ ന്യൂനതകൾ.

1. അദ്ധ്യാപർക്ക് അത്യാവശ്യമായ വിദഗ്ദപരിശീലനം ഇടക്കിടെ നൽകാനും, അവരെ കൂടുതൽ പ്രവർത്തന സജ്ജമാക്കാനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നു വരുന്നില്ല.
2. അദ്ധ്യാപകരും രക്ഷിതാക്കളും തമ്മിലുള്ള അകലം കൂടികൂടിവരുന്നു.
3. പാഠപുസ്തകങ്ങൾ അദ്ധ്യായന വർഷാരഭങ്ങളിൽ തന്നെ ആവശ്യത്തിന് ലഭിക്കുന്നില്ല.
4. പാഠപുസ്തകങ്ങളുടെ വലുപ്പം ഉപയോഗത്തിന് വലിയ അസൗകര്യം ഉണ്ടാക്കുന്നു.
5. അദ്ധ്യാപകർ കൂടുതലുള്ള പ്രൈമറി വിദ്യാലയങ്ങളിൽ ഗുമസ്തന്റെ കുറവ് കുട്ടികളുടെ അദ്ധ്യാപനത്തെ ബാധിക്കും.
6. അദ്ധ്യാപക നിയമനത്തിൽ ഉദ്യോഗാർത്ഥികളുടെ കഴിവും പ്രതിബദ്ധതയും പരിഗണിക്കപ്പെടുന്നില്ല.
7. ഭാഷാ അദ്ധ്യാപകർ അതാത് ഭാഷയിലെ കൂടുതൽ അറിവും, പ്രയോഗ വൈദഗ്ധ്യവും ഉള്ളവരല്ല. ഇതുകൊണ്ടു തന്നെ സ്കൂളുകളിലെ ഭാഷാ അധ്യാപനം വളരെ മോശമാണ്. ഭൂരിഭാഗം ഭാഷാ അധ്യാപകരുടേയും വിദ്യാഭ്യാസ യോഗ്യതപോലും പരിമിതമാണ്.
8. മാസങ്ങൾ മാത്രം സേവനകാലയളവുള്ളവർ പ്രധാനധ്യാപകൻ ആകുന്നത് ബോധനപഠന പ്രക്രിയയെ ബാധിക്കുന്നുണ്ട്.
9. സ്വകാര്യ സ്കൂൾ മാനേജർമാരും അധ്യാപകരും തമ്മിലുള്ള നിസ്സഹകരണവും മാനേജർമാരുടെ സ്ഥാപനത്തോടുള്ള താല്പര്യകുറവും വിദ്യാഭ്യാസത്തെ ബാധിക്കുന്നതാണ്.
10. അധ്യാപക - രക്ഷാകർത്തൃസംഘടനകളും , മാതൃസമിതികളും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഇവ മാതൃകാപരമായി പ്രവർത്തിക്കത്തക്ക വിധത്തിലുള്ള സഹകരണവും, പ്രോത്സാഹനവും ഭൂരിഭാഗം സ്കൂൾ അധികൃതരും നൽകുന്നില്ല.
11. ക്ലാസ് മുറിക്കകത്തും പുറത്തും നടക്കുന്ന കാര്യങ്ങളിൽ ഫലപ്രദമായ മേൽനോട്ടം - പരിശോധന വിദ്യാഭ്യാസ വകുപ്പോ, മാനേജ്മെന്റോ, അധ്യാപക രക്ഷാകർത്തൃ സമിതികളോ, ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളോ നടത്തുന്നില്ല.
12. വിദ്യാലയങ്ങലിൽ രക്ഷിതാക്കളും മാനേജ്മെന്റും വിദ്യാഭ്യാസ അധികൃതരും വിദഗ്ദരും കൂടിയിരുന്ന് പ്രശ്നങ്ങൾ കൈമാറാനോ കൂട്ടായ ശ്രമത്തിലൂടെ അതിനുള്ള പരിഹാരം കണ്ടെത്താനോ ഉള്ള ശ്രമങ്ങൾ നടത്തുന്നില്ല.
13. കുട്ടിയുടെ ഓർമ്മശക്തിയെ മാത്രം പരീക്ഷിക്കപ്പെടുന്ന അശാസ്ത്രീയമായ മൂല്യനിർണ്ണയ രീതിയാണ് നിലനില്ക്കുന്നത്. ഇതുകൊണ്ട് തന്നെ അധ്യാപനവും പഠനവും വിരസമാകുന്നു. അനാകർഷകമാകുന്നു. ഈ രീതിമൂലം കുട്ടികളുടെ പഠന താല്പര്യം കുറയുന്നു.
14. ഗ്രാമപഞ്ചായത്തിലെ ഒരു വാർഡിലും ഒരു സ്കൂളിലും കോത്താരി കമ്മീഷൻ നിർദ്ദേശിച്ച തരത്തിലുള്ള മാതൃകാപരമായ നഴ്സറി സ്കൂളുകൾ നടക്കുന്നില്ല.

    നഴ്സറികൾ എന്ന പേരിൽ നടത്തുന്ന അംഗൻവാടികളിലും ക്രഷുകളിലും ലോവർ പ്രൈമറിയിലെപാഠ്യപദ്ധതിയാണ് പഠിപ്പിക്കുന്നത്. മിക്ക അദ്ധ്യപകരും പ്രഥമികമായ പരിശീലനം പോലും ഇല്ലാത്തവരാണ്. ഇത്തരം നഴ്സറികളുടെ ഭൗതിക സാഹചര്യങ്ങളും വളരെ ദയനീയവും ഗുരുതരവുമാണ്.
15. പ്രൈമറി തലം മുതൽ പത്താം തരം വരെയുള്ള പാഠ്യപദ്ധതിയിൽ കൃഷിക്കും കൈതൊഴിലുകൾക്കും സ്ഥാനം നൽകാത്തതുമൂലം തൊഴിലില്ലായ്മ വർദ്ധിക്കുകയും വുദ്യാർത്ഥികൾക്ക് ദിശാബോധം നഷ്ടപ്പടുകയും ചെയ്തിരിക്കുന്നു.
16. പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകുന്നില്ല.
17. അത്യാവശ്യം വേണ്ടുന്ന കലാ കായിക പരിശീലനം നൽകുന്നതിനുള്ള സൗകര്യങ്ങളോ അതിന് സന്നദ്ധരായ അദ്ധ്യാപകരോ ഭൂരിഭാഗം വിദ്യാലയങ്ങളിലും ഇല്ല. മൽസരങ്ങൾക്ക് മാത്രമായ നാമമാത്ര പരിശീലനത്തിൽ മാത്രം ഒതുങ്ങിയിരിക്കുകയാണ്. ഇതുകൊണ്ടു തന്നെ പഞ്ചായത്തിലെ വിദ്യാർത്ഥികൾ

വേണ്ടത്ര മികവ് ഇക്കാര്യത്തിൽ പ്രകടിപ്പിക്കുന്നില്ല.

19. പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഒത്തു ചേരാനും കൂടുതൽ പ്രായോഗിക പരിജ്ഞാനം ലഭ്യമാക്കാനും പഞ്ചായത്ത് തല പരിപാടികൾ നിലവിലില്ല.

20. വിദ്യാർത്ഥികൾക്ക് പഠനാന്തരീക്ഷം ഒരുക്കിന്നതിൽ പല വീടുകളും പരാജയപ്പെട്ടിരിക്കുന്നു. വിദ്യാർത്ഥികളുടെ പഠനപുരോഗതിയും അവരുടെ ബുദ്ധിമുട്ടുകളും മനസ്സിലാക്കുവാനും ശ്രമിക്കുന്ന തരത്തിലുള്ള രക്ഷിതാക്കളുടെ എണ്ണം വളരെ കുറവാണ്.

21. അദ്ധ്യപകരുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുടെ കുറവുകളും പ്രശ്നങ്ങളും മനസ്സിലാക്കുന്ന രക്ഷിതാക്കളും കുറവാണ്.

22. വിദ്യാലയങ്ങളിൽ കലാ കായിക അദ്ധ്യാപരുടെ കുറവുണ്ട്.

## പൊതുവായ പ്രശ്നങ്ങൾ

1. 56 ലെ കോത്താരി കമ്മീഷൻ നിർദ്ദേശിക്കുന്ന തരത്തിലുള്ള പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ പഞ്ചായത്തിൽ തൃപ്തികരമല്ല.

2. പുതിയപുതിയ അൺ എയ്ഡഡ് സ്കൂളുകളുടെ സ്ഥാപനം നിലവിലുള്ള സ്കൂളുകളുടെ നിലനിൽപ്പിനെ തന്നെ ബാധിക്കുന്നു. ഇതുമൂലം വിദ്യാഭ്യാസം വിലകൂടിയ ഒന്നാവുകയും അതുമൂലം സാധാരണക്കാരന്റെ മക്കൾക്ക് പ്രാഥമിക വിദ്യാഭ്യാസം നിഷേധിക്കപ്പെടുകയും ചെയ്യുന്നു. കഴിഞ്ഞ 4 വർഷത്തിനുള്ളിൽ അംഗീകൃതവും അല്ലാത്തതുമായ 4 വിദ്യാലയങ്ങൾ പുതുതായി ആരംഭിച്ചു. 37 വർഷം പഴക്കമുള്ള ഒരു യു. പി. സ്ക്കൂൾ അടച്ചു പൂട്ടുകയും ചെയ്തു.

3. പഞ്ചായത്തിലെ 1, 2, 7 വാർഡുകളിൽ താമസിക്കുന്ന കുട്ടികൾക്ക് പ്രൈമറി വിദ്യാഭ്യാസം ലഭ്യമാക്കാൻ ഏകദേശം 1¹/2 കി. മീറ്ററിൽ കൂടുതൽ പോകേണ്ടി വരുന്നു.

4. മാതാപിതാക്കൾക്ക് മാതൃഭാഷയോളം സാധാരണ സ്ക്കൂളുകളോടുമുള്ള തെറ്റിദ്ധാരണയും മതിപ്പില്ലായ്മയും ഈ രംഗത്തെ പ്രധാന പ്രശ്നമായി നിലനിൽക്കുന്നു.

5. എയ്ഡഡ് സ്ക്കൂൾ അദ്ധ്യാപകരും ജന പ്രതിനിധികളും പൊതുപ്രവർത്തകരും എയ്ഡഡ് സ്ക്കൂൾ മാനേജർമാരും തന്നെ സ്വന്തം മക്കളെ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ പഠിപ്പിക്കുന്നത് പൊതുജനങ്ങളുടെ സാധാരണ സ്ക്കൂളുകളോടുള്ള വിശ്വാസ്യത നഷ്ടപ്പെടുന്നതിന്റെ വേഗത കൂട്ടിയിരിക്കുന്നു.

6. സാങ്കേതിക - തൊഴിൽ പരിശീലന സ്ഥാപനങ്ങളുടെ അഭാവം തൊഴിലില്ലായ്മ വർദ്ധിക്കുന്നതിനും ഇടവരുത്തിയിട്ടുണ്ട്.

7. അതാതു പ്രദേശത്തെ കുട്ടികൾ അതാത് സ്ഥലങ്ങളിലെ സ്കൂളുകളിൽ പഠിക്കുന്നില്ല. ഈ പഞ്ചായത്തിലെ കുട്ടികൾ ഇവിടുത്തെ ഹൈസ്ക്കൂളിൽ പ്രവേശനം കിട്ടാത്തതിന്റെ പേരിൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനായി അടുത്ത പഞ്ചായത്തുകളിലേക്ക് യാത്രാക്ലേശം അനുഭവിച്ച് പോകേണ്ടി വരുന്നു. തദ്ദേശവാസികളുടെ കുട്ടികൾക്കുപോലും ചുണ്ടലിലെ ലേഡി ഇമാക്കുലേറ്റ് ഗേൾസ് ഹൈസ്കൂളിൽ പ്രവേശനം ലഭിക്കുക എന്നത് ദുഷ്കരമായി തീർന്നിരിക്കുന്നു.

8. അധ്യാപകർക്ക് വേതനം, സ്കൂളിന് ആവശ്യമായ ധനസഹായം ഇവ സർക്കാർ നൽകുന്നുണ്ടെങ്കിലും സ്വകാര്യ സ്കൂൾ മാനേജർമാരാണ് ആ സ്ഥാപനത്തിന്റെ ചോദ്യം ചെയ്യപ്പെടാത്ത പരമാധികാരികളെന്ന കേരള വിദ്യാഭ്യാസ നിയമത്തെ മാനേജർമാർ ചൂഷണം ചെയ്ത് എന്തു തന്നിഷ്ടവും ചെയ്യുന്നതിന് തയ്യാറാകുന്നു.

9. ഗ്രെയ്സ് മാർക്ക് നൽകി എസ്. എസ്. എൽ. സി. വരെയുള്ള വിദ്യാർത്ഥികളെ 90% വിജയിപ്പിക്കുന്നത് പഠനപുരോഗതിയെ ബാധിക്കുന്നുണ്ട്.

10. ഭൂതല ഉപഗ്രഹ ചാനൽ പരിപാടിയുള്ള ദൂരദർശന്റെ സർവ്വപ്രചാരത്വം വിദ്യാർത്ഥികളുടെ പഠനത്തേയും അധികവായനയേയും ബാധിക്കുന്നുണ്ട്.

## സാധ്യതകൾ പരിഹാരനിർദ്ദേശങ്ങൾ

1. കോത്താരി കമ്മീഷൻ നിർദ്ദേശിച്ച തരത്തിലുള്ള സ്കൂൾ കോംപ്ലക്സ് പ്രവർത്തനം ഫലപ്രദമായി നടപ്പാക്കുക.
2. അധ്യാപനപരവും ഭൗതികപരവുമായ കാര്യങ്ങളിൽ ഫലപ്രദമായ മേൽനോട്ടവും, പരിശോധനയും വേണം.
3. അധ്യാപനം ആകർഷകമാക്കാൻ പഠനോപകരണ ശില്പശാല നടത്തി പഠനവും ബോധനവും ആസ്വാദ്യകരമാക്കണം.
4. അതാത് പ്രദേശത്തെ കുട്ടികൾ അതാത് പ്രദേശത്തെ സ്കൂളുകളിൽ പഠിക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള ചർച്ചകളും നടപടികളും ഉണ്ടാകണം.
5. എല്ലാ വാർഡുകളിലും രണ്ടു വീതം മാതൃകാ നേഴ്സറികൾ ആരംഭിക്കുക. പരിശീലനം ലഭിച്ച അധ്യാപകരെ നിയമിക്കുക. ഈ അധ്യാപകരുടെ പ്രതിമാസ പഞ്ചായത്ത്തല സംഗമം നടത്തുകയും അവിടെ കർമ്മോൻമുഖരാക്കുകയും വേണം.
6. പി. ടി. എ. മാതൃസംഘം സമിതികൾ ശക്തമാക്കണം. ചർച്ചകൾ സെമിനാറുകൾ തുടങ്ങിയ പരിപാടികളിലൂടെ സാധാരണ സ്കൂളുകളുടെ വിശ്വാസ്യതയും, മഹത്വവും, ജനസാമാന്യത്തിന് ബോധ്യപ്പെടുത്താൻ കഴിയണം.
7. എസ്. എസ്. എൽ. സി. വിദ്യാർത്ഥികളെ അധ്യാപനപരവും, ഭൗതികവുമായി സഹായിക്കുന്നതിന് ഓരോ വാർഡിലും അഭ്യസ്തവിദ്യരുടെ സന്നദ്ധസേന രൂപീകരിക്കണം,.
8. ഓർമ്മശക്തിയെ മാത്രം അടിസ്ഥാനപ്പെടുത്തിയ മൂല്യനിർണ്ണയ രീതിയിലെ ന്യൂനതകൾ പരിഹരിക്കപ്പെടണം. ഇപ്പോൾ നടന്നവരുന്ന എം. എൽ. എൽ. പരിപാടിയിലെ ന്യൂനതകൾ പരിഹരിക്കണം.
9. തുടർസാക്ഷരതാ പരിപാടിക്ക് പഞ്ചായത്ത് മുൻകൈ എടുക്കണം.
10. കൃത്യമായ ഒരു മാനദണ്ഡം വെച്ച് പഞ്ചായത്ത് പ്രദേശത്ത് ഓരോ വിഭാഗത്തിലേയും ഏറ്റവും നല്ല സ്കൂളിനും, അധ്യാപകനും, വിദ്യാർത്ഥിക്കും അവാർഡ് ഏർപ്പെടുത്തണം.
11. വിദ്യാർത്ഥികളുടെ കലാ കായിക മേളകൾ പഞ്ചായത്ത് തലത്തിൽ നടത്തുക. എല്ലാ വിദ്യാലയങ്ങലിൽ നിന്നും പങ്കാളിത്തം ഉറപ്പുവരുത്തുക. അതിൽ തിരഞ്ഞെടുക്കപ്പെടുന്നവർ മാത്രം സബ് ജില്ലാതല മത്സരത്തിൽ പങ്കെടുക്കുക എന്നത് കൂടുതൽ നന്നായിരിക്കും.
12. ഒന്നോ രണ്ടോ വിദ്യാലയങ്ങളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകണം.
13. പ്രാഥമിക വിദ്യാഭ്യാസത്തിന്റെ പ്രധാനപ്പെട്ട മൂന്ന് ലക്ഷ്യങ്ങളായ
    1. പഠിക്കാൻ പഠിക്ക 2. ജീവിക്കാൻ പഠിക്ക 3. തൊഴിൽ മാഹാത്മ്യം ബോധ്യപ്പെടുത്തുക. ഇവ സാക്ഷാത്കരിക്ക വിധത്തിലുള്ള വിദ്യാഭ്യാസം നൽകാൻ മുൻകൈ എടുക്കണം.
14. ചൂണ്ടൽ ജെ. ജി. യു. പി. സ്കൂൾ ഒന്നു മുതൽ ഏഴു വരെയുള്ള ഒരു യു. പി. സ്കൂളായി നിലനിർത്താൻ പഞ്ചായത്ത് മുൻകൈ എടുക്കണം: പാഠ്യപദ്ധതിയിൽ തൊഴിൽ പരിശീലനത്തിനു കൂടി പ്രാമുഖ്യം നൽകണം.
15. മഴുവഞ്ചേരി പയ്യൂർ പ്രദേശങ്ങളിൽ പ്രൈമറി സ്കൂൾ സ്ഥാപിക്കണം. ചൂണ്ടൽ, തായങ്കാവ് ഗവ. യു. പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തണം. മണലി നാഷണൽ എൽ. പി. സ്കൂൾ അപ്ഗ്രെയ്ഡ് ചെയ്യണം.
16. ചൂണ്ടൽ ഗവ. യു. പി. സ്കൂൾ ഗ്രൗണ്ട് സംരക്ഷിക്കാൻ നടപടിവേണം. ചുറ്റുമതിൽ കെട്ടണം.
17. പാഠ്യപദ്ധതി പരിഷ്കരിക്കുമ്പോൾ വ്യക്തമായ ധാരണയോടും, ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിലും ആകണമെന്നത് സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.
18. ഭാഷാ അധ്യാപകരുടെ വിദ്യാഭ്യാസയോഗ്യത ഉയർത്തണം. അപ്പർ പ്രൈമറി ക്ലാസുകളിലെ ഭാഷാ അധ്യാപകരുടെ യോഗ്യത ബി. എ. ബി എഡ് (അധ്യാപന ഭാഷയിൽ) ഹൈസ്ക്കൂൾ ഭാഷാധ്യാപകരുടെ യോഗ്യത എം. എ. ബി.എഡ്. (അധ്യാപന ഭാഷയിൽ) ആക്കി മാറ്റണം.
19. ബി. എഡ് കോഴ്സ്. രണ്ടു വർഷമാക്കണം.

20. മൂന്ന് വർഷമെങ്കിലും സേവന കാലയളവ് ഇല്ലാത്തവരെ പ്രധാന അദ്ധ്യാപകരാകാൻ അനുവദിക്കാതിരിക്കത്തക്ക വിധത്തിൽ നിയമനിർമ്മാണം നടത്തണം. പ്രധാന അദ്ധ്യാപകർ കേരളാ സർവ്വീസ് റൂളും, കേരള വിദ്യാഭ്യാസ റൂൾ ടെസ്റ്റുകളും പാസായവരാകണം.
21. പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയിലൂടെയെന്നത് നിർബന്ധമാക്കണം.
22. ഒരു നിശ്ചിത സമയം അഭിരുചിക്കനുസരിച്ചുള്ള വൈവിധ്യമുള്ള തൊഴിലുകൾ അഭ്യസിക്കുന്നതിനുള്ള അവസരമുണ്ടാകണം.
23. പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന്റെ ശാസ്ത്രീയവും ഫലപ്രദവുമായ നടത്തിപ്പിന് കർശനമായ നിയമനിർമ്മാണത്തിന് സംസ്ഥാന സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.
24. ഉച്ചഭക്ഷണപരിപാടിയ്ക്കായുള്ള സർക്കാരിന്റെ അരി, പയർ വിഹിതം കൂട്ടണം. കുട്ടി ഒന്നിന് 10 പൈസ വച്ചുള്ള സർക്കാർ സഹായവും വർദ്ധിപ്പിക്കണം.
25. മാനേജർമാരെ കടിഞ്ഞാണിടാവുന്ന തരത്തിലുള്ള കേരള വിദ്യാഭ്യാസ നിയമത്തിലെ വകുപ്പുകളും ചടങ്ങുകളും ഭേദഗതി ചെയ്യാൻ സർക്കാരിൽ സമ്മർദ്ദം വേണം. വിദ്യാലയങ്ങൾ നിർത്തലാക്കാനുള്ള പ്രവണതയെ ഉപേക്ഷിക്കത്തക്ക വിധത്തിലുള്ള നിയമനിർമ്മാണമുണ്ടാകണം.

## അയൽകൂട്ടം

26. ഓരോ വാർഡിലും 1 മുതൽ 9 വരെ ക്ലാസുകളിലെ പിന്നോക്കം നിൽകുന്ന വിദ്യാർത്ഥികളെ സഹായിക്കാൻ ഒരു സന്നദ്ധസംഘം രൂപീകരിക്കാനും, അതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും പഞ്ചായത്ത് മുൻകൈയ്യെടുക്കണം. വീടുകളിലെ പരിമിതികൾ കാരണം കുട്ടികളുടെ ഗൃഹപഠനം ഫലപ്രദമാകാത്ത സ്ഥിതി ഇന്നുണ്ട്. കൂടാതെ ടി. വി. പരിപാടികളുടെ സ്വാധീനവും ഒരു കാരണമാകുന്നു,. അധ്യാപകരുടെ പ്രവർത്തനം ഫലപ്രാപ്തിയിലെത്താൻ ഫലപ്രദമായ ഗൃഹപഠന മോണിറ്ററിങ്ങ് ആവശ്യമാണ്. ഇതിനുള്ള സംവിധാനമാണ് അയൽകൂട്ടം.

## പഞ്ചായത്ത് സ്കൂൾ 'കോംപ്ലക്സ് വിശദീകരണം.

വിദ്യാഭ്യാസം ഒരു വികസന പ്രവർത്തനമാണ്. വ്യക്തികളുടെ വികസനം മാത്രമല്ല ഇതുകൊണ്ട് ലക്ഷ്യമാക്കുന്നത് വ്യക്തികളിലൂടെ ഒരു പ്രദേശത്തിന്റേയും, വിവിധ പ്രദേശങ്ങളിലൂടെ രാജ്യത്തിന്റേയും വികസനം ഈ സങ്കൽപത്തിൽ ഉൾച്ചേർന്നിരിക്കുന്നു. വിദ്യാഭ്യാസരംഗത്ത് ജനകീയ ഇടപെടൽ അനിവാര്യമായിരിക്കുന്നുവെന്ന ബോധമാണ് പുതിയ രീതിയിലുള്ള കോംപ്ലക്സ് പ്രവർത്തനം എന്ന ആശയം മുന്നോട്ടുവരുവാൻ ഇടയായത്. തങ്ങളുടെ കുട്ടികൾക്ക് ഏത് രീതിയിലുള്ള വിദ്യാഭ്യാസമാണ് വേണ്ടതെന്ന് തുറന്നാലോചിക്കാൻ ഇത് ജനങ്ങൾക്ക് വേദിയൊരുക്കുന്നു. നിലവിലുള്ള അവസ്ഥ എങ്ങിനെ മെച്ചപ്പെടുത്താമെന്ന് ജനങ്ങളും ജനസേവകരായ ഉദ്യോഗസ്ഥരും കൂടിയാലോചിക്കുന്നു. ഉരുത്തിരിയുന്ന ആശയങ്ങൾ കൂട്ടായി നടപ്പിലാക്കണം. സ്കൂൾ കോംപ്ലക്സുകളെ വികേന്ദ്രീകതാസൂത്രണത്തിന്റേയും നിർവ്വഹണത്തിന്റേയും മാതൃകരൂപമാക്കി മാറ്റണം. കീഴ്ത്തട്ടിൽ നിന്നും വരുന്ന അഭിപ്രായങ്ങൾക്കും പ്രവർത്തനങ്ങൾക്കുമാവണം പ്രാമുഖ്യം. സ്കൂൾ എന്നാൽ സർക്കാർ നല്കുന്ന വിഭവങ്ങൾ മാത്രമുപയോഗിച്ച് കുറെ ഉദ്യോഗസ്ഥന്മാരും അധ്യാപകരും നടത്തുന്ന സ്ഥാപനമാണ് എന്ന ധാരണ മാറ്റാൻ വൈകിയിരിക്കുന്നു. ഒരിടത്തെ സ്കൂൾ അവിടുത്തെ ജനങ്ങളുടെ പൊതുസ്വത്താണ്. കോംപ്ലക്സ് എന്നത് ജീവിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രസ്ഥാനമാവണം. ഇടയ്ക്ക് ഉരിടവേള എന്നത് ഗുണകരമാവില്ല എല്ലാ തിരക്കുകൾക്കിടയിലും ചെറു ചെറു പരിപാടികളിലൂടെ ഇത് മുന്നോട്ട് കൊണ്ടുപോകണം. പ്രതിമാസ അദ്ധ്യാപക സംഗമങ്ങൾ നടക്കണം.

27. പാവപ്പെട്ട കുട്ടികൾക്ക് വേണ്ടി ജാതി പരിഗണന കൂടാതെയുള്ള ധനസഹായം ലഭ്യമാക്കാൻ കരുതൽ ഫണ്ട് രൂപീകരിക്കണം.
28. ചൂണ്ടൽ പഞ്ചായത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമല്ല എന്നുതന്നെ പറയാം. ഈ അവസ്ഥക്ക് മാറ്റം വരുത്തണം. നിലവിലുള്ള സ്കൂളിൽ വി. എച്ച്. സി. സംവിധാനം ഏർപ്പെടുത്തുകയും പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം അനുവദിക്കാനുള്ള

ഏർപ്പാടുകൾ ചെയ്യുകയും വേണം - തലക്കോട്ടുകരയിൽ ഇതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താം.

29. പാറന്നൂരിൽ ഒരു യു. പി. സ്കൂൾ നിലവിലുണ്ട് അത് സർക്കാർ ഏറ്റെടുത്ത് ഹൈസ്ക്കൂളാക്കി ഉയർത്തണം.

30. 9, 11 വാർഡുകളിൽ ഓരോ എൽ. പി. സ്കൂൾ നിലവിലുണ്ട്. ഇവ യു. പി. സ്കൂളാക്കി ഉയർത്തണം.

31. 1, 2, 7 വാർഡുകളിലെ കുട്ടികൾക്ക് പ്രൈമറി വിദ്യാഭ്യാസം ലഭ്യമാക്കാൻ ശാശ്വതമായ പരിഹാരമുണ്ടാകണം. സർക്കാർ ഔദ്യോഗികമായി അടച്ചു പൂട്ടാത്ത ചൂണ്ടൽ ജെ. ജി. യു. പി. സ്കൂൾ പഞ്ചായത്ത് ഏറ്റെടുത്ത് പ്രവർത്തനമാരംഭിക്കയോ പുതിയ സ്കൂൾ ആരംഭിക്കുകയോ വേണം.

32. എല്ലാ വിദ്യാലയങ്ങളിലും സ്കൂൾ വാർഷികം, നടത്തുന്നുണ്ടെന്നും പഠനയാത്ര, സ്കൂൾ അസംബ്ലി, യൂണിഫോം തുടങ്ങിയവ ഫലപ്രദമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഉണ്ടാകണം. ലൈബ്രറി, പരീക്ഷണ ശാല, സയൻസ് ക്ലബ്, സയൻസ് കോർണർ, കാർഷിക ക്ലബ്, കലാ കായിക പരിശീലനം ഇവയെല്ലാം മുഴുവൻ സ്കൂളികളിലും ഫലപ്രദമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കതക്കവിധത്തിലുള്ള നടപടി വേണം. മേൽപറഞ്ഞ മേൽനോട്ടവും, പരിശോനയും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിന് വിദഗ്ദരുടെ ഒരു സെൽ രൂപീകരിക്കണം.

33. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുകയും ഒരു ഡിവിഷൻ 51 കുട്ടികളിലധികം പഠിപ്പിക്കുന്നില്ലെന്ന് ഉറപ്പാക്കുകയും വേണം.

34. അദ്ധ്യാപക നിയമനങ്ങൾ അഴിമതിയ്ക്ക് സ്ഥാനമില്ലാത്ത വിധം നിയമനം പി. സ്. സി. യ്ക്ക് വിടണം.

35. അദ്ധ്യാപക നിയമനത്തിൽ ഉദ്യോഗാർത്ഥിയുടെ അദ്ധ്യാപനത്തോടുള്ള കഴിവും പ്രതിബന്ധതയും പരിഗണിക്കപ്പെടണം.

36. ഗ്രാമീണ വായനശാലകളുടെ പ്രവർത്തന ശൈലി മാറ്റണം. ഭരണ സമിതികളിൽ ഇക്കാര്യത്തിൽ താല്പര്യമുള്ളവർ തെരഞ്ഞെടുക്കപ്പെടണം. രണ്ട് വർഷം കൂടുമ്പോൾ നിലവിലുള്ള സമിതിയിലെ പകുതി അംഗങ്ങൾ മാറുകയും പകരം പുതിയ അംഗങ്ങളെ തെരഞ്ഞെടുക്കുകയും വേണം. വായനശീലവും അധിക വായനയും പ്രോത്സാഹിപ്പിക്കുകയും താല്പര്യമുണ്ടാക്കുകയും ചെയ്യുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഉണ്ടാകണം. കുട്ടികളുടെ പുസ്തകങ്ങൾക്കു കൂടി വായനശാലകളിൽ പ്രാമുഖ്യമുണ്ടാകണം. അതുപോലെ കുട്ടികളുടെ പരിപാടികളിലും ശ്രദ്ധിക്കണം.

• • •

# 4. ആരോഗ്യം - കുടിനീർ - പരിസരശുചിത്വം

## ആരോഗ്യം

അലോപ്പതി ചികിത്സ വളർന്നു വലുതാകുന്നതിന് വളരെ മുമ്പു തന്നെ പാരമ്പര്യചികിത്സാസമ്പ്രദായവും ആയുർവേദചികിത്സാരീതികളും ഇവിടെ സർവ്വസാധാരണമായിരുന്നു. കേട്ടറിവും നാട്ടറിവും ഉപയോഗിച്ചുള്ള ചികിത്സാരീതികളായിരുന്നു അധികവും. മിക്ക കുടുംബങ്ങളിലെയും മുത്തച്ഛന്മാരും മുത്തശ്ശിമാരും പ്രഥമശുശ്രൂഷ നടത്തുവാൻ കഴിവുള്ളവരായിരുന്നു. നാട്ടുവൈദ്യന്മാരും ആര്യവൈദ്യന്മാരും അഷ്ടവൈദ്യന്മാരുമായിരുന്നു അക്കാലത്തെ ചികിത്സാരംഗത്തെ മേധാവികൾ.

നേത്രചികിത്സാരംഗത്തും വിഷചികിത്സാരംഗത്തും അതുപോലെത്തന്നെയുള്ള മററ് ആരോഗ്യ മേഖലകളിലും പ്രവർത്തിച്ച് കീർത്തികേട്ട വൈദ്യന്മാർ അന്നുണ്ടായിരുന്നു. ഇങ്ങനെയുണ്ടായിരുന്നവരിൽ ചിലരെ ഇവിടെ സ്മരിക്കേണ്ടിയിരിക്കുന്നു. ഐതിഹ്യമാലയിൽപോലും സ്പർശിക്കപ്പെട്ട പുരാതനകാലം മുതൽ ആയുർവ്വേദവൈദ്യശാസ്ത്രത്തിൽപേരു കേട്ടഅഷ്ടവൈദ്യൻ ആലത്തിയൂർ നമ്പി അന്നും ഇന്നും നമുക്ക് അഭിമാനിക്കാവുന്നതാണ്. നേത്രചികിത്സാരംഗത്ത് ഇപ്പോഴും പ്രശസ്തരായ കൊടക്കാട്ടിൽ വൈദ്യന്മാർ നമ്മുടെ പഞ്ചായത്തിന്റെ പ്രശസ്തി അന്യ ദിക്കിലേക്കുകൂടെ വ്യാപിപ്പിക്കുന്നു. ഏതുതരം അസ്ഥിരോഗങ്ങളും, ഒടിവ്, ചതവ്, തുടങ്ങിയ രോഗങ്ങളും പച്ചമരുന്നും തൈലങ്ങളും ഉപയോഗിച്ച് ഉഴിച്ചിൽ വെച്ചുകെട്ടൽ എന്നിവ ചെയ്ത് ചികിത്സിച്ചുപോന്നിരുന്ന പന്തീരായിൽ അപ്പുക്കുട്ടിവൈദ്യർ, വിഷചികിത്സാരംഗത്ത് പ്രവർത്തിച്ചിരുന്ന പാറന്നൂർ ചെറുവത്തൂർ മാത്തു, വറീത്, പെരുമണ്ണ് എടക്കാടത്ത് കുടുംബക്കാർ, ചൂണ്ടൽ പൂലോത്ത് കൃഷ്ണൻനായർ മൃഗചികിത്സാരംഗത്ത് പ്രവർത്തിച്ചിരുന്ന ചൂണ്ടൽ ഇട്ട്യേച്ചൻ വൈദ്യർ, പറപ്പൂപറമ്പിൽ ഇററമുകുട്ടി വൈദ്യർ എന്നിവരെ പ്രത്യേകം സ്മരിക്കേണ്ടിയിരിക്കുന്നു. കൂടാതെ ചൂണ്ടൽ തരവാട്ടിൽ തോമ, ചാക്കുണ്ണി, തലക്കോട്ടുകര ഗോവിന്ദൻ വൈദ്യർ, കുട്ടൻ വൈദ്യർ, തെക്കെക്കര ചേറുകുട്ടി എന്നിവരും ഈ രംഗത്ത് വിലപ്പെട്ട സംഭാവനകൾ ചെയ്തവരാണ് യൂണിസഫിന്റെ പ്രത്യേക പട്ടികയിൽപ്പെടുന്ന കുഷ്ഠം, ക്ഷയം, മലമ്പനി എന്നീ രോഗങ്ങളൊന്നും നമ്മുടെ പഞ്ചാത്തിലെ ഏതെങ്കിലും പ്രദേശത്ത് പാരമ്പര്യമായി ഇല്ല എന്ന് നമുക്ക് അഭിമാനിക്കാം.

അലോപ്പതി ചികിത്സാരീതികൾ കൂടുതൽ ഫലപ്രദമായി വികസിക്കുകയും ആ രംഗത്ത് ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു തുടങ്ങിയതോടെ നമ്മുടെ പ്രദേശത്തും പ്രകടമായ മാററങ്ങൾ വന്നു തുടങ്ങി. ചൂണ്ടൽ തായങ്കാവ് പ്രദേശത്ത് ഫാദർ ജി. എഫ്. ചൂണ്ടൽ മുൻകൈയ്യെടുത്ത് ഒരു ആസ്പത്രി സ്ഥാപിക്കുകയും 1969 ൽ കേവലം ഒരു ഡോക്ടറായി തുടങ്ങിയ ആ ആസ്പത്രി വളർന്നു വലുതായി ആതുരശുശ്രൂഷാരംഗത്ത് തലയുയർത്തി നിൽക്കുന്ന ഒരു സ്ഥാപനമായി മാറിക്കഴിഞ്ഞുവെന്നത് അഭിമാനാർഹമായ കാര്യം തന്നെയാണ്. "സെന്റ് ജോസഫ്സ് ഹോസ്പിററൽ, ചൂണ്ടൽ" എന്നറിയപ്പെടുന്ന ഈ ആസ്പത്രിയുടെ സേവനം ഈ പ്രദേശത്തിന്റെ ആരോഗ്യപ്രശ്നങ്ങൾക്ക് വലിയ ഒരളവുവരെ താങ്ങും തണലുമാണ്. കേച്ചേരിയിൽ നിന്നും വളരെ അടുത്ത് മഴുവഞ്ചേരിയിൽ രൂപം കൊണ്ടു വരുന്ന സഹകരണമേഖലയിലെ പ്രിയദർശിനി ആശുപത്രി നമുക്ക് അഭിമാനിക്കാവുന്ന മറ്റൊരു സ്ഥാപനമായി മാറും എന്ന് പ്രത്യാശിക്കുക. ഇവ കൂടാതെ ചിറനെല്ലൂരിൽ സർക്കാർവകയായ പ്രൈമറി ഹെൽത്ത് സെന്ററും ചൂണ്ടലിൽ ഒരു ഗവ. ആയുർവ്വേദ ഡിസ്പെൻസറിയും സ്വകാര്യമേഖലകളിലായി ആറ് അലോപ്പതി ക്ലിനിക്കുകളും രണ്ട് ദന്തശുശ്രൂഷാ കേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നുണ്ട്. പാരമ്പര്യ വൈദ്യന്മാരുടെ മൂന്നിലേറെ ചികിത്സാകേന്ദ്രങ്ങളുമുണ്ട്. മൂന്ന് മാതൃക ശിശുസംരക്ഷണ കേന്ദ്രങ്ങൾ, രണ്ട് റഗുലർ ഫീഡിങ്ങ് സെന്ററുകൾ, ക്രഷ് പ്രോഗ്രാം അനുസരിച്ച് പ്രവർത്തിക്കുന്ന ഒരു ബാലവാടി. 14 പഞ്ചായത്തുകൾക്കൂടിയാണെങ്കിലും ഈ പഞ്ചായത്തിലെ രണ്ടാം വാർഡ് ആസ്ഥാനമാക്കിയിട്ടുള്ള ഫുഡ് ഇൻസ്പെക്ടർ എന്നിവയും പഞ്ചായത്തിലുണ്ട്. മൊത്തം ആരോഗ്യസ്ഥിതി വിലയിരുത്തുമ്പോൾ അത്ര മോശപ്പെട്ട അവസ്ഥയല്ലെങ്കിലും ദുർബല ജനവിഭാഗങ്ങളുടെ കാര്യത്തിൽ അത്ര തൃപ്തികരമല്ല. ഛർദ്ദി, അതിസാരം, പനി, ചിക്കൻപോക്സ്, ചെങ്കണ്ണ്, ടൈഫോയ്ഡ്, മഞ്ഞപ്പിത്തം തുടങ്ങിയവയാണ് പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ.

## പട്ടിക 1.

## ഗവ: പ്രാഥമിക ആരോഗ്യകേന്ദ്രം, ചൂണ്ടൽ.

**P. O.** ചിറനെല്ലൂർ.

| വർഷം | രോഗികളുടെ എണ്ണം | | | മരുന്നിന്റെ വില | പ്രതിദിനം ശരാശരി | | ഒരു രോഗിക്ക് ഒരു ദിവസം |
|---|---|---|---|---|---|---|---|
| | പിതിയത് | പഴയത് | ആകെ | | രോഗികൾ | മരുന്ന് | |
| 1994 - 95 | 2300 | 1875 | 4175 | 23816 | 12 | 65-00 | 5-40 |
| 1995 - 96 | 6536 | 4096 | 10632 | 34184 | 39 | 94-00 | 2-50 |
| 1996 - 97 | 7 മാസത്തെ കണക്ക് | | | 17794 | 60 | 120-00 | 2-00 |

ആകെ സ്റ്റാഫ് - 15

## പട്ടിക 2 : കുത്തിവെപ്പു സംബന്ധിച്ച വിവരങ്ങൾ

(P. H. C. - ചൂണ്ടൽ)

| കുട്ടികൾ | B. C. G. | D. P. T. | | | | പോളിയോ | | | | D. T. | | | മീസൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1-ാം വാർഡ് ഡോസ് | 2-ാം വാർഡ് ഡോസ് | 3-ാം വാർഡ് ഡോസ് | ബൂസ്റ്റർ | 1-ാം വാർഡ് ഡോസ് | 2-ാം വാർഡ് ഡോസ് | 3-ാം വാർഡ് ഡോസ് | ബൂസ്റ്റർ | 1-ാം വാർഡ് ഡോസ് | 2-ാം വാർഡ് ഡോസ് | ബൂസ്റ്റർ | |
| 1 വയസ്സിനു താഴെ | 225 | 258 | 270 | 283 | | 258 | 270 | 283 | | | | | 231 |
| 1-3 വയസ്സ് | | | | | 253 | | | | 253 | 10 | 15 | | |
| 3-6 വയസ്സ് | | | | | | | | | | | | 83 | |

## പട്ടിക 3

## ഗവ. ആയുർവ്വേദ ഡിസ്പെൻസറി, ചൂണ്ടൽ.

| വർഷം | രോഗികളുടെ എണ്ണം | | | മരുന്നിന്റെ വില | പ്രതിദിനം ശരാശരി | | ഒരു രോഗിക്ക് ഒരു ദിവസം |
|---|---|---|---|---|---|---|---|
| | പുതിയത് | പഴയത് | ആകെ | | രോഗികൾ | മരുന്ന് | |
| 1994 - 95 | 4007 | 14636 | 18643 | 12473 | 51 | 34 - 00 | 0 - 70 പൈസ |
| 95 - 96 | 3921 | 12999 | 16920 | 22321 | 46 | 61 - 00 | 1- 30 പൈസ |
| 96 -97 | 4 മാസത്തെ കണക്ക് | | | | 50 | 85 - 00 | 1 - 70 പൈസ |

ആകെ സ്റ്റാഫ് - ഡോക്ടറടക്കം മൂന്നുപേർ

പട്ടിക 4

## സ്വകാര്യക്ലിനിക്കുകളുടെ വിവരം

| ക്രമ നമ്പർ | വിഭാഗം | എണ്ണം | ദിവസം വരുന്ന രോഗികൾ ശരാശരി | പ്രധാന രോഗവിവരം |
|---|---|---|---|---|
| 1 | അലോപ്പതി | 6 | 160 | പനി, ഛർദ്ദി, അതിസാരം, ചെങ്കണ്ണ്, ത്വക്രോഗങ്ങൾ, മഞ്ഞപ്പിത്തം, മാതരോഗങ്ങൾ, ടൈഫോയ്ഡ്, ചിക്കൻ പോക്സ് |
| 2. | ആയുർവ്വേദം | 7 | 105 | |
| 3. | ഹോമിയോ | 2 | 20 | |
| 4. | ദന്തവൈദ്യം | 2 | 15 | |
| 5. | പാരമ്പര്യ വൈദ്യം | 3 | 15 | |

കൂടുതൽ രോഗികളും സ്വകാര്യ ഏജൻസികളെയാണ് ചികിത്സക്കുവേണ്ടി ആശ്രയിക്കുന്നത്. ഇതിൽ കുറെപ്പേർ വിദഗ്ദ ചികിത്സ ആവശ്യമായി വരുന്നവരാണ്. അങ്ങിനെയുള്ള രോഗികളെ തൃശ്ശൂർ കേന്ദ്രീകരിച്ചുള്ള വലിയ ആശുപത്രികളിലേക്ക് റഫർ ചെയ്യുകയാണ് പതിവ്.

## സർക്കാർ ആരോഗ്യപരിപാലന കേന്ദ്രങ്ങൾ ഒറ്റനോട്ടത്തിൽ

| സ്ഥാപനത്തിന്റെ പേര് | എണ്ണം |
|---|---|
| പ്രൈമറി ഹെൽത്ത് സെന്റർ, ചിറനെല്ലൂർ (ഡോക്ടർ - 1, സ്റ്റാഫ് - 15) | ഒന്ന് |
| ആയുർവ്വേദ ഡിസ്പൻസറി, ചൂണ്ടൽ. (ഡോക്ടറടക്കം മൂന്ന് പേർ) | ഒന്ന് |
| സബ്സെന്റർ (ഓരോന്നിലും ഒരാൾ വീതം) | അഞ്ച് |
| മാതൃശിശുസംരക്ഷണ കേന്ദ്രങ്ങൾ | മൂന്ന് |
| റഗുലർ ഫീഡിങ്ങ് സെന്റർ | രണ്ട് |
| ക്രഷ് പ്രോഗ്രാം ബാലവാടി | ഒന്ന് |
| സർക്കിൾ ഫുഡ് ഇൻസ്പെക്ടർ (14 പഞ്ചായത്തിന് ഒരാൾ) | ഒന്ന് |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | രണ്ട് |

### പ്രധാന പ്രശ്നങ്ങൾ

1. ചിറനെല്ലൂരിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന പ്രൈമറി ഹെൽത്ത് സെന്റർ കേവലം രണ്ട് വാടകമുറികളിലായാണ് പ്രവർത്തിച്ചു വരുന്നത്. ഒരു ഡോക്ടറും ബന്ധപ്പെട്ട പതിനഞ്ചോളം മറ്റു ജോലിക്കാരും ഉണ്ടെങ്കിലും ചൂണ്ടൽ പഞ്ചായത്തിലെ ഏക സർക്കാർ ആശുപത്രി എന്ന നിലക്ക് ചികിത്സാ സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്.

2. ആകെ അഞ്ച് സബ് സെന്റർ ചൂണ്ടൽ പഞ്ചായത്തിനുള്ളിൽ ഉണ്ടെന്ന് പറയാം. ചിറനെല്ലൂർ പ്രദേശത്തിനു വേണ്ടിയുള്ളത് പ്രൈമറി ഹെൽത്ത് സെന്ററിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. ഒന്നാം വാർഡിൽ സബ് സെൻററിനു വേണ്ടിയുള്ള കെട്ടിടം പണികഴിഞ്ഞിട്ടുണ്ടെങ്കിലും പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. കേച്ചേരി സബ്സെന്റർ സ്വന്തം കെട്ടിടം ഇല്ലാത്തതുകൊണ്ട് മഴുവഞ്ചേരിയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. കേച്ചേരിയിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നു. മൂന്നാം വാർഡിൽ പ്രവർത്തിക്കുന്ന സബ് സെന്ററിന്റെ ഭൗതിക സാഹചര്യങ്ങൾ തീരെ തൃപ്തികരമല്ല.

3 അഞ്ച് സബ് സെൻററുകളിൽ ഓരോന്നിലും ഓരോ പബ്ലിക് നേഴ്സ് (J. P. H. N.) വീതം ഉണ്ടെങ്കിലും നാട്ടിൽ കാലാവസ്ഥാമാറ്റത്തിനനുസരിച്ച് ഉണ്ടാകുന്ന ചെങ്കണ്ണ്, മലമ്പനി, മഞ്ഞപ്പിത്തം, അഞ്ചാംപനി, വയറുകടി എന്നീ രോഗങ്ങൾക്കെതിരായ ബോധവത്ക്കരണ പരിപാടികൾ നടക്കാത്തതുകൊണ്ട് ഇത്തരം രോഗികളുടെ എണ്ണം കൂടിവരികയാണ്.

4. ഹെൽത്ത്സെന്ററിലോ സബ്സെൻററുകളിലോ എത്തിച്ചേരാൻ പല ഭാഗത്തുനിന്നും രണ്ടും മൂന്നും കിലോമീറ്റർ യാത്ര ചെയ്യണം.

5. ചൂണ്ടൽ ഗവ: ആയുർവ്വേദ ആശുപത്രിയിൽ ഒരു ഡോക്ടർ ഉണ്ടെങ്കിലും ഫാർമിസിസ്റ്റിന്റെ തസ്തിക നിലവിലില്ലാത്തതിനാൽ വളരെ ബുദ്ധിമുട്ടുണ്ട്.

6. അലോപ്പതി ആസ്പത്രിയിലും ആയുർവ്വേദ ആശുപത്രിയിലും ശരാശരി ഒരു ദിവനം ഒരു രോഗിക്ക് നൽകുന്ന മരുന്ന് വളരെ കുറവാണ്. ശരാശരി ഒരു രോഗിക്ക് ഒരു ദിവസം എട്ട് രൂപയുടെ മരുന്നെങ്കിലും ആവശ്യമാണ്.

7. തെരുവുനായ്ക്കളുടെ എണ്ണം കൂടിവരികയാണ്. അതുകൊണ്ടുതന്നെ പേപ്പട്ടി ശല്യവും കൂടുന്നു.

8. ചാരായനിരോധനം ഉണ്ടെങ്കിലും മദ്യപാന്മാരുടെ എണ്ണത്തിൽ കുറവ് കാണുന്നില്ല. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ഒമ്പത് കള്ളുഷാപ്പുകളുള്ളതിൽ ശരാശരി ഒരു ദിവസം മുപ്പതിനായിരം രൂപയുടെ കള്ള് തദ്ദേശവാസികൾ കുടിക്കുന്നതായി അറിയുന്നു. കേച്ചേരി ആസ്ഥാനമാക്കി പ്രവർത്തചിക്കുന്ന വിദേശ മദ്യഷാപ്പിൽ (BAR) ശരാശരി ദിവസം 75000 രൂപയുടെ വിദേശമദ്യമാണ് വിറ്റഴിയുന്നത്. ഇതുപോലെ സാമൂഹ്യ വിപത്താണ് മുറുക്കും പുകവലിയും.

9. ഹെൽത്ത് വിസിറ്റേഴ്സ് എന്ന പേരിൽ കുറെപേർ ആരോഗ്യവകുപ്പിൽ ഉണ്ടെങ്കിലും കാര്യമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടക്കുന്നില്ല.

10. പാമ്പുകടി, പേപ്പട്ടി വിഷബാധ എന്നിവ ഇന്നും ഭയാനകമായി തുടരുന്നു. ഉടനെ ഫലപ്രദമായ ചികിത്സ ലഭ്യമാകാൻ സംവിധാനങ്ങളില്ല.

## സാദ്ധ്യതകൾ നിർദ്ദേശങ്ങൾ

1. ചിറനെല്ലൂരിൽ പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്ത് സെൻററിനുവേണ്ടി പഞ്ചായത്തിനു ലഭിച്ച സ്ഥലത്ത് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിച്ച് ചുരുങ്ങിയത് 50 കിടക്കളെങ്കിലുമുള്ള ഒരു ആസ്പത്രിയായി ഉയർത്തുക. 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാകണം. ആവശ്യത്തിനനുസരിച്ച് പാര - മെഡിക്കൽ സ്റ്റാഫിനേയും നിയമിക്കണം. കൂടാതെ അത്യാവശ്യമായ ലാബറട്ടറി, എക്സ് റേ, സ്കാനിങ്ങ് സൗകര്യങ്ങളും വേണം. കുട്ടികളുടേയും സ്ത്രീകളുടേയും വിഭാഗത്തിൽ പ്രത്യേക ഡോക്ടർമാർ ഉണ്ടാകണം. ചുരുങ്ങിയത് ഒരു ലേഡി ഡോക്ടറുടെ സേവനമെങ്കിലും ലഭ്യമാകണം.

2. രണ്ടു വാർഡുകൾക്ക് എന്ന തോതിൽ സബ്സെന്ററുകൾ ആവശ്യമാണ്. നിലവിലുള്ളവയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും പോരാത്തത് ആരംഭിക്കുകയും വേണം.

3. നിലവിലുള്ള ഗവ. ആയുർവ്വേദ ഡിസ്പെൻസറി ഇരുപത് കിടക്കകെളെങ്കിലുമുള്ള ഒരു ആയുർവ്വേദ ആശുപത്രിയായി വികസിപ്പിക്കുക. ഈ ആവശ്യത്തിനായി ഈ സ്ഥലത്തെ മുഴുവൻ കെട്ടിടങ്ങളുടേയും മുകൾഭാഗം ഉയർത്തി ഒരു നിലകൂടി പണിതാൽ മതി. അതുകൊണ്ട് പല കെട്ടിടങ്ങളും ഇന്ന് ചോർന്നു കൊണ്ടിരിക്കുന്ന അവസ്ഥക്ക് പരിഹാരവുമായി. അടിയന്തിരമായി ഈ ഡിസ്പെൻസറിക്ക് ഒരു അടുക്കള ഷെഡ്ഡ് പണിയുകയും മരുന്നുകൾ സൂക്ഷിക്കുന്നതിനു വേണ്ടി അലമാരകളും ഭരണികളും ലഭ്യമാക്കുകയും ചെയ്യണം.

4. ആയുർവ്വേദ ഡിസ്പെൻസറിയിൽ ഉടനെ ഒരു ഫാർമസിസ്റ്റിനെ നിയമിക്കണം. അലോപ്പതി, ആയുർവ്വേദ ആശുപത്രികളിൽ ഒരു ദിവസത്തേക്ക് അനുവദിക്കുന്ന മരുന്നുകൾ പര്യാപ്തമല്ല. ആവശ്യാനുസരണം മരുന്നുകൾ ലഭ്യമാകാനുള്ള സംവിധാനം എർപ്പെടുത്തുകയും അലോട്ട്മെന്റ് പത്തിരട്ടിയായി

വർദ്ധിപ്പിക്കുകയും വേണം. ആയുർവ്വേദാശുപത്രിയിൽ വിദഗ്ദമായ വിഷചികിത്സ ലഭ്യമാക്കണം.

5. പഞ്ചായത്തിൽ സമഗ്രമായ ഒരു ആരോഗ്യസർവ്വെ ജനപങ്കാളിത്തത്തോടെ സംഘടിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രശ്നപരിഹാര നടപടികൾ കൈകൊള്ളുകയും വേണം.

6. പ്രതിരോധകുത്തിവെപ്പുകൾ മാസത്തിൽ ഒരു തവണ വീതമെങ്കിലും കേന്ദ്രീകൃതസെന്ററുകളിൽ നടത്താനുള്ള ഏർപ്പാടുകൾ ഉണ്ടാക്കുക.

7. അന്ധതാ നിവാരണത്തിന് സമഗ്രമായ ഒരു സമയബന്ധിത പരിപാടിക്ക് രൂപം നൽകണം. വരുന്ന അഞ്ചുവർഷം കൊണ്ട് അന്ധത നിർമ്മാർജ്ജനം ചെയ്യുക. എന്നതായിരിക്കണം ലക്ഷ്യം.

8. വാർഡുതോറും രക്തഗ്രൂപ്പ് നിർണ്ണയക്യാമ്പുകൾ സംഘടിപ്പിക്കുകയും പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു രക്തഗ്രൂപ്പ് ഡയറക്ടറി പ്രസിദ്ധീകരിക്കുകയും വേണം.

9. ഔഷധസസ്യങ്ങളുടെ പ്രയോജനം സാധാരണ ജനങ്ങളെ മനസ്സിലാക്കുകയും വീടുകളിൽ ഔഷധസസ്യങ്ങൾ വെച്ചുപിടിപ്പിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക.

10. കുട്ടികൾക്ക് പ്രത്യേകമായും ദുർബല വിഭാഗത്തിൽപ്പെടുന്നവർക്ക് പോഷകാഹാരവിതരണത്തിന് സംവിധാനം ഏർപ്പെടുത്തുക.

11. പഞ്ചായത്തിലെ ആരോഗ്യപരിപാലന സ്ഥാപനങ്ങളെ സഹായിക്കുന്നതിനും വ്യാപകമായ ബോധവൽക്കരണ ക്ളാസുകൾ സംഘടിപ്പിക്കുന്നതിനും തദ്ദേശവാസികളായ വിദഗ്ധരുടേയും സന്നദ്ധപ്രവർത്തകരുടേയും ഒരു പാനൽ തയ്യാറാക്കുക.

12. I. R. D. P. ലിസ്റ്റിൽപ്പെടുന്ന മുഴുവൻ പേർക്കും സൗജന്യ മരുന്നു വിതരണം ഉറപ്പുവരുത്തുക.

## കുടിവെള്ളം

പഞ്ചായത്തിലെ മൊത്തം വീടുകളിൽ പത്ത് ശതമാനത്തിൽ താഴെ മാത്രമേ വർഷം മുഴുവൻ ശുദ്ധജലം ലഭിക്കുന്ന കിണറുകളുള്ളൂ. അറുപത് ശതമാനം പേർക്ക് കാലവർഷാരംഭം മുതൽ ജനുവരിമാസം അവസാനം വരെ ശുദ്ധജലം ലഭിക്കുന്ന കിണറുകളുണ്ട്. എന്നാൽ മുപ്പത് ശതമാനം കുടുംബങ്ങൾക്ക് സ്വന്തമായി കിണറുകൾ ഇല്ലാത്തവരാണ്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി 38 പൊതുകിണറുകളും, ചെറുതും വലുതുമായ 12 കുഴൽകിണറുകളും 152 പൊതുടാപ്പുകളും 380 വീടുകളിലേക്ക് പൈപ്പ് കണക്ഷനും ലഭ്യമാണ്. പുഴയിലേയോ കുളത്തിലേയോ വെള്ളം കുടിക്കാനായി ഉപയോഗിക്കുന്നില്ല. പൈപ്പ്‌വെള്ളം ലഭിക്കുന്നതിന് ചിറനെല്ലൂരിൽ കുഴിച്ചിട്ടുള്ള കുഴൽകിണറിൽ നിന്നും കേരളവാട്ടർ അതോറിറ്റി 30 H. P. ഇലക്ട്രിക്ക് മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ്ചെയ്ത് വിതരണം നടത്തുന്നു. ഇതിനുവേണ്ടി ചൂണ്ടൽ കുന്നത്ത് വലി ഒരു വാട്ടർ ടാങ്ക് നിർമ്മിച്ചിട്ടുണ്ട്. എന്നിരുന്നാലും ഗാർഹിക ആവശ്യത്തിനും വളർത്തു മൃഗപരിപാലനത്തിനും ഫെബ്രുവരി ആദ്യം മുതൽ ജൂൺ പകുതിവരെ ശുദ്ധജലക്ഷാമം രൂക്ഷമായി തുടരുകയാണ്.

### പ്രധാന പ്രശ്നങ്ങൾ

1. മൊത്തം കുടുംബത്തിൽ 10% ത്തിനു താഴെ മാത്രമെ ശുദ്ധജലം സമൃദ്ധിയായി ലഭിക്കുന്ന കിണറുകളുള്ളൂ. ഏതാണ്ട് 60% പേർക്ക് ഭാഗികമായി മാത്രം ശുദ്ധജലം ലഭിക്കുന്ന കിണറുകളുണ്ട്. ബാക്കിയുള്ളവർക്ക് പൊതുകിണറുകളേയും, പൊതുടാപ്പുകളേയും, സ്വകാര്യ കിണറുകളേയും ആശ്രയിക്കേണ്ടിയിരിക്കുന്നു.

2. ചിറനെല്ലൂരിൽ ധാരാളം ശുദ്ധജലലഭ്യതയുള്ള രണ്ടു കുഴൽകിണറുകൾ ഉണ്ടെങ്കിലും ഒന്ന് മാത്രമേ ഉപയോഗിക്കുന്നുള്ളൂ. അതുകൊണ്ട് 152 പൊതുടാപ്പുകളിലും 380 സ്വകാര്യടാപ്പുകളിലും ഒന്നിടവിട്ട ദിവസങ്ങളിൽ 5-6 മണിക്കൂർ മാത്രമേ കുടിവെള്ളം ലഭ്യമാകുന്നുള്ളൂ.

3. ചൂണ്ടൽ സെന്ററിലും കേച്ചേരി സെന്ററിലും എന്നും ശുദ്ധജലം ലഭ്യമായിരുന്ന പൊതുകിണറുകൾ ഭൂരിഭാഗവും സ്ളാബുകൾ ഇട്ട് മൂടിയിരിക്കുകയാണ്. ഇത് ഖേദകരമായ അവസ്ഥയാണ്.

4. കേച്ചേരി സെന്ററിൽ ഒരു കുഴൽകിണർ ഉപയോഗിക്കാതെ കിടക്കുന്നു. ജലലഭ്യത ധാരാളമായുള്ള കിണറാണിത്. അടുത്ത കാലംവരെ ഈ കിണറ്റിൽ നിന്നും 25HP മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ്ചെയ്ത് വിതരണം നടത്തിയിരുന്നതാണ്.

5. ശുദ്ധജല ദൗർലഭ്യം, പ്രത്യേകിച്ച് വേനൽകാലത്ത് വയറുകടി, ടൈഫോയ്ഡ്. ചെങ്കണ്ണ്, മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങൾ പടർന്നുപിടിക്കാൻ ഇടയാക്കുന്നു.

6. പഞ്ചായത്തിലെ പൊതുകുളങ്ങൾ മിക്കതും ഉപയോഗശൂന്യമായി കിടക്കുന്നതിനാൽ ജനതയുടെ ശുചിത്വത്തിനും, മൃഗസംരക്ഷണത്തിനും വലിയ ഭീഷണിയായിരിക്കുന്നു. പലരും കുളി, വസ്ത്രം അലക്കൽ, വളർത്തു മൃഗങ്ങളെ കഴുകൽ എന്നീ ആവശ്യങ്ങൾക്ക് പൊതുടാപ്പിലെ കുടിവെള്ളം ഉപയോഗിക്കുന്നു.

7. പൊതുടാപ്പുകൾ വഴിയുള്ള ശുദ്ധജലവിതരണം പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ലഭ്യമല്ല. പയ്യൂര്,, പയ്യൂർ സൂര്യഗ്രാമം, വെട്ടുകാട്, മഴുവഞ്ചേരി, ലക്ഷംവീട് കോളനികൾ, തലക്കോട്ടുകരയിലെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിൽ ശുദ്ധജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു.

## ചൂണ്ടൽ ഗ്രാമപഞ്ചായത്ത് കുടിവെള്ള സ്രോതസ്സ് ഒറ്റനോട്ടത്തിൽ

| | |
|---|---|
| മൊത്തം വാർഡുകൾ | 11 |
| വിസ്തീർണ്ണം | 20Sq.KM. |
| വീടുകൾ | 7568 |
| ജനസംഖ്യ | 26771 |
| പുരുഷന്മാർ | 12542 |
| സ്ത്രീകൾ | 14229 |

| | |
|---|---|
| പൊതുകിണർ | 38 |
| ശുദ്ധജലടാപ്പ് | 152 |
| വീടുകണക്ഷൻ | 380 |
| കുഴൽകിണർ | 12 |

ഈ പഞ്ചായത്തിൽ ആരും പുഴ, കുളം, തോട് എന്നിവയിലെ ജലം കുടിക്കാൻ ഉപയോഗിക്കുന്നില്ല.

**സ്വകാര്യകിണറുകൾ**

വർഷം മുഴുവൻ ശുദ്ധജലം ലഭിക്കുന്ന വീടുകൾ 10%

ജൂൺമുതൽ ഫെബ്രുവരിവരെ ശുദ്ധജലം കിട്ടുന്ന കിണറുകൾ ഉള്ള വീടുകൾ 60%

സ്വന്തമായി കുടിവെള്ള ലഭ്യത ഇല്ലാത്തവർ 30%

## സാദ്ധ്യതകൾ

1. നിലവിലുള്ള പൊതുകുളങ്ങൾ, കിണറുകൾ എന്നിവ വേനൽക്കാലത്ത് വെള്ളം ലഭിക്കത്തക്കവിധം സജ്ജമാക്കുക. പൊതുടാപ്പുകളുടേയും, പൊതുകിണർ, കുളം എന്നിവയുടേയും സംരക്ഷണവും, ചുമതലയും തദ്ദേശവാസികളായ ഗുണഭോക്താക്കളെ ഏല്പിക്കുക. പൊതുകിണറുകളുടെ പ്ലാറ്റ്ഫോം, മതിൽ എന്നിവ കേടുതീർത്ത് മലിനജലം കെട്ടിനിൽക്കാത്ത തരത്തിൽ പുതുക്കിപണിയുക.

2. ചിറനെല്ലൂരിൽ ഇപ്പോഴും ഉപയോഗിക്കാതെ കിടക്കുന്ന ഒരു കുഴൽകിണർ പ്രവർത്തനസജ്ജമാക്കുകയും, ചുരുങ്ങിയത് ഒരു 30HP മോട്ടോർ സ്ഥാപിക്കുകയും ചെയ്യുക. പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശമായ പെരുമലയിൽ 5 സെന്റ് സ്ഥലം ലഭ്യമാക്കി ഒരു വാട്ടർടാങ്ക് പണികഴിപ്പിക്കുക. കുഴൽ കിണറിൽനിന്ന് പമ്പ് ചെയ്യുന്ന വെള്ളം ഈ ടാങ്കിൽ ശേഖരിച്ച് വിതരണം ചെയ്യുക. ചൂണ്ടൽ വാട്ടർ ടാങ്കിൽനിന്ന് പഞ്ചായത്തിന്റെ പകുതി പ്രദേശത്തും പെരുമല ടാങ്കിൽനിന്ന് ബാക്കി പകുതി പ്രദേശത്തും സുഗമമായി ശുദ്ധജലം വിതരണം നടത്തണം.

3. ചൂണ്ടൽ നാലാം വാർഡിൽ ഏകദേശം രണ്ട് ഏക്കർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്ന ചൂണ്ടൽ ചിറ

എന്നറിയപ്പെടുന്ന തടാകം വൃത്തിയാക്കി മണ്ണ് എടുത്ത് താഴ്ത്തി ചുറ്റും കെട്ടി സംരക്ഷിച്ചാൽ ആ പ്രദേശത്തെ മുഴുവൻ ജനങ്ങൾക്കും ശുദ്ധജലം ലഭ്യമാക്കാം.

4. പട്ടിജാതി കോണനികൾ, ലക്ഷംവീടുകോളനികൾ എന്നിവിടങ്ങളിൽ സർവ്വെ നടത്തി പൊതുകിണറുകൾ കുഴിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.

5. ചൂണ്ടൽ കുന്നത്ത് ഇപ്പോൾ നിലനിൽക്കുന്ന വാട്ടർടാങ്ക് കഴിഞ്ഞ നാല് വർഷത്തിനിടയിൽ ഇതുവരെയും ശുദ്ധീകരിച്ചിട്ടില്ലെന്ന് അറിയുന്നു. ഇത് കുറ്റകരമായ അനാസ്ഥയാണ്. ഇതിനെക്കുറിച്ച് അന്വേഷിക്കുകയും നടപടി സ്വീകരിക്കുകയും വേണം. കൂടാതെ ജലസംരഭണി നിൽക്കുന്നതിനു ചുറ്റും മതിൽകെട്ടി കാവൽ ഏർപ്പെടുത്തണം.

6. പ്രാദേശിക ജല സ്രോതസ്സുകളെ ഉപയോഗിച്ചും, ശുദ്ധജലവിതരണം കുറ്റമറ്റതാക്കാം. പാറന്നൂർ, പറപ്പൂർ തുടങ്ങിട സ്ഥലങ്ങളിൽ ജലലഭ്യത കൂടുതൽ ഉള്ള പ്രദേശങ്ങളാണ്. അവിടെ ജലലഭ്യതയുള്ള പ്രദേശങ്ങൾ തെരഞ്ഞെടുത്ത് പൊതുകുളങ്ങളോ, കിണറുകളോ കുഴിച്ച് പ്രാദേശികാടിസ്ഥാനത്തിൽ ശുദ്ധജലവിതരണം നടത്താം.

7. കിണറുകളിലെയും പൊതുടാപ്പുകളിലെയും ശുദ്ധജലം അണുവിമുക്തമാണെന്ന് ഉറപ്പു വരുത്താൻ ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

8. ചിറനെല്ലൂരിൽ സ്ഥിതിചെയ്യുന്ന രണ്ടു കുഴൽകിണറുകളും പ്രവർത്തനസജ്ജമാക്കി വെള്ളം പമ്പ് ചെയ്ത് തുടങ്ങുകയും, പെരുമലയിൽ ഒരു വാട്ടർ ടാങ്ക് സ്ഥാപിക്കുകയും ചെയ്യുന്നതോടൊപ്പം പഞ്ചായത്തിന്റെ മുക്കിലും മൂലയിലും ശുദ്ധജലം ലഭ്യമാകുന്ന തരത്തിൽ പൈപ്പ് ലൈൻ പുനഃസംവിധാനം ചെയ്യുകയും വേണം. ഇനിയും പൈപ്പ് ലൈൻ എത്താത്ത എല്ലാ ഭാഗത്തേക്കും നീട്ടാൻ അടിയന്തിരനടപടികൾ സ്വീകരിക്കുക. ഇത്രയും ചെയ്താൽ നമ്മുടെ പഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരമായി.

## പരിസരസുചീകരണം

മൊത്തം ജനസംഖ്യയിൽ 40% മാത്രമേ വൃത്തിയുള്ള കക്കൂസ്സ് ഉപയോഗിക്കുന്നുള്ളൂ. ഇരുപത് ശതമാനം കുടുംബാഗങ്ങൾ വെള്ളം ഉപയോഗിച്ച് വൃത്തിയാക്കുന്ന (Flush) കക്കൂസുകൾ ഉപയോഗിക്കുന്നവരാണ്. 30% കുടുംബാഗങ്ങൾക്ക് കക്കൂസ് നിർമ്മിക്കാനുള്ള സാമ്പത്തിക കഴിവ് ഇല്ലാത്തവരാണ്. കക്കൂസ് ഉപയോഗിക്കുന്നതിന്റെ ആരോഗ്യകരമായ ഗുണം അറിയാത്തവർ അഞ്ച് ശതമാനം വരും. കുളിമുറി, തൊഴുത്ത്, വീട് എന്നിവ നിർമ്മിക്കാൻ സർക്കാരിൽനിന്നും വിവിധ ഏജൻസികൾ വഴിക്കും ധനസഹായം ലഭിച്ചവരിൽ പലരും ഒന്നും തന്നെ ചെയ്യാത്തവരും, പലരും ഭാഗികമായി ചെയ്തവരുമാണ്. സർക്കാർ ഉദ്യോഗസ്ഥന്മാരുടെ കുറ്റുകരമായ അനാസ്ഥയും, ഗുണഭോക്താക്കളുടെ അറിവില്ലായ്മയുമാണ് ഇത്തരം സാഹചര്യങ്ങൾക്ക് വഴിയൊരുക്കിയത്. പരിസര ശുചീകരണത്തിന്റെ കാര്യത്തിൽ ശക്തവും വ്യാപകവുമായ ബോധവൽക്കരണത്തിന്റെ അപര്യാപ്തത ദോഷഫലങ്ങൾ ഉണ്ടാക്കുന്നു. വേണ്ടാത്തത് മുഴുവൻ പുറത്തേക്ക് പ്രത്യേകിച്ച് പെരുവഴികളിലേക്ക് എന്ന പ്രവണത അവസാനിപ്പിച്ചാൽ തന്നെ ഒരു വലിയ വിപത്ത് ഒഴിവാക്കാൻ കഴിയും.

### പ്രശ്നങ്ങൾ

1. ജലം ഒഴുകിപ്പോകുന്നതിനുള്ള സംവിധാനത്തിന്റെ അപാകത ജലം കെട്ടികിടന്ന് മലിനമാകുന്നതിനും തദ്വാരാ പരിസരവൃത്തികേടാക്കുന്നതിനും വഴിയൊരുക്കുന്നു. ഇത്തരത്തിൽ മലിനജലം കെട്ടികിടക്കുന്ന സ്ഥലങ്ങൾ കൊതുകുവളർത്തൽ കേന്ദ്രങ്ങളായി മാറുകയും തന്മൂലം ഇതിനകം നിർമ്മാർജ്ജനം ചെയ്തു കഴിഞ്ഞു എന്ന് കരുതപ്പെട്ട പല രോഗങ്ങളും വീണ്ടും ഉയർത്തെഴുന്നേല്ക്കുകയും ചെയ്യുന്നു..

2. ചൂണ്ടൽ സെന്റ്. ജോസഫ്സ് ആശുപത്രിയിൽ നിന്നും ഒഴുകിവരുന്ന മലിനജലം ധാരാളം പരിസരപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഈ ആശുപത്രിയുടെ മുൻവശത്തും വെള്ളം കെട്ടികിടക്കാതെ പോകാനുള്ള സംവിധാനങ്ങളുടെ കുറവു നിമിത്തം മലിനജലം തളം കെട്ടിനിൽക്കുകയും പരിസരത്തുള്ള

കിണറുകളിലെ ശുദ്ധജലം ഉപയോഗപ്രദമല്ലാതാകുകയും ചെയ്യുന്നു. ആശുപത്രിയുടെ മുൻവശത്തുള്ള ഹോട്ടലുകളിൽ ഈ കിണറുകളിലെ വെള്ളമാണ് ഉപയോഗിക്കുന്നതെന്നറിയുമ്പോൾ കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കാം.

3. റോഡുകളുടെ സമീപപ്രദേശത്ത് താമസിക്കുന്നവർ കാനനികത്തി വീടുകളിലേക്ക് നടവഴി നിർമ്മിക്കുന്നതിനാൽ വെള്ളം ഒഴുകിപോകുന്നതിന് തടസ്സമാകുന്നു.
4. ഗുരുവായൂർ ക്ഷേത്രത്തിലേക്ക് എത്തിച്ചേരാനുള്ള പ്രധാന റോഡ് കടന്നുപോകുന്നതുകൊണ്ട് തീർത്ഥാടകർ പലപ്പോഴും അവരുടെ പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻ റോഡിന്റെ പരിസരം ഉപയോഗിക്കുന്നു.
5. പ്രധാന വാണിജ്യകേന്ദ്രങ്ങളിൽ വെയ്സ്റ്റ് കൊട്ടകൾ സ്ഥാപിക്കുന്നതിനോ അവ കൃത്യമായി എടുത്തുകൊണ്ടുപോയി സംസ്കരിക്കുന്നതിനോ സംവിധാനങ്ങളില്ല.

## സാദ്ധ്യതകൾ - നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ പ്രധാന വാണിജ്യകേന്ദ്രങ്ങളാണ് കേച്ചേരിയും, ചൂണ്ടൽ സെന്ററും. ഒട്ടനവധി വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ ഉയർന്നുവരികയും ധാരാളം പേർ ഈ സ്ഥാപനങ്ങളിൽ ജോലി നോക്കുകയും ചെയ്യുന്നു. എന്നാൽ വേണ്ടത്ര സാനിറ്ററി സൗകര്യങ്ങൾ ലഭ്യമല്ല. ഈ പരിതസ്ഥിതിയിൽ കേച്ചേരിയിലും ചൂണ്ടലിലും ഓരോ കംഫർട്ട് സ്റ്റേഷനുകൾ പണികഴിപ്പിക്കുക.
2. പ്രധാന കേന്ദ്രങ്ങളിൽ ചപ്പുചവറുകൾ സംഭരിക്കുന്നതിനുള്ള കുപ്പതൊട്ടികൾ സ്ഥാപിക്കുകയും അതു കൊണ്ടുപോയി സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.
3. വർദ്ധിച്ചുവരുന്ന പ്ലാസ്റ്റിക്കിന്റെ ഉപയോഗം സമൂഹത്തെ ബാധിക്കുന്ന വലിയ ഒറു വിപത്തായി മാറിയേക്കും. ഉപയോഗിച്ച് കളയുന്ന പ്ളാസ്റ്റിക്ക് സാധനങ്ങൾ വാങ്ങിക്കാനും അത് ആദായകരമായ രീതിയിൽ വിപണനം നടത്താനും പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു സഹകരണസംഘം രൂപീകരിക്കുക.
4. എല്ലാ വീടുകലിലും ഓരോ നല്ല കക്കൂസ് എന്ന മുദ്രാവാക്യം സമയ ബന്ധിതമായി നടപ്പിലാക്കുക. ഇതിനു പുറമെ ചപ്പുചവറുകൾ കമ്പോസ്റ്റ് വളമാക്കി മാറ്റാനുള്ള പരിപാടിക്ക് രൂപം നൽകുകയുംസഹായിക്കുകയും വേണം.
5. പ്രധാന റോഡുകളുടെ ഇരുവശവും വെള്ളം വേഗത്തിൽ ഒഴിഞ്ഞുപോകും എന്ന് ഉറപ്പു വരുത്തുന്ന കാനകൾ നിർമ്മിക്കുന്നതിന് നടപടികൾ കൈക്കൊള്ളുക. ഇവ കാലാകാലങ്ങളിൽ വൃത്തിയാക്കുകയും വേണം.
6. മഴുവഞ്ചേരി. കേച്ചേരി, ചൂണ്ടൽ എന്നീ പ്രദേശങ്ങളിൽ തൃശൂർ - ഗുരുവായൂർ റോഡരുകിൽ അയൽസംസ്ഥാനങ്ങളിൽ നിന്നു വരുന്ന തീർത്ഥാടകർ വിശ്രമിക്കുന്നതിനും, ഭോജനത്തിനും, രാത്രിക്കാലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കു വേണ്ടിയും ഉപയോഗിക്കുകയും അതിവഴി മലിനീകരണം സംഭവിക്കുകയുമാണ്. ഇത് ഒഴിവാക്കുന്നതിനുവേണ്ടി പ്രത്യേക വിശ്രമകേന്ദ്രങ്ങൾ ഒരുക്കുകയും തമിഴ്, കന്നട, തെലുങ്ക് ഭാഷകളിൽ ബോർഡുകൾ സ്ഥാപിക്കുകയും വേണം. പ്രാഥമികാവശ്യം നിറവേറ്റുന്നതിന് സൗകര്യങ്ങൾ ഈ കേന്ദ്രത്തിൽ ഏർപ്പെടുത്തണം.
7. കേച്ചേരി. പട്ടിക്കര, ചിറനെല്ലൂർ എന്നീ സ്ഥലങ്ങളിലെ അറവുശാലകളിലെ മാലിന്യങ്ങൾ നിത്യേന നീക്കം ചെയ്യാനും ശുചീകരിക്കാനും കൊണ്ടുപോയി സംസ്കരിക്കാനും പദ്ധതി ഏർപ്പെടുത്തുകയും അതുവഴി തദ്ദേശവാസികളുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുകയും വേണം. അത്യാവശ്യം വേണ്ട സ്ഥലങ്ങളിൽ ആരോഗ്യ അധികൃതർ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ അംഗീകരിച്ച് അറവുതലകൾ നിർമ്മിച്ചു കൊടുക്കണം.
8. മദ്യപാനം, പുകവലി, ജലമനിനീകരണം എന്നിവയുടെ ദോഷഫലങ്ങളെക്കുറിച്ച് വ്യാപകമായ ബോധവത്ക്കരണം നടത്തണം.
9. ചൂണ്ടൽ ആശുപത്രിയിൽ നിന്നും പോകുന്ന മലിനജലം സൃഷ്ടിക്കുന്ന മലിനീകരണ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം അടിയന്തിരമായി ഏർപ്പെടുത്തണം.
10. കേച്ചേരിയിൽ ശാസ്ത്രീയപരമായ Drainage സിസ്റ്റം ആസൂത്രിതമായി നടപ്പാക്കണം.

● ● ●

# 5-വ്യവസായം

മററു മേഖലകളിൽ ഇതിനകം കൈവരിക്കാൻ കഴിഞ്ഞ പുരോഗതി കണക്കിലെടുക്കുമ്പോൾ വ്യവസായികവളർച്ചയുടെ കാര്യത്തിൽ വളരെയേറെയൊന്നും മുന്നോട്ടു പോകാൻ നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല എന്നതാണ് വസ്തുത. രാജവാഴ്ച കാലത്ത്, ഈ നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ തന്നെ മാതൃകാപഞ്ചായത്തായി വളരുകയും അംഗീകാരം പിടിച്ചുപററാൻ കഴിഞ്ഞുവെങ്കിലും തുടർന്നുള്ള പുരോഗതി മാതൃകാസ്ഥാനം നിലനിർത്താൻ പര്യാപ്തമായിരുന്നില്ല. ഇതുപറയുമ്പോൾ ഗതാഗത വാർത്താവിനിമയ രംഗത്ത് ഈ പഞ്ചായത്ത് കൈവരിച്ച നേട്ടങ്ങൾ വലുതാണെന്നെന്ന് മാത്രമല്ല വ്യവസായവൽക്കരണത്തിന് അനുഗുണവുമാണ്.

വ്യവസായികമായി നമ്മുടെ പഞ്ചായത്ത് വളർന്നിട്ടില്ലെന്ന് പറയുമ്പോൾ ഇവിടെ ഇപ്പോൾ പ്രവർത്തിച്ചുവരന്നു ചെറുകിടവ്യവസായങ്ങലെ വിസ്മരിക്കുന്നില്ല. ഓടു നിർമ്മാണം മുതൽ ഓട്ടോഗേരേജ് വരെ രണ്ടു മുതൽ80 വരെ തൊഴിലാളികളെ ഉൾക്കൊള്ളുന്ന 99 വ്യവസായൂണിററുകൾ ഈ പഞ്ചായത്തിലുണ്ട്. സാമ്പത്തികതൊഴിൽ രംഗങ്ങളിൽ ഇവയുടെ സംഭാവന ചെറുതല്ലെങ്കിലും നമ്മുടെ പഞ്ചായത്തിലെ വ്യവസായിക സാദ്ധ്യതകളും മാറ്റം കണക്കിലെടുക്കുമ്പോൾ അത് തുലോം അപര്യാപ്തമെന്ന് പറയാതിരിക്കാൻ വയ്യ. നിർമ്മാണത്തേക്കാൾ സേവനരംഗത്ത് പ്രവർത്തിക്കുന്ന ഇന്നത്തെ സ്ഥിതി മാററി ഉത്പാദനത്തിൽ കേന്ദ്രീകരിക്കുന്ന വ്യവസായങ്ങളുടെ ദ്രുതഗതിയിലുള്ള വളർച്ച നമ്മുടെ നാടിന്റെ സാമ്പത്തിക പ്രതിസന്ധി മാറ്റിയെടുക്കാൻ സഹായകമാകും.

സാദ്ധ്യതകളെ കുറിച്ച് ചിന്തിക്കുന്നതിനു മുമ്പ് ഇന്ന് നിലനിൽക്കുന്ന വ്യവസായങ്ങളെക്കുറിച്ചും പൊതുവായ പ്രശ്നങ്ങളെക്കുറിച്ചും നമുക്കൊന്ന് പരിശോധിക്കാം.

## 1. പരമ്പരാഗതവ്യവസായങ്ങൾ

മുളയും അനുബന്ധസാമഗ്രികളും ഉപയോഗിച്ചുകൊണ്ടുള്ള കൊട്ട, പായ, മുറം മുതലായവ നെയ്ത്ത്, കളിമൺപാത്രങ്ങളുടെ നിർമ്മാണം, മരം ഉപയോഗിച്ചുകൊണ്ടുള്ള ഫർണീച്ചർ പണികൾ, ഇരുമ്പുകൊണ്ടുള്ള വെട്ടുകത്തി, കൈക്കോട്ട്, കത്തി തുടങ്ങിയവയുടെ നിർമ്മാണം, സ്വർണ്ണപ്പണി തുടങ്ങിയവയാണ് പരമ്പരാഗതമായി ഇവിടെ നിലനിൽക്കുന്ന പരമ്പര്യ വ്യവസായങ്ങൾ. മുളയുടെ ലഭ്യത കുറയുകയും പ്ലാസ്റ്റിക്കിന്റെയും റബ്ബറിന്റെയും ഉപയോഗം സർവ്വസാധാരണമാകുകയും ചെയ്തതോടെ കൊട്ട, പായ-നെയ്ത്ത് വ്യവസായങ്ങൾക്ക് നിലനിൽപില്ലാതെയായി. അലൂമിനിയ പാത്രങ്ങളുടെ നിർമ്മാണം വ്യപകമായതോടെകളിമൺപാത്രങ്ങൾ പുറം തള്ളപ്പെട്ടു. മരപ്പണി, സ്വർണ്ണപ്പണി, ഇരരുമ്പുസാധങ്ങലുടെ നിർമ്മാണം എന്നിവ ചെറിയതോതിൽ നിലനിൽക്കിന്നുണ്ടെങ്കിലും യന്ത്രവൽക്കരണത്തിന്റെ കാലം വന്നതോടെ ഇവയുടെയും മുഖച്ഛായ മാറി. സ്ഥിതിഗതികൾ ഇങ്ങനെയൊക്കയാണെങ്കിലും മേൽ പറഞ്ഞവയൊന്നും പഞ്ചായത്ത് പ്രദേശത്തുനിന്നും തീരെ വേരററുപോയി എന്നു പറയാൻ വയ്യ. കൂടുതൽ പ്രോത്‌ലസാഹനവും സൗകര്യങ്ങളും സാമ്പത്തികസഹായങ്ങലും ചെയ്യുന്നപക്ഷം ഈ മേകഖലക്ക് പുതുജീവൻ നൽകാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല.

## 2. ചെറുകിട വ്യവസായങ്ങൾ

ഏകദേശം 75 ചെറുകിട വ്യവസായസ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ നിലവിലുണ്ട്. ടയർ റീസോളിങ്ങ്, റോളിങ്ങ്ഷട്ടർ നിർമ്മാണം, പ്ലാസ്റ്റിക്ക് വസ്തുക്കളുടെ നിർമ്മാണം, ഇരുമ്പു ഫർണീച്ചർ നിർമ്മാണം, ഫൈബർ ഗ്ലാസ്ഉപയോഗിച്ചുള്ള വസ്തുക്കളുടെ നിർമ്മാണം, ഫർണീച്ചർ പണി, പൌണ്ടിങ്ങ് മില്ലുകൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവയാണ്ഈ മേഖലയിലെ പ്രധാനപ്പെട്ടവ. വികസന സാദ്ധ്യതകൾ വളരെയേറെ കൂടുതലായിട്ടുള്ള മേഖലയായിട്ടുവേണം ഇതിനെ വിലയിരുത്താൻ. സാങ്കേതിക വൈദഗ്ദ്ധ്യം നേടിയവരുടെ കുറവും ഏകോപിപ്പിച്ചുള്ള പ്രവർത്തനമില്ലായ്മയും വായ്പകളും സാമ്പത്തികസഹായങ്ങളും

വഭ്യമാകുന്നതിനുള്ള നിയമപരമായ നൂലാമാലകളും ഈ രംഗത്ത് പുരോഗതി കൈവരിക്കുന്നതിനുള്ള തടസ്സങ്ങളാണ്.

## 3. ഓട്, ഇഷ്ടിക നിർമ്മാണം

പഞ്ചായത്ത് പ്രദേശത്ത് ഏററവും പഴക്കം ചെന്ന ഓട്ടുകമ്പനിയാണ് തൂവാന്നൂരിൽ സ്ഥിതി ചെയ്യുന്ന മാർ അബി മാലക്ക് ഓട്ടുകമ്പനി. അതിന്റെ തൊട്ടടുത്തായി നിലകൊള്ളുന്ന സെൻറ് തോമസ് ഓട്ടുകമ്പനീയും പഴക്കമുള്ളതും നല്ലനിലയിൽ പ്രവർത്തിച്ചുവന്നിരുന്നതുമാണ്. ധാരാളമം പേർ തൊഴിൽ ചെയ്തുവന്നിരുന്ന ഈ ഓട്ടുകമ്പനി അടുത്തകാലത്തായി പ്രവർത്തനം നിർത്തി അടച്ചുപൂട്ടിയ നിലയിലാണ്. പഞ്ചായത്ത് നിവാസികൾക്ക് വീട് നിർമ്മിക്കുന്നതിനുള്ള ഓട് ഇവിടത്തന്നെയുള്ള ഓട്ടുകമ്പനികളിൽ നിന്നും ഒരു പരിധി വരെ ലഭ്യമായിരുന്നു. എന്നാൽ ഇന്ന് ഓട് മററു പ്രദേശങ്ങളിൽ നിന്നും കൊണ്ടുവരുന്ന സ്ഥിതിയാണ്. ഇതിനെക്കുറിച്ച് ഗൗരവമായി പഠിക്കുകയും പരിഹാരം കാമുകയും വേണം. ഇഷ്ടികനിർമ്മാണത്തിന്റെ കാര്യത്തിൽ ധാരാളം കളങ്ങൾ ഉടലെടുത്തുകൊണ്ടിരിക്കുന്ന സ്ഥിതിയാണ്. ധാരാളം പേർക്ക് തൊഴിൽ ലഭ്യത ഉണ്ടെങ്കിലും കൃഷിഭൂമിയെയും പരിസ്ഥിതിയെയും ബാധിക്കുമെന്ന ഗൗരവമായ പ്രശ്നം നിലനിൽക്കുന്നു. ദോഷകരമല്ല നിലനിർത്താൻ മാർഗ്ഗങ്ങളുണ്ടോ എന്ന് ആരായണം.

## 4. മിനി ഇൻഡസ്ട്രിയൽ എസ്റ്റേററ്-തലക്കോട്ടുകര

ചൂണ്ടൽ പഞ്ചായത്തിലെ തലക്കോട്ടുകരയിൽ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേററ് പ്രവർത്തിച്ചുനവരുന്നു. അലൂമിനിയം, ഫർണീച്ചർ, റോളിങ്ങ് ഷട്ടർ, പ്ലാസ്റ്റിക്ക് വസ്തുക്കളുടെ നിർമ്മാണം, സ്റ്റീൽ, റബ്ബർ ഷീററ് തുടങ്ങിയവയാണ് ഇവിടെ നടക്കുന്ന പ്രധാന വ്യവസായ യൂണിററുകൾ. പലതും നല്ലനിലയിൽ പ്രവർത്തിക്കുന്നുവെങ്കിലും മുഴുവൻ കാര്യക്ഷമമാണെന്ന് പറയുക വയ്യ. അതിന്റെ മുഴുവൻ സൗകര്യങ്ങളും പ്രയോജനപ്പടുത്തി വലുതാക്കാനുള്ള ശ്രമങ്ങൾ നടത്തേണ്ടിയിരിക്കുന്നു.

## 5. റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നിർമ്മാണം.

ഒന്ന് ചൂണ്ടലിലും മറ്റൊന്ന് പട്ടിക്കരയിലും വളരെ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നവയാണ്. ധാരാളം വികസനസാദ്ധ്യതകളുള്ള രംഗമായതിനനാൽ കൂടുതൽ പ്രോത്സാഹനങ്ങൾ അർഹിക്കുന്നു. റെഡിമെയ്ഡ് വസ്ത്രങ്ങളുടെ യുഗത്തിലാണ് നാം ജിവിക്കുന്നത്. ഇക്കാര്യത്തിൽ പഞ്ചായത്ത് സ്വയം പര്യാപ്തത കൈവരിക്കേണ്ടതാണ്.

## 6. ഇലക്ട്രോണിക് വ്യവസായം

സ്ത്രീകളുടെ ഒരു സഹകരണ സംഘം രൂപീകരിച്ച് കെൽട്രോൺ കമ്പനിക്കുവേണ്ടി T.V. അസംബ്ളി ചെയ്തുകൊടുക്കുന്ന ഒരു യൂണിററ് ചൂണ്ടലിൽ പ്രവർത്തിച്ചുവരുന്നു. നാം ജീവിക്കുന്നതുതന്നെ ഇലക്ട്രോണിക് യുഗത്തിലാണല്ലോ. അതിനനുസരിച്ചുള്ള വികസനം ഈ പഞ്ചായത്തിൽ ഈ മേഖലയിൽ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

## 7. വൻകിട വ്യവസായങ്ങൾ

വൻകിട വ്യവസായങ്ങൾ കാര്യമായിട്ടൊന്നും തന്നെ നമ്മുടെ പഞ്ചായത്തിൽ ഇല്ല എന്നതാണ് സ്തിതി. മോട്ടോർ വാഹനങ്ങളുടെ ബോഡി നിർമ്മാണം അടക്കം എല്ലാ ജോലികളും നിർവ്വഹിച്ചുപോരുന്ന കേച്ചേരിയിലെ റെനിൽ ഓട്ടോഗാരേജ് ആണ് ഈ പട്ടികയിൽ കഷ്ടിച്ച് പെടുത്താവുന്ന പഞ്ചായത്തിൽ നടക്കുന്ന സ്ഥാപനം. സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ നിരവധി പേർ ഈ സ്ഥാപനത്തിൽ ജോലി നോക്കി വരുന്നു. കുറെക്കൂടി വികസനം കൈവരിക്കാൻ കവിഞ്ഞാൽ നമ്മുടെ പഞ്ചായത്തിലെ നല്ല ഒരു വ്യവസായ യൂണിററായി ഇത് മാറും എന്ന കാര്യത്തിൽ സംശയമില്ല. ഈ രംഗത്തുപ്രവർത്തിക്കുന്ന വേറെയും ചില സ്ഥാപനങ്ങൾ ഇവിടെ ഉണ്ടെങ്കിലും സ്ഥിതിഗതികൾ അത്ര മെച്ചപ്പെട്ടതല്ല.

ചൂണ്ടൽ ആസ്ഥാനമാക്കി പ്രവർകത്തിക്കുന്ന യൂണിബ്രോ ഫൈബർ ഗ്ലാസ്സ് യൂണിററ് വളരെയേറെ

വികസനം കാംക്ഷിക്കുന്ന ഒന്നാണ്. വളരെയേറെ സാദ്ധ്യതകളുളള ഈ വ്യവസായം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുളള സാദ്ധ്യതകൾ ആരായണം.

ചൂണ്ടൽ പാടത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന N.K.K. ഐസ് പ്ലാന്റ് നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

സ്ഥലലഭ്യത. സാമ്പത്തികസഹായത്തിന്റെ അപര്യാപ്തത വൈദ്യുതി, വെളളം തുടങ്ങിയവയുടെ കുറവ് എന്നിവയും ഈ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങളാണ്.

## സാദ്ധ്യതകൾ നിർദ്ദേശങ്ങൾ

1. അടയ്ക്ക സമൃദ്ധമായി വളരുന്ന സ്ഥലങ്ങളാണ് ചൂണ്ടൽ പഞ്ചായത്തും പരിസരപ്രദേശങ്ങളും. ഇന്ന് ഈ ഉൽപന്നം അസംസ്കൃത വസ്തുവായി അന്യസംസ്ഥാനങ്ങളിലേക്ക് കയററി അയക്കുകയാണ് ചെയ്യുന്നത്. ആ സംസ്ഥാനങ്ങളിൽ നാം കയററി അയക്കുന്ന അടയ്ക്ക ഉപയോഗപ്പെടുത്തി പാൻമസാല, സുഫാരി തുടങ്ങിയ വിവിധതരം ഉല്പന്നങ്ങൾ നിർമ്മിക്കുന്നു. കേച്ചേരിയിൽ പ്രശസ്തമായ രീതിയിൽ നിലനിന്നിരുന്ന അടക്കമാർക്കററുകളെക്കുറിച്ചും നാം ഈ ഘട്ടത്തിൽ ചിന്തിക്കണം. കേരളത്തിൽ തന്നെ എണ്ണപ്പെട്ട അടക്കാചന്തകളായിരുന്നു ഇവിടത്തേത്. പഴയ പ്രതാപം ഇന്നില്ലെങ്കിലും അടക്കാമാർക്കററുകൾ, ഇന്നും നിലനിൽക്കുന്നുണ്ട് നമ്മുടെ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന മുഴുവൻ അടക്കയും ഇവിടെത്തന്നെ സംഭരിച്ച് വിവിധ ഉപഭോഗവസ്തുക്കൾ നിർമ്മിക്കാവുന്ന വ്യവസായ യൂണിററുകൾ ആരംഭിക്കണം.

2. നാളികേരത്തേയും കൊപ്രയേയും മറ്റു കേരോല്പന്നങ്ങളെയും അടിസ്ഥാനപ്പെടുത്തിയുളള വ്യവസായങ്ങൾ ഇനിയും രൂപം കൊള്ളേണ്ടിയിരിക്കുന്നു. പ്ച്ച നാളികേരത്തിൽ നിന്നും വെളിച്ചെണ്ണ ഉല്പാദിപ്പിക്കുന്ന സാങ്കേതിക വിദ്യ ഇന്ത്യയിൽ ഇപ്പോൾ ലഭ്യമാണ്. ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് പച്ച നാളികേരത്തിൽ നിന്നും വെളിച്ചെണ്ണ നിർമ്മിക്കാവുന്ന ഒരു വ്യവസായ യൂണിററ് തുടങ്ങാൻ ശ്രമം ഉണ്ടാകണം. കൂടാതെ കൊപ്ര ഉപയോഗിച്ചുളള വിവിധുഉപഭോഗ വസ്തുക്കൾ നിർമ്മിക്കുന്ന യൂണിറ്റും തുടങ്ങാവുന്നതാണ്.

3. ആണവയുഗത്തിനു പുറമെ നമ്മുടേത് ഒരു ഇലക്ട്രോണിക് യുഗം കൂടിയാണല്ലോ. കെൽട്രോണിനു വേണ്ടി T.V.അസംബ്ലിങ്ങ് നടത്തുന്ന ഒരു യൂണിററ് ഈ പഞ്ചായത്തിൽ ഉണ്ട്. ഇലക്ട്രോണിക് ചോക്ക്, ഇൻവർട്ടർ, സ്റ്റെബിലൈസർ, റേഡിയോ മുതലായവ കൂടി ഈ ശൃംഖലയിൽപ്പെടുത്താവുന്നതാണ്. നിലവിലുളളത് വികസിപ്പിക്കുകയും കൂടുതൽ യൂണിറ്റുകൾക്ക് രൂപം നൽകുകയും വേണം.

4. വിവിധതരം ആണികൾ, നട്ട്, ബോൾട്ട്, എന്നിവ വ്യപാരടിസ്ഥാനത്തിൽ നിർമ്മിക്കുന്ന ഒരു വ്യവസായ യൂണിററും ഇന്ന് ഈ പഞ്ചായത്തിൽ നിലവിലില്ല. കുറഞ്ഞ സാങ്കേതിക വിദ്യ ആവശ്യമുളളതും വളരെയേറെ വാണിജ്യ സാദ്ധ്യതകൾ ഉളളതുമായ വ്യവസായമാണ് ഇത്. ഇത്തരം വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാൻ ശ്രദ്ധിക്കണം.

5. മിഠായി, മസാലപ്പൊടി, അച്ചാർ, മെഴുകുതിരി, ചന്ദനത്തിരി തുടങ്ങിയവ കുടിൽ വ്യവസായങ്ങളായി ആരംഭിക്കാവുന്നതും ധാരാളം പേർക്ക് പ്രത്യേകിച്ച് വനിതകൾക്ക് തൊഴിൽ സാദ്ധ്യതയുളളതുമാണ്. ഇത്തരം യൂണിററുകൾ ധാരാളമായി ആരംഭിക്കാൻ പ്രോത്സാഹനവും സഹായധനവും നൽകേണ്ടതാണ്.

6. കുറഞ്ഞ സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കാവുന്ന ഒന്നാണ് സോപ്പ്. നമ്മുടെ നാട്ടിൽ ഉല്പാദിപ്പിക്കുന്ന വെളിച്ചണ്ണയാണ് ഇതിനുവേണ്ട അസംസ്കൃതവസ്തു. ഈ വെളിച്ചണ്ണ ഉപയോഗിച്ച് ബഹുരാഷ്ട്ര കമ്പനികൾ വൻ ലാഭം കൊയ്യുകയാണ്. ഈ അവസ്ഥക്ക് മാററം വരണം. നമുക്കാവശ്യമായ സോപ്പ് ഇവിടെത്തന്നെയുണ്ടാക്കാൻ സംവിധാനം വേണം.

7. നമ്മുടെ നാട്ടിൽ പാൽ ഉല്പാദനത്തിന്റെ കാര്യത്തിൽ ഏറേക്കുറെ സ്വയം പര്യാപ്തമാണ്. എന്നാൽ ഇത് പ്രയോജനപ്പെടുത്തിയുളള അനുബന്ധവ്യവസായങ്ങൾ കാര്യമായിട്ടില്ല. വിവിധ ഇനം ക്രീമുകൾ, ബിസ്ക

റുകൾ തുടങ്ങി ധാരാളം ഉപഭോഗവസ്തുക്കൾ പാലിൽ നിന്നും നിർമ്മിക്കാവുന്നതാണ്. ഇത്തരത്തിലുള്ള സംരംഭങ്ങൾക്ക് തുടക്കമിടുകയും വികസനസൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം.

8. പരമ്പരാഗതവ്യവസായങ്ങൾ ഉദ്ധരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. ഇരുമ്പു സാധനങ്ങളുടെ നിർമ്മാണത്തിന്നു വേണ്ടിയുള്ള ആലകൾ അസ്തമിക്കാൻ തുടങ്ങിയിരിക്കുന്നു. കളിമൺ പാത്രങ്ങൾക്ക് വേണ്ടത്ര പ്രചാരം കിട്ടുന്നില്ല. ഇങ്ങനെയൊക്കെയാണെങ്കിലും ഇവ ഇപ്പോഴും നിലനിൽക്കുന്നു. ഈ വ്യവസായങ്ങളെ നിലനിർത്തുന്നതിന്നും പ്രോൽസാഹിപ്പിക്കുന്നതിന്നും ധനസഹായം ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യണം. ചൂണ്ടലിലെ രണ്ട്, മൂന്ന് വാർഡുകളിൽ കളിമൺ പാത്രങ്ങളും അനുബന്ധസാമഗ്രികളുടെ നിർമ്മാണവും ഇപ്പോഴും നടന്നു വരുന്നു. അത് കേന്ദ്രീകരിക്കാനും യന്ത്രവൽക്കരിക്കാനും അത്യാവശ്യമായി നടപടികൾ കൈകൊള്ളണം.

9. തലക്കോട്ടുകരയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മിനി ഇൻഡസ്റ്റ്രിയൽ എസ്റ്റേറ്റ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമായരീതിയിൽ പുനസംഘടിപ്പിക്കുകയും ഓരോ വില്ലേജിലും ഓരോന്ന് എന്ന നിലയിൽ ഇൻഡസ്റ്റ്രിയൽ എസ്റ്റേറ്റുകൾ ആരംഭിക്കുകയും വേണം.

10. റെഡിമെയ്ഡ് വസ്ത്രങ്ങളുടെ കാര്യത്തിൽ പഞ്ചായത്ത് സ്വയംപര്യാപ്തമാകണം. വനിതാസഹകരണസംഘങ്ങൾ രൂപീകരിച്ച് അവയുടെ ആഭിമുഖ്യത്തിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണയൂണിറ്റുകൾ ആരംഭിക്കണം.

11. നോട്ട്ബുക്ക്, കടലാസ്, പ്രിന്റിങ്ങ് തുടങ്ങിയ മേഖലകളിലും വ്യവസായസ്ഥാപനങ്ങൾ തുടങ്ങുന്നതിന്ന് സാദ്ധ്യതകളുണ്ട്. കുടാൽ വ്യവസായമായി ആരംഭിക്കാവുന്ന നോട്ടുബിക്ക് നിർമ്മാണത്തിൽ കൂടിത ശ്രദ്ധ ചെലുത്തണം.

12. പശ, എക്സർസൈസ്ബുക്ക്, രജിസ്റ്ററുകൾ, കവർ, മഷി, മുട്ടുസൂചി, റബ്ബർബാന്റ്, ടാഗ് തുടങ്ങിയ സ്റ്റേഷനറി സാധവനങ്ങൾക്ക് ഇപ്പോൾ മറ്റു പ്രദേശങ്ങളെ ആശ്രയിക്കുകയാണ്. കുറഞ്ഞ മുതൽമുടക്കിൽ ധാരാളം വികസനസാദ്ധ്യസകൾ ഉള്ളവയാണ്. ഇത്തരം സാധനങ്ങൾ നിർമ്മിക്കുന്ന വ്യവസായയൂണണിറ്റുകൾ ആരംഭിക്കണം.

13. ഖാദിനൂൽനൂൽപ്പുകേന്ദ്രങ്ങൾ ആരംഭിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം.

14. ബേക്കറി സാധനങ്ങളുടെ നിർമ്മാണം വ്യാപാരാടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതും ധാരാളം സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യത ഉണ്ടാകുന്നതുമാണ്.

15. കശുമാങ്ങസംസ്കരണ യൂണിറ്റുകൾ ആരംഭിക്കുകയും കശുമാങ്ങയുൽ നിന്നും ഇൻഡസ്റ്റ്രിയൽ ആൽക്കഹോൾ നിർമ്മിക്കുന്ന വ്യവസായങ്ങൾ ആരംഭിക്കുകയും വേണം.

16. വീട്ടാവശ്യത്തിന്നുള്ള നിരവധി വസ്തുക്കൾ പ്ലാസ്റ്റിക്കിൽ ഉപയോഗിച്ച് വിവിധതരം സാധനങ്ങൾ നിർമ്മിക്കുന്നതിന്നുള്ള രണ്ടോ, മൂന്നോ യൂണിറ്റുകൾ നിർമ്മിക്കണം.

17. സിമന്റും, കോൺക്രീറ്റും ഉപയോഗിച്ചുകൊണ്ട് കെട്ടിടനിർമ്മാണത്തിന്നാവശ്യമായ കട്ടിള, ജനല മുതലായവനിർമ്മിക്കുന്നതിന്നാവശ്യമായുള്ള വ്യവസായയൂണിറ്റുകൾ കൂടുടതലായി ആരംഭിക്കണം.

ഈ നിർദ്ദേശങ്ങൾക്കുപുറമെ മെറ്റൽ വ്യവസായ സ്ഥാപനങ്ങൾ, വൈദ്യുതോപകരണ സ്ഥാപനങ്ങൾ തുടങ്ങിയ വൻകിടയൂണിറ്റുകൾ ആരംഭിക്കാൻ ബ്ലോക്ക് തലത്തിലോ ജില്ലാതലത്തിലോ പരിപാടിയുണ്ടെങ്കിൽ ആസൂത്രണം ചെയ്യുമ്പോൾ തന്നെ ഈ പഞ്ചായത്തിൽ ലഭ്യമാകുന്നതിന്നുള്ള ശ്രമം നടത്തണം.

ഈ വ്യവസായങ്ങൾ ആരംഭിക്കുന്നതിന്നുള്ള മൂലധനം സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യസ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരിൽനിന്നായിരിക്കണം. സ്വകാര്യവ്യക്തികളേയും സ്ഥാപനങ്ങളേയും ഈ വ്യവസായവൽക്കരണസംരംഭത്തിൽ പ്രോൽസാഹിപ്പുക്കുകയും പങ്കാളികളാക്കുകയും വേണം.

● ● ●

# 6 - ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ചരിത്ര പശ്ചാത്തലം

ജനകീയ ആസൂത്രണത്തിന്റെ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ മുന്നേറുന്ന ഈയവസരത്തിൽ ചൂണ്ടൽ ഗ്രാമ പഞ്ചായത്തിന്റെ കഴിഞ്ഞ അമ്പത് വർഷത്തെ ചരിത്ര പശ്ചാത്തലത്തിലേക്ക് പിൻതിരിഞ്ഞ് നോക്കുന്നത് സന്ദർഭോചിതമായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഗതാഗതം, ഊർജ്ജം, ചന്ത എന്നീ ത്രിതല വിഭാഗത്തിലുണ്ടായിട്ടുള്ള മാറ്റങ്ങളെക്കുറിച്ച് ഇത്തരുണത്തിൽ വിശകലനം ചെയ്യാം.

### ഗതാഗതം

ഒരു രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിൽ അഗാധമായി സ്വാധീനിച്ചിട്ടുള്ളത് നല്ല റോഡുകളാണ്. ചൂണ്ടൽ ഗ്രാമ പഞ്ചായത്തിന്റെ ഹൃദയ ഭാഗത്തുകൂടി കടന്നുപോകുന്ന സ്റ്റേറ്റ് ഹൈവേയാണ് ഈ വിഭാഗത്തിലെ ശ്രദ്ധേയമായ റോഡ് ഗതാഗതം. 50 വർഷങ്ങൾക്കുമ്പ് ഈ റോഡ് തിരക്കില്ലാത്തതും വീതി കുറഞ്ഞതുമായിരുന്നു. ഗ്രാമ പഞ്ചായത്തിന്റെ കേന്ദ്രമായ കേച്ചേരി അങ്ങാടി അമ്പത് വർഷങ്ങൾക്ക് മുമ്പ് വളരെ തിരക്ക് കുറഞ്ഞ സ്ഥലമായിരുന്നു. കേച്ചേരി അങ്ങാടിയുടെ നാലു ഭാഗങ്ങളിൽ നിന്നും പ്രവഹിക്കുന്ന വാഹനങ്ങളും ജനങ്ങളും കേച്ചേരിയെ പട്ടണമാക്കി മാറ്റിയിരിക്കുന്നു.

ഗ്രാമ പഞ്ചായത്തിലെ ഇതരപ്രദേശത്തിലെ റോഡുകളും പാലങ്ങളും വീതി കുറഞ്ഞതും സഞ്ചാരയോഗ്യമല്ലാത്തതും ആയിരുന്നു. ഭാഗ്യവശാൽ പോയകാര്യങ്ങളിൽ വികസനം ദാഹിച്ച പ്രദേശങ്ങളിൽ പഞ്ചായത്ത് സമിതിയുടെ മേൽനോട്ടത്തിൽ പഞ്ചായത്ത് റോഡുകൾ പലതും ടാറിംങ്ങ് നടത്തി സഞ്ചാര യോഗ്യമാക്കി. തകരാൻ വേണ്ടിയിരുന്നതും വീതികുറഞ്ഞതുമായ വിവിധ പാലങ്ങളും പൊളിച്ച് മാറ്റി പുനർ നിർമ്മാണം നടത്തിയെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. കേച്ചേരി പാലം, ആളൂർ പാലം, പാറന്നൂർ ചിറയിലെ പാലങ്ങൾ ഇതെല്ലാം ഈ മേഖലയിലെ ഗണ്യമായ നേട്ടങ്ങളാണ്. വികസനം വഴിമുട്ടി നിന്നി പോയ കാലങ്ങളിലെ ഗതകാല സ്മരണകളോട് വിടപറഞ്ഞ് പുരോഗതിയുടെ പടവുകൾ ചവിട്ടി കേറി ഗ്രാമപഞ്ചായത്ത് മുന്നേറികൊണ്ടിരിക്കുന്നു.

കാളവണ്ടിയുഗത്തിൽ നിന്ന് കൂടുതൽ മെച്ചപ്പെട്ട വാഹനങ്ങൾ ഉപയോഗിക്കുന്ന യന്ത്രയുഗത്തിലേക്ക് ഉയരാൻ കഴിഞ്ഞത് റോഡ് ഗതാഗതത്തിലെ എണ്ണപ്പെട്ട ഒരു സംഭവമാണ്. കാറുകളും., ജീപ്പുകളും, ഓട്ടോറിക്ഷകളും, മറ്റു ഇരുചക്ര വാഹനങ്ങളും ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ജീവിതത്തെ ധന്യമാക്കി.

### ഊർജ്ജം

50 വർഷങ്ങൾക്ക് മുമ്പ് പഞ്ചായത്തിലെ ബഹു ഭൂരിപക്ഷം ജനങ്ങളും വിറക്, കരി, എണ്ണ, ചാണകവരളി തുടങ്ങിയവയാണ് മുഖ്യമായും ഊർജ്ജ ആവശ്യങ്ങൾക്ക് ഉപയോഗിച്ചിരുന്നത്. ബഹുഭൂരിപക്ഷം വീടുകളിലും വൈദ്യുതിയുണ്ടായിരുന്നില്ല. മാറിയ പരിതസ്ഥിതിയിൽ മിക്കവാറും വീടുകളിൽ വൈദ്യുതി ലഭ്യമായത് ഈ കാലയളവിലുണ്ടായ പുരോഗതിയെ എടുത്ത് കാണിക്കുന്നു. മൃഗങ്ങളെ ഉപയോഗിച്ചും മനുഷ്യപ്രയത്നം കൊണ്ടും ശ്രമകരമായ രീതിയിൽ കാർഷിക രംഗത്തെ ജലസേചനം ഇന്ന് പഴങ്കഥ മാത്രമായി അവശേഷിച്ചിരിക്കുന്നു. ഡീസൽ എഞ്ചിനുകളും മോട്ടോർ പമ്പുസെറ്റുകളും ഇ രംഗത്തെ പ്രാധാന വഴിതിരിവാണ്.

## ചന്ത (വിപണി)

പ്രാദേശിക വിപണിയാണ് ഇവിടെ മുഖ്യമായും പ്രതിപാദിക്കപ്പെടുന്നത്. സാധനങ്ങളുടെ ക്രയവിക്രയങ്ങളിൽ പ്രാദേശിക തലത്തിൽ ഈ വിപണിയിലൂടെ നടത്തപ്പെടുന്നു. പഞ്ചായത്തിന്റെ മിക്കവാറും എല്ലാ വാർഡുകളിലും സുഗമമായി നിലനിന്നിരുന്ന പ്രാദേശിക ചന്തകളിൽ ചിലത് പല കാരണങ്ങളാലും നാമവശേഷമായിരിക്കുന്നുവെന്നത് ഒരു സത്യം മാത്രമാണ്. 10-ാം വാർഡിലേയും 11-ാം വാർഡിലേയും ജനങ്ങൾക്ക് പൊതുവായി ഉപയുക്തമായിരുന്ന ചിറനെല്ലൂർ ചന്ത ഇന്ന് വഴിയോരത്തിലേക്ക് മാറ്റപ്പെട്ടത് തികഞ്ഞ പരിസ്ഥിതി പ്രശ്നമായി മാറിയിരിക്കുന്നു. വ്യവസ്ഥാപിതമല്ലാത്ത രീതിയിൽ അറവ് നടത്തുന്നത് കൊണ്ട് അവിശിഷ്ടങ്ങൾ പുഴയോരങ്ങളിലും മറ്റും നിക്ഷേപിക്കുന്നത് ഗൗരവമേറിയ ആരോഗ്യപ്രശ്നങ്ങൾ ഉളവാക്കുന്നു. കേച്ചേരിയിലെ ചന്ത കുറെയൊക്കെ ഭംഗിയായി പ്രവർത്തിക്കുന്നുണ്ടെങ്കിലും കൂറേക്കൂടി നിലവാരമുള്ളതാക്കാൻ ശ്രമിക്കണം.

### അനുബന്ധം 10

### വൈദ്യുതി സംബന്ധിച്ചവിവരങ്ങൾ

1. നിലവിലുള്ള ഉപഭോക്താക്കൾ

a) ഗാർഹികം 2332
b) വ്യാപാരം 543
c) വ്യവസായികം 87
d) കാർഷികം 1092

2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

a) ordinary 253
b) OTP 62
c) OYEc 40

അവസാനം നൽകിയ കണക്ഷന്റെ അപേക്ഷാതിയ്യതി

30-9-91 മുതൽ 30-9-94 (കാലുള്ളത്)
6-7-95 മുതൽ 20-6-96 (കാലില്ലാത്തത്)

3. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

a) ബൾബ് -420
b) ട്യൂബ് - 32
c) മെർക്കുറി വേപ്പർ ഇല്ല
d) സോഡിയം വേപ്പർ ഇല്ല

4. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ

1 (പെരുമല)

53

6. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ പേരുകൾ

1. പറപ്പൂക്കാവ്
2. കേച്ചേരി
3. പെരുമണ്ണ്
4. കേച്ചേരി ഈസ്റ്റ്
5. പ്രിയദർശിനി
6. മഴുവഞ്ചേരി
7. എരനെല്ലൂർ 1
8. -do- 2
9. റെനിൽ
10. പട്ടിക്കര 1
11. -do- 2
12. -do- 3
13. ചിറനെല്ലൂർ 1
14. -do- 2
15. മണലി
16. ഐമുക്ക്
17. തലക്കോട്ടുകര 1
18. -do- 2
19. -do- 3
20. -do- 4
21. ടെലഫോൺ എക്സചേഞ്ച് കേച്ചേരി

7. സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പ്രതിമാസം അടക്കുന്ന തുക : Rs : 6850/-

......................ഗ്രാമ പഞ്ചായത്ത്

തെരുവ് വിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | വിളക്കുകളുടെ എണ്ണം | | | | ആകെ |
|---|---|---|---|---|---|
| | വേപ്പർ ലാമ്പ് | ഫ്ളൂ റ്റ്യൂബ് | ബൾബ് | മറ്റുള്ളവ | |
| 1 | 2 | 3 | 4 | 5 | 6 |
| കേച്ചേരി | | 32 | 420 | | |

1. ആകെ വൈദ്യുതിയുടെ നീളം കേച്ചേരി - L. T. Single - 38 K.M.
L.T. 3 Phase 32 K.M.

ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | ഹരിജൻ കോളനികളുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ (എണ്ണം) | സൗജന്യ സ്ലാബിൽ വൈദ്യുതി ഉപ എണ്ണം | പണം നൽകി വൈദ്യുതി കണ. ലഭിക്കുന്ന കുടും. എണ്ണം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 7 | പെരുമല കോളനി | | 275 | 115 |

മാർക്കറ്റുകളെ സംബന്ധിച്ച വിവരങ്ങൾ

| ചന്തകൾ (എണ്ണം) | | | വണ്ടിത്താവളങ്ങൾ | | അറവുശാലകൾ | |
|---|---|---|---|---|---|---|
| പഞ്ചായത്ത് വക | സ്വകാര്യം | ആകെ വരവ് | എണ്ണം | വരുമാനം | എണ്ണം | വരുമാനം |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 1 | 500 | | | 1 | 400 |

## ഗതാഗതം നിർദ്ദേശങ്ങൾ

1. ഒന്നാം വാർഡിലെ സുബ്രഹ്മണ്യകോവിൽ റോഡ് ടാറിംങ്ങ് പൂർത്തിയാക്കി ബസ്സ് ഗതാഗതം ആരംഭിക്കണം. ബ്രദേഴ്സ് റോഡ് വീതി കൂട്ടി ടാർ ചെയ്യണം. കണ്ടംചിറയിൽ നിന്നും പാറപ്പുറം വഴി കൂനംമൂച്ചിയിലേക്കുള്ള റോഡ് ആവശ്യമുള്ള സ്ഥലത്ത് വീതി കൂട്ടി ടാറിങ്ങ് നടത്തണം. പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്കുള്ള റോഡ് നിർമ്മിക്കണം. വാർഡിലെ മുഴുവൻ റോഡുകളുടേയും അടിസ്ഥാന സൗകര്യങ്ങൾ നിലനിർത്തികൊണ്ട് വർഷംതോറും നടത്തുന്ന മണ്ണ് പണികൾക്ക് നിയന്ത്രണം ഏർപ്പെടുത്തികൊണ്ട് ഓരോവർഷവും തിരെഞ്ഞെടുത്ത ചെറിയ റോഡുകൾ വീതികുറഞ്ഞ രൂപത്തിൽ തന്നെ ടാറിങ്ങ് നടത്തുക. മുസ്ളിം പള്ളിക്ക് സമീപം ആശാരിമാർ തിങ്ങിപാർക്കുന്ന ഭാഗത്തേക്കുള്ള റോഡ് വീതി കൂട്ടി വാഹനഗാതാഗതയോഗ്യമാക്കണം. മഹാത്മഗാന്ധിറോഡ് പാറപ്പുറത്ത് നിന്ന് കൂനംമൂച്ചിയിലേക്കുള്ള റോഡിലേക്ക് യോജിപ്പിക്കണം. കൂനംമൂച്ചി പള്ളിക്ക് മുന്നിൽ നിന്ന് പയ്യൂരിലേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കണം. ചെമ്പ്രക്കുളം, പെലക്കുളം ഭാഗത്തേക്ക് പോകുന്ന റോഡുകൾ വാഹന ഗതാഗതയോഗ്യമാക്കുക.

2. ഗുരുവായൂർ റോഡിൽ കണ്ടംചിറയിൽ നിന്ന് തുടങ്ങി സൂര്യഗ്രാമം വരേയുള്ള ഒരു കിലോമീറ്റർ ഉൾപ്പെടുന്ന പഞ്ചായത്തിക് വഴി രണ്ട് കലങ്കുകൾ നിർമ്മിച്ച് മെറ്റലിട്ട് ടാർ ചെയ്യുന്നതിനും കാനകെട്ടി മണ്ണിടിച്ചിൽ തടയുന്നതിനും മറ്റുമായി നടപടികൾ സ്വീകരിക്കുക. ഈ റോഡിന് മുൻഗണന നൽകേണ്ടതാണ്. കണ്ടംചിറ മുതൽ കണ്ടിയൂർ വരേയുള്ള റോഡ് വീതികൂട്ടി ടാർ ചെയ്യുക. ചൂണ്ടൽ മെയിൽ റോഡിൽ നിന്നും പുളിക്കൽ വഴിയുള്ള റോഡ് വീതിക്കൂട്ടുകയും ലക്ഷംവീട് കോളനി വഴി പോകുന്ന റോഡുമായി ബന്ധപ്പെടുത്തുകയും ടാർ ചെയ്യുകയും വേണം. ചൂണ്ടൽ മാടത്തുംപുര കോളനിയിലെക്ക് റോഡ് നന്നാക്കി മംഗലം പാലം വരെ എത്തിക്കുകയും ആവശ്യമായ കാന നിർമ്മാണം നടത്തുകയും ചെയ്യുക. PWD റോഡുകളുടെ ഇരുവശവും നല്ല രീതിയിലുള്ള കാനകൾ നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കണം.

കാനകൾ ഇടക്കിടെ വൃത്തിയാക്കാൻ സംവിധാനം വേണം. ലക്ഷംവീടെ കോളനി വഴി വരുന്ന റോഡും പുളിക്കൽ വഴി വരുന്ന റോഡും ബന്ധിപ്പിക്കുകയും കണ്ടംച്ചിറ - സൂര്യഗ്രാമം റോഡുവരെ മുഴുവനായി ടാർ ചെയ്യുകയും വേണം. ചൂണ്ടൽ സെന്ററിൽ നിന്നും പൂലോത്ത് ഓയിൽമിൽ റോഡ് നന്നാക്കണം.

3. അകംപാടത്ത് നിന്ന് ചൂണ്ടൽ ആശുപത്രി വഴിയിലേക്ക് ഒരു റോഡ് നിർമ്മിക്കണം. ചൂണ്ടൽ കോളനി - കണിപ്പാലം റോഡ് ടാറിടണം. ചൂണ്ടൽ GUP സ്ക്കൂളിലേക്കുള്ള റോഡ് മെറ്റലിട്ട് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം. റൈസ്മില്ലിനു നേരെയുള്ള പഞ്ചായത്ത് വഴി മെറ്റലിട്ട് ടാർ ചെയ്യണം. കൃഷിയുടെ ഉന്നമനത്തിന് വേണ്ടി കൊമ്പത്ത് ഇടവഴി, താഴത്തെപ്പാടത്തേക്കുള്ള വഴി, മെയിൻ റോഡിലേക്കുള്ള വഴി, ഒരു ഫാം റോഡ് (കൃഷിക്കാർ സ്ഥലം തരുവാൻ തയ്യാറാണ്) നിർമ്മിക്കണം. ശോച്യവസ്ഥയിൽ കിടക്കുന്ന എല്ലാ റോഡിന്റേയും അറ്റകുറ്റപണികൾ നടത്തണം. കണിപാലം വീതികൂട്ടി റോഡ് പാടത്തുള്ള പടിഞ്ഞാറെ വെള്ളച്ചാല് വരെ നിർമ്മിക്കുക. ഈ റോഡ് കൃഷിക്കാർക്ക് ഫാം റോഡായി ഉപകരിക്കുന്നതാണ്. ഗുരുവായൂർ റോഡിൽ നിന്ന് കോളനിയിലെക്ക് കയറുന്ന വഴി(പഞ്ചായത്ത്കിണർ റോഡ്) ടാറിങ്ങ് ചെയ്യുക.

4. നാലാംവാർഡിലെ ചിറപ്പറമ്പ് - തായങ്കാവ് റോഡ് മെറ്റലിട്ട് ടാർ ചെയ്യണം. തായ്യംങ്കാവ് വെള്ളത്തേരി ക്കയറ്റം വരേയുള്ള റോഡ് നേരെയാക്കി മെറ്റലിങ്ങും ടാറിങ്ങും നടത്തണം. വെട്ടുകാട് - ചോട്ടിലെപ്പാറ റോഡ് പാലം മുതൽ ആളൂർ റോഡ് വരെ മെറ്റലിങ്ങും ടാറിങ്ങും നടത്തണം. നഴ്സറി ( കുന്നത്തേക്ക്) റോഡിൽ ടാർ ചെയ്യണം.

5. പറപ്പൂക്കാവ് അമ്പലം മുതൽ പാണൻപടി വരെ ലക്ഷം വീട് കോളനി വഴി ടാറിങ്ങ് നടത്തണം. തൂവാനൂർ - ചിറപ്പറമ്പ് റോഡ് ടാറിങ്ങ് നടത്തണം. പറപ്പൂക്കാവ് അമ്പല് മുതൽ പൂത്തോട് വരെ കാനകെട്ടി മഴവെള്ളം ത്തോട്ടിലേക്ക് ഒഴുകി പോകാനുള്ള സൗകര്യം ഉണ്ടാക്കണം. പാറന്നൂർ റോടിൽ നിന്ന് 400 മീറ്റർ പള്ളിവരേയും ചിറവഴി ചിറനെല്ലൂർ വരേയും ടാറിങ്ങ്, സോളിങ്ങ്, മെറ്റലിങ്ങ് എന്നിവ നടത്തണം. പാറന്നൂർ കുന്നത്ത് റോഡ് മുതൽ നാലുംക്കൂടിയ സെന്റർ വരെ സോളിംങ്ങ്, മെറ്റലിങ്ങ്, ടാറിങ്ങ് എന്നിവ നടത്തണം. പാറന്നൂർ നാലുകൂടിയ സെന്ററിൽ നിന്നും പണിക്കർ റോഡ് വഴി ടാറിങ്ങ് നടത്തിയ റോഡിലേക്ക് കൂട്ടിമുട്ടിക്കണം. അമ്പലം വഴി പഴുന്നാന ഭാഗത്ത് മുട്ടിച്ച് കൃഷിക്കാവശ്യമായ ട്രാക്ടർ, ടെമ്പോ മുതലായവ കൊണ്ടുപോകാനുള്ള സൗകര്യം ഉണ്ടാക്കുക. പഞ്ചായത്തിലെ എല്ലാവാർഡുകളിലും ഉള്ള പുറംമ്പോക്ക് തെളിയിച്ചെടുക്കുന്നതിന് വേണ്ട നടപടി കൈക്കൊള്ളുവാൻ തൂവാനൂർ -ചോട്ടളപ്പാറ റോഡ് ഗതാഗത.യോഗ്യമാക്കുക. പാറന്നൂർ - കുരുത്തിച്ചാൽ പാലം അറ്റകുറ്റ പണികൾ നടത്തി ഗതാഗത സൗകര്യം ഉണ്ടാക്കുക. ।തൂവാനൂർ - ചിറപ്പറമ്പ് - വഴിയും തൂവാന്നൂർ - ചോട്ടളപ്പാറ - വെട്ടുക്കാട് വഴിയും തൂവാന്നൂർ ചിറപറമ്പ് തായ്യംങ്കാവ് അമ്പലം വഴിയും ഓരോ ബസ് സർവ്വീസ് നടത്തിപ്പിക്കണം. തൂവാന്നൂർ പഴയ റോഡിൽ നിന്ന് പോകുന്ന വഴി വീതികൂട്ടി ഗതാഗതയോഗ്യമാക്കണം. പറപ്പൂക്കാവ് അമ്പലത്തിലേക്ക് വരുന്ന ഭക്ത ജനങ്ങളുടെ സൗകര്യാർത്ഥം കേച്ചേരി പാലത്തിന്റെ കിഴക്ക് ഭാഗത്ത് പറപ്പൂക്കാവ് റോഡിൽ ഒരു ബസ്സ്റ്റോപ്പ് നിർമ്മിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. പാറന്നൂർ ചിറ (വലിയത്തോട്ടിൽ പാലം) മുതലക്കുണ്ട് വരെ വീതികൂട്ടി ഫാം റോഡായി നിർമ്മിക്കുക.

6. ചൂണ്ടൽ പഞ്ചായത്തിലെ ഏറ്റവും വലിയ സ്റ്റോറേജ് ഉള്ളതും കൃഷിക്ക് ഏറ്റവ്വ് ഉപകാരപ്രദവുമായ പെരുംച്ചിറയിലേക്ക് പെരുമണ്ണ് പാടത്തേക്ക് കൃഷിക്കാർക്ക് കൃഷി ആവശ്യത്തിന് ട്രാക്ടർ, വളം, വിത്ത് എന്നിവ കൊണ്ടുപോകുന്നതിനും കറ്റകൾ കൊണ്ടുവരുന്നതിനും ഏറെ പ്രാധാന്യം ഏറിയ ഈ റോഡ് അവസാനിക്കുന്ന ഭാഗത്ത് പെരുംചിറ തോടിനോടുള്ള ഭാഗം കെട്ടി സംരംക്ഷിക്കണം. വണ്ടിയിറങ്ങുന്നതിന്

സൗകര്യം ഉണ്ടാക്കണം. ഈ റോഡ് ഒരു കിലോമീറ്റർ ടാർ ചെയ്യണം. ഏകദേശം നാലരലക്ഷം രൂപ എസ്റ്റിമേറ്റ് വരുന്ന തുകയുടെ ഇരുപത് ശതമാനം ജന പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ കഴിയും. പെരുമണ്ണ് സെന്ററിൽ നിന്ന് ഇടത്തോട്ട് തിരിയുന്ന നമ്പലാട്ട് ഇടവഴി ഒരു കിലോമീറ്റർ ദൂരം റോഡ് നീളം കൂട്ടുകയാണെങ്കിൽ ഏഴാം വാർഡുമായി ബന്ധിപ്പിക്കാവുന്നതാണ്. ( 6 -7 ലിങ്ക് റോഡ്) നാല് ലക്ഷം രൂപ എസ്റ്റിമേറ്റ് കണക്കാക്കുന്ന ഇതിന്റെ 20 ശതമാനം ജനപങ്കാളിത്തത്തോടെ നടത്താവുന്നതാണ്. കുന്നംകുളം റോഡിൽ നിന്ന് കേച്ചേരി ഗവൺമെന്റ് എൽ.പി സ്ക്കൂളിന്റെ പുറകിൽ കൂടി പെരുമണ്ണിലേക്ക് എത്തുന്ന റോഡ് ( 300 മീറ്റർ ദൂരം) ടാർ ചെയ്യുകയാണെങ്കിൽ കേച്ചേരി സെന്ററിലെ ട്രാഫിക് കുരുക്കിനെ ഒരു പരിധിവരെ പരിഹാരം ഉണ്ടാകുന്നതാണ്. ഏകദേശം ഒരു ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് വരുന്ന ഇതിന്റെ 20ശതമാനം ജന പങ്കാളിത്തത്തോടെ നടപ്പിലാക്കാം. 6- ാം വാർഡിലെ പെരുമണ്ണ് സെന്ററിൽ നിന്ന് എരനെല്ലൂർ തൃശ്ശൂർ റോഡിലേക്ക് ബന്ധിപ്പിക്കുന്ന പെരുമണ്ണ് എരനെല്ലൂർ - മൂരിയംകുളം റോഡ് ഒരു കിലോമീറ്റർ ദൂരം വരും (പെരുമണ്ണ് - എരനെല്ലൂർ 500 മീറ്റർ) (എരനെല്ലൂർ പാറത്തോട് പാലം - മൂരിയംകുളം 500 മീറ്റർ) കേച്ചേരി സെന്ററിലെ ഗതാഗത കുരുക്ക് ഒഴിവാക്കാൻ കഴിയും. തൃശ്ശൂർ വഴി വരുന്ന വാഹനങ്ങൾക്ക് കേച്ചേരി ടച്ച് ചെയ്യാതെ ആളൂർ, മറ്റം, ഗുരുവായൂർ, പാവറട്ടി ഭാഗത്തേക്ക് എത്തിച്ചേരാൻ ഇതുവഴി സാധിക്കും.

7. സോളിങ്ങ് കഴിഞ്ഞ എരനെല്ലൂർ പള്ളി - മത്തനങ്ങാടി മഴുവഞ്ചേരി റോഡ് ടാർ ചെയ്യണം. മഴുവഞ്ചേരി പുത്തൂർ റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം. എരനെല്ലൂർ - പെരുമണ്ണ് റോഡ് ടാറിങ്ങ് നടത്തണം. കേച്ചേരി റനിൽ കോളനി, കനാൽ റോഡ്, എരനെല്ലൂർ പാണയങ്കാടൻ റോഡ്, എരനെല്ലൂർ കണ്ടംചിറ റോഡ്, പുത്തൂർ പാണൻ റോഡ്, മഴുവഞ്ചേരി കോട്ടിളപ്പുറം റോഡ് എന്നിവ നേരെയാക്കി സഞ്ചാര യോഗ്യമാക്കണം. വാർഡിലെ മറ്റു റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തണം.

8. മണലി കൈത റോഡിൽ നിന്ന് കനാലിനോട് ചേർത്ത് മിച്ചഭൂമി പതിച്ചുകൊടുത്തിട്ടുള്ള പ്രദേശത്തോടുകൂടി തലക്കോട്ടുകര മണലി റോഡിനോട് ചെന്നു ചേരുന്ന തരത്തിൽ ഒരു പുതിയ റോഡ് നിർമ്മിക്കണം. ശാന്തിനഗർ പ്രദേശത്തേക്ക് വടക്കാഞ്ചേരി റോഡിൽ നിന്ന് പോകുന്ന വഴി നന്നാക്കി സഞ്ചാരയോഗ്യമാക്കണം. തലക്കോട്ടുകര മെയിൽ റോഡിൽ നിന്ന് കനാൽ പാലത്തിന്റെ അരികിൽ ക്കൂടി ഇട്ട്യച്ചൻ റോഡിലേക്കും പഴനിപാടം റോഡിലേക്കും ഉള്ള കനാൻ ബണ്ട് വഴി വീതികൂട്ടി സഞ്ചാരയോഗ്യമാക്കണം. തലക്കോട്ടുകര മെയിൽറോഡിൽ നിന്നുള്ള മണലി ബൈപാസ് റോഡ് (MINI ESTATE ROAD) ടാറിങ്ങ് നടത്തണം. ഇട്ട്യച്ചൻ റോഡ് വീതികൂട്ടി ടാറിങ്ങ് ചെയ്യണം. വേലിച്ചിറ ഭാഗത്തെക്ക് (മഴുലഞ്ചടേരി) 6 മീറ്റർ വീതിയിൽ ജനപങ്കാളിത്തത്തോടുകൂടി പുതിയ റോഡ് നിർമ്മിക്കണം. ഇത് കൃഷിക്കാർക്ക് വളരെ പ്രയോജനപ്പെട്ടതാണ്. മഴുവഞ്ചേരി - തലക്കോട്ടുകര റോഡ് ടാറിങ്ങ് കഴിഞ്ഞതാണ്. ഈ റോഡിന്റെ രണ്ടു ഭാഗത്തും കാന എടുത്ത് വേണ്ടയിടത്ത് സൈഡ് കെട്ടി സംരക്ഷിക്കേണ്ടതാണ്. തലക്കോട്ടുകര -മണലി റോഡ് ടാറിങ്ങ് കഴിഞ്ഞതാണ്. കാന എടുത്തും സൈഡ് കെട്ടിയും ഈ റോഡും സംരക്ഷിക്കേണ്ടതാണ്.

9. 7,8,9,10 എന്നീ വാർഡുകളിൽ കൂടി കടന്നുപോകുന്ന മണലി - ആയമുക്ക് തണ്ടിലം റോഡ് ചൂണ്ടൽ പഞ്ചായത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട റോഡാണ്. 9,10 വാർഡുകളുടെ ഏക ബസ് ഗതാഗതമുള്ള ഈ റോഡ് വേലൂർ പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്നു. 1995 ൽ ചെറിയ ഒരു പേച്ച് വർക്ക് മാത്രം ചെയ്തിട്ടുള്ള ഈ റോഡ് 6 വർഷം മുമ്പ് 3 മീറ്റർ വീതിയിൽ ടാർ ചെയ്തതാണ്. എത്രയും പെട്ടെന്ന് ഈ റോഡ് 4 മീറ്റർ വീതിയിൽ ടാർ ചെയ്യുന്നതിന് ആവശ്യമായ തുക 7, 8, 9, 10 വാർഡുകളുടെ സഹകരണത്തോടെ കണ്ടെത്തണം. മണലി അമ്പല നടയിൽ നിന്ന് കിഴക്കോട്ട് പോകുന്ന റോഡ് വീതി

കൂട്ടി ടാർ ചെയ്യണം. പട്ടിക്കര ഓട്ടുകമ്പനി റോഡ് 6 മീറ്ററാക്കി ടാർ ചെയ്യണം. പാറപ്പുറം വീട്ടി ഇടവഴി (തങ്ങാലിശ്ശേരി കുളംവഴി) വീതികൂട്ടണം. ആയമുക്ക് കിഴക്ക് ഭാഗത്തുള്ള ബസ്സ് സ്റ്റോപ്പിൽ നിനന് വടക്കോട്ട് പോകുന്ന റോഡ് ഉദ്ദേശം 750 മീറ്റർ ആയമുക്ക് പള്ളി വരെ നീട്ടേണ്ടതാണ്.

10. മണലി - ആയമുക്ക് -തണ്ടിലം റോഡ് 4 മീറ്റർ വീതിയിൽ ടാർ ചെയ്ത് സൈഡ് കെട്ടിയും ഇരുഭാഗത്തുള്ള കാന വൃത്തിയാക്കിയും ഗതാഗത യോഗ്യമാക്കേണ്ടതാണ്. ചിറനെല്ലൂർ - ആയമുക്ക് റോഡ് ശേഷിക്കുന്ന ഭാഗണത്ത് മെറ്റലിംഗ്, ടാറിംഗ് എന്നിവ നടത്തണം. ചിറനെല്ലൂർ - മണലി റോഡ് ടാറിംഗ് നടത്തണം. ഈ റോഡിൽ കണ്ടറമ്പുക്കാരുടെ കുളത്തിന്റേ ഭാഗം സൈഡ് കെട്ടി ദുരന്തം ഒഴിവക്കണം. ചിറനെല്ലൂർ കോട്ടയുടെ വടക്ക് ഭാഗത്തുകൂടി 8 മീറ്റർ വീതിയിൽ ആയമുക്ക് സെന്ററിലേക്ക് ഒരു റോഡ് നിർമ്മിക്കണം. ഈ റോഡ് 8 മീറ്ററാക്കി മാറ്റിയാൽ ബസ് ഗതാഗതത്തിനും 9 ഉം 10 ഉം വാർഡുകളിലെ ജനങ്ങൾക്ക് ഹെൽത്ത് സെന്ററിലേക്ക് വരുവാനും കേച്ചേരിയുമായി ബന്ധപ്പെടുവാനും വളരെ സൗകര്യമായിരിക്കും. ജനങ്ങൾ തിങ്ങി പാർക്കുന്ന ഒരു പ്രദേശമാണിത്. ചിറനെല്ലൂർ മദ്രസ വഴിയുള്ള റോഡ് മണലി റോഡിലേക്ക് മുട്ടിക്കുകയും വീതികൂട്ടുകയും വേണം. ആയമുക്ക് മുസ്ലീം പള്ളി വഴി പടിഞ്ഞാട്ട് പുലിച്ചക്കാട് പാടശേഖരത്ത് സ്ഥിതി ചെയ്യുന്നു. 10 H.P. മോട്ടോർ പുരയുടെ (സൊസൈറ്റി വക) അടുത്തേക്ക് ഒരു റോഡ് നിർമ്മിക്കുകയും പുഴയിൽ മൃഗങ്ങളെ കഴുകന്നതിനും ജനങ്ങൾക്ക് കുളിക്കുന്നതിനും മറ്റും സൗകര്യപ്രദമായ വിധത്തിൽ ഒരു കടവ് നിർമ്മിക്കുകയും വേണം. ഈ റോഡ് ഈ പ്രദേശത്തെ കൃഷിക്കാർക്ക് വളം കൊണ്ടു പോകുന്നതിനും ട്രാക്ടർ ഇറക്കുന്നതിനും കറ്റ മുതലായവ കൊണ്ടു വരുന്നതിനും വളരെ പ്രയോജനപ്പെട്ടതാണ്.

ആയമുക്ക് പാമ്പിൽ കാവിന്റെ പടിഞ്ഞാറു ഭാഗത്തുകൂടി തെക്കോട്ട് പോകുന്ന റോഡ് (നീളം ഉദ്ദേശ്യം 250 M) വീതികൂട്ടി സഞ്ചാര യോഗ്യമാക്കണം. ആയമുക്ക് പാടത്ത്പടി എന്നു പറയുന്ന സ്ഥലത്ത് നിന്നും 200 മീറ്റർ കിഴക്കോട്ട് പോയാൽ പട്ടിക്കര കായലിലേക്ക് പോകുന്ന വഴി വീതി കൂട്ടി കാന കോരിയാൽ റോഡിൽ വെള്ളം കെട്ടി നിൽക്കാതെ ഒഴിഞ്ഞ് പോകും. ആയമുക്ക് പാമ്പിൽ കാവിന്റെ കിഴക്ക് ഭാഗത്ത് കൂടി തെക്കോട്ട് പോകുന്ന റോഡ് (ഉദ്ദേശം 100 M) വീതി കൂട്ടേണ്ടതാണ്. ആയമുക്കിൽ നിന്നും മുസ്ലീം പള്ളി വഴി വടക്കു പടിഞ്ഞാറു ഭാഗത്തേക്ക് പോകുന്ന വഴിയിൽ കേച്ചേരിപ്പുഴക്ക് മീതെ വടക്കെ പാടത്തേക്ക് ഒരു പാലം നിർമ്മിക്കാം.

11. പട്ടിക്കരയിൽ നിന്ന് തുടങ്ങി ചിറനെല്ലൂർ സെന്ററിൽ മുട്ടുന്ന കോളനി റോഡ് ഈ വാർഡിന്റെ ഏറ്റവും പ്രധാനപ്പെട്ട റോഡാണ്. ഈ റോഡിന്റെ 60% ത്തോളം വർക്ക് നടന്നു കൊണ്ടിരിക്കുകയാണ്. ബാക്കി വരുന്ന 40% ഉം കൂടാതെ ഈ റോഡിൽ നിന്ന് ചിറയിലേക്കുള്ള വഴിയും എത്രയും പെട്ടെന്ന് ടാറിംഗ് നടത്തി സഞ്ചാര യോഗ്യമാക്കണം.

അനുബന്ധ റോഡുകൾ ഗതാഗത യോഗ്യമാക്കണം

കപ്രശ്ശേരി റോഡ്

ചിറനെല്ലൂർ L.P. സ്കൂളിന്റെ മുൻവശത്തുകൂടി പോകുന്ന റോഡ്. കക്കട മുതൽ ചിറവരെ പണി തീർന്നിട്ടുള്ള കക്കട റോഡിന്റെ കെട്ട് സഞ്ചാര യോഗ്യമാക്കുക. കരിയംകുളം വീട്ടിനടുത്തു നിന്നും കായലിലേക്ക് ഇറങ്ങുന്ന റോഡ്. പറപ്പൂർ ഭാഗത്തുള്ള റോഡുകൾ.

## <u>പുതിയ റോഡുകൾ</u>

ചിറനെല്ലൂർ (ചിറഭാഗം) കുരിശു പള്ളി റോഡിൽ നിന്ന് തുടങ്ങി കായലിലൂടെ ചിറനെല്ലൂർ സൊസൈറ്റി

നിൽക്കുന്ന ഭാഗത്തേക്ക് അപ്രോച്ച് റോഡ് നിർമ്മിക്കുക. കക്കട അമ്പലത്തിന്റെ വഴിയിൽ നിന്ന് തുടങ്ങി പുഴയിൽ ഒരു പാലം നിർമ്മിച്ച് പാറന്നൂർ കരയുമായി ബന്ധിപ്പിക്കുന്ന ഒരു റോഡ് നിർമ്മിക്കുക. ചിറയിൽ നിന്ന് പാടത്തേക്ക് പോകുന്ന ചെറിയ പാലം വീതികൂട്ടി ഗതാഗത യോഗ്യമാക്കുക. ചിറനെല്ലൂർ ചിറയുടെ വലിയ തോട് പാലം വീതിയുള്ള പാലമാക്കി പടിഞ്ഞാട്ട് ഒരു ഫാം റോഡ് നിർമ്മിച്ച് പുതുശ്ശേരി ദേശവുമായി ബന്ധിച്ചാൽ വളരെയധികം പാടശേഖരങ്ങൾക്ക് കൃഷിക്ക് ഉപയുക്തമായ ട്രാക്ടർ ഇറക്കാനും, കൊയ്തു കൊണ്ടുവരാനും സൗകര്യമായിരിക്കും. കൂടാതെ പുതുശ്ശേരി, പഴുന്നാന കരകളുമായുള്ള ചിറനെല്ലൂർ ദേശത്തിന്റെ ഭൂമി ശാസ്ത്ര പരമായ ഒറ്റപ്പെടലും ഒഴിവാക്കാൻ സാധിക്കും കുന്നംകുളത്തു നിന്ന് മിനി ബസ് സർവ്വീസ് തുടങ്ങുകയാണെങ്കിൽ ചൂണ്ടലിൽ നിന്ന് തിരിഞ്ഞ് പുതുശ്ശേരി, ചിറനെല്ലൂർ, മണലി, തലക്കോട്ടുകര വഴി താലൂക്ക് ആസ്ഥാനമായ വടക്കാഞ്ചേരിയിലേക്ക് നടത്തുന്ന സർവ്വീസ് ജനങ്ങൾക്ക് വളരെ ഉപകാരപ്രദവും ബസ്സുമുടക്ക് ഒരു തരത്തിലും നഷ്ടം വരാത്തതുമായിരിക്കും.

ഒമ്പതാം വാർഡിൽ ആദ്യം പറഞ്ഞ ചിറനെല്ലൂർ പട്ടിക്കര റോഡാണ് ഏറ്റവും അടിയന്തിരമായി ടാറിടേണ്ട റോഡ്. ആയതിന്റെ കാരണങ്ങൾ താഴെ ചേർക്കുന്നു. ഈ റോഡ് ഒരു ഹരിജൻ കോളനി വഴിയാണ് പോകുന്നത്. ഈ ഭാഗത്തേക്ക് ഒരു ഓട്ടോറിക്ഷ വിളിച്ചാൽ വരാൻ സമ്മതിക്കാറില്ല. അത്രയും പരിതാപനിലയാണ് റോഡിന്റേത്. ഈ റോഡ് തുടങ്ങുന്ന സ്ഥലവും അവസാനിക്കുന്ന സ്ഥലവും അതായത് ചിറനെല്ലൂർ സെന്ററും പട്ടിക്കര സെന്ററും ഈ രണ്ട് വാർഡുകൾ സംഗമിക്കുന്ന സെന്ററുകളാണ്. കേച്ചേരി പന്നിത്തടം റോഡ് ടാറിട്ട് ബസ് ഓടിക്കോണ്ടിരിക്കുന്ന PWD റോഡാണെങ്കിലും രണ്ടു ബസ്സുകൾക്ക് കഷ്ടിച്ച് സൈഡ് കൊടുക്കുവാൻ സാധിക്കുന്ന വീതിയേ റോഡിനുള്ളൂ. തന്നെയുമല്ല റോഡിന്റെ രണ്ടു ഭാഗവും ടാറിട്ട പ്രതലത്തിൽ നിന്ന് ഒരടി താഴ്ചയുണ്ട്. ഇത് ഗതാഗതകുരുക്കിനും അപകടത്തിനും കാരണമാകുന്നു. കുന്ദംകുളത്തിനും കേച്ചേരിക്കമിടക്ക് ഏതെങ്കിലും വാഹനതടസ്സം വന്നാൽ ഈ റോഡിൽ കൂടിയാണ് കുന്ദംകുളത്തേക്കും കോഴിക്കോട്ടേക്കും ബസ്സുകൾ ഓടുന്നത്. ആയതുകൊണ്ട് ഈ റോഡിന്റെ കാലാകാലങ്ങളിലുള്ള അറ്റകുറ്റപ്പണികൾ നടത്തേണ്ടത് ആത്യവശ്യവും അതി പ്രധാനവുമാണ്. ഈ വഴിയിൽ കൂടി കൂടുതൽ ബസ് സർവ്വിസ് ആവശ്യമാണ്. ബസ് സൗകര്യം ആവശ്യത്തിനനുസരിച്ചില്ലാത്തതുകൊണ്ട് വളരെ ബുദ്ധിമുട്ടുന്നുണ്ട്. കൂടുതലും ഓട്ടോറിക്ഷയെയാണ് ആശ്രയിക്കുന്നത്. അത് സാമ്പത്തികമായി ബുദ്ധിമുട്ടുന്നവരെ കൂടുതൽ ബുദ്ധിമുട്ടിക്കുന്നു. ഈ റോഡിന്റെ അതിർത്തി കുമ്പഴ പാലമാണ്. ഇത് വളരെ വീതികുറവാണ്. കൂടാതെ ഗതാഗത യോഗ്യമല്ലാതായി വരികയാണ് ചെയ്യുന്നത്. ഇത് ചുരുക്കി പണിയാൻ സത്വര നടപടികൾ വേണം. ബഡ്ജറ്റിൽ ഇതിന് അലോട്ട്മെന്റ് ഉണ്ടെന്ന് കേട്ടു. ശരിയാണോ എന്ന് മുഴുവൻ അറിയാനായിട്ടില്ല. ഈ റോഡിൽ കേച്ചേരി സെന്റർ കഴിഞ്ഞ് ഏകദേശം നൂറ് മീറ്ററോള് കഴിഞ്ഞാൽ വരുന്ന സ്ഥലത്ത് വാഴാനികനാലിൽ നിന്നും വരുന്ന വെള്ളവും മഴപെയ്ത് കാനയിൽ കൂടി വരുന്ന വെള്ളവും വന്ന് റോഡ് എന്നും നാശമായിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ്. ആയതിന് ഒരു ഡ്രൈനേജ് സിസ്റ്റം സംവിധാനം ചെയ്ത് ഈ പ്രശ്നം പരിഹരിക്കണം. മണലി വഴി ചിറനെല്ലൂർ പാറപ്പുറം സെന്ററിൽ കൂടി കടന്നു പോകത്തക്കവിധം ഒരു ബസ് റൂട്ട് സംവിധാനം ചെയ്യണം.

കേച്ചേരിയിൽ ഒരു ബസ്സ്റ്റാന്റും ടെമ്പോസ്റ്റാന്റും ടാക്സി ഓട്ടോറിക്ഷ സ്റ്റാന്റും നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. ഇന്ന് കേച്ചേരി സെന്ററിൽ നേരിടുന്ന ഗതാഗത തടസ്സത്തിന് പരിഹാരം കാണണമെങ്കിൽ ടാക്സി ഓട്ടോറിക്ഷ സ്റ്റാന്റും ടെമ്പോ സ്റ്റാന്റും കേച്ചേരി സെന്ററിന്റെ തൊട്ടടുത്ത ഏതെങ്കിലും സ്ഥലത്തേക്ക് അടിയന്തിരമായി മാറ്റേണ്ടിയിരിക്കുന്നു.

ടാറിംഗ് കഴിഞ്ഞ എല്ലാ റോഡുകളുടെയും ചെറിയ തോതിലുള്ള കേടുപാടുകൾ വന്നാൽ അത് സമയാസമയങ്ങളിൽ റിപ്പയർ ചെയ്ത് കൂടുതൽ കേടുവരാതെ സംരക്ഷിക്കുന്നതിനും അതുമൂലം അധിക ചിലവ് നിയന്ത്രക്കുന്നതിനും ബ്ളോക്ക് തലത്തിലോ, ഡിസ്ട്രിക്റ്റ് തലത്തിലോ ഒരു മൊബൈൽ യൂണിറ്റ് ഉണ്ടാക്കുന്നത് അത്യന്താപേക്ഷിതമാണ്. കേച്ചേരി സെന്ററിൽ കാനകൾ സംവിധാനം ചെയ്ത് മഴവെള്ളം ഒഴിഞ്ഞ് പോകുന്നതിന് വേണ്ട സംവിധാനം ഏർപ്പെടുത്തണം. റോഡുകൾ ടാറിടുമ്പോൾ വ്യക്തികളെ അറിയിച്ച് കയ്യേറിയിരിക്കുന്ന റോഡിന്റെ ഭാഗങ്ങൾ അളന്ന് തിട്ടപ്പെടുത്തി വേണം പണിതുടങ്ങാൻ. ഏഴാം വാർഡിൽ ജനശക്തി റോഡ്, മെയിൻ റോഡുമായി ബന്ധിപ്പിക്കണം.

## ഊർജ്ജം നിർദ്ദേശങ്ങൾ

1. ഈ പഞ്ചായത്തിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും സൗജന്യമായി പോസ്റ്റ് ഇട്ട് വൈദ്യുതി നൽകേണ്ടതാണ്.

2. ഈ പഞ്ചായത്തിലെ മുഴുവൻ PWD റോഡുകളിലും കൂടാതെ ചൂണ്ടൽ പഞ്ചായത്തിന്റേ ഹൃദയഭാഗത്തുകൂടി കടന്നുപോകുന്ന ഹൈവേയിലും (മഴുവഞ്ചേരിമുതൽ പുതുശ്ശേരി വരെ ) സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കേണ്ടതാണ്. കൂടാതെ ബസ് റൂട്ടുള്ള മണലി - ആയമുക്ക് - തണ്ടിലം റോഡിലും പഞ്ചായത്തിന്റെ മുഴുവൻ പ്രധാനപ്പെട്ട റോഡുകളിലും, കോളനികളിലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

3. ഈ പഞ്ചായത്തിൽ ഇതുവരെ പഞ്ചായത്ത് സൗജന്യമായി വയറിംഗ് ചെയ്ത് കൊടുത്ത എല്ലാ കുടുംബങ്ങൾക്കും കണക്ഷൻ നൽകുന്നതിനു വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. വ്യവസായാവശ്യത്തിനു വേണ്ടി വൈദ്യുതിക്ക് അപേക്ഷിച്ചാൽ എത്രയും വേഗം കണക്ഷൻ നൽകേണ്ടതാണ്.

5. വെട്ടുകാട് മുസ്ലീം പള്ളിക്ക് സമീപം ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതാണ്.

6. 5-ാം വാർഡിലെ പറപ്പൂരിലെ സിംഗിൾ ഫേസ്ലൈൻ ത്രീ ഫെസ് ലൈനായി മാറ്റേണ്ടതാണ്.

7. 5-ാം വാർഡിലെ പറപ്പൂർ ഭാഗത്തെ ഉദ്ദേശം പകുതിയോളം വരുന്ന വൈദ്യുതി ഉപഭോക്താക്കൾ ഇപ്പോൾ കുനംമൂച്ചി ഇലക്ട്രക്കൽ സെക്ഷനിലാണ്. ഇവരെ തൊട്ടടുത്തുള്ള കേച്ചേരി ഇല്ക്ട്രിക്കൽ സെക്ഷനിലേക്ക് മാറ്റേണ്ടതാണ്.

8. ചൂണ്ടൽ പഞ്ചായത്തിലെ പല റോഡുകളും വീതി കൂട്ടിയപ്പോൾ ഇല്ക്ട്രിക് പോസ്റ്റുകൾ സൈഡിലേക്ക് മാറ്റി സ്ഥാപിച്ചിട്ടില്ല. എത്രയും പെട്ടെന്ന് ഇത്തരം പോസ്റ്റുകൾ റോഡിന്റേ സൈഡിലേക്ക് മാററി സ്ഥാപിക്കേണ്ടതാണ്.

9. 8- ാം വാർഡിലെ മഴുവഞ്ചേരി പ്രിയദർശിനി കോളനിയിൽ വൈദ്യുതി എത്തിക്കേണ്ടതാണ്.

10. 8-ാം വാർഡിൽ തലക്കോട്ടുകര - മണലി റോഡിലുള്ള കേടുവന്ന ഇലക്ട്രിക് പോസ്റ്റ് ട്രാൻസ്ഫോമറിന്

സമീപം) ഉടൻ മാറ്റി സ്ഥാപിക്കണം. HT ലൈൻ പോസ്റ്റാണിത്.

11. 10 - ാം വാർഡിൽ പാമ്പിൻ കാവിന്റെ പടിഞ്ഞാറം ഭാഗത്തു കൂടി തെക്കോട്ടു പോകുന്ന റോഡിൽ ഏകദേശം 250 മീറ്റർ ദൂരം പോസ്റ്റ് ഇട്ട് ലൈൻ വലിച്ച്, ആ പ്രദേശത്ത് തിങ്ങിപ്പാർക്കുന്ന കുടുംബങ്ങൾക്ക് കണക്ഷൻ കൊടുക്കുകയും സ്ട്രീറ്റ് ലൈറ്റ് ഇടുകയും വേണം.

12. 11- ാം വാർഡിൽ പട്ടിക്കര കോളനിയിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കേണ്ടതാണ്.

13. 9- ാം വാർഡിൽ 'മൂലയിൽ' എന്ന സ്ഥലത്ത് തിങ്ങിതാമസിക്കുന്ന ദരിദ്രരായ കുടുംബങ്ങൾക്ക് എത്രയും പെട്ടെന്ന് വൈദ്യുതി എത്തിക്കേണ്ടതാണ്.

14. ചൂണ്ടൽ പഞ്ചായത്തിലെ മുഴുവൻ വാർഡുകളേയും പാചകവാതക വിതരണ മേഘലയിൽ ഉൾപ്പെടുത്തേണ്ടത് അത്യവശ്യമാണ്.

15. ചൊവ്വന്നൂർ ബ്ളോക്കിനേയും ചൂണ്ടൽ പഞ്ചായത്തിനേയും 'അനെർട്ടി'ന്റെ പ്രവർത്തന മേഘലയായി ഉൾപ്പെടുത്തേണ്ടത് അത്യവശ്യമാണ്.

16. 11- ാം വാർഡിൽ ചിറനെല്ലൂർ L.P. സ്കൂളിനു മുൻവശത്തുകൂടി പോകുന്ന റോഡിൽ Street light അത്യവശ്യമാണ്. ഈ വാർഡിലെ തന്നെ പട്ടിക്കര നിന്നും പടിഞ്ഞാട്ട് കക്കടയിലെ ട്രാൻസ്ഫോർമർ വരെ street light ആവശ്യമാണ്.

17. 11- ാം വാർഡിലെ ചിറനെല്ലൂർ ചിറയുടെ ഭാഗത്തുള്ള കുരിശു പള്ളിയുടെ പോയിന്റിൽ നിന്ന് കിഴക്കോട്ടുള്ള വഴിയിൽ street light ആവശ്യമാണ്.

18. ദക്ഷതയേറിയ അടുപ്പുകളുടേയും ഉപകരണങ്ങളുടേയും വ്യാപനം സുഗമമാക്കുന്നതിന് ഒരു പദ്ധതി ആവിഷ്കരിക്കണം.

19. ഊർജ്ജ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കണം. പ്രത്യേകിച്ച് C.F.L പദ്ധതി

20. ഗോബർ ഗ്യാസ് തുടങ്ങിയ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പ്രയോഗികമാക്കാനുള്ള പദ്ധതി നടപ്പാക്കുക.

21. പാറന്നൂർ ചിറ റേഡ് വൈദ്യുകീകരിക്കണം.

വൈദ്യുതി പ്രതിസന്ധിയാണ് കേരളത്തിൽ നാം നേരിടുന്ന ഏറ്റവും പ്രധാനമായ വെല്ലുവിളി വൈദ്യുതി ഉപഭോക്താക്കൾ കൂടുകയും ആഡംബര ജീവിതത്തിലേക്ക് മനുഷ്യനെ ആകർഷിക്കുകയും ചെയ്യുന്നതോടൊപ്പം വൈദ്യുതി ഉത്പാദനം കേരളത്തിൽ കൂടുന്നില്ല. ഇതെല്ലാം തന്നെ സംസ്ഥാന ആസൂത്രണ കമ്മീഷന്റേ മുന്നിലുള്ള വിഷയങ്ങളാണ്. ഇന്ന് നാം T.V. യോ റേഡിയോയോ ഓൺ ചെയ്താൽ പല കമ്പനികളുടേയും പരസ്യങ്ങൾ ആവർത്തിച്ചാവർത്തിച്ച് ജനങ്ങളെ വിഡ്ഢികളാക്കുന്ന വിധത്തിൽ കാണാം

നാം T.V. യിൽ ഒരു സിനിമയോ, സീരിയലോ കാണുമ്പോൾ രസകരമായ പല ഭാഗങ്ങളും വരുന്നതിനിടക്ക് ആവർത്തിച്ചുള്ള പരസ്യങ്ങൾ വരുമ്പോൾ നാം എല്ലാം അതിനെപറ്റി വിമർശിക്കാറുണ്ടല്ലോ? ഇങ്ങനെയുള്ള ആവർത്തിച്ചുള്ള പരസ്യങ്ങളെ ഗവൺമെന്റ് നിയന്ത്രിക്കുകയും അതിനു പകരം അനാവശ്യമായി ഉപഭോക്താക്കൾ കറന്റ് പാഴാക്കുന്നതിനെതിരെയുള്ള ബോധവൽക്കരണം T.V. യിൽ ക്കൂടെയും റേഡിയോ വിൽക്കൂടെയും വേണം.

കേരള സർക്കാർ രൂപികരിക്കാൻ പോകുന്ന പവ്വർ ഡബിൾ അപ്മെന്റ് ആന്റ് ഫിനാൻസ് കോർപറേഷനുമായി സഹകരിക്കണം. ആയതിലേക്ക് രണ്ടാം വാർഡിൽ നിന്ന് കിട്ടിയ ഒരു നിർദ്ദേശം ചുവടെ ചേർക്കുന്നു.

നിലവിലുള്ള എല്ലാ വൈദ്യതി ഉപഭോക്താക്കളും അവരവരുടെ കറന്റ് ചാർഇജ്ജ് മാസാമാസങ്ങളിൽ പലിശ ഇനത്തിൽ അടക്കപ്പെടുന്ന രീതിയിലുള്ള ഒരു തുക മേൽ പറഞ്ഞ സ്ഥാപനത്തിൽ ഡിപോസിറ്റ് ചെയ്യുക. ഈ മാതൃക സംസ്ഥാനത്ത് ഒട്ടാകെയുള്ള ഉപഭോക്താക്കൾ അംഗീകരിക്കുകയാണെങ്കിൽ ഇന്നത്തെ ഊർജ്ജ പ്രതിസന്ധിക്കുള്ള സാമ്പത്തിക വശം പരിഹരിക്കാൻ കഴിയും കൂടാതെ വൈദ്യതിയുടെ ഉപയോഗം പരമാവധി കുറക്കുവാൻ ഇലക്ട്രോണിക് ചോക്ക് ഉപയോഗിച്ച് കത്തിക്കുന്ന സെറ്റുകൾ മാത്രം വീടുകളിലും തെരുവുകളിലും ഉപയോഗിക്കുക. ഇത് മാത്രം ഉപയോഗിക്കുന്നതിന് Subsidy നൽകി പ്രോത്സാഹനം നൽകേണ്ടതാണ്.

## മാർക്കറ്റ് പ്രശ്നങ്ങളും സാദ്ധ്യതകളും

ഈ പഞ്ചായത്തിൽ പൊതു മാർക്കറ്റുള്ള വാർഡുകൾ കുറവാണ്. ആയതുകൊണ്ട് പഞ്ചായത്തിലെ പൊതുവായ കച്ചവടകേന്ദ്രങ്ങളിൽ ഓരോ പൊതു മാർക്കറ്റ് അത്യവശ്യമാണ്. കൂടാതെ പഞ്ചായത്തിന്റെ സിരാകേന്ദ്രമായ കേച്ചേരി കേന്ദ്രീകരിച്ച് ഒരു മാംസ സംസ്കരണ കേന്ദ്രമുണ്ടായാൽ ആ സൗകര്യം പഞ്ചായത്തിലെ എല്ലാ പൊതു മാർക്കറ്റുകൾക്കും ഉപയോഗപ്പെടുത്താം.

● ● ●

# 7- ഭവനനിർമ്മാണം    സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ

## ചരിത്രം

ജനസംഖ്യയിലും വിസ്തൃതിയിലും മുൻപന്തിയിൽ നില്ക്കുന്ന പഞ്ചായത്താണെങ്കിലും പാർപ്പിട പ്രശ്ന പരിഹാരങ്ങളിൽ ഇതിനകം തന്നെ ബഹുദൂരം പിന്നിട്ടുകഴിഞ്ഞു. എന്നു പറയാം. ഇങ്ങിനെയൊക്കെയാണെങ്കിൽതന്നെ വളരെ പേർ ഇനിയും സ്വന്തമായി വീട് ഉണ്ടാകേണ്ടവരായിട്ടുണ്ട്. ഇതിനകം തന്നെ നടപ്പിൽ വന്നിട്ടുള്ള ഭവനനിർമ്മാണപദ്ധതികൾ ഒരളവോളം പട്ടികജാതിയിൽപ്പെട്ടവർക്കും മറ്റു സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ദുർബലവിഭാഗക്കാർക്കും സഹായകമായിട്ടുണ്ട്. എങ്കിലും ലഭ്യമായ ധനസഹായത്തിന്റെ ദുരുപയോഗം സർവ്വസാധാരണമായിരുന്നു എന്നുപറയാൻ മടിക്കേണ്ട കാര്യമില്ല. ചേരിപ്രദേശങ്ങളിൽ താമസിക്കുന്നവരോ പുറംപോക്കിൽ താമസിക്കുന്നവരോ പൊതുവെ കുറവാണ്. എങ്കിലും ഏകദേശം 64 കുടുംബക്കാർ അത്തരത്തിൽപ്പെട്ട പ്രദേശത്ത് ഈ പഞ്ചായത്ത് അതിർത്തിയിൽ താമസിക്കുന്നവരുണ്ട്. അവരിൽ നേരിയ പക്ഷം മുമ്പ് ഉണ്ടായിരുന്ന സ്ഥലങ്ങൾ വിറ്റ് മറ്റു പഞ്ചായത്തുകളിൽ വന്ന് കുടിയേറിവന്നവരാണ്. ഇവരിൽ ചിലർക്ക് മിച്ചഭൂമി പതിച്ചു ലഭിച്ചുവെങ്കിലും ആയതു കൈമാറ്റം നടത്തി ഇരിപ്പാണ്. പല അവിഭക്ത കുടുംബങ്ങളും വളരെ വലുതായി കഴിഞ്ഞതിനാൽ വേർപിരിയേണ്ട കാലമായിരിക്കുന്നു. കുടുംബം എന്ന സങ്കല്പത്തിൽ ഭർത്താവ് ഭാര്യ മക്കൾ എന്നിങ്ങനെയായതുകൊണ്ട് അത്തരം വീട്ടുകാർക്കും പുനരധിവാസം കാണണം.

മേൽപറഞ്ഞ രീതിയിലുള്ളവരെ പുനരധിവസിപ്പിക്കാൻ സ്ഥലവും, വീടും നൽകി സഹായിക്കണം.

## വിശകലനം

ഈ പഞ്ചായത്തിൽ പതിനൊന്ന് വാർഡുകളിലായി ഉദ്ദേശം 6812 വീടുകൾ ഇപ്പോൾ ഉണ്ട്. അവയിൽ ഏറിയ പങ്കും ഓടിട്ട ചെറിയ വീടുകളാണ്. ഏകദേശം 8% വീടുകൾ നവീനരീതിയിൽ ടെറസ്സ് കെട്ടിടങ്ങളാണ്. എന്നാൽ ഓലമേഞ്ഞ ചെറിയ കുടിലുകളും അവിടവിടെയായി ഉണ്ട്. മൊത്തത്തിൽ സാമാന്യം ഭേദപ്പെട്ട രീതിയിൽ ഭവനനിർമ്മാണരംഗത്ത് പുരോഗതി ഉണ്ടായിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്കും പട്ടികജാതിയിൽപെട്ടവർക്കും ഭവനനിർമ്മാണത്തിനായി പഞ്ചായത്ത്, ബ്ലോക്ക്, ഗവൺമേണ്ട്, മറ്റു ഭവനനിർമ്മാണ ഏജൻസികൾ എന്നീ ഘടകങ്ങളിൽ നിന്നും സാരമായി സഹായങ്ങൾ ലഭിച്ചിട്ടുണ്ട്. തുച്ഛമായെങ്കിലും അമല ലയൺസ് ക്ലബ് പോലുള്ള സംഘടനകളിൽ നിന്നും ഈ രംഗത്ത് സഹായം ലഭിച്ചിട്ടുണ്ട്. ലക്ഷംവീടു കോളനികളും അഞ്ച് ഭൂരഹിത കർഷക തൊഴിലാളി കോളനികളും രണ്ട് അംഗീകൃത പട്ടികജാതി കോളനികളും ഉൾപ്പെട്ടതാണ് ഈ പഞ്ചായത്തു പ്രദേശം. ഇതിൽ 416 വീടുകൾ പട്ടിജാതിക്കാർ അധിവസിക്കുന്നതാണ്. ഭവനനിർമ്മാണരംഗത്ത് ഈ പഞ്ചായത്തിൽ ആനുകൂല്യങ്ങൾ ലഭിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

### ഭവനനിർമ്മാണ പുരോഗതി

| ഭവന നിർമ്മാണ സൗജന്യം ആവശ്യപ്പെട്ടവർ | അനുവദിച്ച വീടുകൾ | | പൂർത്തി കരിച്ചവ | പൂർത്തികരി ക്കാത്തവ | ഇനിയും അനുവദിച്ചു കൊടുക്കാനുള്ളവ |
|---|---|---|---|---|---|
| | പട്ടിക ജാതി | സാമ്പത്തിക പിന്നോക്കകാർ | | | |
| വാർഡ് 1 to 11 (1996 -97 ൽ മാത്രം) | | | | | |
| ബ്ളോക്ക് | 94 | 14 | 52 | 41 | 153 (1996-97) |
| പഞ്ചായത്ത് | 61 | - | 61 | - | |
| പട്ടികജാതി വികസന വകുപ്പ് | 42 | - | 42 | - | |
| ബേങ്ക് വായ്പ | 26 | 24 | 26 | 24 | |
| അമല ലയൺസ് ക്ലബ് | -2 | - | 2 | | |
| | 223 | 40 | 181 | 67 | |

## പ്രശ്നങ്ങൾ

1. സ്വന്തമായി പാർപ്പിടമില്ലാത്തവർ ഏകദേശം 10% ത്തോളമുള്ളവർക്ക് വീടുവെക്കാൻ സ്ഥലവും സാമ്പത്തിക സഹായവും കണ്ടെത്തണം.

2. പുറംപോക്കിലും, ചേരിപ്രദേശങ്ങളിലുമായി താമസിക്കുന്നവർ ചെറിയ ശതമാനം ഉണ്ട്. ഉദാഹരണത്തിനായി തുവ്വാനൂർ പാലത്തിനു സമീപം കേച്ചേരി വാഴാനി കനാൽതീരത്ത് നാലാം വാർഡിൽ പാറപ്പുറം - ആളൂർ റോഡിൽ, മഴുവഞ്ചേരി മത്തനങ്ങാടി റോഡിൽ ഇവരെ പുനരധിവസിപ്പിക്കാൻ പറയത്തക്ക പദ്ധതികളൊന്നും ഇതുവരെ പ്രാവർത്തികമായിട്ടില്ല.

3. ലക്ഷം വീടുകോളനികളിലും ഭൂമിരഹിത കർഷകകോളനികളിലും താമസിക്കുന്നവർ ചെറിയ തോതിൽ അനർഹമായി താമസിച്ചുവരുന്നവരാണ്. അവർ വലിയ വിലക്ക് കൈമാറി കൊണ്ടിരിക്കുന്നു. അതു തടയുന്നതിന് ഇവിടെ പറയത്തക്ക നിയമമില്ല.

4. ഇത്തരത്തിൽ വീട് ലഭിച്ചവർ വൻവിലക്ക് വിറ്റ് വീണ്ടും വീടിന് അപേക്ഷിക്കുന്നു. ഈ സൗകര്യം ചിലർ എങ്കിലും അനുഭവിക്കുന്നു.

5. വീടു നിർമ്മിക്കുന്നതിന് ഇതുവരെ ലഭ്യമായ സാമ്പത്തികസഹായം വളരെ കുറഞ്ഞതാണ്. അതുകൊണ്ടുതന്നെ ഈ ആനുകൂല്യം ദുരുപയോഗപ്പെടുത്തുന്നു.

6. ഭവനനിർമ്മാണംപോലെതന്നെ പ്രാധാന്യം അർഹിക്കുന്നതാണ് വീട് റിപ്പയർ. ഏകദേശം 30 വർഷങ്ങൾക്കുമുമ്പ് പണിതീർത്തു കൊടുത്തതും പണിതതുമായ ലക്ഷംവീടുകോളനികളിലെ വീടുകൾ നിലംപൊത്താറായിരിക്കുന്നു. ഇവർക്ക് റിപ്പയർ ചെയ്യുന്നതിന് യാതൊരു ആനുകൂല്യങ്ങളും ലഭിച്ചിട്ടില്ല. കോളനികളിലേയും മറ്റു കോളനികളിലേയും അവസ്ഥ ഇതു തന്നെയാണ്.

7. ഏഴാം വാർഡിൽപ്പെട്ട പെരുമലയിൽ സ്ഥിര താമസിച്ചുവരുന്നവർക്ക് ഇതുവരെ പട്ടയം ലഭിച്ചിട്ടില്ല. അക്കാരണത്താൽ സ്വന്തമായ വീട് ഉണ്ടാക്കുന്നതിന് സാമ്പത്തിക സഹായം, സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തുതലത്തിൽ ഒരു സാമൂഹ്യസാമ്പത്തിക സർവ്വെ സംഘടിപ്പിക്കുകയും അതിൽനിന്നും ദുർബല വിഭാഗങ്ങളേയും പാർപ്പിടം ആവശ്യമുള്ളവരേയും കണ്ടെത്തുകയും ചെയ്യുക. ക്ഷേമപ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം ഈ സർവ്വെ കണക്കിലെടുക്കാൻ.

2. ലക്ഷം വീട് സെറ്റിൽമെന്റ് കോളനി പട്ടികജാതി കോളനി, IRDP ലിസ്റ്റിൽപ്പെട്ട സാമ്പത്തിക വികസനം അർഹിക്കുന്നവർ, എന്നിവരുടെ വീടുകൾ അറ്റകുറ്റപണി നടത്തുന്നതിനായി ഒരു കരുതൽ ഫണ്ട് ഏർപ്പെടുത്തുക. ഇതിനായി പഞ്ചായത്തിനു മൊത്തം വരുമാനത്തിന്റെ 5% നീക്കിവെയ്ക്കുക.

3. എല്ലാതരം കോളനികളിലും, പെരുമല ദേവസ്വം പോലുള്ള സ്ഥലങ്ങളിലും ഇപ്പോൾ താമസിച്ചു വരുന്നവർക്ക് പട്ടയം കൊടുക്കുവാൻ നടപടി ഉണ്ടാക്കുക.

4. പഞ്ചായത്തിലെ ഭൂവിഭാഗങ്ങളെകുറിച്ച് ശരിയായ ധാരണ ഉണ്ടാക്കി പതിച്ചു കൊടുക്കുവാൻ കഴിയുന്ന പുറംപോക്ക് സ്ഥലങ്ങൾ രേഖപ്പെടുത്തുക. മിച്ചഭൂമിയായി പ്രഖ്യാപിച്ചിട്ടുള്ള എട്ടാം വാർഡിന് 128 പ്ലോട്ടുകൾ അനുവദിച്ചു കൊടുത്തു ബാക്കിയുള്ള സ്ഥലം ഇതിനായി ഉപയോഗിക്കാം. അതുപോലെ ചൂണ്ടൽ പഞ്ചായത്തിൽ നാലാം വാർഡിൽ (ചേലാഞ്ചേരികുന്ന്) വീടുവെക്കുന്നതിന് അനുയോജ്യമായ $2^1/2$ ഏക്കർ സ്ഥലം ഏറ്റെടുത്ത് ഒരു ഹൗസിങ്ങ് കോളനി സ്ഥാപിക്കാവുന്നതാണ്.

5. പുറംപോക്കിൽ താമസിക്കുന്നവരുടെ ഒരു പട്ടിക തയ്യാറാക്കി മുൻഗണനാക്രമത്തിൽ ലിസ്റ്റ് തയ്യാറാക്കുക. ഇവർക്ക് ഭവനനിർമ്മാണസ്ഥലവും സാമ്പത്തിക സഹായവും കൊടുക്കാൻ മുൻഗണന കൊടുക്കുക.

6. ഇപ്രകാരം ഭവനരഹിതർക്ക് വീടുവെക്കുന്നതിന് സ്ഥലവും സാമ്പത്തികസഹായവും സൗജന്യമായി നൽകുക.

7. സഹായങ്ങൾ ദുരുപയോഗപ്പെടുത്താതിരിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുക.

8. ചെലവു കുറഞ്ഞ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഭവനനിർമ്മാണം പരമാവധി പ്രോത്സാഹിപ്പിക്കണം. ഇതിനുവേണ്ടിയുള്ള ബോധവൽക്കരണ ക്ലാസുകളും ശില്പശാലകളും സംഘടിപ്പിക്കണം.

9. ഭവനനിർമ്മാണ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഈ പഞ്ചായത്തിൽകൂടി വ്യാപിപ്പിക്കണം.

# ചുണ്ടൽ പഞ്ചായത്ത് ക്ഷേമപ്രവർത്തനങ്ങൾ

## ക്ഷേമപ്രവർത്തനങ്ങൾ

### ചരിത്രം

ക്ഷേമപ്രവർത്തനങ്ങളിൽ ചേരിതിരിവ് പലപ്പോഴും പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ദുർബല വിഭാഗങ്ങൾ എന്നത് ശരിയായ അർത്ഥത്തിൽ വിശകലനം ചെയ്ത് എല്ലാ സമുദായങ്ങളിലും ദുർബലരെ കണ്ടെത്തി അവരുടെ ക്ഷേമത്തിന് സഹായഹസ്തം നീട്ടണം എന്നതാണു വസ്തുത. എന്നാൽ പിന്നോക്ക സമുദായത്തിൽ മാത്രം ക്ഷേമപ്രവർത്തനങ്ങൾ നടത്തി സർക്കാർ ധനസഹായം ഒഴുകുന്നു എന്നതാണ് സത്യം. എന്നാൽ ഈ കൊടുക്കുന്ന ആനുകൂല്യങ്ങൾ എല്ലാം ശരിയായ രീതിയിൽ ഉപയോഗിക്കുകയോ മുഴുവൻ ആനുകൂല്യങ്ങൾ ലഭിക്കുകയോ ചെയ്യുന്നില്ല. സമഗ്ര പുരോഗതി എന്നത് യഥാർത്ഥമാകണമെങ്കിൽ സാമ്പത്തിക ദുർബലത കൂടി കണക്കാക്കണം. ജാതിമതഭേദമെന്യേ ഒരു സ്ഥിതിവരണം. സാമ്പത്തികമായി പിന്നിൽ നിലനിന്നിരുന്ന പട്ടികജാതിക്കാർക്കും മറ്റും ഒരു പരിധിവരെ പുരോഗമനം ഗവൺമേന്റിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ കൊണ്ടും സാധിച്ചിട്ടുണ്ട്.

പഞ്ചായത്ത്, ബ്ലോക്ക്, അനിമൽ ഹസ്ബെന്ററി, ഹെൽത്ത് സെന്റർ, പട്ടികജാതി വികസനവകുപ്പ്, വൈദ്യുതി വിഭാഗം, എന്നിവകളിൽ നിന്നുള്ള സഹകരണം കൊണ്ട് പുരോഗചിക്ക് സഹായവും മാർഗ്ഗനിർദ്ദേശങ്ങളും ഉണ്ടായിട്ടുണ്ട്. ആരോഗ്യപരമായി ഇത്തരത്തിലുള്ളവരുടെ നിർദ്ദേശങ്ങൾ വളരെ സഹായകമായി തീർന്നിട്ടുണ്ട്.

### വിശകലനം

ഈ പഞ്ചായത്തിൽ ചെറിയ തോതിലെങ്കിലും ക്ഷേമപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും ബ്ലോക്കിൽ നിന്നും പട്ടികജാതിക്കാർക്കും, ദുർബല വിഭാഗങ്ങൾക്കും വീടുനിർമ്മാണ കാര്യത്തിലും വൈദ്യുതി നൽകുന്നതിലും കക്കൂസ്സ് കൊടുക്കുന്ന കാര്യത്തിലും സഹായങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതു മൂലം ക്ഷേമപ്രവർത്തനം ഒരളവിൽ കഴിഞ്ഞ് നടന്നിട്ടുണ്ട്. ബ്ലോക്കിൽ നിന്നും ക്ഷേമപ്രവർത്തന ഭാഗമായി IRDP ഗുണഭോക്താക്കൾക്ക് കാര്യമായ നേട്ടമുണ്ടായിട്ടുണ്ട്. കേച്ചേരി ഗവ. ആശുപത്രി വഴി പശുക്കളെ കൊടുത്തും വരുമാനമാർഗ്ഗങ്ങൾ ഉയരുവാൻ ഇടയായിട്ടുണ്ട്. ക്ഷേമപ്രവർത്തനം ത്വരിതപ്പെടുത്തുവാൻ കേച്ചേരി ഇന്ത്യൻ ഓവർസീയർ ബാങ്ക്, കേച്ചേരി സർവ്വീസ് സഹകരണ ബാങ്ക്, കൂനംമൂച്ചി കാത്തലിക് സിറിയൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫം ട്രാവൻകൂർ, കുന്നംകുളം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സൗത്തിന്ത്യൻ ബാങ്ക് കേച്ചേരി എന്നീ സ്ഥാപനങ്ങൾ അകമഴിഞ്ഞു സഹകരിക്കുകയും സഹായിക്കുകയും ചെയ്തിട്ടുണ്ട്.

ഇതുവരെയായി ലഭിച്ചിട്ടുള്ള ക്ഷേമപ്രവർത്തന രംഗങ്ങളിലുള്ള നേട്ടങ്ങൾ താഴെ ചേർക്കുന്നു.

1. കക്കൂസ് ലഭിച്ചവർ

| നൽകിയ സ്ഥാപനങ്ങൾ | പട്ടികജാതിക്കാർ | ദുർബലം | ഐ.ആർ.ഡി. പി. ലിസ്റ്റ് പ്രകാരം |
|---|---|---|---|
| ബ്ലോക്ക് | 82 | 44 | 311 |
| പഞ്ചായത്ത് | 52 | 34 | |

**2. ട്രൈസം** ബ്ലോക്കിൽ നിന്ന്

| പരിശീലനവിഷയം | പരിശീലനം ലഭിച്ചവർ | സ്വയംതൊഴിൽ കണ്ടെത്തിയവർ | മററു തരത്തിൽജോലി ചെയ്യുന്നവർ |
|---|---|---|---|
| പ്രിന്റിങ്ങ്,സ്കൂട്ടർ റിപ്പെയറിങ്ങ്, ഗോൾഡ് കവറിങ്ങ്, പ്ലാസ്ററിക് കേൻ വർക്ക്, മോട്ടോർ റിപ്പെയറിങ്ങ T .V. റിപ്പെയറിങ്ങ്, അലുമിനിയം ഫേബ്രിക്കേഷൻ മുതലായവ | 33 | 23 | 8 |
| 1995- 96 വർഷത്തിൽിതിനു പുറമെ 9 പേർ ഒരു വർഷത്തെ പിരിശീലനത്തിന് 15.3.96 മുതൽ പോയിക്കൊണ്ടിരിക്കുന്നുണ്ട്. | | | |

## സാമൂഹ്യക്ഷേമം

ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളെ സംബന്ധിച്ച വിവരങ്ങൾ - സഹായം നൽകിയവരും ഇനിയും ലഭിച്ചിട്ടില്ലാത്തവരും.

| വാർഡ് നമ്പർ | IRDP സർവ്വെ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം | ഇതിൽ പട്ടിക ജാതി കുടുംബം | നാളിത് വരെ സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ പട്ടിക ജാതി കുടുംബം | സഹായം ലഭിച്ചത് വഴിദാരിദ്ര്യരേഖക്ക് മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖക്ക് താഴെയുള്ള ആകെകുടുംബങ്ങൾ (സഹായംലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| I. | 151 | 10 | 53 | 22 | 14 | 137 |
| II. | 157 | 21 | 58 | 25 | 18 | 139 |
| III. | 169 | 39 | 69 | 41 | 17 | 152 |
| IV. | 129 | 1 | 38 | 7 | 11 | 118 |
| V. | 156 | 6 | 48 | 19 | 20 | 136 |
| VI. | 262 | 23 | 37 | 7 | 18 | 244 |
| VII. | 248 | 27 | 29 | 10 | 13 | 235 |
| VIII. | 179 | 12 | 31 | 9 | 16 | 163 |
| IX. | 119 | 8 | 25 | 7 | 15 | 104 |

| | | | | | | |
|---|---|---|---|---|---|---|
| X. | 109 | 13 | 18 | 6 | 13 | 96 |
| XI. | 112 | 10 | 35 | 11 | 10 | 102 |
| ആകെ | 1791 | 170 | 441 | 164 | 165 | 1626 |

## 4. ഗ്രാമീണ കൈത്തൊഴിലാളികൾക്ക് ആധുനിക ഉപകരണം (IRDP)

| IRDP സർവ്വേ പ്രകാരം കൈത്തൊഴിൽ ഉപകരണങ്ങൾക്ക് അർഹതയുള്ളവർ | സഹായം ലഭിച്ചവർ | സഹായത്തിന് ബാക്കി നിൽക്കുന്നവർ |
|---|---|---|
| ബ്ലോക്കിൽ നിന്ന് 84 | 20 | 64 |

## 5. സാമൂഹ്യവനവൽക്കരണം പദ്ധതിപ്രകാരം വിതരണം ചെയ്തത്

| വിവരം | 1992 ന് ശേഷം നൽകിയ എണ്ണം | |
|---|---|---|
| തെങ്ങിൻ തൈ | 740 | |
| മാവ് | 100 | |
| ജാതി | 10 | |
| നാരകം | 12 | |
| പുളി മുതലായ വൃക്ഷത്തൈകൾ | 10306 | |

## 6. DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽസംരംഭങ്ങളുടെ വിവരം

| WARD | ഏതുപ്രവർത്തി | ആരംഭിച്ചവർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | എവിടെ പ്രവർത്തിക്കും |
|---|---|---|---|---|
| II. | റെക്സിൻ വർക്ക് | 1996-97 | 10 | കാണിപ്പയ്യൂർ മഹിളാസമാജം ചൂണ്ടൽ |
| XI. | റെഡിമെയ്ഡ് ഡ്രസ്സ് | 1995-96 | 10 | പട്ടിക്കര രമ്യ സമാജത്തിനു കീഴിൽ |

## 7. സൗജന്യ വൈദ്യുതീകരണം.

| സ്ഥാപനം | പട്ടികജാതിക്കാർ | ദുർബലം | റിമാർക്സ് |
|---|---|---|---|
| ബ്ലോക്ക് | 42 | 8 | |
| പഞ്ചായത്ത് | 140 | 275 | ഇതിൽ കുറച്ചു പേർക്ക് വയറിങ്ങ് കഴിഞ്ഞ് കണ ക്ഷൻ കൊടുക്കാനുണ്ട് |

## 8. പെൻഷൻ സഹായം

| ലഭിക്കുന്ന സ്ഥലം | കർഷക തൊഴിലാളി പെൻഷൻ | വാർദ്ധക്യകാല പെൻഷൻ | വികലാംഗ പെൻഷൻ | വിധവ പെൻഷൻ | |
|---|---|---|---|---|---|
| പഞ്ചായത്ത് (ഇപ്പോൾ) തഹസിൽദാർമാർ, ലേബർ ഓഫീസർ | 219 | 71 | 48 | 70 | |

## 9. ഭൂരഹിത കർഷകത്തൊഴിലാളി മരണപ്പെട്ട് ലഭിക്കുന്ന ആനുകൂല്യങ്ങൾ

| എവിടെ നിന്നും ലഭിച്ചു | എത്ര പേർക്ക് | |
|---|---|---|
| ലേബർ ഓഫീസർ വഴി, ഇൽക്കറൻസിൽ നിന്ന് | 22 | 2000ക വീതം സാമ്പത്തിക ആനുകൂല്യം ലഭിച്ചു |

ഇതിനെല്ലാം പുറമെ "കൃഷിഭവൻ" മുഖാന്തിരം പട്ടിക ജാതിക്കാർക്ക് സ്പ്രേയർ, പട്ടിക ജാതിയിൽപ്പെട്ടവർക്ക് കിണർ കുത്തുന്നതിനും സാമ്പത്തിക സഹായം, മോട്ടോർ കൊടുത്തും കൃഷി വികസിപ്പിച്ചും ക്ഷേമകരമായ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. പട്ടികജാതിക്കാർക്കുവേണ്ടി കൃഷി ഉപകരണങ്ങളുടെ വിതരണം കാലാകാലങ്ങളിൽ നടന്നിട്ടുണ്ട്.

### പ്രശ്നങ്ങൾ

1. ഈ പഞ്ചായത്തിലെ കൂടുതൽ കുടുംബങ്ങളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മേഖലയാണ്. കുടിവെള്ളത്തിനും വൈദ്യുതിക്കും ദാഹിക്കുന്ന മേഖലയാണ്. കക്കൂസ് കക്കൂസിന്റെ അഭാവം വളരെയാണ്. തൊഴിൽ ഇല്ലായ്മ രൂക്ഷമായ മേഖലയാണെങ്കിലും കെട്ടിടനിർമ്മാണ പ്രവർത്തനം, മത്സ്യ വിതരണം എന്നിവ കാര്യമായി നടക്കുന്നു. ഇവർക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല. കർഷക തൊഴിലിലും ഒരു പരിധിവരെ ജോലിയുണ്ട്. എങ്കിലും വേണ്ടത്ര കർഷകത്തൊഴിലാളികളെ ലഭിക്കുന്നില്ല എന്നത് കാർഷികമേഖലയെ സംബന്ധിച്ച് പ്രശ്നമാണ്.
2. ഇന്ന് വേണ്ടത്ര അംഗൻവാടികൾ ഈ പഞ്ചായത്തിൽ ഇല്ല. തന്മൂലം പിഞ്ചു കുട്ടികൾക്ക് പഠിക്കുന്നതിനും പോഷകാഹാരം ലഭിക്കുന്നതിനും സംവിധാനമില്ല.
3. വിദ്യഭ്യാസരംഗത്ത് സൗകര്യങ്ങൾ കുറഞ്ഞ സ്ഥലത്ത് പ്രൈമറി സ്കൂൾ അനുവദിക്കാത്തതുമൂലം നിർധനരായ മാതാപിതാക്കളുടെ കുട്ടികൾക്ക് വളരെ ദൂരം സഞ്ചരിച്ച് പഠനം നടത്തുന്നതുമൂലം വേണ്ടത്ര പഠനപുരോഗതി ഉണ്ടാകുന്നില്ല.
4. പട്ടികജാതി കോളനികളിൽ യാത്രാസൗകര്യത്തിനായി വേണ്ടത്ര ഗതാഗത സൗകര്യം ഇല്ല.
5. തിങ്ങിപ്പാർക്കുന്ന കോളനികളിൽ കുടിവെള്ളത്തിന് സ്ഥായിയായ മാർഗ്ഗങ്ങൾ കണ്ടെത്തിയില്ല.
6. അർഹിക്കുന്നവർക്കെല്ലാം പെൻഷൻആനുകൂല്യം ലഭിക്കുന്നില്ല.
7. അംഗൻവാടികൾ പ്രവർത്തിക്കുന്നതിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ല.

8. കായികമായ വളർച്ചക്ക് കളികൾ അഭ്യസിക്കുന്നതിന് ഒരു പൊതു കളിസ്ഥലം (ഗ്രൗണ്ട്) ഇല്ല.

9. പഞ്ചായത്തിൽ ഒരു പൊതു കംഫർട്ട് സ്റ്റേഷൻ ഇല്ല.

10. കമ്മ്യൂണിററി ഹാൾ ഇല്ല.

**നിർദ്ദേശങ്ങൾ:-**

1. കുടിവെള്ളത്തിന് അതിരൂക്ഷത അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ പൈപ്പുലൈൻ നീട്ടിയും ടേപ്പ് സ്ഥാപിച്ചും കുടിനീർ ക്ഷാമം നീക്കണം.

2. സൗജന്യ വൈദ്യതീകരണം കഴിഞ്ഞ പഞ്ചായത്തിലെ എല്ലാ വീടുകളിലും വൈദ്യതി കണക്ഷൻ കൊടുക്കുക. അതിനു തടസ്സമായി പറയുന്ന കമ്പി, കാൽ, മററു ഉപകരണങ്ങൾ എന്നിവ വൈദ്യുതി വകുപ്പിൽ നിന്ന് സപ്ലൈ ചെയ്യുവാൻ അടിയന്തിര നടപടി. എടുക്കുക.

3. ഇനിയും ബാക്കി നിൽക്കുന്ന പട്ടികജാതിക്കാർ, ദുർബലവിഭാഗക്കാർ എന്നിവരുടെ വീടുകളിൽ സൗജന്യവൈദ്യുതീകരണത്തിന് പഞ്ചായത്ത് നടപടി എടുക്കുക.

4. സ്ട്രീററ് ലൈററുകൾ തീരെ ഇല്ലാത്ത പ്രദേശങ്ങളിൽ അവിടുന്നതിനുള്ള നടപടികൾ എടുക്കുക.

5. ഇതുവരെയും വൈദ്യുതി ലൈൻ എത്താത്ത പത്താം വാർഡിൽ ആയമുക്കിൽ കാവ് വഴി 2 കാൽ നീട്ടി ഉദ്ദേശം അവിടത്തെ താമസക്കാരായ 25 വീട്ടുകാർക്ക് വൈദ്യുതി ലഭ്യമാക്കുക.
7-ാം വാർഡിൽ ജനശക്തിറോഡിൽ 4 കാൽ നീട്ടി ആ പ്രദേശത്ത് താമസിക്കുന്ന ദുർബല വിഭാഗക്കാരായ ഏകദേശം 10 വീട്ടുകാർക്ക് വൈദ്യുതി എത്തിക്കുക.

6. വേണ്ടത്ര അംഗൻവാടികളില്ലാത്ത സ്ഥലത്ത് സ്ഥലവും കെട്ടിടവും അനുവദിച്ച് അംഗൻവാടികൾ പഞ്ചായത്തിന്റെയും ബ്ലോക്കിന്റെയും സഹകരണത്തോടെ നടപ്പിലാക്കുക.

| | |
|---|---|
| 1-ാം വാർഡ് | 3 |
| 2-ാം " | 2 |
| 3-ാം " | 2 |
| 4-ാം " | 2 |
| 5-ാം " | 2 |
| 6-ാം " | 1 |
| 7-ാം " | 5 |
| 8-ാം " | 1 |
| 9-ാം " | 2 |
| 10-ാം " | 2 |
| 11-ാം " | 2 |

7. പ്രൈമറി വിദ്യഭ്യാസത്തിന് തീരെ സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ പുതുതായി സ്കൂളുകൾ അനുവദിക്കുക.

8. വളരെ മോശമായി കിടക്കുന്ന റോഡുകൾ റിപ്പെയർ ചെയ്യുക
   1. 7-ാം വാർഡിലെ പട്ടികജാതി കോളനി (മഴുവഞ്ചേരി)
   2. 3-ാം വാർഡിലെ പട്ടികജാതി കോളനി റോഡ്

9. അർഹിക്കുന്നവർക്കെല്ലാം പെൻഷൻ അനുവദിക്കണം ആരോഗ്യം ക്ഷയിച്ച് കർഷകത്തൊഴിലാളികൾക്ക് 60 വയസ്സ് തികഞ്ഞില്ലെങ്കിലും മെഡിക്കൽ സർട്ടിഫിക്കററ് അടിസ്ഥാനത്തിൽ പെൻഷൻ അനുവദിക്കണം. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ഇന്നു അനുവദിക്കുന്ന 2000 ക തീരെ

കുറവായതിനാൽ ഈ ആനുകൂല്യം ഉയർത്തി 5000 ക ആക്കേണ്ടതാണ്. പട്ടികജാതി പട്ടികവർഗ്ഗപെൺമക്കളുടെ വിവാഹത്തിന് വിധവപരിഗണനയില്ലാതെ 5000 ക അനുവദിക്കുക, പെൻഷനുകളെല്ലാം കാലതാമസം കൂടാതെ വിതരണം ചെയ്യുക.

10 വിദഗ്ദ്ധ തൊഴിലാളികൾക്ക് (ആർട്ടിസാൻ) ഉള്ള ആനുകൂല്യങ്ങൾ ഗവണ്മെന്റിൽ നിന്നും കാലതാമസം കൂടാതെ അനുവദിച്ചപകൊടുക്കുക.

11. 60 വയസ്സ് കഴിഞ്ഞ ആർട്ടിസാൻ തൊഴിലാളികൾക്ക് ഗവണ്മെണ്ട് നൽകാമെന്ന് പറഞ്ഞ പെൻഷൻ ഉടൻ അനുവദിച്ചു നടപ്പാക്കുക.

12. പ്രോത്സാഹനമെന്ന നിലയിൽ ഹൈസ്കൂൾ വിദ്യഭ്യാസത്തിന് മേലെ പഠിപ്പിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ മക്കൾക്കും ദുർബലവിഭാഗക്കാരുടെ മക്കൾക്കും ഗൃഹോപകരണങ്ങൾ നൽകുക.

13. നമ്മുടെ പഞ്ചായത്തിന് ഒരു പൊതു കളി സ്ഥലം ഇന്ന് ഇല്ല. ഇത് പരിഹരിച്ച് പഞ്ചായത്ത് ഒരു പൊതു കളി സ്ഥലം (ഗ്രൗണ്ട്) വാങ്ങി യുവജനങ്ങൾക്ക് കളിക്കുന്നതിന് വേദി ഉണ്ടാക്കണം.

14. പൊതു കംഫർട്ട് സ്റ്റേഷനുകൾ ഈ പഞ്ചായത്തിന് ഇല്ല. ഇത് കഴിയും വേഗത്തിൽ പരിഹരിക്കണം. കേച്ചേരി ടൗൺ പോലെയുള്ള സ്ഥലത്ത് അതിൽ ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇത്രയും ജനസഞ്ചാരമുള്ള സ്ഥലത്ത് ഇതിന്റെ അഭാവം ലളിതമല്ല. പഞ്ചായത്തുനിന്നും പൊന്നും വിലക്കെങ്കിലും സ്ഥലം എടുത്ത് ഈ പ്രശ്നം പരിഹരിക്കണം. അപ്രകാരം തന്നെ വളരെ തിരക്കേറിയ നമ്മുടെ പഞ്ചായത്തിലെ രണ്ടാം സ്ഥാനമായ ചൂണ്ടൽ സെന്ററിലും ഒരു പൊതുകംഫർട്ട് സ്റ്റേഷൻ തുടങ്ങണം.

15. കേച്ചേരി, ചൂണ്ടൽ സെന്റർ എന്നിവിടങ്ങളിൽ കുന്നുകൂടിക്കൊണ്ടിരിക്കുന്ന ചപ്പുചവറുകൾ, കോഴിമുട്ടതൊണ്ട് എന്നിവ നിത്യേന മാററി വൃത്തിയാക്കാൻ വേണ്ട നടപടി ഉണ്ടാകണം. ആയതു മാററി ഒരു പൊതു സ്ഥലത്ത് (സ്ഥലം കണ്ടുപിടിക്കണം) നിക്ഷേപിച്ച് കമ്പോസിസ്ററ് വളമോ ഉണ്ടാക്കി കൃഷിക്ക് ഉപയോഗിക്കാവുന്നതുമാണ്. രോഗങ്ങൾ ഉണ്ടാകുന്നതിൽ നിന്ന് ഒരു പരിധിവരെ ഈ പ്രവർത്തി കൊണ്ട് ഗുണം ഉണ്ടാകും.

16. ഇന്ന് ഈ പഞ്ചായത്തിൽ ഒരു കമ്മ്യൂണിററി ഹാൾ ഇല്ല. ഇതു നിർമ്മിക്കുന്നതിന് യോജ്യമായ സ്ഥലം പഞ്ചായത്തു അതൃത്തിയിൽ പഞ്ചായത്തിന്റേതായി ഉണ്ട്. കേച്ചേരിയിൽ പഴയ പാലത്തിനു സമീപമോ മഴുവഞ്ചേരിയിൽ പ്രിയദർശിനി ആസ്പത്രിക്ക് സമീപമോ പണിയാൻ ഉദ്ദേശിക്കുന്ന ഷോപ്പിങ്ങ് കോംപ്ലക്സിന് മുകൾനിലയിലോ ആകാവുന്നതോ ആണ്. ചൂണ്ടൽ സർവ്വെ 1000- 1001 സ്ഥലം ഇതിനായി ഉപയോഗിക്കാം.

17 തൊഴിലാളികളുടെ ഉന്നമനത്തിനായി ആധുനികമായ തൊഴിൽ ഉപകരണങ്ങൾ നൽകി അവരുടെ തൊഴിലിന് പുരോഗമനം കണ്ടെത്തണം.

18. കേച്ചേരി കേന്ദ്രമാക്കി റോഡിലെ തിരക്കൊഴിവാക്കാൻ ഒരു ബസ് സ്റ്റാൻഡിൽ പഞ്ചായത്ത് നിർമ്മിക്കേണ്ടതാണ്. അതിനോടനുബന്ധിച്ച് നവീനരീതിയിൽ ഒരു പൊതു മാർക്കററും, ഷോപ്പിങ്ങ് കോംപ്ലക്സും നിർമ്മിക്കേണ്ടതാണ്.

19. കേച്ചേരി പോലെയുള്ള സ്ഥലങ്ങളിലെ ഇറച്ചി, മത്സ്യം എന്നീ വിപണന കേന്ദ്രങ്ങളിൽ പഴകിയതും, രോഗം വരുത്തുന്നവയും വില്ക്കുന്നവൊ എന്ന് ബന്ധപ്പെട്ട ആരോഗ്യ ഉദ്യോഗസ്ഥർ ഇടക്കിടക്ക് പരിശോധിക്കേണ്ടതാണ്.

20. മുഴുവൻ സാമൂഹ്യക്ഷേമ പദ്ധതികളും ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് നടപ്പാക്കാൻ ഗ്രാമപഞ്ചായത്തുകളെ അധികാരപ്പെടുത്തണം.

●●●

൭൨

# 8. സംസ്കാരം

സാംസ്കാരിക രംഗത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ നാം കടന്നു പോയ കാലഘട്ടത്തെയും ഇന്ന് എത്തിനില്ക്കുന്ന സ്ഥിതിവിശേഷത്തെയും പുനർചിന്തനം നടത്തേണ്ടുന്നത് ആവശ്യമായി വരുന്നു. കാർഷികമേഖലക്ക് മുൻതൂക്കമുള്ള ഒരു പ്രദേശം എന്ന നിലയിൽ അതിനോട് കൂടുതൽ ഇടചേർന്നു നിൽക്കുന്ന ഒരു സാംസ്കാരിത പൈതൃകമാണ് നമ്മുടേതെന്ന് പറയാതിരിക്കാൻ വയ്യ. സംസ്കാരം എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത് ഒരു ജനതയുടെ അല്ലെങ്കിൽ സമൂഹത്തിന്റെ ജീവിതരീതികളുടെ ആക ത്തുകതന്നെയാണ്. പുഴകളും തോടുകളും വയലേലകളും തോളുരുമ്മി നിൽക്കുന്ന നമ്മുടെ നാടൻ നാട്ടിൻപു റങ്ങൾക്ക് കാലം മാറുന്നതിനനുസരിച്ചുള്ള മാററങ്ങൾ വന്നു കൊണ്ടിരിക്കുന്നു. കാർഷിക മേഖലയെ മാത്രം കാര്യമായി ആശ്രയിച്ചു വന്നിരുന്ന ഇവിടുത്തെ ജനതക്ക് അവരുടെ മതാചാരങ്ങളോടും പഴയ വിശ്വാസ പ്രമാണങ്ങളോടും ചേർന്ന പാരമ്പര്യകലകളും അനുഷ്ഠാനരീതികളും സ്വായത്തക്കമായിട്ടുണ്ട്. കാലത്തിന്റെ കുത്തിയോഴുക്കിൽ അവക്ക് പല തരത്തിലുള്ള അപചയങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിലും തീരെ വേരററു പോയി എന്നു പറയാൻ വയ്യ. ചൂണ്ടൽ പഞ്ചായകത്തിന്റെ മൊത്തം സ്ഥിതി പരിശോധി ച്ചാൽ ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ മതവിഭാഗങ്ങൾ ഇടപഴകി ജീവിക്കുന്ന ഒരു ജനതയെയാണ് കാണാൻ കഴിയുക. മതസൗഹാർദ്ദം നിലനിർത്തുന്നതിൽ എല്ലാ വിഭാതഗക്കാരും ഒരു പോലെ ശ്രദ്ധചെലുത്തി വരുന്നു. ജാതിയുടെയും മതത്തിൻെയും പേരിലുള്ള അതിർവരമ്പുകൾ തകർക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. നാളിതുവരെ യാതൊരു വർഗ്ഗീയ സംഘട്ടനങ്ങളും, മററു വർഗ്ഗീയ കലാപങ്ങളും ഈ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. ചൂണ്ടൽ തായങ്കാവ് ഭാഗത്ത് ഇന്നും പ്രൗഢിയോടെ നിലനിൽക്കുന്ന തായങ്കാവ് ക്ഷേത്ര മാണ് ഈ പ്രദേശത്തെ ഏററവും പഴക്കം ചെന്ന ആരാധനാലയം എന്ന് ചരിത്രരേഖകളിൽ കാണുന്നു. ഏകദേശം 400 വർഷത്തെ പഴക്കമാണ് ഈ ക്ഷേത്രത്തിനുള്ളതെന്ന് ചരിത്രരേഖകളിൽ നിന്നും മനസ്സിലാ ക്കുന്നു. അതുപോലെ തന്നെ പഴക്കമുള്ളവയുടെ പട്ടികയിൽ പെടീവുന്നവയാണ് പെരുമല ക്ഷേത്രവും, പറപ്പൂർ തടത്തിൽ മസ്ജിത് എന്നറിയപ്പെടുന്ന പട്ടിക്കര പള്ളിയും, പട്ടിക്കര പള്ളിക്ക് ഇവിടത്തെ മുസ്ലീം ചരിത്രത്തോളം തന്നെ പഴക്കമുണ്ട്. എരനെല്ലൂർ പള്ളിയും പെരുന്നാളും അനുദിനം പ്രശസ്തമായിവരികയാ ണ്. കേച്ചേരി സെന്ററിൽ നിന്നും അധികം അകലെയല്ലാതെ സ്ഥിതി ചെയ്യുന്ന പറപ്പൂക്കാവ് ക്ഷേത്രവും അവിടത്തെ ഉത്സവവും ചൂണ്ടൽ പഞ്ചായത്തിലെ ദേശീയോത്സവത്തിന്റെ തന്നെ ഛായ കൈവരിച്ചിരിക്കു ന്നു.

## നാടൻ കലകളും സാഹിത്യവും

ഒരു നാടിന്റെ സാംസ്കാരിക സമ്പത്താണ് അവിടെ നിലനിൽക്കുന്ന നാടൻകലകളും സാഹിത്യവും. ദ്രാവിഡ സംസ്കാരകത്തോളം പഴക്കമുള്ള നാഗാരാധനയുടെ ഭാഗമായ സർപ്പപ്പാട്ടും കളമെഴുത്തും അറി യുന്നവരാണ് ചൂണ്ടൽ പുള്ളുവന്മാർ പുള്ളുവൻ പാട്ട് ശാസ്ത്രീയമായിത്തന്നെ അവതരിപ്പിക്കാൻ കഴിവുള്ള ഒരു സംഘം ഇപ്പോഴും ചൂണ്ടലിൽ നിലനിൽക്കുന്നു. ചൂണ്ടൽ കുംബാരസമുദായം ഇപ്പോഴും കൊണ്ടാടി വരുന്ന മാരിയമ്മൻ ഉത്സവം വേരററു കൊണ്ടിരിക്കുന്ന നാടൻ കലാസമ്പത്തിൽപ്പടുത്താം. നാടകങ്ങളുടെ അടിസ്ഥാനരൂപം അയ ചവിട്ടു നാടകം അവതരിപ്പിക്കാവുന്നവരാണ് ചൂണ്ടൽ ചെട്ടിയാന്മാർ. പെരുമണ്ണ് ഭാഗത്ത് താമസിക്കുന്നവരിൽ ചിലർ വില്ലടിച്ചൻപാട്ട്, ഉടുക്കുകൊട്ട്, കളരി അഭ്യാസങ്ങൾ എന്നിവ സ്വായ ത്തമാക്കിയവരാണ്. മുസ്ലീം സമുദായത്തിന്റെ കലയായ അറവനമുട്ട്, ദഫ്മുട്ട്, ഒപ്പന, കോൽക്കളി എന്നിവ ഇന്നും നിലനിൽക്കുന്നു. തേനൂറുന്ന മാപ്പിളപാട്ട് പാടാനറിയാവുന്നവർ കുറവല്ല. തായങ്കാവ് ക്ഷേത്രസ മീപം കരോൽ നായർക്കറിയാവുന്ന വേട്ടക്കൊരുമകൻ പാട്ടും കളമെഴുത്തും പട്ടികജാതിക്കാരുടെ തനതു കലകളായ തിറ, മൂക്കാൻ ചാത്തൻ, ചോഴികെട്ട്, നായാടിക്കളി എന്നിവയും മററുചില സമുദായക്കാരുടെ വ്കയായ നന്തുണിപാട്ട്, ഭഗവതിക്കു കളമെഴുത്ത് എന്നിവയും ഇന്നും ഈ പ്രദേശത്ത് നിലനിൽക്കുന്ന

വയാണ്. പഴയ ഗുരുകുലവിദ്യഭ്യാസത്തിന്റെസംഭാവനയായ കളരിപ്പയററും, മററു കായികാഭ്യാസങ്ങളും ഇന്നും ഇവിടെ തുടർന്നു വരുന്നു. മേലെക്കാവ് പ്രദേശത്ത് നിലനിൽക്കുന്ന കളരിത്തറയിൽ കാര്യമായ പ്രവ2ത്തനങ്ങൾ ഒന്നും ഇല്ലെങ്കിലും കേച്ചേരി പെരുമണ്ണ് കളരി ഇന്നും പ്രസിദ്ധമായിത്തന്നെ നില നിൽക്കുകയാണ്.

കാലം മാറി വരുന്നതോടെ പഴയ അനുഷ്ഠാനകലകൾക്കും നാടൻ കലാരൂപങ്ങൾക്കും മങ്ങലേററ കൊണ്ടിരിക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. സാമ്പത്തികമായും വിദ്യഭ്യാസപരമായും കൈവന്ന വളർച്ച ജീവിതരീതികൾക്ക് കാതലായ മാററം വരുത്തിവച്ചിരിക്കുന്നു. വിദ്യഭ്യാസപരമായ വളർച്ചയുടെ പങ്കിനെപ ററി പ്രതിപാദിക്കുമ്പോൾ ഗ്രന്ഥശാലാപ്രസ്ഥാനത്തെക്കുറിച്ചും സമൂഹത്തിലെ മാററങ്ങൾക്ക് അവ വഹിച്ച പങ്കിനെപററിയും പറയാതിരിക്കാൻ വയ്യ. എന്നാൽ ഏകദേശം പത്ത് വർഷം മുൻപുവരെ പ്രധാന കണ്ണി കളായി നിലനിന്നിരുന്ന ഗ്രന്ഥശാലകൾക്കും വായനശാലകൾക്കും ഇന്ന് എന്ത് സംഭവിച്ചു എന്നു കൂടി വിലയിരുത്തണം

## ചൂണ്ടൽ പഞ്ചായത്തിലെ വായനശാലകളുടെ വിവരം

| നമ്പർ | ഗ്രന്ഥശാലയുടെ പേര് | പുസ്തകങ്ങളുടെ എണ്ണം | അംഗങ്ങൾ | | | കെട്ടിടവും സ്ഥലവും | ഗ്രാന്റ് ലഭിക്കുന്നുണ്ടോ | ശരാശരി പ്രതിദിന ഉപയോഗങ്ങൾ |
|---|---|---|---|---|---|---|---|---|
| | | | പു | സ്ത്രീ | ആകെ | | | |
| 1. | ഗ്രാമീണ വായനശാല, പയ്യൂർ. | 1200 | 24 | 6 | 30 | സ്വന്തം | | 5 |
| 2. | ഗ്രാമീണ വായനശാല, ചൂണ്ടൽ. | 5000 | 140 | 10 | 150 | സ്വന്തം | ഉണ്ട് | 20 |
| 3. | ലാസ്യ തായങ്കാവ് | 1500 | 128 | 8 | 136 | സ്വന്തം | ഉണ്ട് | 15 |
| 4. | ഗ്രാമീണ വായനശാല, വെട്ടുകാട് | 1000 | 60 | 12 | 72 | സ്വന്തം | | 10 |
| 5. | ഗ്രാമീണ വായനശാല, കേച്ചേരി. | 6000 | 888 | 12 | 900 | സ്വന്തം | ഉണ്ട് | 25 |
| 6. | ഗ്രാമീണവായനശാല തലക്കോട്ടുകര. | 4500 | 145 | 15 | 160 | സ്വന്തം | ഉണ്ട് | 25 |

വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും പ്രവർത്തനത്തിൽ കാര്യമായ കോട്ടം സംഭവിച്ചിട്ടു ണ്ടെന്ന് മേൽ കാണിച്ച കണക്കുകളിൽ നിന്നും വ്യക്തമാണ്. ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നുകയ ററവും പാശ്ചാത്യസംസ്കാരത്തോട് ഈയിടെയുണ്ടായ അഭിനിവേശവും ഇതിന് പ്രധാന കാരണങ്ങളായി കാണാം. വായിക്കുന്നവരുടെ എണ്ണം അനുദിനം കുറഞ്ഞുവരികയാണ്. ഉള്ളവർ തന്നെ നോവലുകലിൽ മാത്രമായി വായന ഒതുക്കുന്നു. കഥകളും, ലേഖനങ്ങളും, കവിതകളും ആരും ആവശ്യപ്പെടാറെ ഇല്ല എന്നതാണ് വസ്തുത. സ്ത്രീകളുടെ കാര്യത്തിലാണെങ്കിൽ സ്ഥിതി അതിലുമധികം ദയനീയമാണ്. സമൂഹ ത്തിന്റെ സിരാകേന്ദ്രങ്ങളായ ഗ്രന്ഥശാലകളുടെ പതനം വലിയ ഒരു സാമൂഹ്യ വിപത്തിന് വഴിയൊരുക്കും എന്ന് പറയാതിരിക്കാൻ വയ്യ.

കലാ കായിക രംഗത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോഴും സ്ഥിതി കൂടുതൽ ആശാവ ഹമെന്ന് പറഞ്ഞുകൂടാ. ഈ രംഗത്തു പ്രവർത്തിക്കുന്ന ഏതാണ്ട് 20 ൽ പരം ക്ലബുകൾ ഈ പഞ്ചായ ത്തിൽ നിലനിൽക്കുന്നുണ്ടെങ്കിലും മുഴുവനും സജീവ പ്രവർത്തനം കാഴ്ചവെക്കുന്നവയാണെന്ന് പറഞ്ഞു കൂടാ. കലാ കായിക സംഘടനകളുടെ പ്രവർത്തനം സമൂഹത്തിന് നന്മ വരുത്തുന്ന രീതിയിൽ പുനസംഘ

ടിപ്പിക്കേണ്ടിയിരിക്കുന്നു. സ്വന്തം കെട്ടിടങ്ങളുടെ അഭാവം കർമ്മനിരതരായ ചെറുപ്പക്കാരുടെ അഭാവം, പൊതുകളിസ്ഥലങ്ങളുടെയും, കമ്മ്യൂണിററി ഹാൾ തുടങ്ങിയ പൊതു സ്ഥാപനങ്ങളുടെയും കുറവ് എന്നിവ ഈ രംഗത്തെ പ്രവർത്തനങ്ങളെ ശോഷിപ്പിക്കുകയാണ്.

## ചൂണ്ടൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കലാ കായിക സംഘടനകൾ.

1. സരിഗമ, പയ്യൂർ
2. സിററി കിങ്ങ്സ് സ്പോർട്സ് & ആർട്ട്സ് ക്ലബ്, ചൂണ്ടൽ
3. സാവന ക്ലബ്, മേലേക്കാവ്
4. ലാസ്യ, തായങ്കാവ്
5. ഷൂമേക്കർ ക്ലബ്, തായങ്കാവ്
6. യവജനവേദി, തായങ്കാവ്
7. കർമ്മ, ചൂണ്ടൽ
8. ഒ. ആർ. പി. സി. കേച്ചേരി
9. വാസര കേച്ചേരി
10. യുവശക്തി കലാ കായിക ക്ലബ്, മഴുവഞ്ചേരി
11. സൂപ്പർ സോണിക്, തലക്കോട്ടുകര
12. അവതാരിക, തലക്കോട്ടുകര
13. ഓക്സ്റ്റിക്സ്, തലക്കോട്ടുകര
14. ചിൽഡ്രൻസ്. തലക്കോട്ടുകര
15. ബ്രദേഴ്സ്, പട്ടിക്കര
16. നവജീവൻ ക്ലബ്, ചിറനെല്ലൂർ
17. ഫീനിക്സ് ക്ലബ്, ചിറനെല്ലൂർ
18. ജാലകം - ചൂണ്ടൽ
19. ചെന്താര, ചൂണ്ടൽ.
20. ബ്രദേഴ്സ്, ചൂണ്ടൽ.

ഇതിനു പുറമെ കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ബഹുമുഖ പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൽ നടന്നു വരുന്നുണ്ട്.

സാഹിത്യരംഗത്ത് ചെറുതും വലുതുമായുള്ള നമ്മുടെ സംഭാവന സ്മരിക്കാതിരിക്കാൻ വയ്യ. കൊച്ചു കൊച്ചു സംഭാവനകൾ കൊണ്ട് ഈ രംഗത്തു നിൽക്കുന്നവർ ധാരാളമായി തന്നെ ഉണ്ടെന്ന് പറയാം. സാഹിത്യരംഗത്ത് വളരെയേറെ പ്രശസ്തികൈവരിക്കാൻ കഴിഞ്ഞ് മലയാളസാഹിത്യത്തിന് വിലപ്പെട്ട സംഭാവനകൾ നൽകിയ ശ്രീ. യൂസഫലി കേച്ചേരി നമ്മുടെ പഞ്ചായത്തിന്റെ സംഭാവനയാണെന്നതിൽ നമുക്ക് ഓരോരുത്തർക്കും അഭിമാനിക്കാം. അതുപോലെത്തന്നെ എരനെല്ലൂർ നിവാസികളായ ഭാരത പിഷാരടിയും പി.ടി. ലാസറും സാഹിത്യരംഗത്ത് വിലപ്പെട്ടസംഭാവന നൽകിയ വ്യക്തികളാണ്. ഭാരതപിഷാരടി പ്രത്യേകിച്ച് സംസ്കൃതസാത്യരംഗത്ത് ചിത്രകലാരംഗത്തെ അതികായനായ സി. എൻ. പൊറിഞ്ചുകുട്ടിയെയും (ചിറനെല്ലൂർ) ഇത്തരുണത്തിൽ സ്മരിക്കാതിരിക്കാൻ വയ്യ.

## പ്രശ്നങ്ങൾ

1. അനുഷ്ഠാനകലകളും പഴയ നാടൻ കലാരൂപങ്ങളും കൈമോശം വന്നുകൊണ്ടിരിക്കുന്നു. അവയെ നിലനിർത്താനും പുത്തൻതലമുറക്ക് കൈമാറാനും ഫലപ്രദമായ സംവിധാനങ്ങൾ ഇപ്പോൾ ഇല്ല.
2. കലയും സംസ്കാരവും പുതിയ ഒരു ഉപഭോക്ത സംസ്കാരത്തിന് അടിമപ്പെട്ടിരിക്കുന്നു. പാശ്ചാത്യ സംസ്കാരത്തോടുള്ള അഭിനിവേശംനമ്മുടെ സാംസ്കാരികപൈതൃകത്തിന് കോടാലിവെക്കുകയാണ്.

3. ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ കടന്നു കയററം പുതിയ ഒരു സാമൂഹ്യ വ്യവസ്ഥിതിയിലേക്കുള്ള മാററത്തിന് വഴി വെക്കുകയാണ്. നല്ലത് ഉൾക്കൊള്ളാനും ചീത്തയായത് തള്ളിക്കളയാനുമുള്ള വിവേചനബുദ്ധി പ്രയോഗിക്കുന്നതിൽ പുതിയ തലമുറപരാജയപ്പെട്ടിരിക്കുന്നു.
4. ഗ്രന്ഥശാലകളുടെയും വായനശാലകളുടെയും പ്രവർത്തനങ്ങളിൽ മാന്ദ്യം അനുഭവപ്പെട്ടിരിക്കുകയായാണ്. വളരെ വലിയ ജനകീയ അടിത്തറയിൽ വളർത്തിക്കൊണ്ടുവന്ന ഈ പ്രസ്ഥാനം നിലനിർത്തുന്നതിനും വിപുലീകരിക്കുന്നതിനും വേണ്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ അധികൃതർ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല.
5. കലാ കായിക രംഗത്ത് പുത്തൻ പ്രതിഭകളെ കണ്ടെത്താനും അവരെ പ്രോത്സാഹിപ്പിക്കുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല.
6. പഞ്ചായത്ത് അതൃത്തിക്കുള്ളിൽ ഒരു നല്ല കളിസ്ഥലമോ, ഒരു കമ്മ്യൂണിററി ഹാളോ ഇല്ലാത്തത് ഈ രംഗത്തെ പ്രവർത്തനങ്ങൾക്ക് വലിയ അപര്യാപ്തത തന്നെയാണ്.
7. കുറെ കാലമായി നമ്മുടെയിടയിൽ വളർന്നു വന്ന പുത്തൻ ഗൾഫ് സംസ്കാരം ജീവിതരീതികൾക്ക് പുതിയ മാനം കൈവരിക്കാൻ മാത്രമെ ഉപകരിച്ചിട്ടുള്ളൂ. ധാരാളമായി വരുന്ന വിദേശപ്പണം ഏതാനും മണിമന്ദിരങ്ങൾ തീർക്കുന്നതിൽ മാത്രമായി വിനിയോഗിക്കപ്പെടുകയാണ്. കൂടുതൽ പ്രയോജനകരമായ മേഖലകളിൽ ഇത് വിനിയോഗിക്കാൻ കഴിയണം.
8. പൊതുഗ്രൗണ്ട് എന്നതിന്നു പുറമെ ഓരോ വാർഡിലും ചെറിയതോതിലെങ്കിലും ഓരോകളിസ്ഥലം ഏർപ്പെടുത്തണം.
9. ചൂണ്ടൽ പ്രദേശത്തും കേച്ചേരിപ്രദേശത്തും ഓരോ നീന്തൽ കുളങ്ങൾ സ്ഥാപിക്കണം. ചൂണ്ടൽ ചിറയുടെ ഒരു ഭാഗവും പെരുമണ്ണ് ചിറയും ഈ ആവശ്യത്തിന്ന് ഉപയോഗപ്പെടുത്താം.
10. കേച്ചേരിയിലെ പെരുമണ്ണ് കളരി ആസ്ഥാനമാക്കി അഭ്യാസങ്ങൾ പഠിപ്പിക്കുന്ന ഒരു സംഘം ഇന്ന് നിലവിലുണ്ട്. എന്നാൽ താൽക്കാലിക ഷെഡ്ഡുകളിലാണ് ഈ കേന്ദ്രം ഇന്നും നിൽക്കുന്നത്. ഈ അവസ്ഥ മാറ്റി ഈ ആവശ്യത്തിന്നുവേണ്ടി ഒരു സ്ഥിരം കളരി കേന്ദ്രം സ്ഥാപിക്കാനുള്ള നടപടികൾ കൈകൊള്ളണം.
11. ഗ്രന്ഥശാലകൾക്ക് നേരിയതോതിൽ മാത്രമാണ് ഇന്ന് ധനസഹായം ലഭ്യമാകുന്നുള്ളു. പുസ്തകങ്ങളുടെ വില താങ്ങാനാവാത്ത വിധം വർദ്ധിച്ചിരിക്കുന്നു. ഒരു ദിനപത്രം വരുത്തണമെങ്കിൽ മാസം 85 ക. യോളം ചെലവുവരും. വരിസംഖ്യാ ഇനത്തിൽ നാമമാത്രമായിക്കിട്ടുന്ന സംഖ്യയാണ് വരുമാനമാർഗ്ഗം. ബാക്കി കാര്യങ്ങൾക്ക് ഗ്രാന്റ് തുകയെ ആശ്രയിക്കുകയേ വഴിയുള്ളു. നികുതിയുടെ 5% ഗ്രന്ഥശാലകളുടെ വളർച്ചക്കുവേണ്ടി പ്രത്യേകം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പിരിക്കുന്നു. ഈ സാഹചര്യത്തിൽ ഒരു ഗ്രന്ഥശാലക്ക് മാസം 2500 ക. യെങ്കിലും ഗ്രാന്റിനത്തിൽ നൽകേണ്ടതാണ്.
12. കലാസാംസ്കാരികരംഗത്ത് വളരെക്കാലമായി പ്രവർത്തിച്ചുവരുന്ന ഒരുപാട് കലാകാരന്മാർ നമ്മുടെ പഞ്ചായത്തിലുണ്ട്. അവരെ കണ്ടെത്തിവാനും പ്രോൽസാഹിപ്പിക്കുവാനും ആദരിക്കാനും കഴിയണം. പലരും ഇവരിൽ ഇന്ന് അവശതയനുഭവിക്കുന്നു. ഇവരുടെ ക്ഷേമത്തിന്നും വളർച്ചക്കും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണം.
13. വർഷം തോറും നാടൻ കലാമൽസരങ്ങളും തൊഴിൽ മൽസരങ്ങളും സംഘടിപ്പിക്കുകയും നാടൻ കലാകാരൻമാരെ പ്രോൽസാഹിപ്പിക്കുകയും വേണം.

● ● ●

# 9 - വനിതാ ക്ഷേമം

73, 74 ഭരണഘടനാ ഭേദഗതികളിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 33 % സംവരണം ഏർപ്പെടുത്തുകയും അധികാരം ജനങ്ങൾക്ക് എന്ന മുദ്രവാക്യത്തിന് ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്തുവെങ്കിലും സ്ത്രീകൾക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനം കൈവരിക്കാൻ കഴിഞ്ഞുവെന്ന് ഇന്നും പറയാറായിട്ടില്ല. ഉത്തരേന്ത്യൻ സ്സ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഇക്കാര്യത്തിൽ ബഹു ദൂരം മുന്നിലാണെങ്കിലും പൊതു പ്രവർത്തനരംഗത്തും തൊഴിൽ രംഗത്തും കാര്യമായ ആധിപത്യം പുലർത്താൻ കഴിഞ്ഞിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. ഒറ്റപ്പെട്ട മുന്നേറ്റങ്ങൾ വിസ്മരിക്കുകയല്ല. സമൂഹത്തിൽ പുരുഷവർഗ്ഗത്തിനുള്ള മേൽക്കോയ്മ ഇന്നും നിലനിൽക്കുകയാണ്. ചൂണ്ടൽ ഗ്രാമപഞ്ചായത്തിന്റെ മൊത്തം സ്ഥിതി പരിശോധിച്ചാലും സ്ഥിതി ഇതിലും വിഭിന്നമല്ലെന്ന് കാണാം. വിദ്യഭ്യാസത്തിന്റെ കാര്യത്തിലും മറ്റു രംഗങ്ങളിലും കേരളത്തിന്റെ ശരാശരിക്കൊപ്പമെത്താൻ ഈ പ്രദേശത്തിന് കഴിഞ്ഞിട്ടുണ്ടെങ്കിലും സാദ്ധ്യതകൾ കണക്കിലെടുക്കമ്പോൾ ഇനിയും ബഹുദൂരം പിന്നിടേണ്ടതുണ്ട്. പൊതുവേ എല്ലാ മതസ്ഥരും തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശമായതു കൊണ്ട് മത സൗഹാർദ്ദവും പരസ്പര സ്നേഹവും നില നിൽക്കുന്നുവെങ്കിലും എല്ലാ മേഖലകളിലും മുസ്ലീം സ്ത്രീകളുടെ പങ്കാളിത്തത്തിൽ കുറവ് അനുഭവപ്പെടുന്നു.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്കാണ് മുൻതൂക്കമെങ്കിലും സാക്ഷരതയുടെ കാര്യത്തിലും തൊഴിൽ പങ്കാളിത്തത്തിന്റെ കാര്യത്തിലും അവർ പിന്നിലാണെന്ന് കാണാം.

ആകെ കുടുംബങ്ങൾ - 7568
സ്ത്രീകളുടെ അധീനതയിൽ
ഉള്ളവ - 580

സ്ത്രീ സാക്ഷരത - 86.8 %
പുരുഷ സാക്ഷരത - 93.3 %

## അക്ഷരം അറിയാത്തവർ

അവലംബം -സാക്ഷരതാ സർവ്വേ - 1990

| വാർഡ് | ആകെ | | | മുസ്ലീം | | | പട്ടികജാതി | | |
|---|---|---|---|---|---|---|---|---|---|
| | പു | സ്ത്രീ | ആകെ | പു | സ്ത്രീ | ആകെ | പു | സ്ത്രീ | ആകെ |
| 1 | 34 | 121 | 155 | 16 | 73 | 89 | 10 | 22 | 32 |
| 2 | 94 | 177 | 271 | 7 | 23 | 30 | 20 | 34 | 54 |
| 3 | 83 | 124 | 207 | 3 | 5 | 8 | 39 | 62 | 101 |
| 4 | 65 | 131 | 196 | 10 | 17 | 27 | - | - | - |
| 5 | 131 | 206 | 337 | 22 | 25 | 47 | 17 | 34 | 51 |
| 6 | 10 | 164 | 264 | 43 | 62 | 105 | 13 | 25 | 38 |
| 7 | 141 | 233 | 374 | 38 | 57 | 95 | 53 | 72 | 125 |

| വാർഡ് | ആകെ | | | മുസ്ലീം | | | പട്ടികജാതി | | |
|---|---|---|---|---|---|---|---|---|---|
| | പു | സ്ത്രീ | ആകെ | പു | സ്ത്രീ | ആകെ | പു | സ്ത്രീ | ആകെ |
| 8 | 37 | 90 | 127 | 3 | 8 | 11 | 16 | 26 | 42 |
| 9 | 61 | 133 | 194 | 36 | 73 | 109 | 2 | 12 | 14 |
| 10 | 88 | 191 | 279 | 47 | 108 | 155 | 14 | 26 | 40 |
| 11 | 63 | 96 | 159 | 24 | 52 | 76 | 8 | 10 | 18 |
| Total | 897 | 1666 | 2563 | 249 | 503 | 752 | 192 | 322 | 515 |

സാക്ഷരഥയുടെ കാര്യത്തിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ പിന്നിലാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഇതിൽ തന്നെ മുസ്ളീം സ്ത്രീകൾ തന്നെയാണ് കൂടുതൽ സമൂഹത്തിന്റെ നാനാ തുറകളിലുമുണ്ടായ മാറ്റം ഉൾകൊള്ളാൻ കഴിയാതെ നിൽക്കുന്നതാണ് ഇതിന് കാരണം. വിദേശപ്പണത്തിന്റെ വരവ് കൂടുതൽ സ്വാധീനിച്ചിട്ടുള്ളത് ഈ സമൂഹത്തെയാണെങ്കിലും പൊതുരംഗത്ത് കടന്നു വരുന്നതിൽ സ്ത്രീകൾ കാണിക്കുന്ന വിമുഖത ഇന്നും നിലനിൽക്കുന്നു.

## സാക്ഷരതാ പ്രവർത്തനം

സാക്ഷരതാ പ്രവർത്തനങ്ങളുടെ കാര്യത്തിൽ മറ്റു പല പഞ്ചായത്തുകളേക്കാൾ മുൻപിലെത്താൻ നമുക്ക് കഴിഞ്ഞുവെന്നതും ഇതിന്റെ പിന്നിലെ പ്രധാന ശക്തി സ്ത്രീകളായിരുന്നുവെന്നതും അഭിമാനിക്കാൻ വക നൽകുന്നു. ചെറുപ്പക്കാരായ ഒട്ടനവധി പെൺകുട്ടികൾ സാക്ഷരതാ പ്രവർത്തനങ്ങളിൽ ആദ്യവസാനം പങ്കെടുത്തു. മൊത്തം പഞ്ചായത്തിലെ പരിശീലകർ 125 പേരായിരുന്നതിൽ 82 പേരും സ്ത്രീകളായിരുന്നു. ഇതുപോലെത്തന്നെ പല സാക്ഷരതാക്ലാസ്സുകളിലും അത്യുത്സാഹത്തോടെ കൂട്ടമായി എത്തിച്ചേരുന്ന സ്ത്രീകളെ കാണാമായിരുന്നു. സാക്ഷരതാ പ്രവർത്തനത്തിന്റെ അവസാന മാകുമ്പോഴേക്കും മൊത്തം നിരക്ഷരരിൽ (സ്ത്രീ) ഭൂരിഭാഗത്തിനും അക്ഷരം അറിയാനും എഴുതാനും പറ്റാവുന്ന അവസ്ഥ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

## തൊഴിൽ പങ്കാളിത്തം

തൊഴിൽ മേഖലയിലും പൊതുവേ പഞ്ചായത്തിൽ സ്ത്രീ പ്രാതിനിധ്യം കുറവാണ് എന്ന് കാണാം. കാർഷിക മേഖലക്ക് മുൻതൂക്കമുള്ള പ്രദേശമായതിനാൽ കൂടുതൽ പേർ ഈ രംഗത്തുത്തന്നെ സ്ത്രീകൾ മാത്രമായുള്ള ചില യൂണിറ്റുകൾ ഈ പഞ്ചായത്തിലുണ്ട്. ബീഡി തെരപ്പ് തുടങ്ങിയ മേഖലകളിൽ ധാരാളം പേൺക്കുട്ടികൾ പ്രവർത്തി ചെയ്യുന്നുവെങ്കിലും അദ്ധ്വാനത്തിനനുസരിച്ചുള്ള വേതനം ലഭ്യമാകുന്നുണ്ടോ എന്ന് പരിശോദിക്കേണ്ടതാണ്.

### തൊഴിൽ പങ്കാളിത്തം - ശതമാനകണക്കിൽ

| തൊഴിൽ മേഖല | പു | സ്ത്രീ | തൊഴിൽ മേഖല | പു | സ്ത്രീ |
|---|---|---|---|---|---|
| കർഷകർ | 80 | 20 | മറ്റുവ്യവസായങ്ങൾ | 20 | 80 |
| കർഷകത്തൊഴിലാലി | 35 | 65 | കെട്ടിടനിർമ്മാണം | 40 | 60 |
| മൃസംരക്ഷണം | 60 | 40 | വ്യാപാരം | 85 | 15 |
| മത്സ്യബന്ധനം | 100 | | ഗതാഗതം വാർത്താവിനിമയം | 55 | 45 |
| കുടിൽ വ്യവസായം | 20 | 80 | മറ്റുള്ളവ | 70 | 30 |

കാർഷിക മേഖലയിൽ തൊഴിലെടുക്കുന്നവരടെ കാര്യത്തിലും ബീഡി തെരപ്പ്, കുടിൽ വ്യവസായങ്ങൾ എന്നിവയുടെ കാര്യത്തിലും സ്ത്രീ പങ്കാളിത്തം വളരെ കൂടുതലാണെങ്കിലും മറ്റു മേഖലകളിൽ താരതമ്യേന കുറവാണ് എന്നാണ് കണക്കുകൾ കാണിക്കുന്നത്. എന്നാൽ വ്യവസായ രംഗത്തേക്ക് കൂടുതൽ ശ്രദ്ധ ചെലുത്തിയാ ൽ ഈ ഒറ്റ കാരണം കൊണ്ടുതന്നെ തൊഴിൽ സാദ്ധ്യതകൾ ഇരട്ടിയാകാൻ കഴിയും. ഈ രംഗത്ത് നിലവിലുള്ള സ്ഥിതി ഒന്ന് വിശകലനം ചെയ്യാം. പഞ്ചായത്തിൽ D.W.W.C.R.A. യുചടെ കീഴിൽ 2 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. 2-ാം വാർഡിൽ നില നിൽക്കുന്ന കാണിപ്പയ്യൂർ മഹിളാ സമാജത്തിന്റെ കീഴിൽ നടക്കുന്ന ബേഗ് നിർമ്മാണ യൂണിറ്റിൽ 10 അംഗങ്ങൾ ജോലി നോക്കുന്നു. 11-ാം വാർഡിൽ പട്ടിക്കര രമ്യ മഹിളാസമാജത്തിന്റെ കീഴിൽ 10 അംഗങ്ങൾ കൂടി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് നടത്തുന്നു. 3-ാം വാർഡിൽ സ്വകാര്യ രംഗത്ത് വനിതകളുടെ ഒരു റെഡിമെയ്ഡ് യൂണിറ്റ് നടത്തിവരുന്നു. ചൂണ്ടൽ 2-ാം വാർഡിൽ സ്ത്രീകളുടെതായ ഒരു കൈത്തറി നെയ്ത്ത് സഹകരണ സംഘവും ഒരു ഇലക്ട്രോണിക് വ്യവസായ യൂണിറ്റും പ്രവർത്തിക്കുന്നു. 7-ാം വാർഡിൽ ഗാന്ധി മെമ്മോറിയൽ എന്ന പേരിൽ പട്ടിക ജാതിക്കാരായ വനിതകൾ നടത്തുന്ന ഒരു ടൈലറിങ്ങ് യൂണിറ്റുണ്ട്. 8-ാം വാർഡിൽ പട്ടികജാതി വനിതകൾക്കു വേണ്ടിയുള്ള കൈത്തറി നെയ്ത്തും പ്രസ്സും പ്രവർത്തിക്കുന്നു. 8-ാം വാർഡിൽ 4 സ്ത്രീകൾ കൂടി മിൽ യൂണിറ്റിന്റെ കീഴിൽ പലഹാര നിർമ്മാണം നടത്തിവരുന്നുണ്ട്. 10-ാം വാർഡിൽ PVC pipe ന്റെ ഒരു യൂണിറ്റ് ഉണ്ടെങ്കിലും വികസനം കാംക്ഷിക്കുകയാണ്. പെൺകുട്ടികൾക്കു മാത്രമായുള്ള ചൂണ്ടലിലെ L.I.G.H. സ്കൂൾ സ്വകാര്യ മേഖലയാണെങ്കിലും പഠന നിലവാരത്തിന്റെ കാര്യത്തിൽ ജില്ലയിലെ മുൻപന്തിയിൽ നിൽക്കുന്ന സ്കൂളുകളിൽ ഒന്നാണ്. ഇതിലെ കുട്ടികളുടെ സംഖ്യ ഇപ്പോൾ 1251 ആണ്

## മഹിളാ സമാജങ്ങൾ

പഞ്ചായത്തിലെ മഹിളാ സമാജങ്ങളുടെ വിവരണ പട്ടിക ചേർക്കുന്നു.

| പേര് | അംഗങ്ങൾ | കെട്ടിടവും സ്ഥലവും | ബാലവാടി സെന്റർ | ഫീഡിങ്ങ് സെന്റർ | മറ്റു കാര്യങ്ങൾ |
|---|---|---|---|---|---|
| ഝാൻസി മഹിളാസമാജം, പെലക്കാട്ടുപയ്യൂർ | 42 | സ്വന്തം | ഉണ്ട് | ഉണ്ട് | |
| കാണിപയ്യൂർ മഹിളാസമാജം,ചൂണ്ടൽ. | 51 | സ്വന്തം | ഉണ്ട് | ഉണ്ട് | വനിതാ വ്യവസായ യൂണിറ്റ് നടത്തുന്നു. |
| കസ്തൂർബാ മഹിളാസമാജം, ചൂണ്ടൽ. | 20 | സ്വന്തം | ഉണ്ട് | ഉണ്ട് | കെട്ടിടം പര്യാപ്തമല്ല |
| ദീപ്തി മഹിളാസമാജം, പാറന്നൂർ | 60 | ഇല്ല | ഉണ്ട് | ഉണ്ട് | തൽക്കാലം ഒരുവീട്ടിൽ പ്രവർത്തിക്കുന്നു. |
| രശ്മി മഹിളാസമാജം, പെരുമല, മഴുവഞ്ചേരി. | 50 | സ്വന്തം | ഉണ്ട് | ഉണ്ട് | |
| ഭാവന മഹിളാസമാജം, എരനെല്ലൂർ. | 20 | സ്വന്തം സ്ഥലം | ഇല്ല | ഇല്ല | പട്ടികജാതിക്കാർ വക |
| പ്രിയദർശിനി മഹിളാസമാജം, തലക്കോട്ടുകര | 30 | ഇല്ല | ഇല്ല | ഇല്ല | ഒരു വീട്ടിൽ പ്രവർത്തിക്കുന്നു. |
| തലക്കോട്ടുകര മഹിളാസമാജം തലക്കോടുകര | 32 | ഉണ്ട് | | | പ്രവർത്തനരഹിതം |
| രമ്യ മഹിളാസമാജം, പട്ടിക്കര. | 65 | ഇല്ല | ഉണ്ട് | ഉണ്ട് | പട്ടിക്കര സ്കൂൾ ആസ്ഥാനമാക്കി |
| കല മഹിളാസമാജം, തുവാനൂർ. | 50 | ഇല്ല | ഉണ്ട് | | വാടകകെട്ടിടം |

പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന 9 മഹിളാസമാജത്തിന്റെ കാര്യത്തിൽ ചുരുക്കം ചില ഒഴികെ മറ്റുള്ളവയുടെ പ്രവർത്തനം തൃപ്തികരമാണെന്ന് പറയുകവയ്യ. ഇതിൽ മൂന്നെണ്ണത്തിൽ ചൊവ്വന്നൂർ ബ്ളോക്കിന്റെ കീഴിൽ ബാലവാടിയും ഫീഡിങ്ങ് സെന്ററും നടത്തിവരുന്നു. ഇത്തരം സ്ഥാപനങ്ങളിൽ ട്രെയിനിങ്ങ് കഴിഞ്ഞ ഓരോ ടീച്ചറും ഹെൽപ്പറും വീതം ജോലിചെയ്ത വരുന്നു. വേതനകാര്യത്തിൽ വളരെ തുച്ഛമായ സംഖ്യയാണ് നൽകിവരുന്നത്. സാനിറ്ററി സൗകര്യങ്ങളുടെ കാര്യത്തിലും മറ്റു ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിലും ഇന്നും പിന്നോക്ക അവസ്ഥ തന്നെ. 2 സ്ഥലത്ത് ചൊവ്വന്നൂർ ബ്ലോക്കിന്റെ കീഴിൽ ഫീഡിങ്ങും ഹെൽപ്പർക്ക് അലവൻസും കൊടുത്തുവരുന്നു. മറ്റു ചില സ്ഥലങ്ങളിൽ കുട്ടികളിൽ നിന്നും ലഭിക്കുന്ന നാമമാത്രമായ സംഭാവനകൾ ടീച്ചർക്ക് കൊടുത്തു കൊണ്ട് ബാലവാടി ക്ലാസ്സുകൾ നടത്തി വരുന്നുണ്ട്. എല്ലാ വാർഡിലും കാര്യ മാത്ര പ്രസക്തമായി പ്രവർത്തിക്കുന്ന ബാലവാടികളുടെ അഭാവം നിലനിൽക്കുന്നു. 2 - ാം വാർഡിൽ കസ്തുർബാ സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്രഷ നാശത്തിന്റെ പാതയിലാണ്.

## <u>സാദ്ധ്യതകൾ - നിർദ്ദേശങ്ങൾ</u>

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും മഹിളാസമാജങ്ങളുടെ പ്രവർത്തനം അത്യവശ്യമാണ്. ഉള്ള വാർഡുകളിൽ അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ഇല്ലാത്തവാർഡുകളിൽ ഏറ്റവും വേഗത്തിൽ മഹിളാ സമാജങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ എടുക്കുകയും ചെയ്യുക.

2. മഹിളാ സമാജങ്ങൾക്ക് എല്ലാ വിധ ഭൗതിക സാഹചര്യങ്ങളും ഉറപ്പു വരുത്തുന്ന തരത്തിൽ കെട്ടിടങ്ങൾ നിർമ്മിച്ചുകൊടുക്കുക. നിലവിലുള്ളവ മെച്ചപ്പെടുത്താൻ സഹായം നൽകുക. പഞ്ചായത്തിലെ പുറംപോക്ക് ഭുമികൾ ഈ ആവശ്യത്തിന്നായി പ്രയോജനപ്പെടുത്തുക.

3. എല്ലാ മഹിളാസമാജങ്ങളുടേയും കീഴിൽ ബാലവാടി ക്ലാസ്സുകളും ക്രഷറും ആരംഭിക്കുക. ഒരു ആയയും പരിശീലനം പൂർത്തിയാക്കിയ ഒരു ടീച്ചറും ഒരു ഹെൽപ്പറും ഏറ്റവും ചുരുങ്ങിയത് ഒന്നിൽ ഉണ്ടാകണം.

4. ഫാൽഡിങ്ങ് സെന്ററുകൾ മഹിളാസമാജങ്ങളുടെ കീഴിൽ കൊണ്ടുവരികയും കുട്ടികൾക്ക് പ്രത്യേകിച്ച് താഴ്ന്ന വരുമാനക്കാരുടെ മക്കൾക്ക് പോഷകാഹാര കുറവ് ഉണ്ടാകാതിരിക്കാനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

5. സ്വകാര്യ വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ കീഴിൽ ബീഡിതെരപ്പ് നടത്തുന്ന രണ്ട് മൂന്ന് യൂണിറ്റുകൾ ഈ പഞ്ചായത്തിൽ നിലവിലുണ്ട്. ജോലിക്കനുസരിച്ച വേതനവും മറ്റാനുകുല്യങ്ങളും ഇപ്പോൾ അവർകൾക്ക് ലഭ്യമല്ല. ധാരാളം പെൺകുട്ടികൾ ഈ രംഗത്ത് പ്രവർത്തിയെടുക്കുന്നുണ്ട്. ഇവരെ ഏകോപിക്കുകയും പഞ്ചായത്ത് എടിസ്ഥാനത്തിൽ ഒരു സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുകയും ചെയ്യുക.

6. ഇന്ന് പ്രധാനപ്പെട്ട ഹോട്ടലുകളിലും ബേക്കറികളിലും ലഭ്യമാകുന്ന പലഹാരങ്ങളിൽ (ഉണ്ണിയപ്പം, കുഴലപ്പം, ചിപ്പ്സ്, വട്ടേപ്പം, അച്ചപ്പം, സമോസ, ഉഴുന്നുവട, വിവിധ അച്ചാറുകൾ തുടങ്ങി, ലഡു, ജിലെബി വരെ) മിക്കതും സ്വകാര്യ വ്യക്തികളിൽ നിന്നും സംഭരിക്കുന്നവയാണ്. എന്നാൽ ഈ നിലക്കാരായ വൻകിട കച്ചവടക്കാരാണ് ലാഭം മുഴുവൻ കൊയ്തെടുക്കന്നത്. പഞ്ചായത്തടിസ്ഥാനത്തിൽ വനിതകൾക്കുവേണ്ടി ഒന്നോരണ്ടോ പലഹാരനിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുകയും

വിപണനത്തിനുള്ള സൈകര്യം ഏർപ്പെടുത്തുകയ്  ചെയ്യുക.

7. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ രംഗത്ത് പുതിയ സംരഭങ്ങൾ തുടങ്ങിയാൽ വനിതകൾക്ക് കൂടുതൽ സാദ്ധ്യതകൾ ലഭ്യമാകും. നമ്മുടെ പഞ്ചായത്തിൽ ആവശ്യമായ മുഴുവൻ റെഡിമെയ്ഡ് വസ്ത്രങ്ങളും പഞ്ചായത്തിനുള്ളിൽ തന്നെ നിർമ്മിക്കുക എന്ന ലക്ഷ്യമിടുകയും ഇവയുടെ നിർമ്മാണത്തിന്നുവേണ്ടിയുള്ള വനിതാ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്യുക.

8. Book Binding, മെഴുകുതിരി നിർമ്മാണം, കോഴിവളർത്തൽ, കുറ്റിമുല്ല വളർത്തൽ എന്നീ മേഖലകളും സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യത മെച്ചപ്പെടുത്താൻ സഹായിക്കുന്നതാണ്. പ്രത്യേകം പ്രത്യേകം യൂണിറ്റുകൾ ഉണ്ടാക്കി ധനസഹായം ലഭ്യമാക്കി ഇത് പ്രോത്സാഹിപ്പിക്കണം.

9. വായനശീലം വളർത്തുകയും സാമൂഹികമായ ഉയർച്ച കൈവരിക്കാനുള്ള നടപടികൾ ആസൂത്രണ ചെയ്യുകയും വേണം. എല്ലാ വായനശാലകളിലും വനിതാവേദികൾ ഉണ്ടാക്കുകയും വ്യാപകമായ തോതിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും വേണം.

10. ആരോഗ്യ പ്രശ്നങ്ങളിലും മതിയായ ബോധവൽക്കരണത്തിന്റെ അപര്യാപ്തത തെറ്റായ രീതികളിലേക്ക് സ്ത്രീകളെ നയിക്കുന്നു. മാദ്ധ്യമങ്ങളിലൂടെ ധാരാളമായി വരുന്ന പരസ്യങ്ങളുടെ പിന്നാലെ പോകാൻ ഇത് വഴി തെളിയിക്കുകയാണ്. ഇതൊഴിവാക്കാൻ നിരന്തരമായ ബോധവൽക്കരണം ആവശ്യമാണ്. ഇതിനുവേണ്ടി സന്നദ്ധ സംഘടനകൾക്കും വിദഗ്ദ്ധർക്കും പ്രാതിനിധ്യം നൽകി ഒരു പാനൽ തയ്യാറാക്കുകയും ഇടക്കിടെ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും വേണം.

11. പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ വനിതകൾ നടത്തുന്ന ടെലഫോൺ ബൂത്തുകൾ അനുവദിക്കേണ്ടതാണ്.

12, പഴം പച്ചക്കറി സംസ്ക്കാരം യൂണിറ്റ് കൂൺ കൃഷി യൂണിറ്റ്, പാലുല്പാദന യൂണിറ്റ് എന്നിവ വനിതകൾക്കുവേണ്ടി ആരംഭിക്കണം.

13. പശു, ആട്, കോഴി തുടങ്ങിയവയെ വളർത്തുന്നതിലും പരിപാലിക്കുന്നതിലും സ്ത്രീകൾക്ക് വലിയ പങ്കാണ് വഹിക്കാനുള്ളത്. സൗജന്യ നിരക്കിൽ സ്ത്രീകൾക്ക് കറവുമാടുകളെ നൽകാനും ആയതിനെ പരിപാലിക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുക.

14. സ്ത്രീ പീഡനത്തിനെതിരെയും അശ്ലീല ചിത്രങ്ങൾ പ്രദർശിപ്പിക്കതുന്നതിനെതിരായും അപ്പപ്പോൾ നടപ്പടികൾ കൈക്കൊള്ളണം. ഇക്കാര്യത്തിൽ വനിതാ മെമ്പർമാർ മുൻകൈെടുക്കണം.

15. ചൂണ്ടൽ പഞ്ചായത്തിൽ വനിതകൾക്ക് മാത്രമായുള്ള ഏക ഹൈസ്ക്കൂളാണ് L.I.G.H. School എന്നാൽ വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ക്കൂളിൽ തദ്ദേശവാസികളായ കുട്ടികൾക്ക് പ്രവേശനം ലഭിക്കാൻ നിർദ്ദേശങ്ങൾ നല്കുകയും കൂടുതൽ കുട്ടികൾക്ക് പ്രവേശനം ലഭിക്കത്തക്ക രീതിയിൽ സ്ക്കൂളിന്റെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക.

16. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ഹോം നഴ്സ് സെന്റർ പ്രവർത്തനം ആരംഭിച്ചാൽ കുറേയേറെ പേർക്ക് തൊഴിൽ സാദ്ധ്യതയുണ്ടാകും. എത്രയും വേഗത്തിൽ ഇത്തരം ഒരു സെന്റർ തുടങ്ങാൻ നടപടികൾ

കൈക്കൊള്ളണം. ജോലി സാദ്ധ്യത കൂടുന്നു എന്നതിനു പുറമേ ജോലിക്ക് പോകുന്ന സ്ത്രീകൾക്ക് അവരുടെ മാതാപിതാക്കളെ ശുശ്രൂഷിക്കാൻ ബദൽ സംവിധാനം ഉണ്ടാകും എന്നത് ഇതിന്റെ നേട്ടമാണ്.

17. കലാകായിക സാംസ്ക്കാരിക രംഗങ്ങളിൽ പെൺകുട്ടികളുടെ പ്രാതിനിധ്യവും വളരെ ആശാവഹമൊന്നുമല്ല. ഈ രംഗത്ത് താൽപര്യമുള്ളവരെ കണ്ടെത്തുന്നതിനും അവർക്ക് കോച്ചിംഗ് തുടങ്ങിയ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനും ഒരു പ്രത്യേക യൂണിറ്റ് ഏർപ്പെടുത്തണം. ബ്ളോക്ക് ജില്ലാ തലങ്ങളിൽ നടക്കുന്ന മത്സരങ്ങളിൽ പഞ്ചായത്ത് തലത്തിൽ പ്രോത്സാഹന സമ്മാനങ്ങൾ ഏർപ്പെടുത്തുകയും വേണം.

18. പഞ്ചായത്തിലെ വിവിധ തൊഴിൽ രംഗങ്ങളിൽ സംസ്ഥാനത്തിന്റെ മറ്റു പല ഭാഗത്തുനിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്ന് പോലും തൊഴിലാളികളെ ഇറക്കുമതി ചെയ്യുന്ന പ്രവണത വളരെയേറെ കൂടി വരുന്നു. ഇത് തൊഴിൽ രംഗത്തുള്ള നമ്മുടെ സാദ്ധ്യതകൾ ഇല്ലാതാക്കുകയാണ്. ഈ സ്ഥിതി മാറ്റാൻ ഒരു വിവിധോദ്ദേശ സഹകരണ സംഘം ( Labour contract co-op. society) പഞ്ചായത്തടിസ്ഥാനത്തിൽ ആരംഭിക്കണം.

19. സ്ത്രീകളുടെ സ്വയം സേവക സംഘങ്ങൾ (നവോദയ മോഡൽ) ആരംഭിക്കാനുള്ള നടപടികൾ കൈക്കൊള്ളണം.

●●●

# 10. സഹകരണം

## ആമുഖം

കടബാധ്യതയിൽ നിന്നും കർഷക സമൂഹത്തെ രക്ഷിക്കുന്നതിനായി 1904 ലെ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനം തുടക്കം കുറിക്കുന്നത്.

സംസ്ഥാത്തിന്റെ സമ്പദ്ഘടനയിലും, വികസന പ്രവർത്തനങ്ങളിലും, സഹകരണപ്രസ്ഥാനത്തിന് ഇന്നുള്ള പങ്ക് സുപ്രധാനമാണ്. കാഷികമേഖലയിൽ ആദ്യഘട്ടത്തിൽ ആരംഭിച്ച സഹകരണ പ്രസ്ഥാനം മനുഷ്യന്റെ ഭൗതികവും സാംസ്കാരികവുമായി ജീവിതത്തിന്റെ വിവിധ തലങ്ങളിൽ സ്പർശിച്ച് നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായി മാറികഴിഞ്ഞിരിക്കുന്നു. ജനാധിപത്യ മാർഗ്ഗങ്ങളിൽകൂടി സോഷ്യലിസ്റ്റ് ലക്ഷ്യത്തിലെത്താൻ ഉതകുന്ന നമ്മുടെ വികസന പദ്ധതികൾ ജനകീയ പങ്കാളിത്തത്തോടെ ഫലപ്രദമായി നടപ്പാക്കുന്നതിനും അതിനുവേണ്ടുന്ന വിഭവ സമാഹാരണത്തിനും സഹകരണ പ്രസ്ഥാനത്തിനും മൗലികമായ കടമകളാണ് നിവ്വഹിക്കാനുള്ളത്.

പൊതുമേഖലയ്ക്കും, സ്വകാര്യമേഖലയ്ക്കും ഇടയിൽ പ്രവർത്തിക്കുന്ന ചൂഷണരഹിതമായ ഒരു ജനകീയ പ്രസ്ഥാനമായി സഹകരണ രംഗം വളർന്നുവന്നിട്ടുണ്ടെങ്കിൽ അതിന്റെ പിന്നിലെ ശക്തി നമ്മുടെ സാമൂഹിക വികാരമാണ്. പ്രാരംഭദിശയിൽ വിവിധോദേശ സഹകരണ സംഘങ്ങളിലൂടെ ആരംഭം കുറിച്ചിരുന്ന സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന ലക്ഷ്യം കർഷികവളർച്ച തന്നെയാണ്.

## ചരിത്രം

ചൂണ്ടൽ പഞ്ചായത്തിൽ എരനെല്ലൂർ വില്ലേജിൽ 1941 ൽ R 375-ാം നമ്പറായി തുടങ്ങിയ കേച്ചേറി ഗ്രാമോദ്ധാരണ സഹകരണ സംഘമാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സംഘം. കേച്ചേരിയിലെ ഇപ്പോഴത്തെ ജി. യു. പി. സ്കൂളിലാണ് ഈ സംഘം പ്രവർത്തിച്ചിരുന്നത്. സംഘത്തിന് സ്വന്തമായി ഒരു ഏക്കർ പത്തു സെന്റ് ഭൂമിയുണ്ട്. എന്നാൽ പ്രസ്തുത സ്ഥലത്ത് ഇന്ന് ഒരു സ്വകാര്യ സ്കൂൾ പ്രവത്തിച്ചു വരികയാണ്.

ഇതുപോലെതന്നെ ഒരു ഗ്രാമോദ്ധാരണ സഹകരണ സംഘം ചൂണ്ടലിലും പ്രവർത്തിച്ചിരുന്നു. ഇതിന്റെ പേരിൽ ഒരു അപ്പർ പ്രൈമറി സ്കൂൾ ചൂണ്ടൽ വില്ലേജോഫീസിന്റെ പരിസരിത്ത് ഉണ്ടായിരിക്കുന്നു. പഴമക്കാരിൽനിന്നും ശേഖരിച്ച അറിവ് വെച്ചുകൊണ്ട് ഇന്ന് ഈ സംഘവും സ്കൂളും ഒരു സ്വകാര്യവ്യക്തിയുടെ കീഴിലാണ്.

1947-ജൂണിൽ ആരംഭിച്ച പരസ്പര സഹായ സഹകരണ സംഘം ചിറനെല്ലൂർ വില്ലേജ് പരിധിയിൽ നിലവിൽ വന്നു. അഞ്ചു രൂപാ ഷയറും നാല് അണ പ്രവേശനഫീസും നൂറുപേർ അംഗങ്ങളായും പ്രസ്തുത സംഘം ശ്രീ കപ്രശേരി കേശവ കൈമൾ പ്രസിഡണ്ട്, സി. വി. ദേവസ്സികുട്ടി മാസ്റ്റർ സെക്രട്ടറിയുമായാണ് പ്രവർത്തനം തുടങ്ങിയത്. ഇന്നത്തെ 640-ാം നമ്പ്ര് ചിറനെല്ലൂർ സഹകരണബാങ്കിൻ്മറെ ഉത്ഭവം ഈ സംഘത്തിൽനിന്നാണ്.

വിവിധ മേഖലകളിലായി പത്ത് സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തനം നടത്തുന്നുണ്ട്. നാലഞ്ചു ബ്ലോക്കു തലത്തിൽ പ്രവർത്തിക്കുന്ന പ്രിയദർശിനി ആശുപത്രിയും ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന തൃശൂർ ജില്ലാ സഹകരണ ബാങ്കിന്റെ ശാഖയും ചാവക്കാട് വിദ്യാഭ്യാസ ജില്ലയുടെ

പരിധിയിലുള്ള പ്രൈമറി ടീച്ചേഴ്സ് സഹകരണ സംഘവും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. വനിതകൾക്കു മാത്രമായുള്ള ഒരു ഇലക്ട്രോണിക് സഹകരണസംഘവും പ്രവർത്തിച്ചുവരുന്നു.

## സഹകരണസംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

കാർഷികമേഖലയിൽ കൂനംമൂച്ചി സഹകരണബാങ്കും, കേച്ചേരി സഹകരണബാങ്കും സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ചിറനെല്ലൂർ സഹകരണ ബാങ്കിന്റെ പ്രവർത്തനം പുരോഗതിയുടെ പാതയിലാണ്. കൺസ്യൂമർ വിഭാഗത്തിൽ മാത്രം പ്രവർത്തിക്കുന്ന സംഘങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. എന്നാൽ കേച്ചേരി സഹകരണ ബാങ്ക് പരിമിതമായ തോതിൽ കൺസ്യൂമർ സ്റ്റോർ നടത്തിവരുന്നുണ്ട്. ഈ പഞ്ചായത്തിൽ ആകെ മൂന്ന് ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു.

# കാർഷികമേഖല

## a. ഹ്രസ്വകാലവായ്പ

കാർഷികവൃത്തി അടിസ്ഥാന ജീവിതമാർഗ്ഗമാക്കിയ ഒരു പഞ്ചായത്താണ് നമ്മുടേത്. ഹ്രസ്വകാല കാർഷിക, കാർഷികേതര വായ്പയാണ് പഞ്ചായത്തിലെ മൂന്ന് സഹകരണബാങ്കും മുഖ്യമായും വിതരണം ചെയ്യുന്നതെങ്കിലും മുഴുവൻ കർഷകർക്കും അർഹമായ വായ്പ നൽകാൻ ഈ സംഘങ്ങൾക്കു സാധിക്കുന്നില്ല.

### 1. ചിറനെല്ലൂർ സഹകരണബാങ്ക്

ചിറനെല്ലൂർ വില്ലേജ് മാത്രമാണ് ഈ ബാങ്കിന്റെ പ്രവർത്തനമേഖല. ഈ ബാങ്കിൽ 1699 അംഗങ്ങൾ ഉണ്ട്. മുൻകാലത്ത് നടന്ന ചില പ്രവർത്തന വൈകല്യങ്ങളുടെ ഭാഗമായി നഷ്ടത്തിലാണ് ഈ ബാങ്ക് പ്രവർത്തിച്ചുവരുന്നത്. കർഷകാംഗങ്ങളുടെ സാമ്പത്തികാവശ്യങ്ങൾ പരിമിതമായി നിർവ്വഹിക്കുവാൻ ഒരു കോടി രൂപ വർഷംതോറും ആവശ്യമാണ്. എന്നാൽ 1995 - 96 വർഷത്തിൽ ഇരുപത്തിമൂന്നു ലക്ഷം രൂപ മാത്രമാണ് ബാങ്കിന് കാർഷികാവശ്യത്തിന് വിതരണം ചെയ്യാൻ സാധിച്ചത്. വളം വിതരണം, കീടനാശിനി വിതരണം, എന്നിവ ചിട്ടയോടുകൂടി നടക്കുന്നില്ല.

### 2. കേച്ചേരി സഹകരണബാങ്ക്

എരനെല്ലൂർ വില്ലേജ് പ്രവർത്തനമേഖലയും, 2554 ആഅംഗങ്ങളുമായി കേച്ചേരി സഹകരണബാങ്ക് പ്രവർത്തിക്കുന്നു. ഈ സംഘത്തിൽനിന്നും അംഗങ്ങൾക്ക് വായ്പ നൽകുന്നതിനു പുറമെ കൃഷിക്കാർക്ക് വളം, കീടനാശിനി എന്നിവ വിതരണം ചെയ്യുന്നുണ്ട്. ഒരു കൺസ്യൂമർ വിഭാഗവും തുണിച്ചരക്കും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ബാങ്കിന്റെ ഒരു സായാഹ്നശാഖ കേച്ചേരി സെന്ററിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

### 3. കൂനംമൂച്ചി സഹകരണബാങ്ക്

ചൂണ്ടൽ പഞ്ചായത്തിലെ 1, 2, 3, 4, 5, എന്നീ വാർഡുകളിൽ കൂനംമൂച്ചി സഹകരണ ബാങ്കിന്റെ സേവനം ലഭ്യമാണ്. സംഘം പ്രവർത്തിക്കുന്നത് തൊട്ടടുത്ത കണ്ടാണശ്ശേരി പഞ്ചായത്തിലെ കൂനമൂച്ചിയിലാണ്. മേൽ സൂചിപ്പിച്ച അഞ്ച് വാർഡുകളിൽ നിന്നായി 3020 പേർ സംഘത്തിൽ അംഗങ്ങളാണ്. ഈ സംഘം സാമാന്യം നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. (പട്ടിക 1 നോക്കുക)

## b. ദീർഘകാല കാർഷികവായ്പ

ഈ പഞ്ചായത്തിലെ കർഷകർക്കാവശ്യമായ ദീർഘകാല കാർഷിക വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടു കാരണം കർഷകർ വായ്പ വിനിയോഗിക്കാത്ത അവസ്ഥയുണ്ട്.

### കൈത്തറി സഹകരണസംഘം

നിലവിലുള്ള ചൂണ്ടൽ കൈത്തറി സഹകരണസംഘങ്ങളിൽ 150 അംഗങ്ങളും 50 തൊഴിലാളികളും ഒരു ജീവനക്കാരനും ഉണ്ട്. പ്രവർത്തനത്തിന് കൂടുതൽ വിഭവം ആവശ്യമാണ്.

പട്ടിക 1

## കാർഷിക വായ്പാ സംഘങ്ങൾ

| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗത്വം | ഓഹരി മൂലധനം | കടം "000" | നിക്ഷേപം "000" | വായ്പകൾ | |
|---|---|---|---|---|---|---|---|---|
| | | | | | | | കാർഷികം | കാർഷികേതരം |
| ചിറനെല്ലൂർ സഹകരണ ബാങ്ക് No. 640 | 1947 | ചിറനെല്ലൂർ വില്ലേജ് | 1699 | 160 | 1790 | 1223 | 2300 | 46 |
| കേച്ചേരി സഹകരണ ബാങ്ക് R 286 | 1966 | എരനെല്ലൂർ വില്ലേജ് | 2554 | 419 | 411 | 18976 | 15000 | 106 |
| കൂനംമൂച്ചി സഹകരണ ബാങ്ക് | | 1, 2, 3, 4, 5 വാർഡുകൾ | | | | | | |

## വിവിധ മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

### കാർഷികമേഖല

1. വായ്പാ കുടിശ്ശിക വസൂലാക്കുന്നതിന് ഭരണസമിതി അടിയന്തിര നടപടി കൈകൊള്ളുക.
2. എല്ലാ കർഷകരേയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക.
3. നിക്ഷേപസമാഹാരണം നടത്തി പ്രവർത്തനമൂലധനം വർദ്ധിപ്പിച്ച് ഈ തുക ലാഭകരമായി വിനിയോഗിക്കുക.
4. സഹകരണ ബാങ്കുകൾ കൂടുതൽ ചിട്ടികൾ നടത്തുകയും, ആയതിനാവശ്യമായ ചിട്ടിനിയമവ്യവസ്ഥയെ ലഘൂകരിക്കേണ്ടതുമാണ്.
5. വളവും കാർഷികോപകരണങ്ങളും വിതരണം ചെയ്യുന്നതിനും, കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുതിനും ഈ ബാങ്കുകളിൽ സംവിധാനം ഉണ്ടാക്കണം.
6. ചിറനെല്ലൂർ സഹകരണബാങ്കിന് തലക്കോട്ടുകരയിലും, കൂനംമൂച്ചി സഹകരണബാങ്കിന് ചൂണ്ടൽ സെന്ററിലും ബ്രാഞ്ചുകൾ തുടങ്ങുന്നതിന് നടപടിയാരംഭിക്കും.
7. കൂനംമൂച്ചി സഹകരണബാങ്കിന്റെ ഒരു സായാഹ്നശാഖ ചൂണ്ടൽ സെന്ററിൽ ആരംഭിക്കേണ്ടതാണ്.
8. കൃഷിക്കാരുടെ ഉല്പന്നങ്ങൾക്ക് വിലയിടിവു വരുമ്പോൾ അവ സെക്യൂരിറ്റിയായി വാങ്ങി, കീലോൺ അനുവദിക്കേണ്ടതാണ്.
9. കേരവിസകസത്തിന് ഒരു കോക്കനട്ട് ഗ്രോവേഴ്സ് സഹകരണസംഘം രൂപീകരിക്കുക. അതുവരെ കൊപ്ര സംഭരണത്തിന് മൂന്ന് സംഘങ്ങളും സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
10. നെൽകൃഷി ലാഭകരമല്ലാത്തതിനാൽ പാടശേഖരങ്ങൾ മണ്ണിട്ടുനികത്തി തോട്ടങ്ങളായും വീടുകളായും മാറ്റുന്ന ഒരു അവസ്ഥയാണ് നിലവിലുള്ളത്. നെൽകൃഷിക്ക് ഒരു ഹെക്ടറിന് 1500 രൂപ സബ്സിഡിയായും മേൽത്തരം വിത്ത്, വളം, കീടനാശിനി, ട്രില്ലർ, ട്രാക്ടർ, കൊയ്ത്ത്, മെതിയന്ത്രങ്ങൾ, പമ്പുസെറ്റ്, നടീൽയന്ത്രം എന്നിവയും ലഭ്യമാക്കണം. ഇതിനായി വിവിധ പാടശേഖരങ്ങൾ കേന്ദ്രീകരിച്ച് ഗ്രൂപ്പ് ഫാമിംങ്ങ്സ് സഹകരണസംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.

**ക്ഷീരോല്പാദന സഹകരണസംഘങ്ങൾ**

ഈ പഞ്ചായത്തിൽ മൂന്ന് ക്ഷീരോല്പാദന സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. അവ പല പ്രശ്നങ്ങളും ഇന്ന് അഭിമുഖീകരിക്കുന്നു.

**നിർദ്ദേശങ്ങൾ**

1. ഉല്പാദിപ്പിക്കപ്പെടുന്ന പാലിൽ പഞ്ചായത്തിലെ ഉപഭോഗം കഴിച്ച് ബാക്കി കേടുകൂടാതെ സംഭരിച്ചു സൂക്ഷിക്കുന്നതിനും സംസ്ക്കരിക്കാനും വേണ്ട സൗകര്യങ്ങൾ ഏതെങ്കിലും ഒരു സംഘത്തിലുണ്ടാക്കണം.
2. നല്ലയിനം കറവുമാടുകളെ അംഗങ്ങൾക്ക് ലഭിക്കുന്നതിന് സംവിധാനമുണ്ടാക്കണം.
3. കന്നുകാലികളുടെ സംരക്ഷണത്തിനായി മൃഗസംരക്ഷണ ഉദ്യോഗസ്ഥന്മാരുടെ സേവനം തക്കസമയത്ത് ലഭ്യമാക്കണം.

**മത്സ്യതൊഴിലാളി സഹകരണ സംഘം**

വളരെയധികം വികസന സാധ്യതയുള്ളതാണ് ഉൾനാടൻ മത്സ്യബന്ധനം. ഈ പഞ്ചായത്തിൽ നൂറിൽപരം മത്സ്യതൊഴിലാളികൾ മത്സ്യബന്ധനം, വിപണം എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. ഇവരുടെ ക്ഷേമത്തിനുവേണ്ടി പഞ്ചായത്തുതലത്തിൽ പുതിയ സഹകരണ സംഘം ആരംഭിക്കേണ്ടതാണ്.

**കൺസ്യൂമർ മേഖല**

നിലവിലുള്ള കേച്ചേരി സംഘത്തിന്റെ കൺസ്യൂമർ സ്റ്റോർ നന്നായി നടത്തണം. ചിറനെല്ലൂർ കൂനംമൂച്ചി എന്നീ സംഘങ്ങളിൽ കൺസ്യൂമർ സ്റ്റോർ തുടങ്ങണം. ഓരോ വീട്ടിലും നിത്യോപയോഗ സാധനങ്ങൾ എത്തിക്കുവാൻ ഉപഭോക്താക്കളിൽനിന്ന് ട്രേഡ് ഡെപ്പോസിറ്റ് സ്വീകരിച്ച് ഡോർ ഡെലിവറി സിസ്റ്റം നടപ്പിലാക്കണം.

**പട്ടികജാതി സഹകരണ സംഘം**

ഈ പഞ്ചായത്തിൽ പട്ടികജാതിക്കാരുടെ ക്ഷേമവും തൊഴിലവസരവും മുൻനിർത്തി പ്രിന്റിംഗ്, നെയ്ത്ത്, ഹോളോബ്രിക്സ് നിർമ്മാണം എന്നിങ്ങനെ മൂന്ന് സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ മൂന്ന് സംഘങ്ങളുടേയും പ്രവർത്തനം വേണ്ടത്ര ആശാവഹമല്ല.

**ലേബർ കോൺട്രക്റ്റ് സഹകരണസംഘം**

അസംഘടിത തൊഴിൽ മേഖലയിൽ തൊഴിൽചെയ്യുന്ന ധാരാളം തൊഴിലാളികൾ ചൂണ്ടൽ പഞ്ചായത്തിലുണ്ട്. ഇവർക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം രൂപീകരിക്കേണ്ടതും, പഞ്ചായത്ത് നേരിട്ടു നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ശുചീകരണം എന്നിവ ഈ സംഘം മുഖേന നടത്തേണ്ടതുമാണ്.

**കോഴിവളർത്തൽ സഹകരണസംഘം**

കേരളത്തിന്റെ വരുമാനത്തിന്റെ വലിയൊരു ഭാഗം ഇറച്ചികോഴി, കോഴിമുട്ട എന്നിവയുടെ ഉപഭോഗംവഴി തമിഴ്നാട്ടിലേയ്ക്ക് ഒഴുകുകയാണ്. ഒരു കോഴി വളർത്തൽ സ,ഹകരണസംഘം പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

**ഖാദി വ്യവസായ സഹകരണസംഘം**

എല്ലാ വാർഡിലേയും തേനീച്ചകൂടുകൾ നൽകി തേനീച്ച വളർത്താനുള്ള സാങ്കേതിക വിദ്യയും സഹായവും ഖാദിഗ്രാമോദ്യോഗ് ഭവൻ വഴി ലഭ്യമാക്കാവുന്നതാണ്. ഉല്പാദിപ്പിക്കപ്പെടുന്ന തേൻ ശേഖരിക്കുവാനും വിപണനം നടത്തുവാനും ഒരു സ്റ്റോർ കേച്ചേരി സെന്ററിൽ തുടങ്ങാവുന്നതാണ്.

**അരിക്കനട്ട് ഗ്രോവേഴ്സ് സഹകരണസംഘം**

ചൂണ്ടൽ പഞ്ചായത്തിലെ മുഖ്യ കാർഷികോല്പന്നമായ അടയ്ക്കയുടെ വികസനത്തിനായി അടയ്ക്കയും അനുബന്ധ ഉൽപ്പന്നങ്ങളും സംസ്കരണ വിപണന വിതരണത്തിനായി ഒരു അരിക്കനട്ടുഗ്രോവേഴ്സ് സഹകരണസംഘം രൂപീകരിക്കേണ്ടതാണ്. ഇതുമൂലം അടയ്ക്കാ കൃഷിക്കാർക്ക് അവരുടെ ഉല്പന്നങ്ങൾക്ക

ന്യായമായ വില ലഭിക്കുമെന്നു മാത്രമല്ല. ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കും. അനുബന്ധമായി പുറംതള്ളുന്ന അടയ്ക്കാതോട് പാള പട്ട എന്നിവ ഉപയോഗിച്ച് കാർബോർഡു നിർമ്മാണത്തിനുള്ള അവസരവും പരിശോധിക്കേണ്ടതാണ്.

## വനിതാ സഹകരണസംഘം

ചൂണ്ടൽ പഞ്ചായത്തിൽ വനിതാസഹകരണസംഘത്തിന്റെ കീഴിൽ താഴെപ്പറയുന്നവ ആരംഭിക്കാവുന്നതാണ്.

1. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം
2. നോട്ടുബുക്ക് നിർമ്മാണം
3. ബുക്ക് ബൈന്റിംഗ്
4. അച്ചാർ കറി പൗഡർ നിർമ്മാണം
5. ജാം നിർമ്മാണം
6. ചിപ്സ് ഉണ്ടാക്കൽ
7. ബീഡി തെരപ്പ്

## തയ്യൽ തൊഴിലാളി സഹകരണ സംഘം

ഈ പഞ്ചായത്തിൽ 150 പരം തയ്യൽ തൊഴിലാളികൾ പഞ്ചായത്തിന്റെ പലഭാഗങ്ങളിലായി തൊഴിൽചെയ്യുന്നു. ഇവരെ മുൻനിറുത്തികൊണ്ട് സംഘം രൂപീകരിക്കുകയും, പരിഷ്കൃത രീതിയിലുള്ള റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, തയ്യൽ പരിശീലനം, എന്നിവ ആരംഭിക്കേണ്ടതുമാണ്.

## റൂറൽ വനിതാ ഇലക്ട്രോണിക് ഇൻഡസ്ട്രീസ് ഓപ്പറേറ്റീവ് സൊസൈറ്റി

9 ലക്ഷം രൂപ മൂലധനമായി ചൂണ്ടലിൽ ഈ സംഘം പ്രവർത്തിച്ചുവരുന്നു. വനിതകൾ മാത്രം പ്രവർത്തിക്കുന്ന ഈ യൂണിറ്റ് കെൽട്രോണിന് വേണ്ടിയുള്ള ടി. വി. അസംബ്ളിങ്ങാണ് നടക്കുന്നത്. 24 സെന്റ് സ്ഥലവും സ്വന്തം കെട്ടിടവും ഉണ്ട്. വമ്പിച്ച വികസനസാധ്യതകൾ ഉള്ളതിനാൽ കൂടുതൽ വിപുലീകരിക്കാവുന്നതാണ്.

## സഹകരണ സെൽ

സഹകരണ സംഘത്തിന്റെ വളർച്ചക്കായി പഞ്ചായത്തിലെ സഹകാരികളെ ഉൾകൊള്ളിച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു സഹകരണ സെൽ രൂപീകരിക്കാവുന്നതാണ്. സഹകരണസംഘത്തിന് ആവശ്യമായ വിദഗ്ദോപദേശങ്ങളും നിർദ്ദേശങ്ങളും ഈ സെൽ മുഖേന നൽകാവുന്നതും സംഘങ്ങളുടെ പ്രവർത്തനത്തെ അവലോകനം ചെയ്യാവുന്നതുമാണ്.

●●●

# 11. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

## സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

ഈ പഞ്ചായത്തിലെ ജനസംഖ്യ ഹിന്ദുക്കളും, ക്രിസ്ത്യാനികളും, മുസ്ലീങ്ങളും അടങ്ങുന്നതാകുന്നു. ജനങ്ങൾ സംസ്കാരസമ്പന്നരും, വിദ്യാസമ്പന്നരുമാകുന്നു. പരസ്പരം വളരെ സൗഹാർദ്ദത്തോടുകൂടി ജാതിമതഭേദമെന്യേ, ഏവരും സ്നേഹത്തോടെ വർത്തിച്ചുവരുന്നു. നാളിതുവരെ യാതൊരു വർഗ്ഗീയ സംഘട്ടനങ്ങളും, മററു കലാപങ്ങളും ഈ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. മതാനുഷ്ഠാനത്തിനുവേണ്ട അമ്പലങ്ങളും, പള്ളികളും, മോസ്കുകളും ഈ പഞ്ചായത്തിലുണ്ട്. വിദ്യഭ്യാസ പുരോഗതിക്കായി 3 ഹൈസ്കൂളുകളും 4 യു. പി. സ്കൂളുകളും, 6 എൽ. പി. സ്കൂളുകളും ഈ പഞ്ചായത്തിലുണ്ട്. വിദ്യഭ്യാസത്തിനുവേണ്ടി 2 കിലോ മീറ്ററിൽ കൂടുതൽ നടക്കേണ്ട ആവശ്യം ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇല്ല എന്നു തന്നെ പറയാം. ഈ പഞ്ചായത്തിൽ പട്ടിക ജാതി സഹകരണ സംഘത്തിന്റെ കീഴിൽ ഒരു പ്രസ്സും, ഒരു ഹോളോബ്രിക്സ് നിർമ്മാണശാലയുമുണ്ട്. പട്ടികജാതി കുട്ടികൾക്ക് വേണ്ടി മാത്രമായി പട്ടികജാതി ക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു ടെയ്ലറിംഗ് ക്ലാസ്സും പ്രവർത്തിക്കുന്നുണ്ട്.

പ്രാദേശിക കണക്കിന്റെ അടിസ്ഥാനത്തിൽ ചൂണ്ടൽ പഞ്ചായത്തിലെ പതിനൊന്നു വാർഡുകളിലും കൂടി 482 പട്ടിക ജാതി കുടുംബങ്ങൾ താമസിച്ചുവരുന്നുണ്ട്. പട്ടികവർഗ്ഗക്കാർ ഈ പഞ്ചായത്തിലില്ല. ഇവരുടെ ആകെ ജനസംഖ്യ 2695 ആകുന്നു. പട്ടികജാതിക്കാർ കൂട്ടമായി താമസിച്ചുവരുന്ന സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു.

| കൂട്ടമായി താമസിക്കുന്ന സ്ഥലം | വാർഡ് | വീടികളുടെ എണ്ണം | ജനസംഖ്യ |
|---|---|---|---|
| 1. ചൂണ്ടൽ കോളനി | 3 | 91 | 550 |
| 2. മഴുവഞ്ചേരി | 7 | 62 | 340 |
| 3. പെരുമലകോളനി | 7 | 24 | 98 |
| 4. മുവഞ്ചേരി (8-ാം വാർഡിന്റെ ഭാഗം) | 8 | 25 | 102 |
| 5. തലക്കോട്ടുകര | 8 | 15 | 65 |
| 6. മാടത്തുംപുര | 2 | 30 | 160 |
| 7. പട്ടിക്കരമണലി കോളനി | 9 | 12 | 60 |
| 8 മണലി കാണികുളം കോളനി | 10 | 12 | 57 |
| 9. പട്ടിക്കര കോളനി | 11 | 15 | 80 |
| 10. ചിററനെല്ലൂർ കോളനി | 10 | 18 | 90 |

ഈ പഞ്ചായത്തിലെ പട്ടികജാതിക്കാർ പരമ്പരാഗതതൊഴിലായ പായ, കൊട്ട മുതലാവയ നെയ്തും മീൻപിടിച്ചും, ആടുമാടുകളെ മേച്ചും, മററുള്ള ഉയർന്ന ജാതിക്കാരുടെ വീട്ടുജോലി ചെയ്തും കാലയാചനം ചെയ്തുപോന്നിരുന്നു. ഇവരിൽ ഭൂരിഭാഗം തൊഴിലാളികളും മററുള്ളവരുടെ കാർഷികമേഖലകളിൽ പണിയെടുത്തും ഉപജീവനം ചെയ്തുപോന്നു. ഇവർ മററു സമുദായങ്ങളിൽ നിന്ന് സാമ്പത്തികമായും, സാംസ്കാരികമായും, വിദ്യഭ്യാസപരമായും വളരെ അടിത്തട്ടിലായിരുന്നു. ഇവർ തൊട്ടുകൂടാത്തവരും

തീണ്ടികൂടാത്തവരുമായിരുന്നു. ഇവരെ ദേവാലയങ്ങളിൽ നിന്നും, അകററിനിർത്തിയിരുന്നു. ക്ഷേത്രദർശനത്തിന് ഇവർക്ക് അകലം പോലും നിശ്ചയിച്ചിരുന്നു. അങ്ങനെ പട്ടികജാതിക്കാർ ജനസമൂഹത്തിലെ ഏററവും മർദ്ദിത വർഗ്ഗമായിരുന്നു.

കർഷകത്തൊഴിലാളികളും ഏറിയപങ്കും പട്ടികജാതിക്കാരായിരുന്നു. വേലക്കും, വേതനത്തിനും വേണ്ടി പഞ്ചായത്തിന്റെ മുക്കിലും മൂലയിലും അവർസമരമുറകൾ സംഘടിപ്പിച്ചു. നിലനിന്നിരുന്ന പത്തിനൊന്നു പതമ്പ് എന്ന കൂലി നിരക്കിനെതിരെ സമരം ചെയ്ത് ഏഴിനൊന്ന് എന്ന തോതിലേക്ക് ഉയർത്തി. കൊയ്തെടുത്ത സ്ഥലം പ്രതിഫലം കൂടാതെ നട്ടുകൊടുക്കുക എന്ന സമ്പ്രദായത്തിൽ നിന്നും നിലവിലുളള ഇന്നത്തെ അവസ്ഥയിലേക്കെത്തിച്ചു.

ആയിരത്തിത്തൊളളായിരത്തി നാല്പത്തേഴ് ഇന്ത്യൻ സ്വാതന്ത്ര്യത്തിനുശേഷം അധികാരത്തിൽ വന്ന ഗവർമെൻറുകൾ മർദ്ദിതവർഗ്ഗങ്ങൾക്ക് ആശ്വാസം നൽകത്തക്കവിധത്തിലുളള നിയമനിർമ്മാണങ്ങൾ കൊണ്ടുവന്നു. കൃഷിഭൂമി കൃഷിക്കാരന്, കുടികിടപ്പവകാശം തുടങ്ങിയവ ഇതിൽ എടുത്തുപറയേണ്ടവയാണ്. ഈ നിയമനിർമ്മാണങ്ങളിലൂടെ പട്ടികജാതിക്കാർക്ക് സ്വന്തമായ കുടികിടപ്പവകാശവും അവൻ പണിയെടുക്കുന്ന കൃഷിസ്ഥലങ്ങൾ അവരുടേതാവുകയും ചെയ്തു. ഈ സാമൂഹ്യ മാററത്തിന്റെ ഫലമായാണ് പട്ടികജാതിക്കാർ ഇന്നത്തെ അവസ്ഥയിൽ എത്തിച്ചേർന്നത്.

അതാതുപ്രദേശങ്ങളുടെ പ്രാചീനകലകൾ കുടികൊള്ളുന്നത് പ്രത്യേകിച്ചും പട്ടികജാതിക്കർക്കിടയിലാണ്. ഈ പഞ്ചായത്തിന്റെ പ്രാചീനകലകളായ വാദ്യകല, പരിചമുട്ട്, തിറയാട്ടം, പൂതം തുളളൽ, വേലകളി, കോമരം തുളളൽ, കോലം തുളളൽ, കാളകളി, തുകിലുണർത്തൽ, കുമ്മാട്ടിക്കളി, ഭഗവതിപ്പാട്ട് എന്നിവയായിരുന്നു. ഇതിൽ ചിലതെല്ലാം ഇന്നും പ്രോത്സാഹലക്കുറവുമൂലം നാമമാത്രമായി അവശേഷിച്ചിട്ടുണ്ട്. പക്ഷെ അവയെല്ലാം അമ്പലപറമ്പുകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. മറ്റുളളവ പ്രോത്സാഹനക്കുറവുമൂലം കൊഴിഞ്ഞുപോവുകയും ചെയ്തു.

8-ാം പഞ്ചവത്സരപദ്ധതിക്കാലത്ത് ഈ പഞ്ചായത്തിലെ പട്ടികജാതി വിഭാഗങ്ങൾക്ക് പഞ്ചായത്ത്, ജില്ലാ പട്ടികജാതി വികസനകോർപ്പറേഷൻ, ബ്ലോക്ക് ഓഫീസ്, കൃഷിഭവൻ എന്നിവവഴി നാളിതുവരെ 27,36,523 രൂപ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുകയുണ്ടായി.

## വികസന പ്രവർത്തനങ്ങൾക്ക് ചെലവാക്കിയ തുകയുടെ സംക്ഷിപ്തരൂപം ചുവടെ ചേർക്കുന്നു.

**1. പഞ്ചായത്തുവഴി:**

| | |
|---|---|
| 1990-91ൽ | 252800-00 |
| 1991-92ൽ | 100800-00 |
| 1992-93ൽ | 106400-00 |
| 1993-94ൽ | 396001-00 |
| 1994-95ൽ | 99740-00 |
| 1995-96ൽ | 110600-00 |
| 1996-97ൽ | 54000-00 |
| | 11,20,341-00 |

**2. താലൂക്ക് പട്ടികജാതി വികസനവകുപ്പ്:**

| | |
|---|---|
| 1990-91ൽ | 8000-00 |
| 1991-92ൽ | 2000-00 |
| 1992-93ൽ | 8000-00 |
| 1993-94ൽ | ............... |

| | | |
|---|---|---|
| | 1994-95ൽ | 2000-00 |
| (I. H. D. P. Housing) | 1993-94ൽ | 15000-00 |
| | "1994-95ൽ | 30000-00 |
| | 1995-96ൽ | 30000-00 |
| (ഭൂരഹിതർക്ക് 10 വീട്) | 1993-94ൽ | 170000-00 |
| | | 2,65,000-00 |

3. **ബ്ലോക്ക് ഓഫീസ് വഴി:**

| | |
|---|---|
| 1991-96ൽ | 6,60,000-00 |
| 1995-96ൽ | 30000-00 |
| " | 528600-00 |
| " | 10500-00 |
| | 12,21,182-00 |

4. **കൃഷിഭവൻ മുഖേന:**

| | | |
|---|---|---|
| 1993-94ൽ | രാസവളവിതരണം | 8040-00 |
| 1994-95ൽ | " | 4796-00 |
| 1995-96ൽ | " | 13071-00 |
| " | സ്പ്രെയർ | 18225-00 |
| " | ബയോഗ്യസ് | 46200-00 |
| " | കാർഷിക ഉപകരണങ്ങൾ | 31850-00 |
| | | 1,22,182-00 |

കൂടാതെ വിദ്യഭ്യാസ ആനുകൂല്യങ്ങൾക്കായി ആകെ സംഖ്യയുടെ 17% വും ചെലവഴിച്ചുവരുന്നു.

നാളിതുവരെ പട്ടികജാതി ക്ഷേമത്തിനും വികസനത്തിനും വേണ്ടി ഗവർമെന്റ് ചെലവഴിച്ചതുകയുടെ കണക്കു പരിശോധിക്കുന്നതായാൽ ഈ വിഭാഗക്കാർ മററു മുന്നോക്ക വിഭാഗങ്ങളുടെ ഒപ്പമെങ്കിലും എത്തേണ്ടതായിരുന്നു. ഇതവരെയുള്ള എട്ടു പഞ്ചവത്സരപദ്ധതികൾ പിന്നിട്ടിട്ടും പട്ടികജാതിക്കാർ കാര്യമായി പറയത്തക്ക സാമ്പത്തികമോ, സാമൂഹികമോ, വിദ്യഭ്യാസപരമോ ആയ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കാതെ പിന്നോക്കാവസ്ഥയിൽ ത്തന്നെ കഴിഞ്ഞുവരുന്നു. ബിരുദധാരികളായ ധരാളം ഉദ്യോഗാർത്ഥികൾ ഈ വിഭാഗത്തിൽ ഉണ്ട്. നിത്യവൃത്തിക്ക് തൊഴിൽ മേഖലകൾ കാണാതെ അവരും വീർപ്പുമുട്ടി കഴിയുന്നു.

പട്ടികജാതിക്കാരുടെ ആരോഗ്യപരമായ കാര്യങ്ങൾ ഇന്നും വളരെ പിന്നോക്കാവസ്ഥയിലാണ്. ആയതിനാൽ ഇവരുടെ സാമ്പത്തികവും, സാമൂഹികവും, വിദ്യഭ്യാസപരവും, ആരോഗ്യപരവുമായ വളർച്ചയ്കകുവേണ്ടി പ്രത്യേകപരിഗണനകൾ അവലംബിക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള പല പദ്ധതികളുടെയും പ്രയോജനങ്ങൾ ശരിക്കും അവരുടെ കൈകളിൽ എത്തിപ്പെടുമായിരുന്നെങ്കിൽ അവർ ഇന്നത്തെ അവസ്ഥയിൽ നിന്നും ബഹുദൂരം മുന്നോട്ടുപോകുമായിരുന്നു. അവരുടെ ഇന്നത്തെ അവസ്ഥ പരിശോധിക്കുന്നതായാൽ പഞ്ചവത്സരപദ്ധതികളിൽ ഇവർക്കുവേണ്ടി നീക്കിവെച്ചിരുന്ന വിഹിതം തീർത്തും അവരിൽ എത്തിച്ചേരാൻ കഴിഞ്ഞില്ല എന്ന വസ്തുതയാണ് മനസ്സിലാകുന്നത്.

പട്ടികജാതി വികസനപ്രവർത്തനങ്ങൾക്കുവേണ്ടി ഗ്രാമസഭാചർച്ചകളിലൂടെ ഉരുത്തിരിഞ്ഞുവന്ന പദ്ധതികളും അഭിപ്രായങ്ങളും ചുവടെ ചേർക്കുന്നു.

1. ഈ പഞ്ചായത്തിലെ ഭൂരഹിതരും, ഭവനരഹിതരുമായ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും വീടുവയ്കകാനുള്ള സ്ഥലവും, വീടും, മററുപാർപ്പിടസൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്.
2. പട്ടികജാതിവിഭാഗത്തിലെ പെൺകുട്ടികൾക്ക് വിവാഹത്തിനുവേണ്ടിയുള്ള സാമ്പത്തികസഹായം

കൊടുത്തുവരുന്നത് വിവാഹത്തിനുശേഷം കുട്ടികളായതിനുശേഷമെ കിട്ടാറുള്ളൂ. ഈ സാമ്പത്തികസഹായം കല്യാണത്തിന് ഉപകരിക്കുംവിധം യഥാസമയം തന്നെ അനുവദിക്കേണ്ടതും നിലവിലുളള സഹായം 5000 രൂപയെങ്കിലുമായി ഉയർത്തേണ്ടതുമാകുന്നു.

3 ഈ പഞ്ചായത്തിൽ നിന്ന് S. S. L. C. പരീക്ഷയിൽ കൂടുതൽ മാർക്കുവാങ്ങി പാസ്സാകുന്ന പട്ടികജാതിക്കാരായ കുട്ടികൾക്ക് പ്രോത്സാഹനജനകമായ പാരിതോഷികങ്ങൾ പ്രോത്സാഹനാർത്ഥം കൊടുക്കേണ്ടതാകുന്നു.

4. ഈ വിഭാഗത്തിലെ കുട്ടികൾക്ക് സ്റ്റൈപെൻറ് വർദ്ധിപ്പിച്ചും, ട്യൂഷൻ സൗകര്യങ്ങളും പഠനോപകരണങ്ങളും നൽകിയും വിദ്യഭ്യാസത്തിനുവേണ്ട പ്രോത്സാഹനം നൽകണം.

5. പട്ടികജാതിക്കാർ തിങ്ങിത്താമസിക്കുന്ന ഇടങ്ങളിൽ അംഗൻവാടികളും, കമ്മ്യൂണിറ്റിഹാളും, വായനശാലയും, എല്ലാ സൗകര്യങ്ങളോടും കൂടിയ സബ് സെൻററുകളും നിർമ്മിക്കേണ്ടതാണ്.

6. പ്രാഥമികാവശ്യങ്ങൾ നിറവേററുന്നതിന് കക്കൂസില്ലാത്ത എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിക്കാനുളള സാമ്പത്തികസഹായം നൽകുകയും, അവ നിർമ്മിച്ചോ എന്ന് ഉറപ്പുവരുത്തുകയും, കക്കൂസ് നിർമ്മാണത്തിനുളള സാമ്പത്തികസഹായം 3000 രൂപയാക്കി ഉയർത്തുകയും ചെയ്യേണ്ടതാണ്.

7. വൈദ്യുതിയില്ലാത്ത വീടുകൾക്ക് വൈദ്യുതകണക്ഷൻനൽകേണ്ടതാണ്.

8. വീടിന്റെ അററകുററപ്പണികൾക്ക് ആവശ്യമായ സാമ്പത്തികസഹായം അനുവദിക്കേണ്ടതാണ്.

9. പട്ടികജാതി കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന ഇടങ്ങളിൽ പൈപ്പ് ലൈൻ എത്തിക്കുകയും പൊതുകിണർ കുഴിക്കുകയും ചെയ്യേണ്ടതാണ്.

10. ഈ വിഭാഗക്കാർ തിങ്ങിത്താമസിക്കുന്ന ഇടങ്ങളുലേക്ക് റോഡുകൾ ഉണ്ടാക്കുകയും, അവ സഞ്ചാരയോഗ്യവും വാഹനഗതാഗതയോഗ്യവുമാക്കുക.

11. പട്ടികജാതി കുടുംബങ്ങൾ തിങ്ങപ്പാർക്കുന്ന സ്ഥലങ്ങളിൽ കുടിൽവ്യവസായം തുടങ്ങുന്നതിനും പരമ്പരാഗത തൊഴിലുകൾ ചെയ്യുന്നതിനും വേണ്ട സാമ്പത്തിക സഹായം അനുവദിക്കേണ്ടതാണ്.

12. ടെലിഫോൺ ബൂത്തുകൾക്ക് സഹായധനം അനുവദിക്കണം.

13. കോഴിവളർത്തൽ, ആടുമാടുവളർത്തൽ, വന്നിവളർത്തൽ എന്നിവയക്ക് സഹായധനം അനുവദിക്കണം.

14. സ്ത്രീപീഢനം, വിദ്യഭ്യാസപരമായ പിന്നോക്കാവസ്ഥ, മദ്യപാനം എന്നിവക്കെതിരെയുളള ബോധവൽക്കരണ സെമിനാറുകളും മററും നടത്തേണ്ടതാണ്.

15. പട്ടികജാതിക്കാർക്ക് പണിയായുധങ്ങൾ വാങ്ങുന്നതിന് സാമ്പത്തികസഹായം നൽകുകയും അതിനുളള സംഖ്യയുടെ പരിധി ഉയർത്തുകയും ചെയ്യുക.

16. അറുപതുവയസ്സുകഴിഞ്ഞ മുഴുവൻ പട്ടികജാതിക്കാർക്കും പെൻഷൻ അനുവദിക്കുക.

17. പുറമ്പോക്കിൽ താമസിക്കുന്ന പട്ടയം കിട്ടാതത മുഴുവൻ പട്ടികജാതിക്കാർക്കും പട്ടയം നൽകേണ്ടതാണ്.

18. പട്ടികജാതിക്കാർതിങ്ങിത്താമസിക്കുന്ന ഭാഗങ്ങളെ അംബേദ്കർ കോളനിയായിഅംഗീകരിച്ച് ക്ഷേമപ്രവർത്തനങ്ങൾനടത്തേണ്ടതാണ്.

പട്ടികജാതിക്കാർക്കുനേരെ മററുളളവർ നടത്തുന്ന അതിക്രമങ്ങൾ ഇല്ലാതാക്കുന്നതിനുവേണ്ട നടപടികൾ എടുക്കേണ്ടതാണ്.

നിലവിലുളള വിവിധ പദ്ധതികൾക്കായി ലക്ഷക്കണക്കിനു രൂപ ഗവർമെൻറ് പ്രതിവർഷം ചെലവാക്കുന്നുണ്ട്. (പട്ടിക A നോക്കുക) 1993-94 മുതൽ 1995-96 വരെ കൃഷി ഭവൻ വഴി ഫണ്ടൽ

പഞ്ചായത്തിലെ ദാരിദ്ര്യരേഖയ്ക്കു താഴെ വരുന്ന പട്ടികജാതിക്കാരുടെ ഉന്നമനത്തിന്നുവേണ്ടി 1,22,182 രൂപ വളം, സ്പ്രേയറുകൾ, കാർഷിക ഉപകരണങ്ങൾ മുതലായവ വിതരണത്തിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്.

ബയോഗ്യസ് പ്ലാൻറ് ഒഴികെ മറ്റുള്ളവയിൽ പലതും അതർഹിക്കുന്നവരുടെ കൈകളിലാണോ എത്തിയത് എന്ന് സംശയിക്കുന്നു. അർഹിക്കുന്നവനു മാത്രമേ ഈ വക ആനുകൂല്യങ്ങൾ പ്രയോജനപ്പെടുകയുള്ളൂ. അല്ലാത്തവർ ഇത്തരം ആനുകൂല്യങ്ങൾ ദുരുപയോഗപ്പെടുത്തും. ആയതിനാൽ ഇത്തരം പദ്ധതികൾകൊണ്ട് ഉദ്ധേശിച്ച ലക്ഷ്യംഒരു ചെറിയ ശതമാനം പോലും നേടുവാൻ കഴിയുകയില്ല.

ഉപഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ അവർക്ക് ഇത്തരം ആനുകൂല്യങ്ങൾ പ്രയോജനപ്പെടുമോ എന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഉദാഹരണത്തിന് അല്പമെങ്കിലും കൃഷിയുള്ളവനു മാത്രമെ വളങ്ങളും, സ്പ്രേയറുകളും പ്രയോജനപ്പെടുകയുള്ളൂ. ചുരുക്കം ഉപഭോക്താവ് ഒരു കർഷകത്തൊഴിലാളിയെങ്കിലുമാണെങ്കിൽ. സ്വയം തൊഴിലിനുവേണ്ടിയെങ്കിലും അവന് സ്പ്രേയർപ്രയോജനപ്പടും. അല്ലാത്തവർ ഇത്തരം ആനുകൂല്യങ്ങൾ മറ്റുള്ളവർക്ക് കൈമാറുകയും ചെയ്യും. എന്നു തന്നെയുമല്ല, വളവും മറ്റും വിതരണം ചെയ്യുന്നത് കൃഷികൾക്ക് വളം ഇടുന്ന അവസരത്തിലെങ്കിലു ആയിരിക്കണം. എങ്കിൽ മാത്രമേ ഉപഭോക്താവിന് അതുകൊണ്ട് പ്രയോജനമുള്ളൂ.

പട്ടികജാതിക്കാരുടെ സാമ്പത്തിക വളർച്ചക്കും, സാമൂഹ്യക്ഷേമത്തിന് വേണ്ടി പഞ്ചായത്ത് ബ്ലോക്ക് മുതലായ സ്ഥാപനങ്ങൾ വഴി ചിലവഴിച്ചതിന്റെ ഏകദേശം കണക്കാണ് പട്ടിക എ യി കൊടുത്തിരിക്കുന്നത്.

ചൂണ്ടൽ പഞ്ചായത്തിലെ ജനസംഖ്യയുടെ ഏകദേശം പത്ത് ശതമാനം പട്ടികജാതിക്കാരാണ്. (പട്ടിക ബി) ഇത്രയും ജനസംഖ്യയുള്ള ഈ ജനതയുടെ ക്ഷേമത്തിനും വളർച്ചക്കും മറ്റു വികസന പ്രവർത്തനങ്ങൾക്കും മറ്റുമായി 1990 - 91 മുതൽ 1996 - 97 വരെ ചിലവഴിച്ച തുകയുടെ ഏകദേശം രൂപമാണ് പട്ടിക എ യിൽ കൊടുത്തിരിക്കുന്നത്. ശരാശരി പ്രതിവർഷം 390931.85 രൂപ ചിലവഴിച്ചിട്ടുണ്ട്. വളരെ അപര്യാപ്തമായ തുകയെ ഇവരുടെ ക്ഷേമത്തിനുവേണ്ടി ചിലവഴിച്ചിട്ടുള്ളൂവെന്ന് കണക്കുകളിൽ നിന്ന് വ്യക്തമാണ്. അതുകൊണ്ടു തന്നെ ഇവർ തിങ്ങിപാർക്കുന്ന കോളനിയുടെ സ്ഥിതിയും വളരെ മോശം തന്നെ. ചില കോളനികളിലേക്ക് എത്തിച്ചേരുവാൻ തന്നെ പ്രയാസമാണ്. റോഡുകൾ ഗതാഗതയോഗ്യമല്ല. വീതി വളരെ കുറവാണ്. പഞ്ചായത്തു ഫണ്ടിന്റെ കുറവുകൊണ്ട് വികസനപ്രവർത്തനങ്ങൾക്ക് മാന്ദ്യം സംഭവിക്കുന്നു. പുതിയ സംവിധാനത്തിൽ ഈ കുറവുകളെല്ലാം പരിഹരിച്ച് പഞ്ചായത്തിൽ ഈ വിഭാഗത്തിന്റെ മുഖച്ഛായ തന്നെ മാറ്റാൻ കഴിയുമെന്ന് കരുതുന്നു.

വിവിധ പദ്ധതികൾ വഴി നാളിതുവരെ പട്ടികജാതിക്കാർക്ക് അനുവദിച്ച വീടുകളുടെ ഏകദേശകണക്ക് പട്ടിക സി യിൽ ചേർത്തിരിക്കുന്നു. നാളിതുവരെ 109 വീടുകൾ ഇവർക്ക് വേണ്ടി അനുവദിച്ചിട്ടുണ്ട്. ഇനിയും 63 വീടുകൾ അനുവദിക്കേണ്ടതുണ്ട്.

കക്കൂസില്ലാത്ത പട്ടികാതി കുടുംബങ്ങളുടെ കണക്കുകൾ പട്ടിക ഡി യിൽ ചേർത്തിട്ടുണ്ട്. 134 കുടുംബങ്ങൾ കക്കൂസില്ലാത്തവരായി ഇവിടെയുണ്ട്. കക്കൂസില്ലാത്ത എല്ലാ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കേണ്ടതാണ്. എന്നു തന്നെയുമല്ല നിലവിലുള്ള വീടിന്റേയും കക്കൂസിന്റേയും സാമ്പത്തിക സഹായത്തിനുള്ള തുക ഉയർത്തേണ്ടതാണ്. കക്കൂസിന് ചുരുങ്ങിയത് 3500 രൂപയും വീടിന് 30000 രൂപയും അനുവദിക്കേണ്ടതാണ്.

ഇതുവരെ 22 പേർക്ക് ട്രെയ്സം പരിശീലനം കൊടുത്തിട്ടുണ്ട് (പട്ടിക ഇ) പക്ഷെ ഇവരിൽ ഒരാൾക്കു പോലും തൊഴിൽനേടാനായിട്ടില്ല. ആയതിനാൽ പരിശീലനത്തിന് തിരഞ്ഞെടുക്കുന്ന ട്രേഡുകൾ ഏറ്റവു തൊഴിലധിഷ്ഠിതമായിരിക്കണം.

ആകെ വരുന്ന പദ്ധതിയുടെ 25% പട്ടികജാതിക്കാരുടെ ഉന്നമനത്തിനും മറ്റു വളർച്ചക്കും വേണ്ടി ചിലവഴിക്കുന്നതിനും അതിന്റെ 17% വിദ്യാഭ്യാസത്തിനു വേണ്ടി മാത്രം ചിലവാക്കുന്നുണ്ടെന്നുമാണ് അറിയുന്നത്. ഇത്രയും തുക ചിലവഴിച്ചിട്ടുപോലും പട്ടികജാതിക്കാർ വിദ്യാഭ്യാസത്തിലൊരു കുതിച്ചു ചാട്ടം നടത്തിയിട്ടില്ലയെന്നു കാണാൻ കഴിയുന്നു. സാമൂഹികവും സാമ്പത്തികവുമായ വളർച്ചയില്ലാത്തതാണ്

ഇതിനു പ്രധാന കാരണം നിലവിലുള്ള സഹായങ്ങൾ ഒട്ടും തന്നെ പര്യാപ്തവുമല്ല.

പട്ടികജാതികാരെ മറ്റു മുന്നോക്ക സമുദായങ്ങളോടൊപ്പം ഉയർത്തികൊണ്ടു വരുന്നതിനായി താഴെ കൊടുത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടതാണെന്നാണ് ഗ്രാമസഭ ചർച്ചകളിലൂടെ മനസ്സിലാക്കുവാൻ കഴിയുന്നത്.

1. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാൻ വേണ്ടി അർഹിക്കുന്ന എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും കുടിവെള്ളം, കക്കൂസ്, വീട്, വൈദ്യുതി ഇവ യുദ്ധകാലാടിസ്ഥാനത്തിൽ നിർമ്മിച്ചു കൊടുക്കുക. വിവിധ സഹായങ്ങൾ യഥാസമയം തന്നെ ചെയ്തുകൊടുക്കുക.

2. ഇവരെ മറ്റു സമുദായങ്ങളിൽനിന്നു വേർതിരിക്കാതിരിക്കാനായി മറ്റു സമുദായങ്ങളുടെ ഇടയിൽ തന്നെ വീടുകൾ വെച്ചു കൊടുക്കുക. പട്ടികജാതിക്കാരെ മറ്റു സമുദായങ്ങളിൽ നിന്നും ഒറ്റപ്പെടുത്തി കോളനികളിൽ പാർപ്പിച്ചതിന്റെ ഫലമായി അവർക്കു നേടാൻ കഴിഞ്ഞത് വെറും കോളനി സംസ്കാരം മാത്രമാണ്. ഇനിയും ഇങ്ങനെ സംഭവിക്കാതിരിക്കാൻ ഇവരെ മറ്റു സമുദായ മദ്ധ്യത്തിൽ തന്നെ വളർത്തിയെടുക്കുവാൻ ശ്രമിക്കണം. നിലവിലുള്ള എല്ലാ സൗകര്യങ്ങളും മെച്ചപ്പെടുത്തണം.

3. നിലവിലുള്ള കോളനികളിൽ അംഗൻവാടികൾ, സബ്സെന്ററുകൾ, വായനശാലകൾ, കമ്മ്യൂണിറ്റിഹാളുകൾ, ശ്മാനസൗകര്യങ്ങൾ, സഹകരണസംഘങ്ങൾ എന്നിവ ഉണ്ടാക്കണം. നേഡില്ലാത്ത കോളനികളിൽ അവ നിർമ്മിച്ചു കൊടുക്കുകയും നിലവിലുള്ളവ ഗതാഗത യോഗ്യമാക്കുകയും ചെയ്യുക.

4. പട്ടികജാതിക്കാരുടെ സാമ്പത്തിക വളർച്ചക്കുവേണ്ടി പരമ്പരാഗത തൊഴിലെടുത്ത് ജീവിക്കുന്നവർക്ക് കൊട്ട, പാൽ, പായ, പനമ്പ് തുടങ്ങിയവ നിർമ്മിക്കാനുള്ള ആധുനിക സാങ്കേതിക വിദ്യയും കുടിൽ വ്യവസായ ശാലകളും സ്ഥാപിച്ചുകൊടുക്കുകയും ചെയ്യുക.

   കോഴി, ആടുമാടുകൾ, പന്നി മുതലായവയെ വളർത്തുവാൻ വേണ്ട സാമ്പത്തിക സഹായം അനുവദിച്ചുകൊടുക്കുന്നതോടൊപ്പം അവയുടെ വളർച്ചക്കു വേണ്ട എല്ലാ സൗകര്യങ്ങളും വളർത്തുന്നവർക്കു വേണ്ട പരിശീലനവും കൊടുക്കുക.

5. സാംസ്കാരിക വളർച്ചക്കു വേണ്ടി ഇവരെ മദ്യപാനത്തിൽ നിന്നു വിമുക്തരാക്കേണ്ടിയിരിക്കുന്നു. മദ്യപാനം, സ്ത്രീപീഢനം, വിദ്യാഭ്യാസസംബന്ധമായ പിന്നോക്കാവസ്ഥ എന്നിവക്കെതിരെയുള്ള ബോധവത്ക്കരണം നടത്തണം.

6. വിദ്യാഭ്യാസപരമായി ഇവരുടെ കുട്ടികളെ വളർത്തികൊണ്ടുവരണം. അതിനായി നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. സ്റ്റൈപന്റ് തുക വർദ്ധിപ്പിക്കുക. ട്യൂഷൻ സൗകര്യങ്ങളും, ഹോസ്റ്റൽ സൗകര്യങ്ങളും വർദ്ധിപ്പിക്കുക. പഠനോപകരണങ്ങൾ എല്ലാവർക്കും വിതരണ് ചെയ്യുക. വിവിധ തലങ്ങളിൽ നിന്നും പ്രോത്സാഹനം നൽകുക.

7. പട്ടികജാതിക്കാരുടെ ഭൂമി കൈമാറ്റം ചെയ്യുമ്പോൾ അതിന്റെ യഥാർത്ഥ വില അവർക്ക് കിട്ടുമെന്ന് ഉറപ്പുവരുത്തുന്നതിലേക്കായി റവന്യൂ അധികൃതരുടെ അനുമതി - എൻ. ഒ. സി. ഉണ്ടായിരിക്കേണ്ടതാണ്. അതോടൊപ്പം പട്ടയം കിട്ടാത്ത എല്ലാ പട്ടികജാതിക്കാർക്കും പട്ടയം കൊടുക്കേണ്ടതാണ്.

8. പട്ടികജാതിക്കാർക്ക് അനുവദിക്കുന്ന സാമ്പത്തിക സഹായങ്ങളുടെ 10% പോലും ഉപഭോക്താക്കളിൽ എത്തിച്ചേരുന്നില്ല. വിണ്ടുകീറിയ കൃഷിയിടത്തിലൂടെ സ്വന്തം കൃഷിയിടത്തേക്ക് വെള്ളം തിരിച്ചുകൊണ്ടുപോകുന്ന കൃഷിക്കാരന്റെ ഗതിയാണ് ഇന്ന് പട്ടികജാതിക്കാരുടേത്. ആയതിനാൽ നിശ്ചിത സഹായങ്ങൾ പൂർണ്ണമായും അവരുടെ കൈകളിൽ എത്തിച്ചേരുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുവാനുള്ള സംവിധാനങ്ങൾ അടിയന്തിരമായും ഉണ്ടാക്കണം.

9. പ്രഭാതം മുതൽ പ്രദേഷം വരെ കാലാകാലങ്ങളായി മണ്ണിനോടു മല്ലിട്ടുപോന്ന പട്ടികജാതിക്കാരായ അറുപതു വയസ്സു കഴിഞ്ഞ മുഴുവൻ പേർക്കും നിർന്ധിതമായി പെൻഷൻ ലഭിക്കണം.

8-ാം പഞ്ചവത്സരപദ്ധതി കാലത്ത് (1990 - 91 മുതൽ 1 - 11 - 1996 വരെ) ഹരിജൻ / ഗിരിജൻ വിഭാഗങ്ങൾക്കായി പഞ്ചായത്ത്‌വഴി ബ്ലോക്ക്, താലൂക്ക്, പഞ്ചായത്ത്, കൃഷിഭവൻ വഴി ചിലവഴിച്ച തുകയുടെ വിശദവിവരകണക്ക്.

പട്ടിക A

| 1 | 90 - 91<br>2 | 91 - 92<br>3 | 92 - 93<br>4 | 93 - 94<br>5 | 94 - 95<br>6 | 95 - 96<br>7 | 96 - 97<br>8 |
|---|---|---|---|---|---|---|---|
| 1. കക്കൂസ് പണിയുന്നതിന് അൺട്രെയിഡ് ഫണ്ടിൽനിനനും 43 കക്കൂസുകൾക്ക് ഒന്നിന് Rs. 1200/- വീതം | 51600 | | | | | | |
| 2. 140 വീട് 1 പോയിന്റ് വയറിംഗ് ചെയ്ത് വൈദ്യുതികണക്ഷൻ ഏഴ് വീടാണുള്ളത്. 400 രൂപ വീതം ചെയ്തുകൊടുത്തു | | | 56000 | | | | |
| 3. ചൂണ്ടൽ കോളനി റോഡ് ഡവലപ്പ്മെന്റിനു വേണ്ടി | 50000 | | | | | | |
| 4. കരുവാൻപടി റോഡ് മെറ്റൽ വിരിച്ച് ടാറിടുന്നതിനുവേണ്ടി | | | | 100001 | | | |
| 5. 7-ാം വാർഡ് ജനശക്തി റോഡിനു വേണ്ടി | | | | 36000 | | | |
| 6. കരുവാൻ പടി റോഡിന്റെ തുടർച്ചയായ വികസനത്തിനായി | | | | | 76000<br>ഇതിൽ 30000 രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്ന്) | | |
| 7. ജെ. ആർ. വൈ. പദ്ധതിപ്രകാരം 12 വീടുകൾ ഒന്നിന് 12,600 രൂപ വീതം പഞ്ചായത്ത് വഴിമുടക്കി. | 151200 | | | | | | |
| 8. ▪ ▪ 8 വീടുകൾ ഒന്നിന് 12,600 വീതം. | | 100800 | | 100800 | | | |
| 9. ▪ ▪ 4 വീടുകൾ | | | 50400 | | | | |
| 10. ▪ ▪ 44 കക്കൂസ് ഒന്നിന് 1200 രൂപ വീതം | | | | 52800 | | | |
| 11. 1 വീട് 15,800 രൂപ | | | | | 15800 | | |
| 12. 4 കക്കൂസ് ഒന്നിന് 1985 രൂപ വീതം | | | | | 7940 | | |
| 13. 4 വീടുകൾ ഒന്നിന് 15,800 രൂപ വീതം | | | | | | 110600 | |
| 14. ഒന്നിന് 2000 രൂപ വീതം 27 വീട്ടുകാർക്ക് | | | | | | | 54000 |
| | 242800 | 100800 | 106420 | 396001 | 99740 | 110600 | 54000 |

| 1 | 90 - 91<br>2 | 91- 92<br>3 | 92 - 93<br>4 | 93 - 94<br>5 | 94 - 95<br>6 | 95 - 96<br>7 | 96 - 97<br>8 |
|---|---|---|---|---|---|---|---|
| 15. കല്യാണസഹായം പട്ടികജാതി / പട്ടികവർഗ്ഗ താലൂക്ക് ഓഫീസ് വടക്കാഞ്ചേരി വഴി (4 പേർ) | 8000 | | | | | | |
| 16 " 1 പേർ | | 2000 | | | | | |
| 17 " 4 പേർ | | | 8000 | | | | |
| 18. " 2 പേർ | | | | | 2000 | | |
| 19. ഹൗസിങ്ങ്ഗ്രാന്റ് IHDP 2 വീടുകൾ 15,000 വീതം ഗ്രാമസേവികൻവഴി | | | | | 30,000 | | |
| 20. 2 വീടുകൾ 15,000 വീതം | | | | | | 30000 | |
| 21. 1 വീട് 15,000 വീതം | | | | 15,000 | | | |
| 22. ഭൂരഹിതർക്ക് നാല് സെന്റ് വീതം ഭൂമിയും ഒരു വീടും, വീടിന് 1200 വീതം 10 പേർക്ക് ഗ്രാമസേവികൻ - IRDP വഴി | | | | 170000 | | | |
| 23. 55 സെന്റ് സബ്സിഡി Rs. 6000 + 3000 IRDP (1991 to 1996) | | | | | | 6,60,000 | |
| 24.കിണർ കുഴിക്കുന്നതിന് ഗ്രാന്റ് Rs. 10,000 | | | | | | 30,000 | |
| 25. ഇന്ദിര വികാസ് അവാർഡ് യോജന, ജവഹർ യോജന Rs. 10,000 | | | | | | 528600 | |
| 26. CRSP പദ്ധതി പ്രകാരം ആറ് പേർക്ക് കക്കൂസ് | | | | | | 10,500 | |
| Total | 260800 | 102800 | 114400 | 580101 | 131740 | 1369700 | 54000 |
| G. Total | 25,60,441 + 54,000 =<br>26,14,441 + 1,22,182 (കൃഷി ഭവൻ വഴി) | | | | | | |
| ആകെ | 27,36,523 | | | | | | |

## പട്ടിക B. പട്ടികജാതിക്കാരുടെ സ്ഥിതിവിവിരകണക്കുകൾ

| വാർഡ് | ആകെ വീടുകൾ | ജനസംഖ്യ | വികലാംഗർ | 60 വയസ്സിൽ താഴെ | പെൻഷൻ കിട്ടുന്നവർ | പെൻഷന് അർഹതയുള്ളവർ | ഭവനരഹിതർ | വൈദ്യുതി കരികാത്തവർ | കക്കൂസില്ലാത്തവർ | ഉദ്യോഗസ്ഥർ | ഉദ്യോഗാർത്ഥികൾ | ബിരുദധാരികൾ | നിരക്ഷരർ | കർഷക തൊഴിലാളികൾ | ജോലിയിൽനിന്ന് വിരമിച്ചവർ | പൊതുകിണറുകൾ ആവശ്യമുള്ളവർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 1 | 42 | 264 | | 52 | 4 | 48 | 12 | 5 | 14 | 13 | 35 | 12 | 7 | 85 | 8 | 3 |
| 2 | 55 | 327 | 1 | 28 | 3 | 25 | 2 | 4 | 16 | 2 | 24 | | 14 | 102 | | 2 |
| 3 | 105 | 610 | | 45 | 6 | 39 | 10 | 2 | 52 | 5 | 55 | 3 | 19 | 292 | 3 | 1 |
| 4 | 10 | 69 | | 6 | 2 | 4 | 2 | | 1 | 4 | 7 | 3 | 4 | 18 | | 1 |
| 5 | 34 | 128 | 4 | 29 | 7 | 22 | 2 | 2 | 7 | 6 | 17 | 5 | 6 | 58 | 2 | 1 |
| 6 | 33 | 168 | 2 | 25 | 2 | 23 | 7 | 3 | 7 | 7 | 36 | 4 | 9 | 48 | 4 | 1 |
| 7 | 62 | 340 | | 52 | 12 | 40 | 9 | 3 | 12 | 8 | 24 | | 8 | 128 | | 2 |
| 8 | 61 | 374 | | 37 | 6 | 31 | 4 | 14 | 19 | 3 | 28 | 1 | 17 | 115 | 2 | 2 |
| 9 | 27 | 135 | 1 | 19 | 3 | 16 | 3 | | | 7 | 5 | | 8 | 68 | | 1 |
| 10 | 29 | 153 | 1 | 10 | 1 | 9 | 8 | 5 | 4 | | 5 | | 10 | 42 | | 2 |
| 11 | 24 | 127 | 1 | 37 | 3 | 34 | 4 | | 2 | 5 | 11 | 2 | 17 | 40 | | 2 |
| Total | 482 | 2695 | 10 | 340 | 49 | 291 | 63 | 38 | 134 | 60 | 247 | 28 | 109 | 900 | 19 | 18 |

## പട്ടിക C. ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരങ്ങൾ

| വാർഡ് നമ്പർ | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | ഇനിയും അനുവദിക്കേണ്ടതായ വീടുകളുടെ എണ്ണം | ഇതുവരെ അനുവദിച്ച കക്കൂസുകൾ 92നു ശേഷം | ഇനിയും കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 7 | 12 | 1 | 14 |
| 2 | 12 | 2 | 1 | 16 |
| 3 | 15 | 10 | 1 | 52 |
| 4 | 5 | 2 | 1 | 1 |
| 5 | 5 | 2 | 2 | 7 |
| 6 | 10 | 7 | 1 | 7 |
| 7 | 11 | 9 | 2 | 12 |
| 8 | 11 | 4 | 2 | 19 |
| 9 | 11 | 3 | 2 | |
| 10 | 11 | 8 | 2 | 4 |
| 11 | 11 | 4 | 1 | 2 |
| Total | 109 | 63 | 16 | 134 |

● ● ●

# 12 വിഭവസമാഹരണം

**ആമുഖം**

ഒരു നാടിന്റെ വികസനവും പുരോഗതിയും, ജനതയുടെ സന്തോഷവും സംതൃപ്തിയുമാണ്. ഈ അവസ്ഥ കൈവരിക്കുന്നത് സാമ്പത്തിക ഭദ്രത പരമപ്രധാനവുമാണ്. ഈ ഉദ്ദേശത്തോടെ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ ആവശ്യങ്ങളും അവ നിറവേറ്റുന്നതിനു വേണ്ടിയുള്ള സാമ്പത്തികവസ്ഥ എങ്ങിനെ കൈവരിക്കാമെന്നും യുക്തിസഹജമായി ചിന്തിക്കുകയും ദീർഘകാല അടിസ്ഥാനത്തിലുള്ള പരിപാടികൾ ആവിഷ്കരിക്കുകയം വേണം. നമ്മുടെ ദേശത്ത് തന്നെയുള്ള നമ്മൾ ഇതുവരേയും കാണാതിരുന്ന, വിഭവശേഷി കണ്ടെത്തുകയും ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും വേണം. ഇവിടെയാണ് ജനകീയാസൂത്രണത്തിന്റെ പ്രസക്തി.

ഇന്നു നമ്മുടെ പഞ്ചായത്തിലെ മുഖ്യ വരുമാനം മറ്റു മിക്ക പഞ്ചായത്തിലേതു പോലെ നികുതിയിനത്തിൽ തന്നെയാണ്. ഇതിൽ പ്രധാനമാണ് കെട്ടിടനികുതി. വിനോദനികുതി, വാഹനനികുതി, ലൈസൻസ് ഫീ, മുതലായവയാണ് മറ്റു പ്രധാന നികുതിയിനങ്ങൾ. പഞ്ചായത്തിന് ഈ പറഞ്ഞ വരുമാനമാർഗ്ഗങ്ങളൊക്കെയുണ്ടെങ്കിലും മിക്ക ചിലവിനങ്ങൾക്കൊക്കെ സർക്കാർ ഗ്രാന്റുകളെ ആശ്രയിക്കുകയേ തരമുള്ളൂ. ഈ വർഷം തന്നെ ഗവൺമെണ്ടിൽനിന്നും ഉപാദികളില്ലാത്ത ഗ്രാന്റായി (Untide Fund) 3,12,700 രൂപ കിട്ടിയിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷത്തെ വരവുചെലവുകണക്കുകൾ കാണിക്കുന്ന പട്ടികകൾ ചുവടെ ചേർക്കുന്നു.

**പട്ടിക 1**

**ചൂണ്ടൽ ഗ്രാമപഞ്ചായത്ത് വരുമാനവ്യതിയാനം**

| ഇനം | 1990 - 91 | 91 - 92 | 92 - 93 | 93 - 94 | 94 - 95 | 95 - 96 |
|---|---|---|---|---|---|---|
| 1. തനത് വരുമാനം | 7,46,253 . 00 | 9,85,527 . 00 | 12,84,910 . 00 | 15,09,619 . 00 | 16.20.476 . 00 | 21,20,515 . 00 |
| A. കെട്ടിട നികുതി | 1,64,294 . 00 | 2,07,463 . 00 | 2,21,042 . 00 | 3,85,195 . 00 | 4,15,577 . 00 | 4,38,733 . 00 |
| B. തൊഴിൽ നികുതി | 73,399, . 00 | 1,11,398 . 00 | 1,13,631 . 00 | 1,25,200 . 00 | 1,56,520 . 00 | 1,80,295 . 00 |
| C. വിനോദനികുതി | 18,742 . 00 | 22,757 . 00 | 28,007 . 00 | 31,671. 00 | 32,891 . 00 | 35,591 . 00 |
| 2. നികുതിയേതര വരുമാനം | 2,99778 . 00 | 3,42,839 . 00 | 7,21,129 . 00 | 9,65,180 . 00 | 7,14, 848 . 00 | 11,43,227 . 00 |
| 3. സംസ്ഥാന നികുതി വിഹിതം | 40.00 | 70.00 | 101.00 | 23 73 . 00 | 6640 . 00 | 9969 . 00 |
| 4. അൺടൈഡ് ഫണ്ട് | 1,90,000 . 00 | 2,01,000 . 00 | 2,01,000 . 00 | 2,17,300 . 00 | 2,94,100 . 00 | 3,12,700 . 00 |
| 5. ഗ്രാൻറുകൾ | 3,26,926 . 00 | 3,59,541 . 00 | 3,73,023 . 00 | MI 18,810 .00<br>vrm 37,182 . 00 | MI 18,810 . 00<br>vrm 36,909 . 00<br>vtc 23,000 . 00 | MI 14,810 . 00<br>vrm 36,417 . 00<br>vtc 3,29,336 .00 |
| 6. അടിസ്ഥാന നികുതി | 19,180 . 00 | 19,725 . 00 | 19,543 . 00 | 19,545 . 00 | | 26,649 . 00 |
| 7. ഡ്യൂട്ടി, വസ്തുകൈമാറ്റനികുതി | 1,03,024 . 00 | 1,60,189 . 00 | 1,54,611 . 00 | 2,47,847 . 00 | 2,04,012 . 00<br>Duty40,629 . 00 | 1,97,118 . 00 |
| 8. ഉപാദിരഹിത ഫണ്ട് | | | | 2,17,300 . 00 | 2,94,100 . 00 | ജനറൽ 1,96,300 . 00<br>SCP 10,64,00 .00 |
| 9. കേരളോത്സവം ഗ്രാന്റ് | | | | | 500 . 00 | |
| 10. ആദായനികുതി | | | | | 6163 . 00 | 6963 . 00 |
| 11. വിൽപന നികുതി | | | | | 6640 . 00 | 9969 . 00 |
| 12 നിർമ്മാണ തൊഴിലാളി ക്ഷേമനിധി | | | | | 4052 . 00 | 3605 . 00 |

പട്ടിക 2

ചൂണ്ടൽ ഗ്രാമപഞ്ചായത്ത് ചിലവ് വ്യതിയാനം

| ഇനം | 1990 - 91 | 1991 - 92 | 1992 - 93 | 1993 - 94 | 1994 - 95 | 1995 - 96 |
|---|---|---|---|---|---|---|
| I. തനത് ചിലവ് | 6, 97,631 . 00 | 6,78,042 . 00 | 8,13,773 . 00 | 12,67,376 . 00 | 15,48,266 . 00 | 13,89,510 . 00 |
| II. എസ്റ്റാബ്ലിഷ്മെന്റ് | 2,87,703 . 00 | 2,96,639 . 00 | 3,29,144 . 00 | 3,82,113 . 00 | 2,17,430 . 00 | 4,32,804 . 00 |
| III. പൊതുമരാമത്ത് | 2,98,572 . 00 | 2,02,988 . 00 | 2,65,194 . 00 | 7,23,461 . 00 | 2,13,166 . 00 | 4,07,195 . 00 |
| IV. മറ്റു വികസന ചിലവുകൾ | 40,158 . 00 | 77,983 . 00 | 24,908 . 00 | 51,708 . 00 | 1,51,281 .00 | 45,705 . 00 |

## ഗ്രാമപഞ്ചായത്തിന്റെ സ്വഭാവം

പൊതുവെ പറഞ്ഞാൽ ചൂണ്ടൽ പഞ്ചായത്ത് പ്രദേശം ഒരു കാർഷികമേഖലയാണ്. നെല്ല്, കവുങ്ങ്, തെങ്ങ്, കുരുമുളക്, വാഴ, കപ്പ, പച്ചക്കറികൾ തുടങ്ങിയവയാണ് പ്രധാനമായും കൃഷി ചെയ്തുവരുന്നത്. ചെറിയ തോതിൽ വ്യാവസായിക പുരോഗതി കൈവരിക്കാൻ തുടങ്ങിയിട്ടുണ്ടെങ്കിലും വലിയസംരംഭങ്ങൾക്കൊന്നും ഇനിയും തുടക്കമായിട്ടില്ല. സഹകരണ പ്രസ്ഥാനങ്ങളുടെ നേട്ടം ഉൾകൊള്ളാൻ കഴിയുക വഴി കുറെയേറെ സംരഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. നല്ലൊരു വിഭാഗം പുരുഷൻമാരും, സ്ത്രീകളും കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളിലും, വൈരക്കൽ നിർമ്മാണം, ബീഡി തെരക്കൽ തുടങ്ങിയ മേഖലകളിലും ജോലി ചെയ്യുന്നുണ്ട്. ഇതിനെല്ലാം പുറമെ കൂലിപണികൊണ്ട് ഉപജീവനം കഴിയുന്നവരും, സർക്കാർ ജോലി കണ്ടെത്തിയവരും ധാരാളമുണ്ട്.

പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾക്ക് ഗ്രാന്റുകളേയും കടം വായ്പകളേയും ആശ്രയിക്കുന്ന ഇന്നത്തെ രീതിക്ക് മാറ്റം വരേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗമായ നികുതി പിരിവുതന്നെ കാലോചിതമായി പരിഷ്കരിക്കേണ്ടിയിരിക്കുന്നു. മുൻവർഷങ്ങളിൽ ഈ ഇനത്തിൽ ചെറിയതോതിലുള്ള വർദ്ധനവുകൾ ഉണ്ടായിട്ടുണ്ടെങ്കിലും മൊത്തം സാധ്യതകൾ കണക്കിലെടുക്കുമ്പോൾ ആസൂത്രണത്തിലും ഘടനയിലും ചില്ലറ മാറ്റങ്ങൾ വരുത്തുന്ന പക്ഷം വലിയതോതിലുള്ള മാറ്റം വരുത്താൻ കഴിയും> പഞ്ചായത്തുപ്രദേശത്തെ നല്ലൊരു വിഭാഗം ആളുകൾ ഗൾഫ് രാജ്യങ്ങളിൽ ജോലിചെയ്യുന്നവരായിട്ടുണ്ട്. നല്ലൊരു സംഖ്യ അവരുടെ വരുമാനമായി ഈ പ്രദേശത്ത് വന്നുചേരുന്നു. എന്നാൽ ഈ പണം കാര്യക്ഷമമായി ഉപയോഗപെടുത്തുന്നതിൽ നമുക്ക് വലിയ പാളിച്ചകൾ പറ്റിയിരിക്കുന്നു. ആസൂത്രിതമായ മാർഗ്ഗങ്ങളിലൂടെ നമ്മുടെ നാടിന്റെ വികസനപ്രക്രിയക്ക് വേഗത കൂട്ടാൻ വിദേശപണം വഴി കഴിയണം. അതുപോലെ തന്നെ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിലുള്ള പണികളുടെ മേൽനോട്ടത്തിലും പൂർത്തീകരണത്തിലും കൂടുതൽ ശ്രദ്ധ കാണിക്കുന്ന പക്ഷം കുറെയേറെ അനാവശ്യചിലവുകൾ ഒഴിവാക്കാൻ നമുക്കു സാധിക്കും. ഗ്രാമ പഞ്ചായത്തിലെ പുറംപോക്കു ഭൂമികൾ ഉപയോഗപ്പെടുത്തി വാണിജ്യകേന്ദ്രങ്ങൾക്കു വേണ്ടിയുള്ള കെട്ടിടങ്ങൾ പണിയുകയാണെങ്കിൽ സ്ഥിരമായ വരുമാനമാർഗം കണ്ടെത്തുന്നതിന് അവസരമായി.

ഇന്ത്യൻ ഓവർസീസ് ബാങ്ക്, സൗത്തിന്ത്യൻ ബാങ്ക്, തൃശൂർ ജില്ലാ സഹകരണ ബാങ്ക് എന്നിവയുടെ ശാഖകൾ ഈ പഞ്ചായത്തു പ്രദേശത്ത് പ്രവർത്തിച്ചുവരുന്നു. കൂടാതെ കുന്നംകുളം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കണ്ടാണശ്ശേരി പഞ്ചായത്തിലെ കൂനമുച്ചിയിൽ പ്രവർത്തിക്കുന്ന കാത്തലിക് സിറിയൻ ബാങ്ക് എന്നിവയുടെ ശാഖകളും പഞ്ചായത്തിലെ ജനങ്ങൾക്ക് പ്രയോജനപ്രദമാണ്. എരനെല്ലൂർ വില്ലേജ് മാത്രം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കേച്ചേരി സർവ്വീസ് സഹകരണ ബാങ്കും, ചൂണ്ടൽ, കണ്ടാണശ്ശേരി വില്ലേജുകൾക്കുകൂടിയുള്ള കൂനമൂച്ചി സർവ്വീസ് സഹകരണ ബാങ്കും, ചിറനെല്ലൂർ വില്ലേജ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ചിറനെല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് എന്നിവയും നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനു വേണ്ടി നിലകൊള്ളുന്നവയാണ്. ഇവയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ പഞ്ചായത്തിന്റെ

വികസനപ്രവർത്തനങ്ങൾക്കുവേണ്ടി ഇവർ വഹിക്കുന്ന പങ്ക് വളരെ വലുതൊന്നുമല്ലെന്ന് കണ്ടെത്താൻ കഴിയും. നിക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ വായ്പയുടെ അനുപാതം തുലോം തുച്ഛമാണ്. പ്രവർത്തനരീതികളിൽ പ്രകടമായ മാററം കൈവരിക്കാൻ കഴിഞ്ഞാൽ ഈ സാമ്പത്തിക സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ കാർഷികമേഖലയിലും വ്യാവസായിക മേഖലകളിലും വിപ്ലവകരമായ മാറ്റങ്ങൾ വരുത്തുവാൻ സാധിക്കും. നിക്ഷേപങ്ങളുടെ ഭൂരിഭാഗവും സ്വർണ്ണപണ്ട വായ്പയായി നൽകുന്ന ഇന്നത്തെ രീതിക്ക് മാറ്റം വരുത്തേണ്ടിയിരിക്കുന്നു. ദേശസാൽകൃത ബാങ്കുകളുടേയും, സഹകരണ ബാങ്കുകളുടേയും പ്രവർത്തന ശൈലികളുടെ പാളിച്ചകൾ മൂലമാവണം "ബ്ലെയ്ഡ് കമ്പനികൾ"എന്ന ഓമന പേരിനാൽ അറിയപ്പെടുന്ന സ്വകാര്യപണമിടപാടു സ്ഥാപനങ്ങളും, ചിട്ടി കമ്പനികളും പെറ്റുപെരുകുന്നത്. ഇവയുടെ വളർച്ച ദ്രുതഗതിയിലാണ്. സാമ്പത്തിക ചൂഷണമാണ് ഇതിൽ മിക്കതും നടത്തി വരുന്നത്. അധികാരികളുടെ സത്വരശ്രദ്ധ ഈ വിഷയത്തിൽ പതിയുകയും ഇവയെ നിശ്ചലമാക്കുന്നതിനും ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും വേണം.

## സ്വകാര്യപണമിടപാടു സ്ഥാപനങ്ങൾ
## പഞ്ചായത്തിലെ ഏകദേശ കണക്ക്

| നമ്പർ | സാമ്പത്തികം | പണയം |
|---|---|---|
| 1. സർക്കാർ അംഗീകാരമുള്ളത് | 30 | 20 |
| 2. അംഗീകാരമില്ലാത്തത് | 250 | 25 |

## നിർദ്ദേശങ്ങൾ സാദ്ധ്യതകൾ

1. ധാരാളം ഗൾഫ് ജോലിക്കാരും സർക്കാർ പൊതുമേഖലാ ജീവനക്കാരുമുള്ള മേഖലയാണ്. കേന്ദ്രസർക്കാരിന്റെ ഇന്ദിര വികാസ് പത്രക്ക് വരിക്കാരെ കണ്ടെത്തുകയാണെങ്കിൽ അതിന്റെ ഇരുപത്തിയഞ്ചു ശതമാനം ഗ്രാമപഞ്ചായത്തിന് ലഭ്യമാകും. വർഷത്തിൽ 20 ലക്ഷം രൂപ ഈ ഇനത്തിൽ നിക്ഷേപിക്കാനുള്ള പരിപാടി ആവിഷ്കരിച്ചാൽ അതിന്റെ 25% ആയ അഞ്ച് ലക്ഷം രൂപ പഞ്ചായത്തിനു ലഭിക്കും.

2. ഭൂനികുതി യഥാസമയം എല്ലാവരിൽ നിന്ന് പിരിച്ചെടുക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുകയും അതിന്റെ മുക്കാൽ പങ്കും പഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നതിന് ഏർപ്പാടുണ്ടാക്കുകയും വേണം.

3. പഞ്ചായത്തിലെ കച്ചവടസ്ഥാനപനങ്ങളിൽ നിന്നുള്ള ലൈസൻസ് ഫീ മുഴുവൻ കടകളിൽ നിന്നും വസൂലാക്കുകയും കൃത്യമായി പിരിച്ചെടുക്കുകയും ചെയ്യുക.

4. ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് മുൻകൈയ്യെടുക്കുക. ഇതുമൂലം ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുകയും പഞ്ചായത്തിന്റെ വരുമാന മാർഗ്ഗം കൂടുകയും ചെയ്യും.

5. ചൂണ്ടൽ പഞ്ചായത്തിന്റെ ഏറ്റവും പ്രധാന വാണിജ്യകേന്ദ്രമാണ് കേച്ചേരി ജംഗ്ഷൻ. വാഹനകുരുക്ക് എപ്പോഴും ഉണ്ടാകുന്നു. ഇതിന് ശാശ്വത പരിഹാരം കണ്ടെത്തണമെങ്കിൽ സെന്ററിൽനിന്നും വളരെ അകലെയല്ലാതെ ഒറു ബസ്സ്റ്റാൻറും ചെറുവാഹനങ്ങൾക്കു വേണ്ടിയുള്ള പാർക്കിംഗ് സൗകര്യവും ഏർപ്പെടുത്തണം. ബസ് സ്റ്റാന്റിനോടൊപ്പം ഷോപ്പിങ്ങ് കോംപ്ലക്സും സംവിധാനം ചെയ്യണം. ബസ്സ്റ്റാന്റിൽ വരുന്ന ബസ്സുകൾക്കും പാർക്ക് ചെയ്യപ്പെടുന്ന ടാക്സി, വാൻ, ഓട്ടോറിക്ഷ തുടങ്ങിയവക്കും ചെറിയ ഫീസ് ഈടാക്കാവുന്നതാണ്. ഈ ഇനത്തിലും പീടിക മുറികളിൽനിന്നുള്ള വാടക ഇനത്തിലും നല്ലൊരു സംഖ്യ സ്ഥിരമായി വരുമാനമാകും. മൊത്തത്തിലുള്ള വികസനം സാധ്യമാകുകയും ചെയ്യും.

6. പഞ്ചായത്തിന്റെ പലഭാഗങ്ങളിലും തരിശായി കിടക്കുന്ന പുറംപോക്കു ഭൂമികളുണ്ട്. ഇവയിൽ പലതും P.W.D. ഹൈവേയുടെ സമീപപ്രദേശത്തും വാണിജ്യ പ്രാധാന്യമുള്ള കേന്ദ്രങ്ങളിലുമാണ്. ഉദാഹരണത്തിന്

കേച്ചേരി പുഴയുടെ അരികിലുള്ള ഇരുപത്തെട്ട് സെന്റ്, മഴുവഞ്ചേരി പ്രിയദർശിനി ആശുപത്രിക്കു മുൻവശത്തുള്ള പതിനെട്ടു സെന്റ് ഇത്തരം സ്ഥലങ്ങളിൽ എത്രയും പെട്ടെന്ന് ഷോപ്പിംങ്ങ് കോംപ്ലക്സുകൾ പണിക്കഴിപ്പിച്ച് സ്ഥിരമായ വരുമാനമാർഗ്ഗങ്ങൾ ഉണ്ടാക്കാം.

7. ഷോപ്പിങ്ങ് സെന്ററുകൾ പണിയാൻ സാധ്യതകൾ കുറഞ്ഞ സ്ഥലങ്ങളിൽ മിനി കമ്മ്യൂണിറ്റി ഹാളുകൾ പണിയാവുന്നതാണ്. ഇതുകൊണ്ട് കലാസാംസ്കാരിക രംഗത്ത് വമ്പിച്ച മാറ്റങ്ങൾ വരുത്താൻ കഴിയും. കല്ല്യാണം തുടങ്ങിയ പൊതു ആവശ്യങ്ങൾക്ക് ഇവ വാടകയ്ക്ക് കൊടുത്ത് വരുമാനം വർദ്ധിപ്പിക്കാനും കഴിയും.

8. കെട്ടിടനികുതി പിരിവ് കുറെക്കൂടി ശാസ്ത്രീയമാക്കാനുള്ള സംവിധാനമുണ്ടായാൽ കുറെക്കൂടി വരുമാനം ഈ ഇനത്തിൽ പ്രതീക്ഷിക്കാം.

9. ചൂണ്ടൽ പഞ്ചായത്തിൽ ഏകദേശം 2500 ഗൾഫ് ജോലിക്കാരുണ്ട്. ഇവരെ ഉദ്ദേശിച്ച് സഹകരണ അടിസ്ഥാനത്തിൽ വ്യാവസായ യൂണിറ്റുകൾ ആരംഭിച്ചാൽ വ്യാവസായിക അഭിവൃദ്ധി കൈവരിക്കാനും വരുമാനം കൂട്ടാനും കഴിയും.

10. മനുഷ്യ പ്രയത്നം കൂടുതൽ ഉപോയോഗപ്രദമാക്കുക, കലാ സാംസ്കാരിക പ്രദർശനങ്ങൾ സംഘടിപ്പിക്കുക, ഉൽപ്പന്നങ്ങളും, സംഭാവനകളും സ്വീകരിക്കുക. സ്പോൺസർഷിപ്പ് സംവിധാനം ഏർപ്പെടുത്തുക. പഞ്ചായത്തിലെ മത്സ്യം, മണൽ എന്നിവ ലേലം ചെയ്യുക. ധനകാര്യസ്ഥാപനങ്ങളുടെ സഹായം ലഭ്യമാക്കുക. തുടങ്ങിയ കാര്യങ്ങളും വിഭവശേഷി കൂട്ടാൻ ഉപയുക്തമാക്കാവുന്നതാണ്.

• • •

# റിപ്പോർട്ട് തയ്യാറാക്കിയ കോർ ഗ്രൂപ്പ്

**കൃഷി - ജലസേചനം**

പി. കെ. പങ്കുണ്ണി
പി. ശങ്കരൻ മാസ്റ്റർ
ടി. ജെ. ജോർജ്ജ്
യു. എ. വാസു
സി. ഡി. ഉക്രു
സി. കെ. മോഹൻദാസ്

**മൃഗസംരക്ഷണം - മത്സ്യബന്ധനം**

സി. എം. ഫ്രാൻസിസ്
ലാസർ പട്ടിക്കര
സി. എസ്. നാരായണൻ
എം. എ. വേലായുധൻ
കെ. എ. ചന്ദ്രൻ
എം. എം. രാഘവൻ
കെ. ജി. പുരുഷോത്തമൻ

**വിദ്യഭ്യാസം**

ഭാസ്കരൻ മാസ്റ്റർ
പി. ആർ. സി. ബാലൻ മാസ്റ്റർ
ജിജു ജോസ്
കെ. പി. രമേശ്
കെ. എസ്. പ്രസാദ്
സെബാസ്റ്റ്യൻ മാസ്റ്റർ

**ആരോഗ്യം കുടിവെള്ളം**

പി. ബാലൻ നായർ
ഈയ്യപ്പൻ വൈദ്യർ
ടി. ആർ. ജയൻ
സി. എം. വർഗ്ഗീസ്
പി. കെ. ജോർജ്ജ്
പി. കെ. അച്ചുതൻ

**വ്യവസായം**

ജോസഫ് ചിറയത്ത് .
വി. എ. അബ്ദുൾറഹ്മാൻ
ഇ. എസ്. വേലായുധൻ
സി. കെ. വിജയൻ
വി. വി. ജെയ്സൺ
സി. ടി. ജയിംസ്

**ഗതാഗതം - ഊർജ്ജം**

വി. സി. ഡേവീസ്
കോരൻ മാസ്റ്റർ
കൃഷ്ണൻ നായർ
പി. എസ്. അപ്പു
കെ. എം. മോനുട്ടി
പി. എം. മുകുന്ദൻ

**ഭവന നിർമ്മാണം - ക്ഷേമപ്രവർത്തനം**

സി. കെ. ജോസ്
സി. സി. ജോർജ്ജുമാസ്റ്റർ
ഐ. വി. ഇയ്യുകുട്ടി
കെ. എ. ധർമ്മരാജൻ
ടി. കെ. ജോർജ്ജ്
യേശുദാസ് (വി. ഇ. ഒ.)
രാധാകൃഷ്ണൻ (വി. ഇ. ഒ.)
വി. എസ്. ഷൺമുഖൻ

**സംസ്കാരം**

പി. വി. സുരേഷ്
പീറ്റർ മാസ്റ്റർ
രാമൻ നായർ
കെ. സുനിൽകുമാർ
കെ. പി. മുഹമ്മദുണ്ണി
കെ. ശശി

**വനിതാക്ഷേമം**

ടി. കെ. കൊച്ചു
കെ. എ. സഫിയ
ഇ. ആർ. ബിന്ദു
സെലീന കൊച്ചപ്പൻ
രാധ ടീച്ചർ
കെ. വി. തോമസ്

**സഹകരണം**

കെ. എം. കുഞ്ഞുമുഹമ്മദ്
സി. കെ. മാധവൻ
പി. മാധവൻ
ഐ. വേണുഗോപാൽ
സി. ജി. വിൻസന്റ്
പി. എൻ. വിനോദ്

**പട്ടികജാതിക്ഷേമം**

സി. എം. ഗോവിന്ദൻ
സി. സി. വേലായുധൻ മാസ്റ്റർ
മുഹമ്മദ്ഷെഫീക്ക്
എം. കെ. വേലായുധൻ
ജെ. കെ. വേലായുധൻ
ടി. കെ. മാധവൻ

**വിഭവസമാഹരണം**

സുരേഷ് ബാലൻ
ടി. എം. കൊച്ചാപ്പു
വത്സൺ പാറന്നൂർ
എലവന്ത്ര വിജയൻ
എൻ. എൻ. ഗോപി
മുഹമ്മദുകുട്ടി